


# റിൽക്കെ

പരിഭാഷ

വി. രവികുമാർ

“എനിക്ക് നിങ്ങളോടെന്തെങ്കിലും
പറയാനുണ്ടെങ്കിൽ അത് ഇതാണ്.
നിങ്ങളെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്ന
വ്യക്തി നിങ്ങൾക്ക് ചിലനേരം
തുണയാവുന്ന ലളിതവും വിനീതവുമായ
വാക്കുകൾക്കു പിന്നിൽ
സ്വസ്ഥമായൊരു ജീവിതം
നയിക്കുകയാണെന്ന് കരുതരുതേ.
വളരെയധികം വൈഷമ്യങ്ങളും
സങ്കടങ്ങളും നിറഞ്ഞതാണയാളുടെ
ജീവിതം, അവയെ നേരിടാൻ
അതിനു തീരെ പ്രാപ്തിയുമില്ല.
എന്നാൽ അതങ്ങനെയായിരുന്നില്ലെങ്കിൽ
ആ വാക്കുകൾ അയാൾ
കണ്ടെത്തുകയുമില്ല.”



# റിൽക്കെ

പരിഭാഷ

വി. രവികുമാർ

**Rilke**
Selections from his prose and poetry
Translated into Malayalam
by **V. Revikumar**
First published: 2017

Copyright © 2017, V. Revikumar

First printed edition published: 2017
First PDF/WIKI version published: 2017

The digital material for print was generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. wiki version was generated by TeX4ht from the same LaTeX sources. The base font used was traditional scripts of Rachana, contributed by Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Picture of the famed sculpture, *The Kiss* by Auguste Rodin (1840–1917). This image is taken from Wikimedia Commons and is gratefully acknowledged.

All the images used in this book are taken either from Wikimedia Commons or from Wikipdeia and are gratefully acknowledged.

Printed copies of this book can be bought from **Iris books**, 36/2529, Purushotham Building, Chembottil Lane, Thrissur 680001.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


1 ജീവിതവും കൃതികളും 1

2 ഒരേയൊരു കവിതക്കായി 27

3 എഴുതിത്തുടങ്ങിയ കവികളോട് 31

4 ആദ്യകാലകവിതകൾ 106

മനുഷ്യരുടെ വാക്കുകളെ ... 108

പള്ളിത്തലമുറ 110

ചുവന്ന പനിനീർപ്പൂക്കൾ ... 111

തന്നെത്താനറിയാതെ ... 113

5 ഒരെളിയ ദൈവത്തിനോടുള്ള ... 114

അടുത്ത മുറിയിലെ ദൈവം 119

ഈ ലോകത്തെത്രയുമേകാകി 121

പണി തീരാത്ത ദൈവം 123

ഞാനിതാ ... 125

ദൈവമേ, ഞാൻ മരിച്ചാൽ 127

ഉപരോധമറിയാത്ത നഗരങ്ങൾ 129

ഉറക്കം വരാത്ത ജീവികൾ 131

അവനവന്റെ ആത്മാവിൽ ... 133

എന്റെ കണ്ണുകളൂതിക്കെടുത്തുക ... 135

നീ ഭാവികാലം 136
എന്റെ 138
അഴുകുന്ന നഗരങ്ങൾ 142
ഞങ്ങളുടെ മരണം 145
നഗരത്തിന്റെ തിന്മകളിൽ നിന്ന് 148
6 എന്റെ രാത്രികൾക്ക നീ... 149
7 വിത്താലി ഉണർന്നു 167
8 പ്രഭാതത്തിൽ ചൊല്ലേണ്ട പ്രാർത്ഥന 172
9 ചിത്രപുസ്തകം 179
പ്രവേശം 181
കാവൽമാലാഖ 183
ബാലൻ 186
ഉറങ്ങും മുമ്പു ചൊല്ലേണ്ടത് 188
രാത്രിയിൽ മനുഷ്യർ 190
അയല്ക്കാരൻ 192
ഏകാന്തത 194
ശരല്ക്കാലദിവസം 195
ഓർമ്മ 197
ഇല കൊഴിയും കാലം 199
സായാഹ്നം 200

10 പാടിക്കൊണ്ടു മരിച്ച... 202

11 ശില്പിയും കവിയും 225

12 പുതിയ കവിതകൾ 254

പ്രണയഗീതം 260

പിയെത്ത 262

കവി 264

സ്പാനിഷ് നർത്തകി 265

വായനക്കാരൻ 267

പുലി 269

മഹിമബുദ്ധൻ 271

13 മാൾറ്റെ ലൗറിഡ്സ് ബ്രിഗ്ഗെ... 273

മുഖങ്ങൾ 275

മരണം 277

അവനവന്റെ മരണം 281

ഭയത്തിനെതിരെ 282

അങ്ങനെ വരാം 284

വായനക്കാരൻ 289

ഭീതികൾ 296

രാത്രി 299

പ്രശസ്തി 302

സ്ത്രീയുടെ സ്നേഹം, ... 304

പിറന്നാളുകൾ 311
അയല്ക്കാരൻ 316
ഏകാകി 319
അഭിനേതാക്കൾ 323
മരണഭയം 324
14 ജീവിതവും കലയും 334
15 ഒരു പെൺകുട്ടിക്ക് 338
16 മയിൽപ്പീലികൾ 343
17 ഒരു പെൺകുട്ടിയുടെ കത്തിൽ നിന്ന് 348
18 അജ്ഞാതവാസം 358
19 കടം വാങ്ങിയ പുസ്തകങ്ങൾ 360
20 ബോദ്‌ലേർ 362
21 ഡ്യൂണോ വിലാപഗീതങ്ങൾ 366
ഒന്നാം വിലാപഗീതം 370
നാലാം വിലാപഗീതം 384
22 ഓർഫ്യൂസ്‌ ഗീതകങ്ങൾ 394
അവനായിട്ടൊരോർമ്മക്കല്ലും ... 396
വസന്തമിതാ ... 399
വാഴ്ത്തുക ഹൃദയമേ ... 401
അങ്ങനെയൊരാളുണ്ടോ ... 403

23 ഒരു കവിയുടെ ജീവിതചിന്തകൾ 405
ജീവിതം 406
പ്രണയം 408
വിവാഹം 419
സഹജീവിതം 422
ഏകാന്തത 425
വിദ്യാഭ്യാസം 434
ചരിത്രവും ഭൂതകാലവും 439
ഭാഷ 445
കല 446
പ്രകൃതി 463
ശരീരം, രോഗം 472
മരണം 474
വിശ്വാസം, മതം, ദൈവം 479

24 ഫ്രഞ്ച് കവിതകൾ 489
പനിനീർപ്പൂക്കൾ 492
ന്നണകൾ 495
വാൾനട്ട് മരം 496
അനാഥഗാനം 497
കണ്ണുകളടയണമെന്നാൽ ... 498
ഹവ്വ 499

അനാഥത്തെന്നൽ 500
എന്നെ ആശ്വസിപ്പിക്കുക 501
നമ്മുടെ നിയോഗം 502
രാത്രിയതിന്റെ കൈകൾ ... 503
25 സമാഹരിക്കാത്ത കവിതകൾ 504
ഏതു പാടം വാസനിയ്ക്കും ... 504
നിനക്കറിയില്ല ... 506
കിളിക്കൂട് 507
ഒരിക്കൽ രഹസ്യങ്ങൾ ... 508
വിതുമ്പാൻ വെമ്പുന്ന ... 509
ഹാ, മനുഷ്യരെ ... 510
എന്റെ ജീവിതാകാശത്തിനു ... 511
ഒരുനാളുമെന്റെ കൈകളിൽ ... 513
വിലാപം 516
പിന്നെയും പിന്നെയും 518
പ്രണയസർപ്പങ്ങൾ 519
കൊള്ളിമീനുകൾ 520
നിറഞ്ഞ ലോകം 522
മല്ലിടുത്തത്തിന്റെ രാത്രികളിൽ ... 523
ദേഹമെന്ന സഹോദരൻ 524
പനിനീർപ്പൂവേ ... 526

# 1

## ജീവിതവും കൃതികളും

റെയ്നർ മരിയ റിൽക്കെ Rainer Maria Rilke 1875 ഡിസംബർ 4-ന് അന്ന് ആസ്ട്രോ-ഹംഗേറിയൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന പ്രാഗിൽ ഒരു ജർമ്മൻ കുടുംബത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ ആദ്യകാലജീവിതം ഫ്രോയിഡിന്റെ കേസ്



സ്പെയിനിലെ റോണ്ഡ നഗരത്തിലുള്ള റിൽക്കെയുടെ പ്രതിമ (ചിത്രം: വിക്കിപീഡിയയിൽ നിന്ന്).

ഡയറിയിലെ ഒരു പേജിനെ ഓർമ്മിപ്പി ക്കും. അത്ര സന്തുഷ്ടമല്ലാത്ത ഒരു ദാമ്പ ത്യത്തിലെ ഏകസന്തതിയായിരുന്നു റിൽ ക്കെ. അച്ഛൻ യോസെഫ് റിൽക്കെ സൈ നികസേവനം മതിയാക്കി റയിൽവേയിൽ ഒരിടത്തരം ജോലിയുമായി കഴിയുകയാ യിരുന്നു. ധനികനായ ഒരു വ്യാപാരിയു ടെ മകളായ അമ്മ തന്റെ അന്തസ്സിനു ചേ രാത്ത ഒന്നായിട്ടാണ് യോസെഫുമായു ള്ള വിവാഹത്തെ കണ്ടിരുന്നത്. കലഹ ക്കാരിയായ അവർ 1884-ൽ ഭർത്താവി നെ ഉപേക്ഷിച്ച് വിയന്നയിലേക്കു പോ യി. സ്വാഭാവികമായും അമ്മയെക്കുറിച്ചു ള്ള ഓർമ്മകൾ റിൽക്കേയുടെ പില്ക്കാല ജീവിതത്തിൽ മറ്റു സ്ത്രീകളുമായുള്ള ബ ന്ധത്തെ സ്വാധീനിച്ചിട്ടുള്ളതായി വായി ക്കപ്പെടുന്നു. നിരവധി പ്രണയങ്ങളും വള രെ ഊഷ്മളമായ ചില ബന്ധങ്ങളും ഉണ്ടാ യിട്ടും ഒരു ഗാർഹസ്ഥ്യജീവിതവുമായി ധാ



റിൽക്കെയുടെ പോർട്രൈയ്റ്റ് (വിക്കിപ്പീഡിയോട് കടപ്പാട്).

രണയിലെത്താൻ അദ്ദേഹത്തിന് ഒരിക്കലും കഴിഞ്ഞിട്ടില്ല.

അഞ്ചു വയസ്സു വരെ പെൺകുട്ടികളെപ്പോലെ, അവരുടെ വേഷവും അവരുടെ കളിപ്പാട്ടങ്ങളുമായി, വളർന്ന റിൽക്കെ പ്രാഗിലെ പിയാറിസ്റ്റ് അച്ചന്മാർ നടത്തിയിരുന്ന ഒരു സ്കൂളിൽ പ്രാഥമികവിദ്യാഭ്യാസ

ത്തിനു ചേർന്നു. പിന്നീട് അദ്ദേഹം സാൻക്റ്റ് പോൾട്ടെനിലെ ഒരു സൈനികസ്കൂളിലാണ് വിദ്യാഭ്യാസം തുടർന്നത്. റിൽക്കേയെപ്പോലൊരു ബാലന്റെ വൈകാരികവും ബൗദ്ധികവുമായ ആവശ്യങ്ങൾക്കു നേരേ വിപരീതമായിരുന്നു, പട്ടാള ഓഫീസർമാരെ വാർത്തെടുക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള ആ വിദ്യാലയങ്ങളിലെ പഠനരീതി. എന്തായാലും അവിടെ തുടരാതിരിക്കാൻ അനാരോഗ്യം അദ്ദേഹത്തിനു തുണയായി. പിൽക്കാലത്ത് റിൽക്കെ ഈ വർഷങ്ങളെ ഓർത്തെടുക്കുന്നത് “ഭീതിയുടെ ബാലപാഠം” എന്ന നിലയ്ക്കാണ്. ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ പഠിക്കാൻ തുലച്ചുകളഞ്ഞ ഒരു കൊല്ലം കൂടി കഴിഞ്ഞിട്ടാണ് അദ്ദേഹത്തിന്റെ വിദ്യാഭ്യാസം അതിന്റെ ശരിയായ ചാലിലേക്കു വീഴുന്നത്. അച്ഛന്റെ കുടുംബത്തിൽ നിന്നുള്ള ഒരമ്മാവന്റെ ഊർജ്ജസ്വലമായ സഹകരണം ഇക്കാര്യത്തിൽ അദ്ദേഹത്തിനു സഹായക

മായി. ഇക്കാലമായപ്പോഴേക്കും അച്ഛനും അമ്മയും ബന്ധം വേർപെടുത്തിക്കഴിഞ്ഞിരുന്നു. 1895-ൽ പ്രാഗിന്റെ പ്രാന്തപ്രദേശത്തുള്ള ന്യൂസ്റ്റാഡ്റ്റിലെ ഒരു ജർമ്മൻ ജിംനേഷ്യത്തിൽ നിന്ന് അദ്ദേഹം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.

സ്കൂൾ വിടുമ്പോഴേക്കും റിൽക്കെ ഒരു കവിതാസമാഹാരം (Leben und Lieder: Bilder und Tagebuchblatter — ജീവിതവും ഗീതങ്ങളും: ചിത്രങ്ങളും ഡയറിക്കുറിപ്പുകളും) പ്രസിദ്ധീകരിച്ചു കഴിഞ്ഞിരുന്നു. സാഹിത്യത്തിലാണ് തന്റെ ഭാവിജീവിതമെന്ന ലക്ഷ്യബോധവും അദ്ദേഹത്തിനു വന്നുകഴിഞ്ഞിരുന്നു. 1895-ൽ അദ്ദേഹം പ്രാഗ് യൂണിവേഴ്സിറ്റിയിൽ ജർമ്മൻ ഭാഷയും കലാചരിത്രവും പഠിക്കാൻ ചേർന്നു. എന്നാൽ പഠനവുമായി പൊരുത്തപ്പെടാനാവാതെ 1896-ൽ അദ്ദേഹം മ്യൂണിച്ചിലേക്കു പോയി. ആ നഗരത്തിന്റെ ബൗദ്ധികവും സാഹിത്യപരവുമായ

അന്തരീക്ഷം അദ്ദേഹത്തിന്റെ അഭിരുചികൾക്കു ചേരുന്നതായിരുന്നു. Larenopfer, Traumgelkront എന്നീ കവിതാസമാഹരങ്ങൾ ഇക്കാലത്ത് അദ്ദേഹം പ്രസിദ്ധീകരിച്ചു. ചില നാടകങ്ങളും എഴുതി അവതരിപ്പിച്ചു. തന്റെ ആദ്യകാലവളർച്ചയിൽ നിർണ്ണായകസ്വാധീനം ചെലുത്തിയ ഡാനിഷ് എഴുത്തുകാരൻ ജൻസ് പീറ്റർ ജേക്കബ്സെന്നിന്റെ (Jens Peter Jacobsen) കൃതികളുമായി പരിചയപ്പെടുന്നതും ഇക്കാലത്താണ്.

1897-ൽ വെനീസ് സന്ദർശിക്കുമ്പോഴാണ് ലൂ അന്ദ്രിയാസ്-സലോമിയെ (Lou Andreas-Salome) റിൽക്കെ ആദ്യമായി കാണുന്നത്. അന്ന് 36 വയസ്സുള്ള അവർ ഒരു ജർമ്മൻ ജനറലിന്റെയും ഒരു റഷ്യൻ സ്ത്രീയുടേയും മകളായിരുന്നു. ചെറുപ്പത്തിൽ ഫ്രീഡ്രിഷ് നീച്ച (Friedrich Nietzsche) അവരോടു പ്രണയാഭ്യർത്ഥന നടത്തിയെങ്കിലും അവർ ഒഴിഞ്ഞുമാറു



റിൽക്കെയുടെ മറ്റൊരു പോർട്രൈറ്റ് (ചിത്രം: വിക്കിപ്പീഡിയ).

കയായിരുന്നു. റിൽക്കേയെ കാണുന്നതിന പത്തു കൊല്ലം മുമ്പേ അവർ ഒരു ജർമ്മൻ പ്രൊഫസ്സറെ വിവാഹം ചെയ്തിരുന്നു. ലൂവുമായുള്ള ബന്ധം അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. കാമുകി മാത്രമല്ല, റിൽക്കെ കൊതിച്ചിരുന്ന മാതൃസാന്നിദ്ധ്യം കൂടിയായി

രുന്നു അവർ. ഇതിനൊക്കെപ്പുറമേ അദ്ദേഹത്തിന് റഷ്യയെ പരിചയപ്പെടുത്തുന്നതും അവരാണ്.

1899 വസന്തകാലത്തും 1900 വേനല്ക്കാലത്തും റിൽക്കെ അവരോടൊപ്പം റഷ്യ സന്ദർശിച്ചു. അദ്ദേഹത്തിന്റെ “ആർജ്ജിത ജന്മദേശ”ങ്ങളിൽ ആദ്യത്തേതും പ്രധാനവുമായിരുന്നു റഷ്യ. തന്റെ അനുഭൂതികളുടെ, തന്റെ ആന്തരയാഥാർത്ഥ്യത്തിന്റെ പ്രതീകമായ ഒരു ബാഹ്യയാഥാർത്ഥ്യമാണ് റിൽക്കെ അവിടെ കണ്ടത്. റഷ്യ അദ്ദേഹത്തിന് ആദിമസത്തയുടെ ഒരു പ്രതിനിധാനമായിരുന്നു, ദൈവവും മനുഷ്യനും പ്രകൃതിയും അകലുഷമായി ലയിക്കുന്ന ഒരു മണ്ഡലം. ഇവിടെ വച്ച് അദ്ദേഹം ലിയോ ടോൾസ്റ്റോയ്, ലിയനിദ് പാസ്റ്റർനാക്ക് (ബോറിസ് പാസ്റ്റർനാക്കിന്റെ പിതാവ്), കർഷകജീവിതത്തിന്റെ കവിയായ സ്പിരിഡോൺ ഡ്രോഷിൻ തുടങ്ങിയവരെ പരിചയപ്പെട്ടു. തന്നിൽ മുള പൊട്ടു

കയായിരുന്ന, കലയെ മതവിശ്വാസമായി കാണുക എന്ന ആശയത്തിനു പ്രചോദകമായ കാവ്യസാമഗ്രികൾ അദ്ദേഹത്തിന് ഈ യാത്രകളിൽ നിന്നു ലഭിച്ചു. അതിന്റെ പ്രതിഫലനമാണ് 1899–1903 കാലത്ത് എഴുതിത്തീർത്ത മൂന്നു ഭാഗങ്ങളുള്ള Das Stundenbuch enthaltend die drei Bücher: Vom moenchischen Leben; Von der Pilgerschaft; Von der Armuth und vom Tode (The Book of Hours) എന്ന കവിതാപരമ്പര. ആശ്രമജീവിതത്തിന്റെ പുസ്തകം, തീർത്ഥാടനത്തിന്റെ പുസ്തകം, ദാരിദ്ര്യത്തിന്റെയും മരണത്തിന്റെയും പുസ്തകം ഇങ്ങനെ മൂന്നു ഭാഗങ്ങളായി ഒരു കൂട്ടം പ്രാർത്ഥനകൾ ആണവ. “ക്രൈസ്തവസന്ന്യാസിമാരുടെ കീർത്തനപുസ്തകത്തിൽ നിന്നു കീറിയെടുത്ത പോലെ”യുണ്ടെന്നാണ് ഇതിനെക്കുറിച്ച് ഹെസ്റ്റർ പിക്ക്മാൻ പറയുന്നത്. “എന്നാൽ ഒരു കീഴ്മറിച്ചിൽ നടക്കുന്നുണ്ട്. ദൈവം ഇ

വിടെ വെളിച്ചമല്ല, ഇരുട്ടാണ്-പിതാവ
ല്ല, പുത്രനാണ്, സ്രഷ്ടാവല്ല, സൃഷ്ടിയാ
ണ്. മനുഷ്യനല്ല, അവനാണ് നമ്മുടെ ഏ
റ്റവും അടുത്ത അയല്ക്കാരൻ; കാരണം, മനു
ഷ്യർ തമ്മിൽത്തമ്മിൽ അത്രയ്ക്കകന്നുപോ
യിരിക്കുന്നു. അവർ ദൈവത്തെ തേടിപ്പി
ടിക്കണം, അവന്റെ പേരു പറഞ്ഞ് ആളു
കൾ കൂടിനില്ക്കുന്നിടത്തല്ല, അവനവൻ ഒറ്റ
യ്ക്ക്."
റിൽക്കേയുടെ ദൈവം സാമ്പ്രദായികാർ
ത്ഥത്തിലുള്ള ഒരു ഈശ്വരനല്ല; അദ്ദേഹം
ആ പദം ഉപയോഗിക്കുന്നത് ഒരു ജീവച്ഛ
ക്തിയെ അല്ലെങ്കിൽ പ്രകൃതിയെ, അല്ലെ
ങ്കിൽ സ്വന്തം അസ്തിത്വത്തെക്കുറിച്ച് സാ
വധാനം ബോധമുദിക്കുന്ന ഒരു ബ്രഹ്മാണ്ഡ
സത്തയെ കുറിക്കാനാണ്. പരിണാമസി
ദ്ധാന്തത്തിന്റെയും അതിമാനുഷനെ കുറി
ച്ചുള്ള നീച്ചയുടെ സങ്കല്പത്തിന്റെയും വി
ചിത്രമായ ഒരു സങ്കലനത്തിലൂടെ റിൽ
ക്കെ ചെന്നെത്തുന്നത് പ്രപഞ്ചമെന്ന പ്ര



ക്ലാര വെസ്റ്റ്ഹോഫ് (കടപ്പാട്: വിക്കിമീഡിയ).

ക്രിയയുടെ ആദികാരണമായ ഒരു ദൈവത്തിലല്ല, അതിന്റെ അന്തിമഫലമായ ഒരു ദൈവത്തിലാണ്. ഈ പുസ്തകത്തിലെ മുഖ്യമായ മറ്റൊരു പ്രമേയം കലയെക്കുറിച്ചുള്ള കവിയുടെ വീക്ഷണമാണ്. “സർഗ്ഗാത്മകത ഇല്ലാത്തവരുടെ കലയാണ് മ

തം” എന്ന് റിൽക്കെ ഒരിടത്തു പറഞ്ഞിട്ടുണ്ട്.

രണ്ടാമത്തെ റഷ്യൻ യാത്ര കഴിഞ്ഞയുടനേ റിൽക്കെ ബ്രെമെനിനടുത്തുള്ള വോർപ്സ്വീഡിൽ കലാകാരന്മാരുടെ ഒരു കോളണിയിൽ ചേർന്നു. 1901-ൽ അദ്ദേഹം ക്ലാര വെസ്റ്റ്ഹോഫിനെ (Clara Westhoff) വിവാഹം ചെയ്തു; ഫ്രഞ്ച് ശില്പിയായ ഓഗസ്റ്റ് റോദാങ്ങിന്റെ (August Rodin) ശിഷ്യയായിരുന്നു ക്ലാര. 1901-ൽ അവർക്ക് ഒരു മകൾ ജനിച്ചു; വൈകാതെ അവർ പിരിയുകയും ചെയ്തു. തങ്ങളുടെ പ്രവർത്തനമേഖലകളിൽ സ്വതന്ത്രമായി വ്യാപരിക്കുന്നതിനായി സൗഹൃദപരമായ ഒരു വേർപിരിയലായിരുന്നു അത്.

1902-ൽ ഒരു ജർമ്മൻ പ്രസാധകന്റെ താല്പര്യാർത്ഥം റോദാങ്ങിനെക്കുറിച്ച് ഒരു പഠനമെഴുതാൻ റിൽക്കെ പാരീസിലേക്കു പോയി. അടുത്ത പന്ത്രണ്ടു കൊല്ലത്തേക്ക് അദ്ദേഹത്തിന്റെ ജീവിതത്തി

ന്റെ കേന്ദ്രമായിരുന്ന ആ നഗരം. മറ്റു ന ഗരങ്ങളിലേക്കും രാജ്യങ്ങളിലേക്കും യാ ത്ര ചെയ്യാൻ വേണ്ടി അദ്ദേഹം പലപ്പോ ഴും പാരീസ് വിട്ടുപോയിട്ടുണ്ട്; 1903-ൽ ഇ റ്റലിയിലെ വിയറെഗ്ഗിയൊ, 1903–04-ൽ റോം, 1904-ൽ സ്വീഡൻ, 1906–08-ൽ കാപ്രി; കൂടാതെ ദക്ഷിണ ഫ്രാൻസ്, സ്പെ യിൻ, ടുണീഷ്യ, ഈജിപ്ത്. പുറമേ ബന്ധു ക്കളേയും സുഹൃത്തുക്കളേയും സന്ദർശിക്കാ നായി ജർമ്മനിയിലേക്കും ഓസ്ട്രിയായി ലേക്കമുള്ള യാത്രകൾ. പക്ഷേ, പാരീസാ യിരുന്ന റഷ്യയെപ്പോലെതന്നെ അദ്ദേഹ ത്തിന്റെ രണ്ടാം വീട്.

റിൽക്കേയുടെ പാരീസ് സുഖജീവിത ത്തിന്റെ തലസ്ഥാനമായിരുന്നില്ല. നാര കീയജീവിതത്തിന്റെ, മുഖമില്ലാത്തവരു ടെ, അഗതികളുടെ, വൃദ്ധരുടെ, രോഗിക ളുടെ, മരണത്തിന്റെ നഗരവുമായിരുന്ന അ ത്. ഭീതിയുടേയും ദാരിദ്ര്യത്തിന്റെയും മ രണത്തിന്റെയും തലസ്ഥാനം. അതേല്പി

ച്ച ആഘാതത്തിനൊപ്പം പുതിയൊരു ക വിയെ രൂപപ്പെടുത്തിയ മറ്റൊന്നുണ്ടായിരുന്നു: റോദാങ്ങുമായുള്ള സഹവാസത്തിൽ നിന്നു കിട്ടിയ കലയെക്കുറിച്ചുള്ള പുതിയൊരു അവബോധം. കലാകാരൻ പ്രചോദനത്തിനു വേണ്ടി കാത്തിരിക്കുക എന്ന സാമ്പ്രദായികപാഠത്തിനു പകരം റോദാങ്ങ് അദ്ദേഹത്തെ പഠിപ്പിച്ചതു് നിരന്ത



സ്വിറ്റ്സർലാന്റിലെ റിൽക്കെയുടെ ശവകുടീരം (കടപ്പാടു്: വിക്കിമീഡിയ).

രം പ്രവൃത്തി ചെയ്യുക, കലയെ ഒരു പ്രവൃത്തിയായി കാണുക എന്ന സ്വന്തം രീതിയാണ്. വിശദാംശങ്ങൾക്കും അർത്ഥഛായകൾക്കും പ്രാധാന്യം കൊടുക്കുക, മറ്റെന്തിലുമുപരി വിഷയത്തിന്റെ രൂപത്തെ തേടിപ്പോവുക, പ്രമേയത്തിന് തൊട്ടറിയാവുന്ന ഒരു രൂപം നല്കുക. ലൂവ്രിലെയും നോത്രുദാം കത്രീഡ്രലിലേയും കലാശേഖരങ്ങളിലേക്ക് കവിയ്ക്ക് ഒരുൾക്കാഴ്ച നല്കിയതും റോദാങ്ങ് ആയിരുന്നു. ഷാൾ ബോദ്ലേർ (Charles Baudelaire) ആയിരുന്നു പാരീസ് റിൽക്കേയ്ക്കു നല്കിയ കാവ്യമാതൃക.

ഈ പാരീസ് ജീവിതത്തിൽ നിന്നാണ് റിൽക്കെ തന്റെ പുതിയ കവിതാരീതി മെനഞ്ഞെടുക്കുന്നത്. ഇതിനെ അദ്ദേഹം വസ്തു–കവിത എന്നു വിളിച്ചു. ദൈനന്ദിനജീവിതത്തിൽ കാണുന്ന മൂർത്തവസ്തുക്കളെ ലളിതമായ ഒരു പദസഞ്ചയം കൊണ്ട് അനുഭവവേദ്യമാക്കുക എന്നതാണ്



ഷാൾ ബോദ്‌ലേർ (കടപ്പാട്ട്: വിക്കിമീഡിയ).

ഈ കവിതകൾ കൊണ്ടു് റിൽക്കെ ഉദ്ദേശിച്ചതു്. 1907–08 കാലത്തു് രണ്ടു ഭാഗങ്ങളായി ഇറങ്ങിയ Neue Gedichte (പുതിയ കവിതകൾ) എന്ന സമാഹാരമാണു് ഈ ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നതു്. ഇതിലെ പല കവിതകളും ശില്പങ്ങളുടേയും ചിത്രങ്ങളുടേയും ഭാവനാപൂർണ്ണമായ ഭാഷാപരാവർത്തനങ്ങളാണു്. മ

റ്റ ചില കവിതകൾ ദൃശ്യങ്ങളേയും ബൈബിൾ, മിത്തോളജിക്കൽ പ്രമേയങ്ങളേയും ഒരു ചിത്രകാരനെപ്പോലെ ആലേഖനം ചെയ്യുന്നു. സൂക്ഷ്മതയുടേയും സ്വച്ഛതയുടേയും പരമസീമയിലെത്തുന്ന ഭാഷ നിലവിലെ ഭാഷയിൽ നിന്നു ഭിന്നമായ മറ്റൊരു ഭാഷ തന്നെയാകുന്നു. അതേ സമയം രൂപപരമായ ഈ ഭദ്രതയും ചാരുതയും അവയിൽ നിഹിതമായ വൈകാരികവും നൈതികവുമായ വ്യാപാരങ്ങളെ മറച്ചുപിടിക്കുന്നുമില്ല. ലൂ സലോമിക്കെഴുതിയ ഒരു കത്തിൽ റിൽക്കെ തന്റെ കവിതാരീതിയെ ഇങ്ങനെ സംക്ഷേപിക്കുന്നുണ്ട്: “ഭീതിയിൽ നിന്ന് വസ്തുക്കൾ സൃഷ്ടിക്കുക.”

“പുതിയ കവിതകളു”ടെ ഗദ്യരൂപത്തിലുള്ള സമാന്തരമാണ് 1904-ൽ റോമിൽ വച്ചെഴുതിത്തുടങ്ങിയ Die Aufzeichnungen des Malte Laurids Brigge (മാൾട്ടെ ലൂറിഡ്സ് ബ്രിഗ്ഗേയുടെ നോട്ട്ബുക്കുകൾ) എ

ന്ന നോവൽ. കവിതകളിൽ പശ്ചാത്തലത്തിൽ നിന്നത് നോവലിൽ മുന്നിലേക്കു വരുന്നു: പാരീസിലെ ഒരു ഹോട്ടൽ മുറിയിൽ ഒറ്റയ്ക്കു താമസിക്കുന്ന ഒരാളുടെ വൈയക്തികമായ പ്രശ്നങ്ങൾ, "വസ്തുക്കളു"ടെ സൃഷ്ടിക്കു പ്രചോദനമായ ആ "ഭീതി." കവിതകൾ സിംബലിസ്റ്റുകൾ സ്വപ്നം കണ്ട "ശുദ്ധകവിത" യുടെ ഉജ്ജ്വലമായ മാതൃകയാണെങ്കിൽ മാൾറ്റെ അസ്തിത്വവാദസാഹിത്യത്തിന്റെ ഒന്നാന്തരം ആദ്യകാലരൂപമാണ്. മനുഷ്യനെക്കാൾ, അവന്റെ ലോകത്തെക്കാൾ ഉന്നതമായതെന്തെങ്കിലും നിലനില്ക്കുന്നുണ്ടോയെന്ന കവിയുടെ സംശയങ്ങൾ കൂടിവരുന്നു. ആ സന്ദേഹം കവിതയെഴുതുന്നതിന് കവിക്കുള്ള ന്യായീകരണമായി മാറുകയും ചെയ്യുന്നു: കലയിലൂടെ ജീവിതത്തിന്റെ ആന്തരാർത്ഥം തേടുക.

ഈ നോവലിനു ശേഷം റിൽക്കേയുടെ രചനാജീവിതത്തിൽ ഒരു സ്തംഭനാവ

സ്ഥ തന്നെ ഉണ്ടായി. 1913-ൽ ഇറങ്ങിയ ചെറിയ ഒരു കവിതാസമാഹാരമല്ലാതെ പതിമൂന്നു കൊല്ലത്തേക്ക് അദ്ദേഹം മറ്റൊന്നും തന്നെ പ്രസിദ്ധികരിക്കുകയുണ്ടായില്ല. 1912-ൽ വിലാപഗീതങ്ങളുടെ ശൈലിയിൽ അദ്ദേഹം രണ്ടു കവിതകൾ എഴുതി. പക്ഷേ അവ പ്രസിദ്ധീകരിക്കാൻ ഒരുമ്പെട്ടില്ല. കാരണം, പുതിയൊരു കവിതാപരമ്പരയുടെ ആദ്യകവിതകൾ ആണവയെന്ന് അദ്ദേഹത്തിനു തോന്നി. ട്രീറ്റ്സിയിലെ ഡ്യൂണോ കാസിലിൽ താമസിക്കുമ്പോഴാണ് റിൽക്കെ ഈ കവിതകൾ എഴുതുന്നത്.

ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുമ്പോൾ അദ്ദേഹം മ്യൂണിച്ചിൽ ആയിരുന്നു. 1915 ഡിസംബറിൽ അദ്ദേഹത്തെയും നിർബ്ബന്ധമായി ഓസ്ട്രിയൻ സൈന്യത്തിലെടുത്തു. എന്തായാലും 1916 ജൂണിൽ അദ്ദേഹത്തിന് സിവിലിയൻ ജീവിതത്തിലേക്കു മടങ്ങിപ്പോരാൻ കഴിഞ്ഞു. ഇക്കാ



ഷാറ്റു ഡി മ്യൂസോട്ട് (കടപ്പാട്: വിക്കിമീഡിയ).

ലത്തെ സാമൂഹ്യാന്തരീക്ഷം അദ്ദേഹത്തിന്റെ ജീവിതത്തിനും കവിതയ്ക്കും ചേർന്നതായിരുന്നില്ല. യുദ്ധം അവസാനിച്ചപ്പോഴേക്കും മരവിച്ച ഒരവസ്ഥയിലായിരുന്നു അദ്ദേഹം. കാര്യമായി എഴുതിയത് 1915 ശരല്ക്കാലത്ത് ഡ്യൂണോ വിലാപത്തിന്റെ നാലാം ഭാഗം മാത്രം.

അടുത്ത ഏഴു കൊല്ലം റിൽക്കെ സ്വിറ്റ്സർലന്റിൽ തന്നെയായിരുന്നു. റോൺ നദിയുടെ കരയിലുള്ള ഷാറ്റു ഡി മ്യൂസോ

ട്ട് (Château de Muzot) എന്ന കാസി ലിൽ ആയിരുന്ന അദ്ദേഹം താമസിച്ചിരു ന്നത്. 1922 ഫെബ്രുവരിയിൽ വർഷങ്ങൾ ക്കു മുമ്പ് തുടങ്ങിവച്ച Duineser Elegien (ഡ്യൂണോ വിലാപഗീതങ്ങൾ) അദ്ദേഹം പൂർത്തിയാക്കി. മാത്രമല്ല, പ്രമേയത്തി ലും ഭാവത്തിലും ആ കവിതകളോടു സ മാനമായ മറ്റൊരു 55 കവിതകൾ, sonette an orpheus (ഓർഫ്യൂസ് ഗീതകങ്ങൾ), അ പ്രതീക്ഷിതമായും അയത്നമായും അദ്ദേഹ ത്തിനു 'വന്നുചേരുക'യും ചെയ്തു. "ആധു നികകാലത്ത് എഴുതപ്പെട്ട ഏറ്റവും മഹ ത്തായ കവിതാപരമ്പര" എന്നാണ് കോ ളിൻ വിൽസൺ ഡ്യൂണോ കവിതകളെ വി ശേഷിപ്പിക്കുന്നത്. എലിയട്ടിന്റെ 'തരിശു ഭൂമി'ക്ക് ഇംഗ്ലണ്ടിലും അമേരിക്കയിലും ഉ ണ്ടായ സ്വാധീനത്തിനു സമാനമാണ് ഡ്യൂ ണോ വിലാപങ്ങൾക്ക് ജർമ്മൻ സംസാരി ക്കുന്ന രാജ്യങ്ങളിൽ ഉണ്ടായതെന്നും അ ദ്ദേഹം പറയുന്നു.

റിൽക്കേയുടെ കവിതയുടെ ഉച്ചനിലയാണ് ഡ്യൂണോ. Stundenbuch (Book of Hours) ൽ ദൈവത്തിനോടുള്ള ഒരു മിസ്റ്റിക്കിന്റെ ഭക്തിയായി തുടങ്ങിയ ജീവിതാരാധന മാൾട്ടെയിൽ "ഒരു ഗർത്തത്തിനു മേൽ തൂങ്ങിക്കിടക്കുന്ന ഈ ജീവിതം യഥാർത്ഥത്തിൽ അസാദ്ധ്യമാണ്" എന്ന സന്ദേഹത്തിലൂടെ ഡ്യൂണോയിലെത്തുമ്പോൾ സംശയങ്ങളൊഴിഞ്ഞ ഒരു സ്തുതിയായി മാറുന്നു. ആധുനികമനുഷ്യാവസ്ഥയെ പ്രതിഫലിപ്പിക്കുന്ന പുതിയൊരു മിത്തായി ഈ കവിതകളെ കാണാം. ഈ മിത്തിൽ ലോകത്തിലാകെ വ്യാപകമോ അതിനതീതമോ ആയ ഒരു സത്തയില്ല; പകരം ജീവിതത്തെയും മരണത്തെയും ഭൂമിയേയും ആകാശത്തെയും കാലത്തെയും ഒരുമിച്ചുൾക്കൊള്ളുന്ന ഒരുൾപ്രപഞ്ചത്തെക്കുറിച്ചാണ് റിൽക്കെ പറയുന്നത്. ബിംബബഹുലമായ ഒരു പ്രപഞ്ചശാസ്ത്രത്തിലൂടെയാണ് റിൽക്കെ തന്റെ മിത്തിനെ വി

ശദീകരിക്കുന്നത്. മൃഗം മുതൽ മാലാഖ വരെയുൾക്കൊള്ളുന്ന ഒരു ശ്രേണീബന്ധമാണ് ആ സത്ത. ഇവിടെ മനുഷ്യൻ നിയുക്തനായിരിക്കുന്നത് ദൃശ്യമായതിനെയെല്ലാം അദൃശ്യമാക്കുക എന്ന ദൗത്യത്തിന്റെ നിർവ്വഹണത്തിനാണ്. "അദൃശ്യത്തിന്റെ തേനീച്ചകളാണ് നാം." മനുഷ്യന്റെ ഈ വിധി മൂർത്തരൂപം പ്രാപിക്കുന്നത് "പാടുന്നതിൽ", "സ്തുതിക്കുന്നതിൽ" ആണ്. അങ്ങനെ കവി മാലാഖയ്ക്കു (ദൈവത്തിന്റെ പര്യായമാണത്) മുന്നിൽ മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയാകുന്നു. റിൽക്കേയുടെ ഈ സന്ദേശം ചിലർ പുതിയൊരു മതമായി കാണുമ്പോൾ അനിയന്ത്രിതമായ സൗന്ദര്യവാദമായും ഒരു കവി തന്റെ സിദ്ധികൾ ഉപയോഗപ്പെടുത്തി സ്വയം വീണ്ടെടുക്കാൻ നടത്തുന്ന ശ്രമങ്ങളായും അതിനെ തള്ളിക്കളയുന്നവരുമുണ്ട്.

ഓർഫ്യൂസ് ഗീതകങ്ങൾ റിൽക്കേയുടെ വിജയഗീതങ്ങൾ ആണെന്ന് സി. എം. ബൗറ (C. M. Bowra) ഒരു പഠനത്തിൽ പറയുന്നു. "കവിത എന്നാൽ എന്താണെന്നും എന്താണ് തനിക്കതിൽ നിന്നു കിട്ടിയതെന്നും എന്താണ് താൻ അതിൽ നിന്നു പ്രതീക്ഷിക്കുന്നതെന്നും റിൽക്കെ ഈ ഗീതകങ്ങളിൽ കാണിച്ചുതരുന്നു. ആഹ്ളാദമാണ് പ്രബലമായ ഭാവം. ഡ്യൂണോയിലെ വേദനയ്ക്കും ഉത്കണ്ഠയ്ക്കും പൂരകമാണത്. ഈ രണ്ടു പുസ്തകങ്ങളും ഒന്നായി വേണം കാണേണ്ടത്; ഒന്ന് മറ്റൊന്നിന്റെ സാന്നിദ്ധ്യത്തിലാണ് പ്രകാശിക്കുന്നതും."

തന്റെ ജീവിതാവസാനകാലത്ത് റിൽക്കെ പ്രചോദനം കണ്ടത് വലേറി, കോക്തോ തുടങ്ങിയ ഫ്രഞ്ച് കവികളിലാണ്. ഇക്കാലത്തെഴുതിയ മിക്ക കവിതകളും ഫ്രഞ്ചിൽ ആയിരുന്നു. എന്നും അനാരോഗ്യവാനായിരുന്ന റിൽക്കെ ജനീവ തടാകത്തിനരികിലുള്ള വാൽമൊണ്ട് സാനിറ്റോ

റിയത്തിൽ ചികിത്സയിലിരിക്കെ 1926 ഡിസംബർ 29-ന് ലുക്കീമിയയ്ക്കു കീഴട ങ്ങി. സ്ഥാപനവത്കൃതമായ ക്രിസ്തുമത ത്തിനെതിരായിരുന്ന അദ്ദേഹം മരണശയ്യ യിലും ഒരു പുരോഹിതന്റെ സാമീപ്യം വേ ണ്ടെന്നു വയ്ക്കുകയും ചെയ്തു. ഒരു കവി എ ന്ന നിലയിലുള്ള റിൽക്കേയുടെ വികാസ ത്തെ ഹെർമ്മൻ ഹെസ്സെ ഇങ്ങനെ വി വരിക്കുന്നു: "അസാധാരണമാണ്, ബൊ ഹീമിയൻ നാടോടിക്കവിതയുടെ തരുണ സംഗീതത്തിൽ നിന്ന് ഓർഫ്യൂസിലേക്കു ള്ള ആ യാത്ര... രൂപത്തിന്മേലുള്ള അദ്ദേ ഹത്തിന്റെ പാടവം ഓരോ ഘട്ടം കഴിയു ന്തോറും കൂടിവരികയും അദ്ദേഹത്തിന്റെ പ്ര ശ്നങ്ങളിലേക്ക് കൂടുതൽ കൂടുതൽ ചുഴിഞ്ഞി റങ്ങുകയുമാണ്! ദിവ്യാത്ഭുതം പോലെ ഉ ത്കണ്ഠാകുലനായ, സന്ദേഹിയായ, ബല ഹീനനായ വ്യക്തി പിന്നിലേക്കു മാറുക യും പ്രപഞ്ചസംഗീതം അയാളിലൂടെ പ്രതി ദ്ധ്വനിക്കുകയുമാണ്..." ഒരു മതവിശ്വാസ

വും സാന്ത്വനമണയ്ക്കാൻ ഇല്ലാതിരുന്ന റിൽക്കെ കലയിൽ ശാന്തി കണ്ടെത്തി. ഹോൾറൈഡ് പറയുന്നപോലെ "സ്വന്തം അനുഭൂതികൾ ആവിഷ്കരിക്കാനും വിപുലമാക്കാനുമായി റിൽക്കെ എഴുതിയ കവിത താറുമാറായ ഈ ലോകത്ത് സ്വന്തം ദിശ കണ്ടെത്താൻ ആധുനികമനുഷ്യൻ നടത്തിയ ശ്രമങ്ങളിൽ വിജയം കണ്ട ഒന്നാണ്."

7g8gviiig

# 2

## ഒരേയൊരു കവിതക്കായി

ഹാ, അത്ര ചെറുപ്പത്തിലേ എഴുതാനാണെങ്കിൽ കവിതകൾ എത്ര തുച്ഛമായിപ്പോകുന്നു. ഒരായുസ്സ്, കഴിയുമെങ്കിൽ ദീർഘമായ ഒരായുസ്സു മുഴുവൻ കാത്തിരുന്ന് അർത്ഥവും മാധുര്യവും സഞ്ചയിച്ചതിനൊട്ടു



വിൽ കൊള്ളാവുന്ന പത്തു വരി നിങ്ങൾക്കെഴുതാനായെങ്കിലായി. കവിതകൾ, ആളുകൾ കരുതുമ്പോലെ, വെറും വികാരങ്ങളല്ലല്ലോ (വികാരങ്ങൾ നേരത്തേ തന്നെ നിങ്ങൾക്കുള്ളതുമാണ്) — അനുഭവങ്ങളാണവ. ഒരേയൊരു കവിതയ്ക്കായി നിരവധി നഗരങ്ങൾ നിങ്ങൾ കാണണം, നിരവധി മനുഷ്യരെ കാണണം, വസ്തുക്കൾ കാണണം, മൃഗങ്ങളുടെ ഗ്രഹിതങ്ങൾ നിങ്ങളറിയണം, പക്ഷികൾ പറക്കുന്നതറിയണം, പ്രഭാതത്തിൽ വിടരുമ്പോൾ ചെറുപൂക്കളുടെ ചേഷ്ടകളും നിങ്ങളറിയണം. പരിചയമില്ലാത്തിടങ്ങളിലെ തെരുവുകൾ ഓർത്തെടുക്കാൻ നിങ്ങൾക്കാവണം; പ്രതീക്ഷിക്കാത്ത സമാഗമങ്ങളും പണ്ടേ പ്രതീക്ഷിച്ചിരുന്ന വേർപാടുകളും; നിഗൂഢതയുടെ ചുരുളഴിഞ്ഞുതീരാത്ത ബാല്യത്തിന്റെ നാളുകൾ, ഒരാഹ്ളാദവും കൊണ്ടു വരുമ്പോൾ അതു കൈ നീട്ടിവാങ്ങാതെ (അതു് മറ്റാർക്കോ വേണ്ടിയുള്ളതായിരുന്നു—)

നിങ്ങൾ നോവിച്ചുവിട്ട അച്ഛനമ്മമാർ; വളരെ വിചിത്രമായി തുടങ്ങി ഒടുവിൽ ഗഹനവും ദുഷ്കരവുമായ നിരവധി പരിണാമങ്ങളിലേക്ക പോയ ബാലാരിഷ്ടകൾ; ഒച്ചയനക്കമില്ലാതെ മുറികളിൽ ഒറ്റയ്ക്കടച്ചിരുന്ന നാളുകൾ; കടല്ക്കരയിലെ പുലരികൾ; തലയ്ക്കു മേൽ കൂടി പാഞ്ഞുപോവുകയും നക്ഷത്രങ്ങൾക്കൊപ്പം പറക്കുകയും ചെയ്ത യാത്രകളുടെ നാളുകൾ — ഇതൊക്കെയും ഓർത്തെടുക്കാൻ കഴിഞ്ഞതുകൊണ്ടുമായില്ല. പ്രണയനിർഭരമായ രാത്രികളുടെ (ഒന്നിനൊന്നവ വ്യത്യസ്തവുമായിരുന്നു) ഓർമ്മകൾ നിങ്ങൾക്കുണ്ടാവണം; പ്രസവവേദനയെടുത്തു നിലവിളിക്കുന്ന സ്ത്രീകളെ, പിറവി കൊടുത്തുകഴിഞ്ഞു വീണ്ടുമടയുന്ന മെലിഞ്ഞുവിളറിയ സ്ത്രീകളെ നിങ്ങൾക്കോമ്മയുണ്ടായിരിക്കണം. മരിക്കാൻ കിടക്കുന്നവർക്കരികിലും നിങ്ങൾ പോയിരിക്കണം. തുറന്നിട്ട ജനാലയും ഒറ്റപ്പെട്ട ശബ്ദങ്ങളുമുള്ള മുറിയിൽ മരിച്ചുകിടക്കുന്നവർ

ക്കൊപ്പം നിങ്ങളുണ്ടായിരിക്കണം; ഓർമ്മകൾ ഉണ്ടായതുകൊണ്ടുമായില്ല; അത്രയധികമാവുമ്പോൾ മറക്കാൻ നിങ്ങൾക്കു കഴിയണം; പിന്നൊരിക്കൽ അവ മടങ്ങിവരുന്നതുവരെ കാത്തിരിക്കാനുള്ള വിപുലമായ സഹനശക്തിയും നിങ്ങൾ കാണിക്കണം. ഓർമ്മകൾക്കു മാത്രമായിട്ടൊരു പ്രാധാന്യവുമില്ല. അവ നമ്മുടെ ചോരയായി, നോട്ടവും ചേഷ്ടയുമായി മാറിയതിനു ശേഷം മാത്രമാണ്, പേരില്ലാതായി, നമ്മിൽ നിന്നു വേറിട്ടറിയാതായതിനു ശേഷം മാത്രമാണ് – അതിനു ശേഷം മാത്രമാണ് ഒരത്യപൂർവ്വമുഹൂർത്തത്തിൽ ഒരു കവിതയുടെ ആദ്യത്തെ പദം അവയ്ക്കിടയിൽ നിന്നുദിക്കുകയും പുറത്തേക്കു വരികയും ചെയ്യുക എന്നതുണ്ടാവുന്നുള്ളു.

(മാൾറ്റെ ലൗറിഡ്സ് ബ്രിഗ്ഗെയുടെ നോട്ടുബുക്കിൽ നിന്ന്)

# 3

# എഴുതിത്തുടങ്ങിയ കവികളോട്[1]

വിയെനർ ന്യൂസ്റ്റാഡ്റ്റിലെ മിലിട്ടറി അക്കാദമിയിൽ ഓഫീസർ കേഡറ്റ് ആയിരുന്ന പത്തൊമ്പതുകാരൻ ഫ്രാൻസ് ക്സേവർ കാപ്പുസ് (Franz Xaver Kappus) റെയ്നർ മരിയ റിൽക്കേക്ക് ആദ്യത്തെ കത്തെഴുതുന്നത് 1902-ലാണ്. റിൽക്കെ അന്ന് ഫ്രഞ്ച് ശില്പിയായ റോദാങ്ങിന്റെ പ്രൈവറ്റ് സെക്രട്ടറിയായി ജോലി ചെയ്യുകയാണ്. തന്റെ കവിതകളെക്കുറിച്ചുള്ള റിൽക്കേയുടെ അഭിപ്രായമാണ് കാപ്പുസ്സിന് അറിയേണ്ടിയിരുന്നത്. ഒപ്പം താൻ ഏതു വഴിയിലേക്കാണ് തിരിയേണ്ടതെന്ന് (സാഹി

[1] റിൽക്കെ ഫ്രാൻസ് കാപ്പുസ് എന്ന ചെറുപ്പക്കാരനായ കവിക്കെഴുതിയ കത്തുകളിൽ നിന്ന്.

ത്യകാരനായുള്ള ജീവിതം തിരഞ്ഞെടുക്കണോ അതോ മിലിട്ടറി പരിശീലനം പൂർത്തിയാക്കി ആസ്ട്രോ-ഹംഗേറിയൻ പട്ടാളത്തിൽ ഓഫീസറാവണോ) എന്നതിൽ ഉപദേശവും തേടുന്നുണ്ട്. റിൽക്കേയുടെ മറുപടി 1903 ഫെബ്രുവരി 17-നാണ്. അങ്ങനെ തുടങ്ങിയ ആ കത്തെഴുത്ത് 1908 ക്രിസ്തുമസ്സ് വരെ നീളുന്നു. 1929-ലാണ് കാ



Paul Klee: The Saint of the Inner Light (1921) (Source: Wikimedia).

പ്പസ് റിൽക്കെ തനിക്കയച്ച പത്തു കത്തു കൾ ഒരു പുസ്തകമാക്കി പ്രസിദ്ധീകരിക്കു ന്നതു്.

ചെറുപ്പക്കാരനായ ഒരു കവിക്കയച്ച കത്തുകളായിട്ടല്ല, ചെറുപ്പക്കാരനായ ഒരു കവി എഴുതിയ കത്തുകളായി വേണം ഇതു വായിക്കേണ്ടതെന്ന് ആരോ പറഞ്ഞിട്ടുണ്ട്. റിൽക്കേയ്ക്കു് അന്ന് 26 വയസ്സു മാത്രമേ പ്രായമായിട്ടുള്ളു. ചില കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിരുന്നവെങ്കിലും മഹാനായ ഒരു കവിയായി അദ്ദേഹത്തെ അടയാളപ്പെടുത്തുന്ന കവിതകൾ, Neue Gedichte പുതിയ കവിതകൾ (1907-1908) മുതലുള്ളവ, എഴുതാൻ കിടക്കുന്നതേയുള്ളു. കുടുംബപരവും സാമ്പത്തികവുമായ വൈഷമ്യങ്ങൾ പലതുമുണ്ടായിരുന്നു. റോദാങ്ങുമായുള്ള സഹവാസം അദ്ദേഹത്തിന്റെ അതേ വരെയുള്ള കാവ്യജീവിതത്തിൽ നിന്നു പൂർണ്ണമായ ഒരു വിച്ഛേദത്തിന് അദ്ദേഹത്തെ നിർബ്ബന്ധിക്കു

കയുമായിരുന്നു. റിൽക്കേ തന്നെ ഒരു കത്തിൽ പറയുന്നുണ്ട്:

> “നിങ്ങളെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്ന വ്യക്തി നിങ്ങൾക്കു ചിലനേരം തുണയാവുന്ന ലളിതവും വിനീതവുമായ വാക്കുകൾക്കു പിന്നിൽ സ്വസ്ഥമായൊരു ജീവിതം നയിക്കുകയാണെന്നു കരുതരുതേ. വളരെയധികം വൈഷമ്യങ്ങളും സങ്കടങ്ങളും നിറഞ്ഞതാണയാളുടെ ജീവിതം, അവയെ നേരിടാൻ അതിനു തീരെ പ്രാപ്തിയുമില്ല. എന്നാൽ അതങ്ങനെയായിരുന്നില്ലെങ്കിൽ ആ വാക്കുകൾ അയാൾ കണ്ടെത്തുകയുമില്ല.”

റിൽക്കെ കാപ്പുസിനു നല്കുന്ന ഈ ഉപദേശങ്ങൾ അദ്ദേഹം തനിക്കു തന്നെ നല്കുന്നതായിട്ടു വേണം കാണാൻ. സ്വയം ഒരു തുടക്കക്കാരനായി മാറുകയാണദ്ദേഹം. അങ്ങനെയൊരാൾ സ്വന്തം ജീവിതവും കലയും ചിട്ടപ്പെടുത്തേണ്ടതു് എങ്ങനെയാണെ

ന്നതിനുള്ള പ്രമാണങ്ങളാണ് ഈ കത്തു
കളിൽ ഉടനീളം ചിതറിക്കിടക്കുന്നത്. ഒ
രർത്ഥത്തിൽ റോദാങ്ങായി മാറിയ റി
ല്ക്കേയാണ് ആ ഉപദേശി എന്നും വായി
ക്കാം. കാരണം, ആ ശില്പിയാണ് കവി
യെ പഠിപ്പിച്ചത്, ഏകാന്തതയാണ് ക
ലാകാരന്റെ സ്വരാജ്യമെന്ന്, കലയെ നി
ത്യത്തൊഴിലായി വേണം കാണേണ്ടതെ
ന്ന്.

1. നിങ്ങളുടെ കവിതകളിൽ കാര്യമെന്തെങ്കിലുമുണ്ടോയെന്നു നിങ്ങൾ ചോദിക്കുന്നു. നിങ്ങളവ പ്രസാധകർക്കയച്ചുകൊടുക്കുന്നു. മറ്റു കവിതകളുമായി നിങ്ങൾ അവയെ താരതമ്യം ചെയ്യുന്നു. ചില പ്രസാധകർ നിങ്ങളുടെ പരിശ്രമങ്ങളെ തിരസ്കരിക്കുമ്പോൾ നിങ്ങൾക്കു വിഷമമാകുന്നു. നിങ്ങളെ ഉപദേശിക്കാൻ എനിക്കനുമതി തന്നതു കൊണ്ടു പറയുകയാണ്, ആ വകയൊക്കെ ദൂരെക്കളയുക. നിങ്ങൾ പുറത്തേക്കാണു നോക്കുന്നത്; നിങ്ങൾ ചെയ്യരുതാത്തതും അതു തന്നെ. ആർക്കും, ആർക്കുമാവില്ല നിങ്ങളെ ഉപദേശിക്കാൻ, സഹായിക്കാനും.

ഒരു വഴിയേയുള്ളു: ഉള്ളിലേക്കിറങ്ങുക. എഴുതാൻ നിങ്ങളെ അനുശാസിക്കുന്ന പ്രചോദനമേതെന്ന് കണ്ടെത്തുക; നിങ്ങളുടെ ഹൃദയത്തിന്റെ അത്യഗാധതകളിലേക്ക് അതിന്റെ വേരുകളോടിയിട്ടുണ്ടോയെന്ന് നോക്കുക. എഴുതരുതെന്നൊ

രു വിലക്കു വന്നാൽ മരിക്കുക തന്നെ തനിക്കു ഗതി എന്നൊരവസ്ഥയിലേക്കു താനെത്തിയിട്ടുണ്ടോയെന്നു സ്വയം ചോദിക്കുക. അതിനൊക്കെയുപരി രാത്രിയുടെ ഏറ്റവും നിശ്ശബ്ദമായ മുഹൂർത്തത്തിൽ ഇങ്ങനെ സ്വയം ചോദ്യം ചെയ്യുക: ഞാൻ എഴുതണോ? സത്യസന്ധമായ ഒരുത്തരത്തിനായി തനിക്കുള്ളിലേക്ക് ആഴത്തിലാഴത്തിൽ കുഴിച്ചിറങ്ങുക. മുഴങ്ങുന്നൊരു സമ്മതമാണു മറുപടിയെങ്കിൽ, ഗൗരവപൂർണ്ണമായ ആ ചോദ്യത്തെ ‘എഴുതണം’ എന്ന ലളിതമായ മറുപടി കൊണ്ട് ആത്മവിശ്വാസത്തോടെ നേരിടാൻ നിങ്ങൾക്കു കഴിയുമെങ്കിൽ, എങ്കില്പിന്നെ നിങ്ങൾക്കതിന്മേൽ സ്വന്തം ജീവിതം പടുത്തുയർത്താം. ഇപ്പോഴതു നിങ്ങളുടെ ജീവിതാവശ്യമായി മാറിയിരിക്കുന്നു. എത്ര നിസ്സാരവും അഗണ്യവുമായ നിമിഷത്തിലുമാവട്ടെ, ആ ഒരു ത്വരയുടെ ചിഹ്നമായിരിക്ക

ണം, പ്രമാണപത്രമായിരിക്കണം നിങ്ങളു
ടെ ജീവിതം.

എന്നിട്ടു പിന്നെ നിങ്ങൾ പ്രകൃതിയിലേ
ക്കടുക്കുക. താൻ തന്നെ ആദിമനുഷ്യൻ എ
ന്ന നാട്യത്തോടെ കാണുന്നതും അനുഭവി
ക്കുന്നതും സ്നേഹിക്കുന്നതും നഷ്ടപ്പെടുന്ന
തുമൊക്കെ എഴുതിവയ്ക്കുക. പ്രണയകവിത
കൾ എഴുതാൻ പോകരുത്, തുടക്കത്തി
ലെങ്കിലും; ഏറ്റവും കടുത്ത വെല്ലുവിളികളാ
ണവ. മികച്ചതും, ചിലനേരം ഗംഭീരവുമാ
യ പാരമ്പര്യങ്ങൾ ആ വകയിൽ സമൃദ്ധ
മായിരിക്കെ വ്യക്തിപരവും അന്യാദൃശവു
മായതൊന്നു സൃഷ്ടിക്കാൻ ഉന്നതവും പാ
കമെത്തിയതുമായ ശേഷികൾ തന്നെ വേ
ണം. പൊതുവിഷയങ്ങളെ കരുതിയിരി
ക്കുക. നിത്യജീവിതം വച്ചുകാട്ടുന്ന വിഷ
യങ്ങളെ കൈയെത്തിപ്പിടിക്കുക. നിങ്ങ
ളുടെ സന്താപങ്ങളെയും അഭിലാഷങ്ങളെ
യും കുറിച്ചെഴുതുക; നിങ്ങളുടെ മനസ്സിലൂ
ടെ കടന്നുപോകുന്ന ചിന്തകളെയും, സുന്ദ

രമായതേതിലുമുള്ള വിശ്വാസത്തെയും കു റിച്ചെഴുതുക. അതൊക്കെയും വർണ്ണിക്കുക, അകം നിറഞ്ഞ, നിശ്ശബ്ദമായ, എളിമപ്പെട്ട ആത്മാർത്ഥതയോടെ. ചുറ്റും കാണുന്ന വസ്തുക്കളെ, നിങ്ങളുടെ സ്വപ്നരംഗങ്ങളെ, നിങ്ങളുടെ ഓർമ്മയ്ക്കു വിഷയമാവുന്നവയെ ആത്മാവിഷ്കാരത്തിനുപയോഗപ്പെടുത്തുക.

നിങ്ങളുടെ നിത്യജീവിതം കവിതയ്ക്കു വിഷയമാവാൻ മാത്രം സമ്പന്നമല്ലെന്നു തോന്നുന്നുവെങ്കിൽ ജീവിതത്തെ പഴി ചാരാൻ പോകരുത്, സ്വയം പഴിയ്ക്കുക. ജീവിതത്തിന്റെ ധന്യതകളെ ആവാഹിച്ചു വരുത്താൻ പ്രാപ്തനായ കവിയായിട്ടില്ല ഇനിയും താനെന്നു പരിതപിക്കുക. എന്തെന്നാൽ സർഗ്ഗധനനായ കലാകാരനു ദാരിദ്ര്യമേയില്ല — യാതൊന്നും അപ്രധാനമല്ലയാൾക്ക്, അഗണ്യവുമല്ല. ഇനിയഥവാ, നിങ്ങളൊരു തടവറയിലാണെന്നും, പുറംലോകത്തിന്റെ ശബ്ദങ്ങളിൽ നിന്നു നി

ങ്ങളെ കൊട്ടിയടയ്ക്കുകയാണ് അതിന്റെ ച മരുകളെന്നുമിരിക്കട്ടെ, അപ്പോഴും നിങ്ങൾ ക്കു സ്വന്തമായിട്ടുണ്ടല്ലോ നിങ്ങളുടെ ബാ ല്യകാലം, വിലമതിയ്ക്കാനാവാത്ത ആ ര ത്നം, ഓർമ്മകളുടെ ആ ഭണ്ഡാഗാരം. അ തിലേക്കു നിങ്ങൾ ശ്രദ്ധ തിരിയ്ക്കുക. വി ദൂരമായ ഒരു ഭൂതകാലത്തിന്റെ മണ്ണമർ ന്ന അനുഭൂതികളെ ഉയർത്തിക്കൊണ്ടുവ രാൻ ശ്രമിക്കുക. ആത്മവിശ്വാസം നി ങ്ങൾക്കു കൈവരും. നിങ്ങളുടെ ഏകാന്ത ത വികസ്വരമാവുകയും, സാന്ധ്യവെളിച്ച ത്തിൽ നിങ്ങൾക്കു കുടിയേറാനൊരിടമാ വുകയും ചെയ്യും. പുറംലോകത്തിന്റെ ആര വങ്ങൾ അകലെയകലെക്കൂടി കടന്നു പൊ യ്ക്കൊള്ളും.

ആത്മാരാമനായിരിക്കുന്ന ഈ അവ സ്ഥയിൽ നിന്ന്, ഈ സമാധിയിൽ നിന്ന് കവിത പുറപ്പെട്ടാലാവട്ടെ, അതു നല്ല കവി തയാണോയെന്നു നിങ്ങൾ ചോദിച്ചുനടക്കു കയുമില്ല. അവയിലേക്കു പ്രസാധകരെ ആ

കർഷിച്ചവരുത്താൻ നിങ്ങൾ ശ്രമിക്കുകയുമില്ല. കാരണം അവയിൽ നിങ്ങൾ കേൾക്കുക നിങ്ങളുടെ തന്നെ ശബ്ദമായിരിക്കും. അവയിൽ നിങ്ങൾ കാണുക നിങ്ങളുടെ ജീവിതാംശമായിരിക്കും. നിങ്ങളുടെ ജന്മസ്വത്തായിരിക്കുമത്. ഒരു കലാസൃഷ്ടി ഉന്നതമായിരിക്കും, ഒരനിവാര്യതയിൽ നിന്നാണ് അതു ജന്മമെടുത്തതെങ്കിൽ. ഇതല്ലാതെ മറ്റൊരു മാനദണ്ഡവുമില്ല.

അതിനാൽ, എനിക്കു തരാൻ ഈയൊരുപദേശമേയുള്ളു: ഉള്ളിലേക്കിറങ്ങി സ്വന്തം ജീവിതം ഉറവെടുക്കുന്നത് എത്രയാഴത്തിലാണെന്നു കണ്ടെത്തുക; ആ സ്രോതസ്സിലുണ്ടാവും താനെഴുതണോയെന്ന ചോദ്യത്തിനുള്ള ഉത്തരം. ആ ഉത്തരം കൈയേല്ക്കുക, അതേപടി, വിശകലനത്തിനൊന്നും നില്ക്കാതെ. എഴുത്തുകാരനാവുക എന്നതാണു തന്റെ നിയോഗമെന്ന് നിങ്ങൾക്കൊരുപക്ഷേ തെളിഞ്ഞുകിട്ടിയെന്നുവരാം. എങ്കിൽ ആ വിധി ഏറ്റെടുക്കുക. അ

തിന്റെ ഭാരവും അതിന്റെ പ്രതാപവും പേറുക. പുറമേ നിന്ന് എന്തു പ്രതിഫലമാണതിന്ന ലഭിക്കുക എന്നു ചോദിക്കുകയുമരുത്. എന്തെന്നാൽ കലാകാരൻ തന്നിലടങ്ങിയ ഒരു ലോകമായിരിക്കണം; തനിയ്ക്കു വേണ്ടതൊക്കെ അയാൾ തന്നിൽ നിന്നു തന്നെ കണ്ടെത്തണം; പിന്നെ, താൻ പരിണയിച്ച പ്രകൃതിയിൽ നിന്നും.

തന്നിലേക്കും, തന്റെ ഏകാന്തതയിലേക്കുമുള്ള ഈ അവരോഹണത്തിന്ന ശേഷവും കാവ്യജീവിതം നിങ്ങൾക്കു ത്യജിക്കേണ്ടിവന്നുവെന്നു വരാം. ഞാൻ പറഞ്ഞപോലെ, എഴുതാതെ ജീവിക്കാമെന്നൊരു തോന്നലു വന്നുകഴിഞ്ഞാൽ എഴുത്തു നിർത്താൻ അനുമതി. അപ്പോൾക്കൂടി ഞാൻ പറയുന്ന ഈ ആത്മാന്വേഷണം ഫലമില്ലാത്തതാവുന്നില്ല. അതില്പിന്നെ നിങ്ങളുടെ ജീവിതം അതിന്റെ വഴി തെളിച്ചുപൊയ്ക്കൊള്ളും. നന്മ നിറഞ്ഞ

തായിരിക്കും, സമൃദ്ധവും വിശാലവുമായിരിക്കും, ആ വഴികൾ.

2. സാഹിത്യവിമർശനങ്ങൾ കഴിയുന്നത്ര വായിക്കാതിരിക്കുക എന്നൊരു നിർദ്ദേശം നിങ്ങളുടെ മുന്നിൽ വയ്ക്കാൻ ഈ സന്ദർഭത്തിൽ എനിക്കു തോന്നുകയാണ്. അവ ഒന്നുകിൽ ജഡപ്രായവും, അർത്ഥശൂന്യവും, കല്പിച്ചതുമായ മുൻവിധികളായിരിക്കും; അല്ലെങ്കിൽ വിദഗ്ധമായ വാചകമടികൾ. ആ വീക്ഷണങ്ങൾക്ക് ഇന്നംഗീകാരം കിട്ടിയേക്കാമെങ്കിൽ നാളെയതുണ്ടാവുകയുമില്ല. ചിരന്തനമായ ഒരേകാന്തതയാണ് കലാസൃഷ്ടികളുടെ സത്ത എന്നു പറയാവുന്നത്; വിമർശനത്തിന് അതു മനസ്സിലാവുക എന്നതില്ല. സ്നേഹത്തിനേ അതിനെ കടന്നുപിടിക്കാനും, കൈയിലെടുക്കാനും, നീതിയോടെ വിലയിരുത്താനുമുള്ള കഴിവുള്ളു. തർക്കങ്ങൾക്കും ചർച്ചകൾക്കും അവതാരികകൾക്കുമല്ല, നിങ്ങളുടെ അന്തരാത്മാവിനും നിങ്ങളുടെ അനുഭൂതികൾക്കുമാണ് നിങ്ങൾ കാതു കൊടുക്കേണ്ടത്. ഇനിയഥവാ ഒരിക്കൽ നി

ങ്ങൾക്കു പിശകിയാലും, നിങ്ങളുടെ ആന്തരജീവിതത്തിന്റെ വികാസം കാലക്രമേണ നിങ്ങളെ മറ്റുൾക്കാഴ്ചകളിലേക്കു നയിച്ചുകൊള്ളും. നിങ്ങളുടെ തീർപ്പുകൾക്ക് അവയുടേതായ നിശ്ശബ്ദവും അകലുഷിതവുമായ ഒരു വികാസം അനുവദിച്ചുകൊടുക്കുക; എല്ലാ വികാസങ്ങളെയും പോലെ അവയും ഉള്ളിന്റെയുള്ളിൽ നിന്നാണു വരേണ്ടത്; അവയെ തിടുക്കപ്പെടുത്തരുത്. കാലം തികഞ്ഞേ പിറവിയുണ്ടാവൂ. നിങ്ങളുടെ മനസ്സിൽ പതിയുന്നതേതൊന്നും, അനുഭൂതിയുടെ ഭ്രൂണമോരോന്നും ഉള്ളിന്റെയുള്ളിൽ, ഇരുട്ടിൽ, വാക്കുകൾക്കുമപ്പുറം, യുക്തിക്കപ്രാപ്യമായ ചോദനകളുടെ മണ്ഡലത്തിൽ സാഫല്യത്തിലെത്തട്ടെ; നിങ്ങൾ എളിമയോടെ, ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യുക, പുതിയൊരു തെളിച്ചം പിറവിയെടുക്കുന്ന മുഹൂർത്തത്തിനായി; കലാകാരനായി ജീവിക്കുകയെന്നാൽ ഇങ്ങനെ ഒരർത്ഥമേയു

ള്ളു: സൃഷ്ടിയിലായാലും ഗ്രഹണത്തിലായാലും.

ഇതിൽ കാലം ഒരളവുകോലാവുന്നമില്ല. ഒരു കൊല്ലം ഒരു കാര്യമല്ല. പത്തു കൊല്ലം ഒന്നുമല്ല. കലാകാരനാവുക എന്നാൽ കണക്കെടുക്കുകയും കണക്കു കൂട്ടുകയുമല്ല; ഒരു മരം പോലെ വിളയുക എന്നാണ്; മരം അതിന്റെ ജീവദ്രവത്തെ തിടുക്കപ്പെടുത്തുന്നില്ല; വസന്തത്തിലെ കൊടുങ്കാറ്റുകളിൽ അടി പറിയാതെ നില്ക്കുകയാണത്, പിന്നെ വേനൽ വരാതിരിക്കുമോ എന്ന ശങ്കയൊന്നുമില്ലാതെ. വേനൽ വന്നുതന്നെയാവണം. അതു പക്ഷേ തങ്ങൾക്കു മുന്നിൽ നിത്യത നീണ്ടുകിടക്കുകയാണ്, അതിരറ്റതും നിശ്ശബ്ദവുമായി എന്ന അറിവോടെ ജീവിതം ജീവിക്കുന്നവരിലേക്കേ വന്നുചേരുകയുമുള്ളു. എന്റെ ജീവിതത്തിലെ ഒരു നിത്യപാഠമാണ്, പലപല വേദനകളെടുത്തു ഞാൻ പഠിക്കുന്നതാണ്, ഞാൻ ക

ടപ്പെട്ട ഒരു പാഠവുമാണ്: ക്ഷമയാണെല്ലാം!

3. നിങ്ങളുടെ ഹൃദയത്തിൽ ഉത്തരം കിട്ടാതെ കിടക്കുന്ന ചോദ്യങ്ങൾക്കു മുന്നിൽ ഒരല്പം ക്ഷമ കാണിക്കുക, ആ ചോദ്യങ്ങളെത്തന്നെ സ്നേഹിക്കാൻ പഠിക്കുക, അടഞ്ഞുകിടക്കുന്ന മുറികളെയെന്നപോലെ, നമുക്കു തീർത്തുമന്യമായ ഭാഷയിലെഴുതിയ പുസ്തകങ്ങളെപ്പോലെ. ഉത്തരങ്ങൾ തേടിപ്പോകരുത്; അവ സ്വീകരിക്കാൻ ഇപ്പോൾ നിങ്ങൾ അർഹനായിട്ടില്ല, കാരണം, അവയെ അനുഭവമാക്കാനുള്ള കഴിവു നിങ്ങൾക്കായിട്ടില്ല എന്നതന്നെ. സർവതും അനുഭവമാവുക എന്നതിലാണു കാര്യം. ഇപ്പോൾ ചോദ്യങ്ങൾ നിങ്ങൾക്കനുഭവമാകട്ടെ. എങ്കിൽ വിദൂരഭാവിയിലൊരുനാൾ പതിയെപ്പതിയെ, നിങ്ങൾ പോലുമറിയാതെ ഉത്തരങ്ങൾ നിങ്ങൾക്കനുഭവമായെന്നു വരാം. തീർത്തും സംതൃപ്തവും ആഹ്ളാദപ്രദവും നിർമ്മലവുമായ ഒരു ജീവിതശൈലി തനിക്കായി മനസ്സിൽ കാണാനും ആസൂത്രണം ചെയ്യാനും നടപ്പിൽ വരു

ത്താനമുള്ള ശക്തി നിങ്ങൾ ഉള്ളിൽ കൊണ്ടുനടക്കുന്നുവെന്നതന്നെയും വരാം. അതിനായി സ്വയം പരിശീലിപ്പിക്കുക; അതേ സമയം, വരുന്നതെന്തിനെയും, നിങ്ങളുടെ സ്വതന്ത്രേച്ഛയിൽ നിന്നാണതു വരുന്നതെങ്കിൽ, നിങ്ങളുടെ അന്തരാത്മാവിന്റെ ഒരാവശ്യത്തിൽ നിന്നാണു വരുന്നതെങ്കിൽ, പൂർണ്ണവിശ്വാസത്തോടെ കൈക്കൊള്ളുക, ഒന്നിനെയും വെറുക്കാതിരിക്കുക.

ലൈംഗികത ദുഷ്കരമാണ്; അതെ, അതു ദുഷ്കരം തന്നെയാണ്. പക്ഷേ നമുക്കു പറഞ്ഞിട്ടുള്ള ഉദ്യമങ്ങളിൽ ദുഷ്കരമല്ലാത്തതായി ഏതിരിക്കുന്നു? സാരമായിട്ടുള്ളതെല്ലാം ദുഷ്കരമാണ്, സാരമല്ലാത്തതായി ഒന്നുമില്ലതാനും. ഇതംഗീകരിക്കാൻ നിങ്ങൾക്കായാൽ, നിങ്ങളിൽ നിന്ന്, നിങ്ങളുടെ സ്വന്തം പ്രകൃതത്തിലും മനോഭാവത്തിലും നിന്ന്, നിങ്ങളുടെ സ്വന്തം അനുഭവസമ്പത്തിൽ നിന്ന്, നിങ്ങളുടെ കരു

ത്തുകളിൽ നിന്ന്, നിങ്ങളുടെ ബാല്യകാലത്തിൽ നിന്ന് പൂർണ്ണമായും നിങ്ങളുടേതായ ഒരു ബന്ധം (മാമൂലുകൾ സ്വാധീനിക്കാത്തതായ ഒന്ന്) ലൈംഗികതയോട് രൂപപ്പെടുത്താൻ നിങ്ങൾക്കായാൽ, എങ്കിൽ നിങ്ങൾ വ്യക്തിത്വമില്ലാത്തവനാവുമെന്നോ, നിങ്ങളുടെ ഏറ്റവും അനർഘമായ സ്വത്തായ ലൈംഗികതയ്ക്ക് നിങ്ങൾ അർഹനല്ലാതാവുമെന്നോ പിന്നെ പേടിക്കാനില്ലാതാവുന്നു.

ഉടലിന്റെ ആനന്ദങ്ങളെ മറ്റേതൊരു ഐന്ദ്രിയാനുഭവം പോലെ തന്നെ എടുത്താൽ മതി — ശുദ്ധമായ കാഴ്ച പോലെ, നന്നായി പഴുത്ത ഒരു മധുരഫലം നാവിൽ നിറയുമ്പോലെ. നമുക്കു നല്കപ്പെട്ട മഹത്തായതും അനന്തവുമായ ജ്ഞാനമാണത്, എല്ലാ ജ്ഞാനത്തിന്റെയും പൂർണ്ണതയും മഹിമയുമാണത്. അതിനെ കൈക്കൊള്ളുന്നതിൽ ഹീനമായിട്ടൊന്നുമില്ല. മിക്കവരും അതിനെ ദുരുപയോഗപ്പെടുത്തു

ന്നു, ദുർവ്യയം ചെയ്യുന്നു എന്നതാണു ഹീനമായിട്ടുള്ളത്. തങ്ങളുടെ ഏറ്റവും ഉന്നതമായ മുഹൂർത്തങ്ങളിലേക്കുള്ള മാർഗ്ഗമായി അതിനെ ഉപയോഗപ്പെടുത്തുന്നതിനു പകരം സ്വന്തം ജീവിതത്തിലെ വിരസവും ക്ഷീണിതവുമായ ഇടങ്ങളിൽ ഒരു പ്രലോഭനമായിട്ടാണ് അവരതിനെ കാണുന്നത്.

ഭക്ഷണം കഴിക്കുന്നതിനെപ്പോലും മനുഷ്യൻ മറ്റൊന്നായി മാറ്റിയിരിക്കുന്നു. ഒരിടത്തു കുറവും മറ്റൊരിടത്തു കൂടുതലും ആ അടിസ്ഥാനപരമായ ആവശ്യത്തെപ്പോലും കലുഷമാക്കിയിരിക്കുന്നു. ഇതേ പ്രകാരം തന്നെ കലുഷമായിരിക്കുന്നു, ജീവിതം സ്വയം നവീകരിക്കുന്ന സരളവും അഗാധവുമായ എല്ലാ ആവശ്യങ്ങളും. വ്യക്തിക്കു പക്ഷേ, അവയെ തെളിച്ചെടുക്കാവുന്നതേയുള്ളു, ആ തെളിമയിൽ ജീവിക്കാവുന്നതേയുള്ളു — അന്യരെ അമിതമായി ആശ്ര

യിക്കുന്നില്ല അയാളെങ്കിൽ, ഏകാന്തതയുമായി ഉടമ്പടിയിലാണയാളെങ്കിൽ.

ജന്തുക്കളിലും സസ്യങ്ങളിലുമുള്ള സൌന്ദര്യം സ്നേഹത്തിന്റെയും അഭിലാഷത്തിന്റെയും മൂകവും ചിരന്തനവുമായ രൂപമാണെന്നും നാമോർക്കുക. സസ്യങ്ങളെപ്പോലെതന്നെ വേണം നാം ജന്തുക്കളെയും വീക്ഷിക്കുക — ക്ഷമാപൂർവ്വമായും സ്വേച്ഛയോടെയും വളരുകയും വർദ്ധിക്കുകയുമാണവ; അതുപക്ഷേ, ഭൌതികമായ സുഖത്തിലും വേദനയിലും നിന്നല്ല, അവയെക്കാളുന്നതവും സ്വേച്ഛയെക്കാൾ, പ്രതിരോധത്തെക്കാൾ ശക്തവുമായ ആവശ്യകതകൾക്കു വഴങ്ങിയിട്ടാണ്. ഈ രഹസ്യം കൊണ്ടു നിറഞ്ഞിരിക്കുകയാണ്, ഭൂമി അതിന്റെ ഏറ്റവും നിസ്സാരമായ വസ്തുക്കൾ വരെ. ഹാ, അതിനെ നിസ്സാരമായി കാണാതെ എളിമയോടെ ആ രഹസ്യത്തെ കൈയേല്ക്കാൻ നമുക്കായെങ്കിൽ, ഭവ്യതയോടെ കൊണ്ടുനടക്കാൻ നമുക്കാ

യെങ്കിൽ, അതിനെ നിസ്സാരമായി കാണാതെ എത്ര ഭയാനകമാം വിധത്തിൽ ദുഷ്ക്കരമാണതെന്നറിയാൻ നമുക്കു കഴിഞ്ഞെങ്കിൽ!

തന്നിലെ ഉർവരതയെ ഭക്തിയോടെ കാണാൻ മനുഷ്യനായെങ്കിൽ! ആത്മീയമോ ഭൌതികമോ ആയിട്ടാണതിന്റെ ആവിഷ്ക്കാരങ്ങളെന്നു തോന്നിയാലും സാരാംശത്തിൽ രണ്ടും ഒന്നു തന്നെ. കാരണം, ആത്മീയമായ ഒരു സൃഷ്ടിയും മുളയെടുക്കുന്നതു് ഭൌതികതയിലാണ്, രണ്ടിനും ഒരേ പ്രകൃതിയുമാണ്; ശാരീരികാനന്ദങ്ങളുടെ കുറച്ചുകൂടി സൌമ്യവും നിർവൃതിദായകവും ചിരന്തനവുമായ ഒരാവർത്തനമാണെന്നേയുള്ളു മറ്റേതു്. 'സ്രഷ്ടാവാകാനുള്ള, ജനയിതാവാകാനുള്ള, രൂപപ്പെടുത്തിയെടുക്കാനുള്ള തൃഷ്ണ' ഭൌതികലോകത്തു് അതു സാക്ഷാല്ക്കരിക്കപ്പെടുന്നില്ലെങ്കിൽ, ജന്തുക്കളുടെയും വസ്തുക്കളുടെയും അളവറ്റ സമ്മതി അതിനു ലഭിക്കുന്നില്ലെ

ങ്കിൽ ഒന്നമല്ലാതായിപ്പോകുന്നു. സൃഷ്ടി യിൽ നാം അനുഭവിക്കുന്ന ആനന്ദം അ വാച്യമാം വിധത്തിൽ സുന്ദരവും സമ്പുഷ്ട വുമാണെങ്കിൽ അതിനു കാരണം പ്രജന നത്തിന്റെയും ജനനത്തിന്റെയും കോടിക്ക ണക്കായ മുഹൂർത്തങ്ങളുടെ സ്മൃതിപരമ്പ ര അതിൽ നിറയുന്നു എന്നതുതന്നെ. സൃ ഷ്ടി എന്നൊരു ചിന്ത ഒരാളുടെ മനസ്സിൽ ഉ ദയം കൊള്ളുമ്പോൾ പ്രണയത്തിന്റെ ഒ രായിരം വിസ്മൃതരാത്രികൾ അതിൽ വീ ണ്ടും ജന്മമെടുക്കുകയാണ്, അതിനെ ഗം ഭീരവും ഉദാത്തവുമാക്കുകയാണ്. രാത്രിക ളിൽ തമ്മിലൊരുമിക്കുന്നവർ, ത്രസിക്കു ന്ന തൃഷ്ണയോടെ ഉടലുകൾ കെട്ടിവരിയുന്ന വർ, അവർ ഭവ്യമായ ഒരനുഷ്ഠാനം നിർ വഹിക്കുകയാണ്, അവാച്യമായ പ്രഹർ ഷങ്ങളെക്കുറിച്ചു പറയാൻ ഭാവിയിൽ ജ നിക്കാനിരിക്കുന്ന ഏതോ കവിയുടെ ഗീ തത്തിനായി മാധുര്യവും ഗഹനതയും ബ ലവും ശേഖരിച്ചുവയ്ക്കുകയാണ്. അവർ ഭാ

വിയെ ആവാഹിച്ചുവരുത്തുകയാണ്; ഇനിയഥവാ, അവർക്കൊരു സ്ഖലിതം പിണഞ്ഞുവെന്നിരിക്കട്ടെ, അന്ധതയോടെയാണ് അവർ ആശ്ലേഷിക്കുന്നതെന്നിരിക്കട്ടെ, എന്നാൽക്കൂടി ഭാവി വന്നുചേരുകതന്നെ ചെയ്യും, പുതിയൊരു മനുഷ്യജീവി ജന്മമെടുക്കും, യാദൃച്ഛികതയ്ക്കു മേൽ പ്രകൃതിനിയമം പ്രയുക്തമാവും, ബലിഷ്ഠവും അപ്രതിരോധ്യവുമായ ഒരു ബീജം തനിക്കായി സ്വയം തുറക്കുന്ന ഒരണ്ഡത്തിലേക്ക് ഊറ്റത്തോടെ പ്രവേശിക്കുകയും ചെയ്യും.

വസ്തുക്കളുടെ ഉപരിതലം കണ്ടു വഴി തെറ്റാൻ നിന്നുകൊടുക്കരുത്; ആഴങ്ങളിൽ എല്ലാം നിയമമത്രെ. ആ നിഗൂഢത അയഥാർത്ഥമായി, വികലമായി അനുഭവിക്കുന്നവർക്ക് — അങ്ങനെയുള്ളവർ കുറച്ചൊന്നുമല്ല — അതു നഷ്ടപ്പെടുന്നുണ്ടെങ്കിലും ആ നഷ്ടം അവരെ സംബന്ധിച്ചു മാത്രമേയുള്ളു. ആ നിഗൂഢതയെക്കുറിച്ചജ്ഞരാണെങ്കി

ലും അതവർ അടുത്ത തലമുറയിലേക്കു പകരുന്നുണ്ട്, മുദ്ര വച്ച ഒരു കത്ത് കൊണ്ടേല്പിക്കുമ്പോലെ. പേരുകൾ എത്രയാണെന്നും എത്ര സങ്കീർണ്ണമാണ് ഓരോ ജീവിതമെന്നോർത്തും മനസ്സു കലുഷമാക്കുകയുമരുത്. പ്രബലമായ ഒരു മാതൃഭാവം പരസ്പരാകർഷണത്തിന്റെ രൂപത്തിൽ സർവതിനും മേലുണ്ടെന്നുമാവാം.

ഒരു കന്യകയുടെ, ഇനിയുമൊന്നും കൈയവരിച്ചിട്ടില്ലാത്ത ഒരു വ്യക്തിയുടെ, സൌന്ദര്യം എന്നു പറയുന്നത് അവളുടെ മാതൃത്വമാണ്, അതിന്റെ പ്രതീക്ഷയാണ്; അതിന്റെ ഒരുക്കങ്ങളും ഉത്കണ്ഠകളും അഭിലാഷങ്ങളുമാണ്. അമ്മയുടെ സൌന്ദര്യമാകട്ടെ, ശുശ്രൂഷിക്കുന്ന മാതൃത്വത്തിന്റേതും. പ്രായമായ ഒരു സ്ത്രീയിൽ അതൊരു വിപുലസ്മൃതിയുമാകുന്നു.

പുരുഷനിലുമുണ്ട് ഒരു മാതൃഭാവമെന്നെനിക്കു തോന്നുന്നു, ശാരീരികമായും ആത്മീയമായും. പ്രജനനം ഒരു തരത്തിൽ പ്ര

സവം കൂടിയാണ്; പ്രസവം തന്നെയാണ്, അയാൾ തന്റെ ഉള്ളിന്റെയുള്ളിൽ നിന്ന് സൃഷ്ടി നടത്തുമ്പോൾ സംഭവിക്കുന്നതും.

ആണിനും പെണ്ണിനും തമ്മിൽ നാം കരുതുന്നതിനെക്കാൾ അടുപ്പമുള്ള ബന്ധമായിരിക്കാമുള്ളത്. ലോകത്തിന്റെ നവോത്ഥാനം ഒരുപക്ഷേ, ഇതിലായിരിക്കാം: സ്ത്രീയും പുരുഷനും, സകലവിധ ചിന്താകാലുഷ്യങ്ങളിലും വിദ്വേഷങ്ങളിലും നിന്നു മുക്തരായി, ഒരാൾ തന്റെ വിപരീതത്തെ എന്നല്ലാതെ സ്വന്തം സഹോദരനെയോ സഹോദരിയേയോ ഒരയൽക്കാരനെയോ എന്നപോലെ അന്യോന്യം തേടുക; മനുഷ്യജീവികളായി തമ്മിലൊരുമിക്കുക; തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ലൈംഗികത എന്ന ഭാരിച്ച ചുമതല ഗൌരവത്തോടെയും ക്ഷമയോടെയും ഒരുമിച്ചു വഹിക്കുക.

ഭാവിയിൽ പലരെക്കൊണ്ടും സാദ്ധ്യമാകുന്നതൊക്കെ ഏകാകിയായ മനുഷ്യന് അത്ര്യയധികം പിശകുകൾ വരുത്താത്ത സ്വന്തം കൈകൾ കൊണ്ട് ഇപ്പോഴേ ചെയ്തുതുടങ്ങാവുന്നതേയുള്ളു. അതിനാൽ പ്രിയപ്പെട്ട സ്നേഹിതാ, നിങ്ങളുടെ ഏകാന്തതയെ സ്നേഹിക്കുക. അതു കൊണ്ടുണ്ടാകുന്ന വേദന സഹിക്കാൻ പഠിക്കുക, അതിനെ പാടി മറി കടക്കുക. തനിക്കേറ്റവുമടുത്തവർ അകലെയാണെന്നല്ലേ നിങ്ങൾ എഴുതിയത്; നിങ്ങളുടെ കാഴ്ചപ്പാടു വിപുലമാവാൻ തുടങ്ങുന്നു എന്നാണതു കാണിക്കുന്നത്. അടുത്തുള്ളത് അകലെയായിക്കഴിഞ്ഞുവെങ്കിൽ നിങ്ങളുടെ ചക്രവാളം നക്ഷത്രങ്ങളിലേക്കു വികസിച്ചിരിക്കുന്നു എന്നാണർത്ഥം. നിങ്ങളുടെ വളർച്ചയിൽ ആഹ്ളാദിക്കുക; തീർച്ചയായും ആ വളർച്ചയിൽ നിങ്ങൾക്കാരെയും ഒപ്പം കൂട്ടാനാവില്ല; പിന്നിലായിപ്പോയവരോടു സൌമ്യരാവുക, അവരുടെ സാന്നിദ്ധ്യത്തിൽ നിങ്ങ

ളുടെ പെരുമാറ്റം ആത്മവിശ്വാസവും അ
ക്ഷോഭ്യതയും നിറഞ്ഞതാവട്ടെ; നിങ്ങളു
ടെ സന്ദേഹങ്ങൾ കൊണ്ടു് അവരെ പീ
ഡിപ്പിക്കരുതു്; നിങ്ങളുടെ ആത്മവിശ്വാ
സമോ അവർക്കു പിടി കിട്ടാത്ത നിങ്ങളു
ടെ ആഹ്ളാദമോ കൊണ്ടു് അവരെ വിര
ട്ടുകയുമരുതു്. സരളവും ആത്മാർത്ഥവുമാ
യ ഒരു ചാർച്ചയിലേക്കു് അവരെ കൊ
ണ്ടുവരാൻ ശ്രമിക്കുക; നിങ്ങൾ നിരന്ത
രം മാറിക്കൊണ്ടിരുന്നാലും ആ ബന്ധത്തി
നു മാറ്റം വരണമെന്നുമില്ല. നിങ്ങളിൽ നി
ന്നു വ്യത്യസ്തമാണതെങ്കിലും അവർ ജീവി
ക്കുന്ന ജീവിതത്തെ സ്നേഹിക്കുക. പ്രായമാ
കുന്നവരോടു പരിഗണന കാണിക്കുക; കാ
രണം, നിങ്ങൾ അത്രമേൽ വിശ്വാസമർപ്പി
ക്കുന്ന അതേ ഏകാന്തതയെ ഭയക്കുന്നവ
രാണവർ. കുട്ടികൾക്കും രക്ഷിതാക്കൾക്കു
മിടയിൽ നിത്യേന അരങ്ങേറുന്ന ആ ബ
ലപരീക്ഷണനാടകത്തിനു കൊഴുപ്പു കൂ
ട്ടാതെ നോക്കുക. അതു കുട്ടികളുടെ ശ

ക്തി കവർന്നെടുക്കുകയാണ്, മുതിർന്നവരുടെ സ്നേഹത്തെ പാഴിലാക്കുകയുമാണ്; കുട്ടികളെ മനസ്സിലാക്കുന്നില്ലെങ്കിലും ചടുലവും ഊഷ്മളവുമാണല്ലോ, അവരുടെ സ്നേഹം. അവരിൽ നിന്ന് ഉപദേശം തേടരുത്, അവർ തന്നെ മനസ്സിലാക്കുമെന്നു മോഹിക്കുകയുമരുത്. പകരം, ഒരു പിതൃസ്വത്തു പോലെ തനിക്കായി കാത്തുവച്ചിരിക്കുന്ന ഒരു സ്നേഹത്തിൽ വിശ്വാസമർപ്പിക്കുക, ഒരു ശക്തിയും അനുഗ്രഹവും അതിലുണ്ട് എന്ന ദൃഢവിശ്വാസമുണ്ടായിരിക്കുക. നിങ്ങളുടെ ഏറ്റവും അകലത്തേക്കുള്ള യാത്രകളിൽ പോലും ആ സാന്നിദ്ധ്യം നിങ്ങളോടൊപ്പമുണ്ടാവുകയും ചെയ്യും.

4. ഒരേകാന്തതയേയുള്ളൂ, അതു വിപുല മാണ്, അതു സഹിക്കാൻ എളുപ്പവുമല്ല; ഏതൊരു മനുഷ്യന്റെ ജീവിതത്തിലുമുണ്ടാവും, തന്റെ ഏകാന്തതയെ ഏതെങ്കിലും വിധത്തിലുള്ള സഹവാസവുമായി, അതിനി എത്ര അധമവും നിസ്സാരവുമായിക്കോട്ടെ, സന്തോഷത്തോടെ വച്ചുമാറാൻ അയാൾ കൊതിക്കുന്ന നിമിഷങ്ങൾ; എതിരേ വരുന്നയാൾ എത്ര വില കെട്ടവനായാലും അയാളുമായി ഒരു നേരിയ സൗഹൃദത്തിന്റെ മിഥ്യയിലേർപ്പെടാൻ അയാൾ ആശിച്ചുപോകും. എന്നാൽ ആ തരം നേരങ്ങളിൽത്തന്നെയാവാം, ഏകാന്തത തഴയ്ക്കുന്നതും; കാരണം, അതിന്റെ വളർച്ച ഒരു ബാലന്റെ വളർച്ച പോലെ വേദന നിറഞ്ഞതാണ്, വസന്തത്തിന്റെ തുടക്കം പോലെ വിഷാദം നിറഞ്ഞതുമാണ്. അതുകൊണ്ടു പക്ഷേ, നിങ്ങളുടെ മനസ്സിടിയരുത്. നിങ്ങൾക്കു വേണ്ടതിതാണ് — ഏകാന്തത, ഉള്ളു നിറയ്ക്കുന്ന ഏകാ

ന്തത. തന്റെ ഉള്ളിലേക്കിറങ്ങുക, മണി ക്കൂറുകളോളം ആരെയും കാണാതിരിക്കുക — അതിലേക്കാണ് നിങ്ങളെത്തേണ്ടത്. കുട്ടിയായിരിക്കുമ്പോൾ മുതിർന്നവർക്കിടയിൽ നിങ്ങളറിഞ്ഞ ഏകാന്തത: കനപ്പെട്ട, വലിയ കാര്യങ്ങളിൽ മുഴുകിയിരിക്കുകയാണവരെന്ന് അന്നു നിങ്ങൾക്കു തോന്നിയിരുന്നു; കാരണം, അവർ അത്രയ്ക്കു തിരക്കിലായിരുന്നു, എന്താണവർ ചെയ്യുന്നതെന്നതു് നിങ്ങൾക്കു പിടി കിട്ടാത്തതുമായിരുന്നു.

അവരുടെ പ്രവൃത്തികൾ നിസ്സാരവും അവരുടെ ജീവിതവൃത്തികൾ വന്ധ്യവും ജീവിതത്തോടുള്ള ബന്ധം മുറിഞ്ഞതുമാണെന്നു ബോദ്ധ്യം വന്നുകഴിഞ്ഞാൽ പിന്നെന്തുകൊണ്ടൊരു കുട്ടിയെപ്പോലെ ലോകത്തെ നോക്കിക്കൂടാ — തനിക്കപരിചിതമായതൊന്നിനെപ്പോലെ, നിങ്ങളുടെ സ്വന്തം ലോകത്തിന്റെ ഗഹനതയിൽ നിന്ന്, നിങ്ങളുടെ ഏകാന്തതയുടെ വൈപു

ല്യത്തിൽ നിന്ന്, നിങ്ങളുടെ പ്രവൃത്തിയും കർമ്മവും നേട്ടവുമായ ആ ഏകാന്തതയിൽ നിന്ന്? ഒരു കുട്ടിയുടെ പ്രാജ്ഞമായ മനസ്സിലാകായ്കയെ എന്തിനു തിരസ്കൃതബോധവും വിദ്വേഷവുമായി വെച്ചുമാറണം? ആ മനസ്സിലാകായ്ക തന്നെയല്ലേ, ഏകാന്തത? തിരസ്കൃതബോധവും വിദ്വേഷവും എന്തിൽ നിന്നു വിട്ടുപോരാൻ നിങ്ങളാഗ്രഹിച്ചുവോ, അതിൽ പങ്കു ചേരാനുള്ള വഴികളുമല്ലേ?

നിങ്ങൾ ഉള്ളിൽ കൊണ്ടുനടക്കുന്ന ലോകത്തെക്കുറിച്ചു ചിന്തിക്കൂ. ആ ചിന്തയെ നിങ്ങൾക്കിഷ്ടമുള്ള പേരിട്ടും വിളിക്കാം: സ്വന്തം ബാല്യത്തിന്റെ ഓർമ്മയെന്നോ സ്വന്തം ഭാവിയിലേക്ക് അഭിലാഷത്തോടെയുള്ള നോട്ടമെന്നോ. എന്തുമാവട്ടെ, നിങ്ങളുടെ ഉള്ളിൽ നിന്നുയർന്നുവരുന്നതിനെ ശ്രദ്ധയോടെ നിരീക്ഷിക്കുക, നിങ്ങൾക്കു ചുറ്റും കാണുന്നതിൽ നിന്നൊക്കെ ഉയരത്തിൽ അതിനെ വയ്ക്കുക. നിങ്ങളുടെ ഉള്ളി

ന്റെയുള്ളിൽ നടക്കുന്നതേ നിങ്ങളുടെ സ്നേഹത്തിനർഹമായിട്ടുള്ളു; നിങ്ങളുടെ ചെയ്തികളെല്ലാം അതിൽ ഊന്നിയായിരിക്കണം. നിങ്ങളുടെ നിലപാട് മറ്റുള്ളവർക്കു വിശദീകരിച്ചു കൊടുക്കാനായി അധികം സമയവും ഊർജ്ജവും പാഴാക്കുകയുമരുത്. നിങ്ങൾക്കൊരു നിലപാടുണ്ടെന്നു തന്നെ ആരു പറയുന്നു? എനിക്കറിയാം, നിങ്ങളുടെ ജോലി കഠിനമാണ്, നിങ്ങളുടെ വിശ്വാസങ്ങൾക്കെതിരുമാണത്; നിങ്ങളുടെ പരാതികൾ ഞാൻ മുൻകൂട്ടി കണ്ടിരുന്നു; എന്നെങ്കിലും അവ പുറത്തേക്കു വരുമെന്നും എനിക്കറിയാമായിരുന്നു. ഇന്നവ പുറത്തേക്കു വന്ന സ്ഥിതിയ്ക്ക് നിങ്ങൾക്കൊരാത്മവിശ്വാസം പകരാൻ എനിക്കു കഴിയുന്നില്ല; ഇങ്ങനെയൊരുപദേശമേ എനിക്കു തരാനുള്ളു: എല്ലാ തൊഴിലും ഇതുപോലെതന്നെയല്ലേ? നിരന്തരം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണത്, വ്യക്തിയോടുള്ള വിരോധം നി

റഞ്ഞതാണതു്, വിരസമായ ഒരു ജോലി യ്ക്കു് നിശ്ശബ്ദമായി കീഴ്ങ്ങിയവരുടെ നി രുന്മേഷമായ വിദ്വേഷം നിറഞ്ഞതാണ തു്. നിങ്ങൾക്കിപ്പോൾ ജീവിക്കേണ്ടിവ രുന്ന അവസ്ഥ മാമൂലുകളും മുൻവിധിക ളും തെറ്റിദ്ധാരണകളും നിറഞ്ഞ മറ്റവസ്ഥ കളേക്കാൾ ദുർവ്വഹമാണെന്നു പറയാനി ല്ല; കുറച്ചുകൂടി സ്വതന്ത്രമെന്നു പുറമേ കാ ണിക്കുന്ന മറ്റു മണ്ഡലങ്ങൾ ഉണ്ടെന്നു തോ ന്നാം; എന്നാൽ അപരിമിതവും വിശാല വും ജീവിതത്തെ യഥാർത്ഥമാക്കുന്ന വ ലിയ കാര്യങ്ങളോടു സമ്പർക്കമുള്ളതുമാ യ ഒരു മണ്ഡലം എങ്ങും നിങ്ങൾ കാണി ല്ല. ഏകാകിയായ ഒരു വ്യക്തിയേ, വസ്തു ക്കളെപ്പോലെ, അടിസ്ഥാനനിയമങ്ങൾ ക്കു വിധേയനായിട്ടുള്ളു; അയാൾ പ്രഭാതാ ഗമത്തിലേക്കിറങ്ങിച്ചെല്ലുമ്പോൾ, അല്ലെ ങ്കിൽ സംഭവങ്ങൾ നിറഞ്ഞ സായാഹ്ന ത്തിലേക്കു കണ്ണയക്കുമ്പോൾ, എന്താണ വിടെ നടക്കുന്നതെന്നയാൾക്കു മനസ്സിലാ

വുമ്പോൾ തന്റെ തല്ക്കാലാവസ്ഥയെക്കുറിച്ചുള്ള സൂചനകളൊക്കെ അയാളിൽ നിന്നൂർന്നുവീഴുകയാണ്, മരിച്ചൊരാളിൽ നിന്നെന്നപോലെ, ജീവിതത്തിന്റെ നടുവിലാണയാൾ നില്ക്കുന്നതെങ്കിലും... മനുഷ്യരുമായി നിങ്ങൾക്കൊന്നും പങ്കു വയ്ക്കാനില്ലെന്നു തോന്നുന്നെങ്കിൽ വസ്തുക്കളോടടുക്കുക; അവ നിങ്ങളെ ഉപേക്ഷിക്കില്ല. രാത്രികൾ ഇപ്പോഴും അവിടെയുണ്ട്, കാടുകൾക്കും പലപല ദേശങ്ങൾക്കും മേൽ കൂടി കടന്നുപോകുന്ന കാറ്റുകളുമുണ്ട്. നിങ്ങൾക്കു കൂടി പങ്കു ചേരാവുന്ന കാര്യങ്ങൾ വസ്തുക്കൾക്കും ജീവികൾക്കുമിടയിൽ നടക്കുന്നുണ്ട്. കുട്ടികൾ നിങ്ങൾ കുട്ടിയായിരുന്നപ്പോഴെന്നപോലെ ഇപ്പോഴുമുണ്ട്, കുട്ടിയായിരുന്ന നിങ്ങളെപ്പോലെ തന്നെ സങ്കടവും സന്തോഷവും നിറഞ്ഞവരായി; സ്വന്തം ബാല്യത്തെക്കുറിച്ചോർക്കുമ്പോൾ നിങ്ങൾ വീണ്ടും അവരോടൊപ്പം ജീവിക്കുകയാണ്, ഏകാകികളായ കുട്ടികൾക്കിട

യിൽ; മുതിർന്നവർ അവിടെ ആരുമല്ലാതാകുന്നു, അവരുടെ പ്രമാണിത്തത്തിനു വിലയുമില്ലാതാകുന്നു.

ബാല്യത്തെയും അതിന്റെ സഹചാരികളായ ലാളിത്യത്തെയും മൗനത്തെയും കുറിച്ചോർക്കുമ്പോൾ നിങ്ങൾക്ക് ഭയവും വേദനയും തോന്നുന്നുവെന്നാണെങ്കിൽ, അവിടെ നിത്യസാന്നിദ്ധ്യമായിരുന്ന ദൈവത്തിൽ നിങ്ങൾക്കു വിശ്വാസം നഷ്ടപ്പെട്ടതു കൊണ്ടാണതെങ്കിൽ, നിങ്ങൾക്ക് ശരിക്കും ദൈവത്തെ നഷ്ടപ്പെട്ടുവോ? നിങ്ങൾക്കൊരിക്കലും അവൻ സ്വന്തമായിരുന്നില്ലെന്നു പറയുകയാവില്ലേ, കൂടുതൽ ശരി? എന്നാണു നിങ്ങൾക്കവൻ സ്വന്തമായിരുന്നത്? മുതിർന്നവർക്കു തന്നെ അതിപ്രയത്നം കൊണ്ടേ അവനെ താങ്ങാൻ കഴിയുന്നുള്ളു എന്നിരിക്കെ, പ്രായമായവർ അവന്റെ ഭാരം കൊണ്ടു ഞെരിഞ്ഞുപോവുകയാണെന്നിരിക്കെ, ഒരു കുട്ടിയ്ക്ക് അവനെ താങ്ങാൻ പറ്റുമെന്നു നിങ്ങൾക്കു തോ

ന്നുണ്ടോ? അവൻ ശരിക്കും സ്വന്തമായിരുന്ന ഒരാളിൽ നിന്ന് ഒരു വെള്ളാരങ്കല്ല പോലെ അവനങ്ങനെ നഷ്ടപ്പെട്ടുപോകുമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അവൻ സ്വന്തമായിരുന്നയാളെ അവനു നഷ്ടപ്പെടുക എന്നതല്ലേ ഉണ്ടാവുക? എന്നാൽ, നിങ്ങളുടെ ബാല്യത്തിൽ അവൻ ഉണ്ടായിരുന്നില്ലെന്നും അതിനു മുമ്പും അവൻ ഉണ്ടായിരുന്നില്ലെന്നുമാണ് നിങ്ങൾക്കു ബോദ്ധ്യമാകുന്നതെങ്കിൽ, ക്രിസ്തു അനുകമ്പയുടെ മായത്തിൽ പെട്ടുപോയെന്നും മുഹമ്മദ് ഗർവ്വിനാൽ വഞ്ചിതനായെന്നുമാണ് നിങ്ങൾ സംശയിക്കുന്നതെങ്കിൽ — ഇപ്പോഴും, നാം അവനെക്കുറിച്ചു സംസാരിക്കുന്ന ഈ നിമിഷത്തിലും അവൻ ഇല്ലെന്ന ഭീതിയാണ് നിങ്ങൾക്കു തോന്നുന്നതെങ്കിൽ — എങ്കിൽ, ഒരിക്കലും ഇല്ലാതിരുന്ന ഒരാളെച്ചൊല്ലി നഷ്ടബോധം തോന്നാൻ, കാണാതെപോയ ഒരാളെ അന്വേ

ഷിച്ചുപോകാൻ എന്തവകാശമാണ് നിങ്ങൾക്കുള്ളതു്?

എന്തുകൊണ്ടു നിങ്ങൾക്കവനെ വരാനുള്ള ദൈവമായി കണ്ടുകൂടാ, നിത്യതയിൽ നിന്നു നമ്മെ സമീപിച്ചുകൊണ്ടിരിക്കുന്നവനായി, ഒരുനാൾ എത്തിച്ചേരുന്നവനായി, നാം ഇലകളായ ഒരു മരത്തിന്റെ അന്തിമഫലമായി? ഉരുത്തിരിഞ്ഞുവരുന്ന ഒരു കാലത്തിലേക്ക് അവന്റെ ജനനത്തെ ചുഴറ്റിയെറിയുന്നതിലും മഹത്തായ ഒരു ഗർഭത്തിന്റെ ചരിത്രത്തിലെ വേദനിക്കുന്നതും മനോഹരവുമായ ഒരു ദിനമായി സ്വന്തം ജീവിതം ജീവിക്കുന്നതിലും നിന്ന് എന്താണു നിങ്ങളെ തടയുന്നതു? ഓരോ സംഭവവും പിന്നെ ഒരാരംഭമാവുകയാണെന്നു നിങ്ങൾ കാണുന്നില്ലേ? അതു് അവന്റെ ആരംഭവുമായിക്കൂടേ, എത്ര മനോഹരമാണ് ആരംഭങ്ങൾ എന്നോർക്കുമ്പോൾ? ഏറ്റവും പൂർണ്ണമായ സത്ത അവനാണെങ്കിൽ അതി

ലും കുറഞ്ഞ സത്തകൾ അവനു മുമ്പാവിർഭവിക്കില്ലേ, പൂർണ്ണതയിലും സമൃദ്ധിയിലും നിന്നു തനിക്കു വേണ്ടതവനെടുക്കാനായി? അവനാവേണ്ടേ അവസാനത്തവൻ, സർവ്വതും തന്നിൽത്തന്നെ അവനുൾക്കൊള്ളണമെങ്കിൽ? നാം കാത്തിരിക്കുന്നവൻ പണ്ടേ വന്നുപോയെങ്കിൽ പിന്നെ നമ്മുടെ ജീവിതം കൊണ്ടെന്തർത്ഥമാവാൻ?

തേനീച്ചകൾ തേനെടുക്കുന്നതുപോലെ സർവ്വതിൽ നിന്നും മാധുര്യം സഞ്ചയിച്ച് നാം അവനെ പണിതെടുക്കുന്നു. ഏറ്റവും നിസ്സാരമായതിൽ നിന്ന്, നമ്മുടെ കണ്ണിലെപ്പെടാൻ പോലുമില്ലാത്തത്ര ചെറുതുകളിൽ നിന്ന് നാം തുടങ്ങുന്നു; നമ്മുടെ പ്രവൃത്തിയിൽ നിന്ന്, അതു കഴിഞ്ഞുള്ള വിശ്രമത്തിൽ നിന്ന്, മൗനത്തിന്റെയോ ഒരേകാന്താനന്ദത്തിന്റെയോ നിമിഷത്തിൽ നിന്ന്, ഒപ്പമാരുമില്ലാതെയും സഹായിക്കാനാരുമില്ലാതെയും ഒറ്റയ്ക്കു നാം ചെയ്യുന്ന സർ

വ്വതിൽ നിന്നും നാമവനെ തുടങ്ങിവയ്ക്കു ന്നു; അവനെ കാണാൻ നാം ജീവിച്ചിരിക്കില്ല, നമ്മെ കാണാൻ നമ്മുടെ പൂർവ്വികർ ജീവിച്ചില്ല എന്നപോലെതന്നെ. എന്നാൽ അവർ, പണ്ടേ മണ്മറഞ്ഞവർ, നമ്മിലുണ്ട്, ഒരന്തഃപ്രചോദനമായി, നമ്മുടെ നിയതിക്കു മേലൊരു ഭാരമായി, ചോരയിലൊരു മർമ്മരമായി, കാലത്തിന്റെ കയങ്ങളിൽ നിന്നുയർന്നുവരുന്നൊരു ചേഷ്ടയായി.

5. സ്വന്തം ഏകാന്തതയിൽ നിന്നു പുറത്തു കടക്കാൻ നിങ്ങൾക്കൊരാഗ്രഹം തോന്നുന്നുണ്ടെങ്കിൽ ആ ആഗ്രഹം മനസ്സിനെ വ്യതിചലിപ്പിക്കാൻ നിന്നുകൊടുക്കരുതേ. അതേ ആഗ്രഹം തന്നെ, ശാന്തതയോടെയും ഔചിത്യത്തോടെയും ഉപയോഗപ്പെടുത്തുകയാണെങ്കിൽ, നിങ്ങളുടെ ഏകാന്തതയുടെ വിസ്തൃതി വിദൂരമേഖലകളിലേക്കു വ്യാപിപ്പിക്കാനുള്ള ഉപകരണമാകാനേയുള്ളു. മിക്കവരും പരിഹാരം കാണുന്നത് (പലതരം മാമൂലുകളുടെ സഹായത്തോടെ) എളുപ്പവഴി നോക്കിയിട്ടാണ്, ഏറ്റവും എളുപ്പമുള്ള വഴി ഏതെന്നു നോക്കിയിട്ടാണ്. എന്നാൽ ഏറ്റവും ദുഷ്കരവും ദുർവഹവുമായതിനെയാണ് നാം മുറുകെപ്പിടിക്കേണ്ടതു് എന്നതു സുവ്യക്തവുമാണ്. ജീവനുള്ള ഏതു വസ്തുവും ഇതു തന്നെയാണ് ചെയ്യുന്നതു്; പ്രകൃതിയിലുള്ള എന്തും പുഷ്ടിപ്പെടുകയും സ്വയം പ്രതിരോധിക്കുകയും ചെയ്യുന്നതു് അതിന്റേ

തായ ഒരു വഴിയിലൂടെയാണ്; അതു് വ്യതിരിക്തമാവുന്നതു് അതിന്റെ തന്നെ വിഭവങ്ങൾ ഉപയോഗപ്പെടുത്തിയിട്ടാണ്; എന്തു വിലകൊടുത്തും ഏതു പ്രാതികൂല്യത്തെയും നേരിട്ടും അതു് സ്വന്തം തനിമ സ്ഥാപിക്കാൻ യത്നിക്കുകയും ചെയ്യും. നമുക്കറിയാവുന്നതായി കുറച്ചേയുള്ളു; എന്നാൽ ദുഷ്കരമായതിനെ നാം മുറുകെപ്പിടിക്കണം എന്ന തീർച്ച ഒരിക്കലും നമ്മെ ഉപേക്ഷിച്ചുപോകില്ല. ഏകാകിയാകുന്നതു് നല്ലതാണ്, എന്തെന്നാൽ ഏകാന്തത ദുഷ്കരമാണ്; ഒരു കാര്യം ദുഷ്കരമാണ് എന്നതു് അതു ചെയ്യാനുള്ള അധികകാരണമാവുകയാണ്.

സ്നേഹിക്കുന്നതും നല്ലതാണ്, എന്തെന്നാൽ സ്നേഹം ദുഷ്കരമാണ്. ഒരാൾക്കു മറ്റൊരാളോടുള്ള സ്നേഹം: നമുക്കു പറഞ്ഞിരിക്കുന്ന ദൗത്യങ്ങളിൽ വച്ചേറ്റവും ദുഷ്കരം അതായേക്കാം; ഒരഗ്നിപരീക്ഷയാണതു്, നമ്മുടെ മറ്റെല്ലാ പ്രയത്നങ്ങളും വെ

റും മുന്നൊരുക്കങ്ങൾ മാത്രമാവുന്ന പ്രയത്നമാണത്. അതുകൊണ്ടു തന്നെ ചെറുപ്പക്കാർക്ക്, എന്തിലും തുടക്കക്കാരായ അവർക്ക്, എങ്ങനെ സ്നേഹിക്കണമെന്ന് അറിയാറായിട്ടുമില്ല: അവരത് പഠിച്ചെടുക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ സർവ്വസ്വവുമെടുത്ത്, ഏകാന്തവും കാതരവുമായ തങ്ങളുടെ ഹൃദയങ്ങൾക്കു ചുറ്റുമായി കരുത്തുകളെല്ലാം വിന്യസിച്ച് അവർ സ്നേഹിക്കാൻ പഠിക്കണം. എന്നാൽ ആ പഠനകാലം ദീർഘമായിരിക്കും, ഒറ്റപ്പെടലിന്റേതായിരിക്കും; സ്നേഹവും അതുപോലെ ദീർഘകാലത്തേക്കുള്ളതാണ്, ഒറ്റപ്പെടലിന്റേതാണ്; ഏകാന്തത, തീവ്രവും ഗഹനവുമായ ഏകാന്തത: അതാണ് സ്നേഹിക്കുന്നവനുള്ളത്. സ്നേഹമെന്നാൽ ആദ്യം തന്നെ വിലയനമോ സമർപ്പണമോ മറ്റൊരു വ്യക്തിയുമായുള്ള സംയോഗമോ ആകുന്നില്ല (വ്യക്തത വരാത്തവരും പൂർണ്ണത പ്രാപിക്കാത്തവരുമായ രണ്ടു വ്യക്തി

കളുടെ സംയോഗത്തിൽ എന്തർത്ഥമിരിക്കുന്നു?); വ്യക്തിക്കപ്പോൾ മഹത്തായ ഒരവസരം കിട്ടുകയാണ്: പാകതയെത്താൻ, സ്വന്തമായിട്ടെന്തെങ്കിലുമാകാൻ, ഒരു ലോകമാകാൻ, മറ്റൊരാൾക്കായി തന്നിൽത്തന്നെ ഒരു ലോകമാകാൻ. അത് അയാൾക്കു മേൽ ചുമത്തപ്പെടുന്ന അമിതമായ ഒരുത്തരവാദിത്തമാണ്, അതയാളെ തിരഞ്ഞുപിടിക്കുകയാണ്, വിശാലമായ ഒരു ചക്രവാളത്തിലേക്ക് അയാളെ പറഞ്ഞയക്കുകയാണ്. ഈയൊരർത്ഥത്തിലേ, തങ്ങൾക്കു മേൽ തന്നെയുള്ള ഒരു പണിയെടുക്കലായേ ('രാവും പകലും കാതോർത്തും പണിയെടുത്തും') ചെറുപ്പക്കാർ തങ്ങൾക്കു ദത്തമായ സ്നേഹത്തെ ഉപയോഗപ്പെടുത്താവൂ. വിലയനവും സമർപ്പണവും ഒരു തരത്തിലുള്ള സഹവാസവും അവർക്കു പറഞ്ഞിട്ടുള്ളതല്ല (അതിനവർ ദീർഘദീർഘമായൊരു കാലത്തേക്ക് അരിഷ്ടിച്ചുജീവിക്കേണ്ടിവരും); പരമകാഷ്ഠയാണത്, ഒരു മ

നുഷ്യജന്മം അതിനു തികയുന്നില്ലെന്നു വരാം.

പക്ഷേ ചെറുപ്പക്കാർ എത്ര തവണയാണ്, എത്ര ദാരുണമായിട്ടാണ് തെറ്റുകൾ വരുത്തുന്നത്: (അക്ഷമയാണ് അവരുടെ പ്രകൃതമെന്നതിനാൽ) സ്നേഹം തങ്ങളെ കീഴ്പെടുത്തുമ്പോൾ അവർ ഒരാൾ മറ്റൊരാളിലേക്കു സ്വയം വലിച്ചെറിയുകയാണ്, തങ്ങളുടെ അന്ധാളിപ്പും ആകുലതയും അവ്യവസ്ഥയുമൊക്കെയായി അവർ സ്വയം ചിതറിത്തെറിക്കുകയാണ്... പക്ഷേ എന്നിട്ടിതിൽ നിന്നെന്തുണ്ടാവാൻ? തങ്ങളുടെ ഒരുമിക്കൽ എന്നവർ വിളിക്കുന്ന, തങ്ങളുടെ ആനന്ദമെന്ന്, സാദ്ധ്യമെങ്കിൽ തങ്ങളുടെ ഭാവിയെന്നു തന്നെ അവർ വിളിക്കാനിഷ്ടപ്പെടുന്ന ആ പാതിയുടഞ്ഞ വസ്തുക്കളും കൊണ്ട് ജീവിതം എന്തു ചെയ്യണമെന്നാണ്? അങ്ങനെ ഓരോ ആളും മറ്റൊരാൾക്കു വേണ്ടി സ്വയം നഷ്ടപ്പെടുത്തുന്നു; എന്നിട്ട് ആ മറ്റൊരാളും പിന്നീ

ടു വരാനുള്ള മറ്റുള്ളവരും അയാൾക്കു ന ഷ്ടപ്പെടുകയുമാണ്. വിപുലമായ അകലങ്ങ ളും സാദ്ധ്യതകളും അയാൾ നഷ്ടപ്പെടുത്തു ന്നു; വന്ധ്യമായ ഒരു നിസ്സഹായതയ്ക്കു പ കരമായി സൗമ്യവും നിഗൂഢവുമായ വസ്തു ക്കളുടെ സാമീപ്യവും പലായനവും നഷ്ട പ്പെടുത്തുന്നു; അല്പം വിദ്വേഷവും നൈരാ ശ്യവും പാപ്പരത്തവും മാത്രം ബാക്കിയാ കുന്നു; ഒടുവിൽ ഏറ്റവും അപകടം പിടി ച്ച ഈ പാതയുടെ ഇരുവശവും ഇഷ്ടം പോ ലെ പണിതിട്ടിരിക്കുന്ന അഭയകേന്ദ്രങ്ങ ളായ കീഴ്നടപ്പുകളിലൊന്നിലേക്കുള്ള ഒളി ച്ചോട്ടവും. കീഴ്നടപ്പുകൾ കൊണ്ടു് ഇത്ര ന ന്നായി സജ്ജീകരിച്ചിരിക്കുന്ന മനുഷ്യാ നുഭവത്തിന്റെ മറ്റൊരു മേഖലയുണ്ടാവി ല്ല: നിർമ്മാണത്തിൽ വൈവിദ്ധ്യം പുലർ ത്തുന്ന ലൈഫ് ബൽറ്റുകളുണ്ടു്, വഞ്ചിക ളും പൊന്തിക്കിടക്കാനുള്ള സൂത്രങ്ങളുമു ണ്ടു്; സാദ്ധ്യമായ ഏതു തരത്തിലുമുള്ള അ ഭയസ്ഥാനങ്ങൾ സമൂഹം സൃഷ്ടിച്ചുവച്ചിട്ടു

ണ്ട്; കാരണം, പ്രണയജീവിതത്തെ നേരമ്പോക്കായിട്ടാണതു കാണുന്നതെന്നതിനാൽ മറ്റേതു ജനകീയവിനോദവും പോലെ അതിനെയും അതിലളിതവും സുലഭവും സുരക്ഷിതവുമാക്കുക എന്നത് അതിന്റെ ബാദ്ധ്യതയായിരുന്നു.

ശരി തന്നെ, തെറ്റായ രീതിയിൽ സ്നേഹിക്കുന്ന പല ചെറുപ്പക്കാരും, എന്നു പറഞ്ഞാൽ, ഒരു പ്രതിരോധവുമുയർത്താതെ കീഴടങ്ങുകയും തങ്ങളുടെ ഏകാന്തത അടിയറ വയ്ക്കുകയും ചെയ്യുന്നവർ (ഒരു ശരാശരി മനുഷ്യൻ ഇതല്ലാതെ ചെയ്യാൻ പോകുന്നില്ല), തങ്ങളുടെ തോൽവിയിൽ മനഃപീഡയനുഭവിക്കുകയും തങ്ങൾ ചെന്നുപെട്ട അവസ്ഥയെ തങ്ങളുടേതായ, വ്യക്തിപരമായ രീതിയിൽ സാർത്ഥകമോ സഫലമോ ആക്കാൻ ആഗ്രഹിക്കുന്നുണ്ടാവാം. അവരുടെ പ്രകൃതം അവരോടു പറയുകയാണ്, സുപ്രധാനമായ മറ്റേതിനേയും പോലെയല്ല, സ്നേഹത്തെ സം

ബന്ധിച്ച ചോദ്യങ്ങൾക്ക് പൊതുമണ്ഡല
ത്തിൽ വച്ചോ ഏതെങ്കിലും പൊതുസമ്മ
തപ്രകാരമോ ഉത്തരം കണ്ടെത്താനാവു
കയില്ലെന്ന്; ഒരു മനുഷ്യജീവിയിൽ നി
ന്ന് മറ്റൊരു മനുഷ്യജീവിയോടുള്ള ചോദ്യ
ങ്ങളാണ്, ഉള്ളിൽ നിന്നു വരുന്ന ചോ
ദ്യങ്ങളാണവയെന്ന്, ഓരോ പ്രകരണ
ത്തിലും പുതിയതും സവിശേഷവും തീർ
ത്തും വ്യക്തിപരവുമായ ഉത്തരങ്ങളാണ
വ ആവശ്യപ്പെടുന്നതെന്ന്. പക്ഷേ, എ
ങ്ങനെയാണവർ, ഒരാൾ മറ്റൊരാളിലേ
ക്കു വലിച്ചെറിഞ്ഞുകളഞ്ഞവർ, ഒരാളെ ഒ
രാളിൽ നിന്നു വേർതിരിച്ചറിയാൻ പറ്റാ
ത്ത വിധം സ്വന്തം പരിധികൾ മായ്ച്ചു
കളഞ്ഞവർ, അതിനാൽ സ്വന്തമെന്നു പ
റയാവുന്നതൊന്നും ഇല്ലാതായിക്കഴിഞ്ഞ
വർ, എങ്ങനെയാണവർ തങ്ങളിൽ നി
ന്നു പുറത്തുവരാൻ, വെട്ടിക്കീറി കുഴിച്ചി
ട്ട ഏകാന്തതയുടെ ആഴങ്ങളിൽ നിന്നു പു
റത്തു വരാൻ ഒരു വഴി കണ്ടെത്തുക? അ

വരുടെ പ്രവൃത്തികൾ പിന്നെ പരസ്പരം പങ്ക വയ്ക്കുന്ന ഒരു നിസ്സഹായതയിൽ നിന്നാവുന്നു; ഏതെങ്കിലും നല്ല കാരണം കൊണ്ടാവാം, മുന്നിൽ വരുന്ന ഒരു നടപ്പുരീതിയിൽ നിന്ന് (ഉദാഹരണത്തിന്, വിവാഹം) അവർ രക്ഷ പെട്ടോടുന്നത് അത്ര പ്രകടമല്ലാത്ത, എന്നാൽ അത്ര തന്നെ മാരകമായ മറ്റൊരു നടപ്പുരീതിയുടെ നീരാളിക്കൈകളിലേക്കായിരിക്കും; കാരണം, അവർക്കു ചുറ്റും നടപ്പുരീതികളേയുള്ളു. അപക്വവും കലുഷവുമായ ഒരു സംയോജനത്തിൽ നിന്നുണ്ടാവുന്ന ഒരു പ്രവൃത്തി മാമൂൽ പ്രകാരമുള്ളതാകാതെ വഴിയില്ല. ആ തരം കാലുഷ്യത്തിന്റെ ഉല്പന്നമായ ഒരു ബന്ധം, അതിനി എത്ര അസാധാരണമാവട്ടെ (അതായത്, പൊതുവേ പറയുന്ന രീതിയിൽ അസാന്മാർഗ്ഗികവും), അതിന്റേതായ മാമൂലുകൾ സൃഷ്ടിക്കുകയായി. അതെ, വേർപിരിയൽ പോലും അവിടെ സാമ്പ്രദായികമായ ഒരു നടപടിയാവുകയാ

ണ്, ബലമില്ലാത്ത, ഫലമില്ലാത്ത, വ്യക്തി പരമല്ലാത്ത, യാദൃച്ഛികമായ ഒരു തീരുമാനം.

ഈ സംഗതിയെ ഗൗരവത്തോടെ നോക്കിക്കണ്ടിട്ടുള്ള ഏതൊരാൾക്കും മനസ്സിലാവുകയാണ്, മരണത്തിനെന്നപോലെ (ദുഷ്കരമാണത്) സ്നേഹത്തിനും (അതും ദുഷ്കരമാണ്) നാളിതുവരെ ഒരു വിശദീകരണവും ഒരു പരിഹാരവും കണ്ടുപിടിക്കപ്പെട്ടിട്ടില്ലെന്ന്; ഒരു വഴിയുടെ സൂചന പോലും കാണാനില്ലെന്ന്. പൊതിഞ്ഞുകെട്ടി, മുദ്ര വച്ച് നാം പേറിനടക്കുകയും തുറന്നുനോക്കാതെ തന്നെ മറ്റൊരാൾക്കു കൈമാറുകയും ചെയ്യുന്ന ഈ രണ്ടു പ്രശ്നങ്ങൾക്കും സർവ്വസമ്മതമായ ഒരു പൊതുനിയമം കണ്ടെത്തുക അസാദ്ധ്യമാണ്. പക്ഷേ, വ്യക്തികളെന്ന നിലയ്ക്ക് എത്രത്തോളം നാം ജീവിതത്തിലേക്കിറങ്ങാൻ ഒരുമ്പെടുന്നുവോ, അത്രയുമളവിൽ ഈ രണ്ടു കാര്യങ്ങളെയും സ്വന്തമായി, തൊ

ട്ടടുത്തായി നമുക്കു നേരിടേണ്ടിവരികയു മാണ്. സ്നേഹം എന്ന ദുഷ്കരകൃത്യം നമ്മു ടെ വികാസത്തിൽ ചുമത്താൻ പോകുന്ന ഉ ത്തരവാദിത്തം നമുക്കു താങ്ങാവുന്നതി ലും അധികമാണ്; തുടക്കക്കാരായ നാം അ തിനെതിരു നില്ക്കാൻ പോന്നവരുമല്ല. അ തേ സമയം, നാം പിടിച്ചുനില്ക്കുകയാണെ ങ്കിൽ, ആ സ്നേഹത്തെ നമ്മുടെ ഒരു ചുമത ലയായും ഒരു പരിശീലനമായും കാണുക യാണെങ്കിൽ, ഗൗരവത്തോടെ ജീവിക്കേ ണ്ട സ്വന്തം ജീവിതത്തിൽ നിന്നു മറഞ്ഞു നില്ക്കാനായി ആളുകൾ കളിക്കുന്ന നിസ്സാ രവും ചപലവുമായ കളികളിൽ സ്വയം ന ഷ്ടപ്പെടുത്തുന്നില്ലെങ്കിൽ — എങ്കിൽ ചെറി യൊരു പുരോഗതിയും അല്പമൊരു മനസ്സ യവും നമുക്കു വളരെ പിന്നിൽ വരുന്നവർ ക്കു കിട്ടിയെന്നു വരാം. അതുതന്നെ വലി യൊരു കാര്യമാണ്.

ഇപ്പോൾ മാത്രമാണ് ഒരു വ്യക്തിക്ക് രണ്ടാമതൊരു വ്യക്തിയോടുള്ള ബന്ധ

ത്തെ വസ്തുനിഷ്ഠവും മുൻവിധികളില്ലാതെയും പരിഗണിക്കാൻ നാം തുടങ്ങിയിട്ടുള്ളതു്; അങ്ങനെയൊരു ബന്ധം ജീവിതത്തിൽ പകർത്താനുള്ള നമ്മുടെ ശ്രമങ്ങൾക്ക് ഒരു മാതൃക നമുക്കു മുന്നിലില്ലതാനം. എന്നാലും നമ്മുടെ ദുർബലമായ തുടക്കങ്ങൾക്കു തുണയാകുന്ന പലതും കാലം കൊണ്ടുണ്ടായ മാറ്റങ്ങളിൽ കാണാനുമുണ്ട്.

പെൺകുട്ടികളും സ്ത്രീകളും പുരുഷന്മാരുടെ പെരുമാറ്റത്തെയും പെരുമാറ്റദൂഷ്യങ്ങളേയും അനുകരിക്കുന്നെങ്കിൽ, പുരുഷന്മാരുടെ ജീവിതവൃത്തികൾ കൈക്കൊള്ളുന്നെങ്കിൽ അതവരുടെ വ്യക്തിപരമായ വികാസത്തിലെ താല്ക്കാലികതുടക്കങ്ങൾ മാത്രമാണ്. ആ തരം പരിവർത്തനങ്ങളുടെ അനിശ്ചിതത്വം മാഞ്ഞുകഴിഞ്ഞാൽ നമുക്കു വ്യക്തമാകും, സ്ത്രീകൾ അങ്ങനെയുള്ള (പലപ്പോഴും അപഹാസ്യമായ) വേഷപ്പകർച്ചകളുടെ സമൃദ്ധിയിലൂടെയും വൈവി

ദ്ധ്യത്തിലൂടെയും കടന്നുപോകുന്നത് തങ്ങളുടെ സ്വപ്രകൃതി തെളിച്ചെടുക്കാനാണെന്ന്, എതിർലിംഗത്തിന്റെ വികലസ്വാധീനങ്ങളെ കഴുകിക്കളയാനാണെന്ന്. ജീവിതം കുറച്ചുകൂടി ആർജ്ജവത്തോടെയും വിശ്വാസത്തോടെയും സാഫല്യത്തോടെയും കുടികൊള്ളുന്ന സ്ത്രീ എന്തായാലും പുരുഷനേക്കാൾ പക്വതയാർജ്ജിച്ചവളാണ്, അവനേക്കാൾ മനുഷ്യത്വമുള്ളവളുമാണ്. ചപലനായ അവൻ ഉടലിൽ കായ്ക്കുന്ന ഒരു കനിയുടെ ഭാരം കൊണ്ട് ജീവിതത്തിന്റെ ഉപരിതലത്തിനടിയിലേക്കു പോയിട്ടില്ല, താൻ സ്നേഹിക്കുന്നുവെന്നവൻ കരുതുന്നതിനെ ധാർഷ്ട്യവും തിടുക്കവും കൊണ്ടു വിലയിടിക്കുകയല്ലാതവൻ ചെയ്തിട്ടില്ല. സ്ത്രീയിൽ കുടികൊള്ളുന്ന ആ മനുഷ്യത്വം, യാതനയും അപമാനവും സഹിച്ചുകൊണ്ട് അവൾ തന്റെ ഗർഭത്തിൽ പേറുന്ന ആ സാരള്യം, സാമ്പ്രദായികസ്ത്രീത്വത്തിന്റെ ബാഹ്യാവരണങ്ങൾ അവൾ പ

റിച്ചെറിയുന്ന നാൾ വെളിച്ചത്തേക്കു വരും; ഇന്നതിന്റെ വരവറിയാത്ത പുരുഷന്മാർ അതിനു മുന്നിൽ പകച്ചുനില്ക്കും, ഒടുവിൽ അടിയറവു പറയുകയും ചെയ്യും. ഒരുനാൾ (വടക്കൻ യൂറോപ്പിലെ ചില രാജ്യങ്ങളിൽ ഇപ്പോൾത്തന്നെ വിശ്വാസയോഗ്യമായ ചില സൂചനകൾ പരന്നുതുടങ്ങിയിരിക്കുന്നു) ഒരുനാൾ പെൺകുട്ടികൾക്കും സ്ത്രീകൾക്കും സ്വന്തം പേരുകൾ തങ്ങൾ പുരുഷന്മാരല്ലെന്നതിന്റെ വെറും ചിഹ്നങ്ങൾ മാത്രമല്ലാതാകും, സ്വന്തനിലയ്ക്ക് അവയ്ക്കൊരർത്ഥമുണ്ടാകും. പരിധിയോ പൂരകമോ അല്ല അതു മനസ്സിൽ കൊണ്ടുവരിക, ജീവിതവും യാഥാർത്ഥ്യവുമാണ്: സ്ത്രീയായ മനുഷ്യജീവി.

ഈ മുന്നേറ്റം (പിന്നിലായിപ്പോയ പുരുഷന്റെ ഹിതത്തിനെതിരാണ് തുടക്കത്തിലിത്) ഇപ്പോൾ സ്ഖലിതങ്ങൾ കൊണ്ടു നിറഞ്ഞ പ്രണയാനുഭവത്തെ രൂപാന്തരപ്പെടുത്തും, കടയിൽ നിന്നേയതിനെ മാറ്റി

ത്തീർക്കും, സ്ത്രീയും പുരുഷനും തമ്മിലല്ല, രണ്ടു മനുഷ്യജീവികൾ തമ്മിലുള്ള ബന്ധമായി അതിനെ പുതുക്കിപ്പണിയും. സ്നേഹത്തിന്റെ കൂടുതൽ മാനുഷികമായ ഈ രൂപം (പരിധിയറ്റ സൗമ്യതയും പരിഗണനയും കൊണ്ടാണ് അതനുഷ്ഠിക്കപ്പെടുന്നത്, നേരും കരുണയും കൊണ്ടാണ് അത് ബന്ധങ്ങൾ തീർക്കുന്നതും അഴിക്കുന്നതും) ഏതു സ്നേഹത്തിനാണോ ഉത്സാഹത്തോടെയും യാതനയോടെയും നാം വഴിയൊരുക്കുന്നത്, അതിനെ ഓർമ്മപ്പെടുത്തും: പരസ്പരം പരിരക്ഷിക്കുകയും പരിധി വയ്ക്കുകയും പരിഗണിക്കുകയും ചെയ്യുന്ന രണ്ടേകാന്തതകൾ തമ്മിലുള്ള സ്നേഹം.

6. നമ്മുടെ മിക്കവാറുമെല്ലാ സങ്കടങ്ങ ളും ഒരു വലിഞ്ഞുമുറുകലിന്റെ നിമിഷങ്ങളാ ണെന്നു ഞാൻ വിശ്വസിക്കുന്നു. നമുക്കതു് മ രവിപ്പു പോലെ തോന്നുന്നതു് നമ്മുടെ മ നോവികാരങ്ങളിൽ നമുക്കിപ്പോൾ ജീവ ന്റെ തുടിപ്പു കേൾക്കാൻ കഴിയുന്നില്ല എ ന്നതുകൊണ്ടാണ്. നമ്മുക്കുള്ളിൽ പ്രവേശി ച്ച ആ അന്യവസ്തുവുമായി നാമിപ്പോൾ ഒ റ്റയ്ക്കാണെന്നതു കൊണ്ടാണ്; നമുക്കു പരി ചിതവും നാം വിശ്വാസമർപ്പിച്ചതുമായതെ ല്ലാം ഒരു നിമിഷത്തേക്കു് നമ്മിൽ നിന്നെ ടുക്കപ്പെടുന്നതുകൊണ്ടാണ്; നമുക്കു കാലു റയ്ച്ചുനില്ക്കാൻ കഴിയാത്ത ഒരു സംക്രമ ണത്തിന്റെ നടുവിലാണു് നാമെന്നതു കൊ ണ്ടാണ്. അതുകൊണ്ടാണു് നമ്മുടെ സങ്ക ടം കടന്നുപോകുന്നതും: നമുക്കുള്ളിലെ ആ പുതിയ സാന്നിദ്ധ്യം, നമ്മിലേക്കു പുതുതാ യി വന്നുചേർന്ന ആ സാന്നിദ്ധ്യം നമ്മു ടെ ഹൃദയത്തിലേക്കു കടന്നുകഴിഞ്ഞു, അ തിന്റെ ഉള്ളറയിലേക്കു നുഴഞ്ഞുകയറി

ക്കഴിഞ്ഞു, അവിടെയും നില്ക്കാതെ അതി പ്പോൾ നമ്മുടെ ചോരയോട്ടത്തിൽ കലർ ന്നുകഴിഞ്ഞു. അതെന്താണെന്ന് നമുക്കറി യുന്നതുമില്ല. പുതുതായിട്ടൊന്നും സംഭവി ച്ചിട്ടില്ല എന്നു നമുക്കു ഭാവിക്കാവുന്നതേയു ള്ളൂ; എന്നാൽ ഒരതിഥി വന്നുകയറുമ്പോൾ ഒരു വീടിനു മാറ്റം വരുന്നതുപോലെ നമു ക്കു മാറ്റം വന്നുകഴിഞ്ഞിരിക്കുന്നു. വന്ന താരാണെന്നു പറയാൻ നമുക്കു കഴിയുന്നി ല്ല, അതൊരിക്കലും നാം അറിയാൻ പോ കുന്നില്ലെന്നും വരാം; എന്നാൽ ഈ വി ധം നമ്മിൽ വന്നുകയറിയതു് ഭാവിയാണെ ന്നതിന് സൂചനകൾ അനേകമാണ്, യ ഥാർത്ഥത്തിൽ സംഭവിക്കുന്നതിനു മുമ്പു തന്നെ നമുക്കുള്ളിൽ അതു രൂപപ്പെടുക യുമാണ്. അതുകൊണ്ടു തന്നെയാണ്, ദുഃ ഖത്തിന്റെ നിമിഷങ്ങളിൽ നാം ഒറ്റയ്ക്കാ വേണ്ടതു്, ശ്രദ്ധാലുവാകേണ്ടതു്: എന്തെ ന്നാൽ, ഭാവി നമുക്കുള്ളിൽ വന്നുകയറു ന്ന, സംഭവരഹിതവും ചലനരഹിതവുമെ

ന്നു പുറമേ തോന്നുന്ന ആ നിമിഷം ജീവിതത്തോടെത്രയോ അടുത്തതാണ്, ബാഹ്യമായിട്ടെന്നപോലെ നമുക്കതു സംഭവിക്കുന്ന മുഖരിതവും ആകസ്മികവുമായ നിമിഷത്തേക്കാൾ. നമ്മുടെ ദുഃഖങ്ങളുടെ നേരത്ത് നാം എത്രത്തോളം നിശ്ശബ്ദരും ക്ഷമാശീലരും തുറന്നവരുമാകുന്നുവോ, അത്രയും ഉള്ളിലേക്ക്, അത്രയുറപ്പോടെ ആ പുതിയ സാന്നിദ്ധ്യം നമ്മിലേക്കിറങ്ങുകയാണ്, അത്രയ്ക്കും അതു നമ്മുടേതാവുകയാണ്, അത്രയും അത് നമ്മുടെ വിധിയാവുകയാണ്. പിന്നെ ഭാവിയിലൊരിക്കൽ അത് 'സംഭവിക്കുമ്പോൾ' (അതായത് അത് നമ്മിൽ നിന്നിറങ്ങി മറ്റുള്ളവർക്കു നേരേ പോകുമ്പോൾ) നമുക്കതിനോട്ട് എത്രയടുത്ത ബന്ധമാണെന്ന് ഉള്ളിന്റെയുള്ളിൽ നാമറിയുകയും ചെയ്യും. അതനിവാര്യവുമാണ്. നമുക്കന്യമായതൊന്നും നമുക്കു സംഭവിക്കരുതെന്നും പണ്ടേ നമ്മുടേതായതു മാത്രമേ നമുക്കു സംഭവിക്കാ

വും എന്നുമുള്ളത് അനിവാര്യമാണ്; അതിലേക്കാണ് പതുക്കെപ്പതുക്കെയെങ്കിലും നമ്മുടെ വികാസത്തിന്റെ ഗതിയും. ഗ്രഹങ്ങളുടെ ചലനത്തെക്കുറിച്ച് ഓരോ പുതിയ സിദ്ധാന്തങ്ങൾ വരുമ്പോഴും അതിനനുസരിച്ച് നാം നമ്മുടെ അറിവിൽ തിരുത്തുകൾ വരുത്തിക്കൊണ്ടിരിക്കുന്നു; അതുപോലെ തന്നെ വിധി എന്നു നാം വിളിക്കുന്ന സംഗതി നമുക്കുള്ളിൽത്തന്നെ ആവിർഭവിക്കുന്നതാണെന്നും പുറത്തു നിന്നുകൊണ്ട് നമ്മിൽ പ്രവർത്തിക്കുന്നതല്ലെന്നുമുള്ള തിരിച്ചറിവ് ക്രമേണ നാം പഠിച്ചെടുക്കേണ്ടതാണ്. വളരെയധികം ആളുകൾ തങ്ങളുടെ വിധിയെ, അവർ അതിൽ അധിവസിച്ചിരുന്ന കാലത്ത്, തങ്ങളിലേക്കു വലിച്ചെടുക്കുകയും അതിനെ പരിവർത്തിപ്പിക്കുകയും ചെയ്യില്ല എന്നതുകൊണ്ടാണ് തങ്ങളിൽ നിന്നാവിർഭവിക്കുന്നതെന്താണെന്ന് അവർക്കു ബോദ്ധ്യമാകാതെ പോകുന്നത്. തങ്ങളുടെ വിധി അ

വർക്കു തന്നെ തീരെ അന്യമായിത്തോന്നുന്നു; അതിന്റെ അസ്ഥാളിപ്പിലും ഭീതിയിലും നിന്ന് അവർ ഊഹിക്കുകയാണ്, അപ്പോൾ മാത്രമാണ്, തങ്ങൾ അതിനെക്കുറിച്ചു ബോധവാന്മാരായ ആ നിമിഷം മാത്രമാണ് അത് തങ്ങളിലേക്കു പ്രവേശിച്ചതെന്ന്; ഇങ്ങനെയൊന്ന് തങ്ങളിൽ മുമ്പുണ്ടായിരുന്നതേയില്ലെന്ന് അവർ ആണയിട്ടുപറയുന്നു. സൂര്യന്റെ ചലനത്തെക്കുറിച്ച് ആളുകൾ എത്രയോ കാലം തെറ്റായ ധാരണകൾ വച്ചുകൊണ്ടിരുന്നപോലെ വരാനുള്ളതിന്റെ ചലനത്തെക്കുറിച്ചും അവർ തെറ്റായ ധാരണകൾ വച്ചുകൊണ്ടിരിക്കുന്നു. ഭാവി ഉറച്ചുനില്ക്കുകയാണ്, നാമെന്നാൽ അനന്തമായ സ്ഥലരാശിയിലൂടെ നീങ്ങുകയും.

കാര്യങ്ങൾ പിന്നെങ്ങനെ നമുക്കു ദുഷ്കരമാകാതിരിക്കും?

ഏകാന്തതയിലേക്കു നമുക്കു തിരിച്ചുവരാം: നമ്മുടെ ആഗ്രഹം പോലെ വേ

ണമെന്നോ വേണ്ടെന്നോ വയ്ക്കാവുന്നത ല്ല അടിസ്ഥാനപരമായി അതെന്ന് ന മുക്കു കൂടുതൽ കൂടുതൽ സ്പഷ്ടമാവുകയാ ണ്. നാം ഏകാകികളാണ്. അങ്ങനെയ ല്ല എന്നു വേണമെങ്കിൽ നമുക്കു ഭാവിക്കു കയോ സ്വയം കബളിപ്പിക്കുകയോ ചെ യ്യാമെന്നു മാത്രം. അത്ര തന്നെ. അതേ സ മയം, നാം അങ്ങനെയാണെന്നു സമ്മതി ക്കുകയും അതൊരു തുടക്കമായിട്ടെടുക്കുക യും കൂടിച്ചെയ്താൽ അതല്ലേ കൂടുതൽ ഭേ ദം? അതെ, അതു നമ്മുടെ തല ചുറ്റിക്കു മെന്നതു തീർച്ച; കാരണം, നമ്മുടെ കണ്ണു കൾക്കു തങ്ങിനിന്നു പരിചയമായവയൊ ക്കെ നമ്മിൽ നിന്നെടുത്തുമാറ്റപ്പെടുകയാ ണ്; യാതൊന്നും നമുക്കിപ്പോൾ അടുത്ത ല്ല, ദൂരത്തായിരുന്നതൊക്കെ അതിവിദൂര ത്തിലുമായിരിക്കുന്നു. സ്വന്തം മുറിയിൽ നി ന്ന്, ഒരു മുന്നറിയിപ്പുമില്ലാതെ, ഒരു മുന്നൊ രുക്കത്തിനും ഇട കിട്ടാതെ, വലിയൊ രു കൊടുമുടിയുടെ മുകളറ്റത്തേക്കു മാറ്റപ്പെ

ടുന്ന ഒരു മനുഷ്യനുണ്ടാവുക ഇങ്ങനെ ഒര നുഭവമായിരിക്കും: താരതമ്യമില്ലാത്ത ഒര ക്ഷിതത്വബോധം, പേരില്ലാത്തതൊന്നി ന മുന്നിലേക്കു വലിച്ചെറിയപ്പെട്ട തോ ന്നൽ; അതയാളെ ഇല്ലാതാക്കിയെന്നുത ന്നെ വരാം. താൻ വീണുകൊണ്ടേയിരിക്കു കയാണെന്നോ തന്നെ ശൂന്യാകാശത്തി ലേക്കു ചുഴറ്റിയെറിഞ്ഞിരിക്കുകയാണെ ന്നോ ഒരായിരം ചീളുകളായി താൻ പൊ ട്ടിച്ചിതറുകയാണെന്നോ അയാൾക്കു തോ ന്നിയേക്കാം. അനിയന്ത്രിതമായ ആ ഐ ന്ദ്രിയാനുഭവങ്ങളെ വിശദീകരിക്കാൻ എ ത്ര പെരുത്ത ഒരു നുണ മെനഞ്ഞെടുക്കേ ണ്ടിവരും, അയാളുടെ മസ്തിഷ്കത്തിന്! ഒറ്റ യായിപ്പോകുന്ന ഒരാൾക്കും ഇതേ പോ ലെ എല്ലാ ദൂരങ്ങളും എല്ലാ അളവുകളും മാ റുകയാണ്; ഈ മാറ്റങ്ങൾ ഒരുമിച്ച്, പെ ട്ടെന്നാണു നടക്കുന്നതെന്നതിനാൽ, മലമു കളിലെ ആ മനുഷ്യനെപ്പോലെ, അയാൾ ക്കും അസാധാരണമായ ഭ്രമകല്പനകളും വി

ചിത്രമായ അനുഭൂതികളും ഉണ്ടായെന്നു വരാം; സഹനത്തിന്റെ അളവുകളും ഭേദിച്ചവ വളർന്നുവെന്നു വരാം. അതും പക്ഷേ, നാം അനുഭവിച്ചിരിക്കണം. നമ്മുടെ അസ്തിത്വത്തെ അതിന്റെ സാദ്ധ്യമായത്ര വിപുലമായ അർത്ഥത്തിൽ നാം അംഗീകരിക്കുക; സർവ്വതും, കേട്ടുകേൾവിയില്ലാത്തതു പോലും, അതിനുള്ളിൽ സാദ്ധ്യമായിരിക്കണം. എല്ലാം പറഞ്ഞുവരുമ്പോൾ ഈയൊരുതരം ധൈര്യമേ നമുക്കാവശ്യമായിട്ടുള്ളു: നമുക്കു മുന്നിലേക്കു വന്നേക്കാവുന്ന ഏറ്റവും അസാധാരണവും ഏറ്റവും അപ്രതീക്ഷിതവും ഏറ്റവും അവ്യാഖ്യേയവുമായ അനുഭവങ്ങളെ നേരിടാനുള്ള ധൈര്യം. ഇക്കാര്യത്തിൽ മനുഷ്യർ ഭീരുക്കളാണെന്ന വസ്തുത തീരാത്ത ദ്രോഹമാണ് ജീവിതത്തിനു വരുത്തിയിട്ടുള്ളത്. ‘ഭൂതങ്ങൾ’ എന്നു നാം വ്യവഹരിക്കുന്ന അനുഭവങ്ങൾ, ‘പ്രേതലോകം’ മുഴുവനായി, മരണം — നമ്മോടു് അത്രയും ബാന്ധവം പു

ലർത്തുന്ന ആ കാര്യങ്ങളെയൊക്കെ ദൈ
നന്ദിനനിരാസം കൊണ്ട് ജീവിതത്തിൽ
നിന്നു ബഹുദൂരം നാം പുറന്തള്ളിയിരിക്കു
ന്നു; അവയെ ഗ്രഹിക്കാൻ നമുക്കുപയോഗ
പ്പെട്ടുമായിരുന്ന ഇന്ദ്രിയങ്ങൾ ഉപയോഗമി
ല്ലാതെ ക്ഷയിച്ചും പോയിരിക്കുന്നു. ദൈവ
ത്തിന്റെ കാര്യം ഞാനിവിടെ പറയുന്നുമി
ല്ല. വിശദീകരണത്തിനു വഴങ്ങാത്തവയോ
ടുള്ള ഭയം വ്യക്തിജീവിതത്തെ മാത്രമല്ല ദ
രിദ്രമാക്കിയിരിക്കുന്നത്, മനുഷ്യർ തമ്മിലു
ള്ള ബന്ധത്തെയും അത് പരിമിതമാക്കി
യിരിക്കുന്നു; മനുഷ്യബന്ധങ്ങളെ അനന്ത
സാദ്ധ്യതകളുടെ പുഴച്ചാലിൽ നിന്നു പൊ
ക്കിയെടുത്ത് പുഴക്കരയിലെ ഏതോ തരി
ശുനിലത്തു കൊണ്ടിട്ടിരിക്കുന്ന പോലെ
യാണത്; അവിടെ ഒന്നും നടക്കുന്നില്ല. മ
നുഷ്യബന്ധങ്ങൾ പറഞ്ഞറിയിക്കാനാവാ
ത്ത വിരസതയോടെ, അതേ പഴയ ചാലി
ലൂടെ പിന്നെയും പിന്നെയും ആവർത്തി
ക്കാൻ കാരണമാകുന്നത് ജാഡ്യം മാത്രമ

ല്ല; പുതിയതെന്തിനും മുന്നിലെ, മനസ്സിൽ കാണാത്ത ഒരനുഭവത്തിനു മുന്നിലെ പേടിയോടെയുള്ള ഒഴിഞ്ഞുമാറലും അതിനു കാരണമാണ്; അങ്ങനെയൊന്നിനെ നേരിടാൻ പ്രാപ്തരാണോ നാമെന്നു നമുക്കു സംശയമാകുന്നു. എന്നാൽ എന്തിനും തയാറായ, ഒരു സാദ്ധ്യതയും, ഏറ്റവും നിഗൂഢമായതു പോലും, തള്ളിക്കളയാത്ത ഒരാൾക്കേ മറ്റൊരാളുമായുള്ള ബന്ധം സജീവമായ ഒന്നായി അനുഭവിക്കാൻ കഴിയൂ; അയാൾക്കതു് ഗഹനമായ ഒരനുഭവമായിരിക്കുകയും ചെയ്യും. ഒരാളുടെ ജീവിതത്തെ ചെറുതോ വലുതോ ആയ ഒരു മുറിയായി കാണുകയാണെങ്കിൽ മിക്കവർക്കും ആ മുറിയുടെ ഒരു മൂലയോ ജനാലയ്ക്കു പിന്നിലുള്ള ഒരിടമോ നിരന്തരം ചാലിട്ടു പരിചയമായ നാടവണ്ണത്തിലുള്ള ഒരു ഭാഗമോ മാത്രമേ അറിവുണ്ടാകൂ എന്നതിൽ സംശയിക്കാനില്ല. അതു വഴി അവർക്കൊരുതരം സുരക്ഷിതത്വബോധവും കിട്ടു

ന്നുണ്ട്. എന്നാൽ അതിലും എത്രയോ മാ നുഷികമാണ് എഡ്ഗാർ അലൻ പോ യുടെ കഥകളിലെ ആ തടവുകാരെ ത ങ്ങളുടെ ഭീകരമായ തടവറയുടെ ചുമരുക ളിൽ വിരലുകൾ കൊണ്ടു പരതി അതി ന്റെ പറയാനരുതാത്ത ഘോരത അനുഭവി ക്കാൻ അവരെ പ്രേരിപ്പിക്കുന്ന ആപല്ക്കര മായ അനിശ്ചിതത്വം. നമ്മൾ പക്ഷേ, തട വുകാരല്ല. നമ്മെ കുടുക്കാനായി കെണിക ളോ വലകളോ വെച്ചിട്ടില്ല; നമ്മെ പേടിപ്പി ക്കാനോ പീഡിപ്പിക്കാനോ യാതൊന്നുമി ല്ല. നമുക്കേറ്റവും യോജിച്ച ഒരു പരിതോവ സ്ഥയിലെന്നപോലെയാണ് നമ്മെ ജീവി തത്തിൽ എടുത്തുവച്ചിരിക്കുന്നത്; തന്നെയു മല്ല, ആയിരക്കണക്കായ വർഷങ്ങളുടെ അ നുകൂലനത്തിനു ശേഷം ജീവിതവുമായി ന മുക്കത്ര സാദൃശ്യവും വന്നിരിക്കുന്നു; നിശ്ചേ ഷ്ടരായി നിന്നാൽ ചുറ്റുപാടിൽ നിന്നു ന മ്മെ വേറിട്ടറിയുക തന്നെയില്ല. ഈ ലോ കത്തെ അവിശ്വസിക്കേണ്ട ഒരു കാരണ

വുമില്ല, എന്തെന്നാൽ അത് നമുക്കെതിരല്ല. അതിൽ ഭീകരതകളുണ്ടെങ്കിൽ അതു നമ്മുടെ തന്നെ ഭീകരതകളാണ്, അതിൽ ഗർത്തങ്ങളുണ്ടെങ്കിൽ അതു നമ്മുടെ സ്വന്തം ഗർത്തങ്ങളാണ്, അതിൽ അപകടങ്ങളുണ്ടെങ്കിൽ നാമവയെ സ്നേഹിക്കാൻ ശ്രമിക്കുകയും വേണം. എപ്പോഴും ദുഷ്കരമായതിനെ മുറുകെപ്പിടിക്കാൻ നമ്മെ ഉപദേശിക്കുന്ന പ്രമാണത്തിനനുസൃതമായി ജീവിതം വിന്യസിക്കാൻ നമുക്കായാൽ ഇന്നു നമുക്കേറ്റവുമന്യമായി തോന്നുന്നത് നമ്മുടെ ഹൃദയത്തോടേറ്റവുമടുത്തതും നമുക്കേറ്റവും വിശ്വസിക്കാവുന്നതുമായ അനുഭവമായി മാറും. എല്ലാ ജനതകളുടേയും തുടക്കത്തിൽ നില്ക്കുന്ന ആ പ്രാചീന കഥകളെ നാം എങ്ങനെ മറക്കാൻ? അവസാനമുഹൂർത്തത്തിൽ രാജകുമാരിമാരായി മാറുന്ന വ്യാളികളെക്കുറിച്ചുള്ള കഥകളെ? നമ്മുടെ ജീവിതങ്ങളിലെ വ്യാളികൾ യഥാർത്ഥത്തിൽ രാജകുമാരിമാരാ

ണെന്നു വരാം; നാം ധീരന്മാരും സുന്ദര ന്മാരുമാകുന്ന ആ ഒരു മുഹൂർത്തത്തിനായി കാത്തുനില്ക്കുകയാണവരെന്നു വരാം. നമ്മെ ഭീതിപ്പെടുത്തുന്നതെന്തും ഉള്ളിന്റെയുള്ളിൽ നമ്മുടെ സ്നേഹം കൊതിക്കുന്ന നിസ്സഹായതയാണെന്നും വരാം.

അതിനാൽ ഒരു ശോകം, താൻ ഇന്നേവരെ കണ്ടതെന്തിലും വച്ചു വലുതായി മുന്നിൽ ഉയർന്നുവന്നാൽ പേടിച്ചുപോകരുതേ; അല്ലെങ്കിൽ, നിങ്ങളുടെ കൈകൾക്കും ചെയ്തികൾക്കും മേൽ വെളിച്ചവും മേഘച്ഛായയും പോലെ ഒരുത്കണ്ഠ കടന്നുപോയാൽ. തനിക്കെന്തോ സംഭവിക്കുകയാണെന്നേ നിങ്ങൾ കരുതേണ്ടു: ജീവിതം നിങ്ങളെ മറന്നിട്ടില്ലെന്ന്, അതു നിങ്ങളെ കൈകളിൽ എടുത്തുപിടിച്ചിരിക്കുകയാണെന്ന്. അതു നിങ്ങളെ താഴെ വീഴാൻ വിടില്ല. തന്റെ ജീവിതത്തിൽ നിന്ന് എല്ലാ അസ്വസ്ഥതകളേയും എല്ലാ വേദനകളേയും എല്ലാ നൈരാശ്യങ്ങളേയും

പുറത്താക്കാൻ നിങ്ങളെന്തിനാഗ്രഹിക്കണം, ആ അവസ്ഥകൾ നിങ്ങളിൽ എന്താണു നിർവ്വഹിക്കുന്നതെന്ന് നിങ്ങൾക്കറിയില്ലെന്നിരിക്കെ? ഇതെല്ലാം എവിടെ നിന്നു വരുന്നുവെന്നും എവിടെയ്ക്കാണിതൊക്കെ കൊണ്ടുപോകുന്നതെന്നുമുള്ള ചോദ്യങ്ങൾ കൊണ്ട് എന്തിനു നിങ്ങൾ സ്വയം ദണ്ഡിപ്പിക്കണം? ഒരു സംക്രമദശയിലാണു താനെന്നും ഒരു പരിണാമമൊന്നേ താൻ ആഗ്രഹിക്കുന്നുള്ളുവെന്നും നിങ്ങൾക്കറിയാവുന്നതുമാണല്ലോ. നിങ്ങളുടെ പ്രതികരണങ്ങളിൽ അനാരോഗ്യകരമായി എന്തെങ്കിലും കാണുന്നെങ്കിൽ ഓർക്കുക, ഒരു ജീവി തന്നിൽ കടന്നുകൂടിയ ഒരന്യവസ്തുവിനെ പുറന്തള്ളുന്ന പ്രക്രിയയാണ് രോഗം. നിങ്ങൾ ചെയ്യേണ്ടത് രോഗിയാവാൻ അതിനെ സഹായിക്കുകയാണ്; രോഗം അതിൽ പൂർണ്ണമാവട്ടെ, അതിന്റെ ഗതി പൂർത്തിയാക്കട്ടെ; അങ്ങനെയാണ് അത് സ്വയം സുഖപ്പെടുത്തുന്ന

തും. ഈ നിമിഷം നിങ്ങളിൽ വളരെ കാര്യങ്ങൾ സംഭവിക്കുന്നുണ്ട്. രോഗിയായി കിടക്കുന്നവനെപ്പോലെ നിങ്ങൾ ക്ഷമാശീലനാവണം, രോഗം ഭേദമായി വരുന്നവനെപ്പോലെ നിങ്ങൾ ശുഭാപ്തിവിശ്വാസിയുമാവണം; നിങ്ങൾ രണ്ടുമാണെന്നു വരാമല്ലോ. അതു മാത്രം പോരാ: നിങ്ങളെ പരിചരിക്കേണ്ട ഡോക്റും നിങ്ങൾ തന്നെ. എന്നാൽ കാത്തിരിക്കുകയല്ലാതെ മറ്റൊന്നും ഒരു ഡോക്റർക്കു ചെയ്യാനില്ലാത്ത വളരെയധികം ദിവസങ്ങൾ ഏതു രോഗത്തിന്റെ കാര്യത്തിലുമുണ്ടാവും. നിങ്ങളുടെ കാര്യത്തിൽ ചികിത്സകൻ നിങ്ങൾ തന്നെയാണെന്നതിനാൽ മറ്റെന്തിലുമുപരിയായി ഇപ്പോൾ നിങ്ങൾ ചെയ്യേണ്ടതും അതു തന്നെയാണ്.

അത്രയ്ക്കടുത്തു നിന്ന് സ്വയം നിരീക്ഷിക്കരുത്. തനിയ്ക്കു സംഭവിക്കുന്ന കാര്യങ്ങൾ വച്ച് തിടുക്കത്തിലുള്ള നിഗമനങ്ങളിലെത്തുകയും വേണ്ട; അവ സംഭവിക്കട്ടേയെ

ന്നു വയ്ക്കുക. അതല്ലെങ്കിൽ സ്വന്തം ഭൂത കാലത്തെ കുറ്റപ്പെടുത്തുന്ന കണ്ണുകളോടെ (എന്നു പറഞ്ഞാൽ സദാചാരത്തിന്റെ കണ്ണുകളോടെ) നോക്കാൻ നിങ്ങൾക്കൊരു പ്രയാസവുമുണ്ടാവില്ല; നിങ്ങൾക്കിപ്പോൾ സംഭവിക്കുന്നതിൽ സ്വാഭാവികമായും ആ ഭൂതകാലത്തിന്റെ സ്വാധീനമുണ്ടെന്നതിനാൽ പ്രത്യേകിച്ചും. എന്നാൽ നിങ്ങളുടെ കുട്ടിക്കാലത്തെ വ്യതിയാനങ്ങളിലും തൃഷ്ണകളിലും ആഗ്രഹങ്ങളിലും നിന്ന് ഇപ്പോൾ നിങ്ങളെ ബാധിക്കുന്നവയെ ആവില്ല നിങ്ങൾ ഓർമ്മിക്കുന്നതും കുറ്റപ്പെടുത്തുന്നതും. ഏകാന്തവും നിസ്സഹായവുമായ ഒരു ബാല്യത്തിന്റെ അസാധാരണമായ അവസ്ഥ അത്ര ദുർവ്വഹവും സങ്കീർണ്ണവും പലതരം സ്വാധീനങ്ങൾക്കു വിധേയവും ഒപ്പം യഥാർത്ഥജീവിതസന്ദർഭവുമായി ഒരു ബന്ധവും ഇല്ലാത്തതുമാണെന്നതിനാൽ അതിൽ ഒരു പാപം കയറിക്കൂടിയാൽ നാമതിനെ പാപമെന്നു വിളി

ക്കാൻ തിടുക്കം കൂട്ടരുത്. പേരുകളുടെ കാര്യത്തിൽ, പൊതുവേ തന്നെ, നാം ശ്രദ്ധാലുക്കളായിരിക്കണം. ഒരു ജീവിതത്തെ തകർക്കുന്നത് പലപ്പോഴും അതിനോടു ചെയ്യുന്ന ഒരപരാധത്തിന്റെ പേരായിരിക്കും, പേരില്ലാത്തതും വ്യക്തിപരവുമായ ആ അപരാധമായിരിക്കില്ല; അതൊരുപക്ഷേ, ആ ജീവിതത്തിന് അത്യന്താപേക്ഷിതമായിരുന്നുവെന്നും അതൊരു പ്രയാസവും കൂടാതെ അതിൽ ഉൾച്ചേർന്നുപോവുകയും ചെയ്തേനെ എന്നും വരാം. അതിപ്രയത്നം വേണ്ടിവരുന്നുവെന്നു തോന്നുന്നത് വിജയത്തിന് നിങ്ങൾ കൂടുതൽ പ്രാധാന്യം കൊടുക്കുന്നതു കൊണ്ടുമാണ്. താൻ കൈവരിച്ചുവെന്നു നിങ്ങൾ കരുതുന്ന ആ ‘വലിയ കാര്യം’ വിജയമല്ല, ആ തോന്നലിൽ തെറ്റു പറയാൻ ഒന്നുമില്ലെങ്കിലും. ആ മിഥ്യാധാരണയ്ക്കു പകരം വയ്ക്കാവുന്നതൊന്ന്, സത്യമായതും യഥാർത്ഥമായതും, മുമ്പേതന്നെ അവിടെയുണ്ടായിരുന്നു; അതാണ് ആ ‘വലി

യ കാര്യം. ‘അതില്ലെങ്കിൽ നിങ്ങളുടെ വിജയം വിശേഷിച്ചൊരു പ്രാധാന്യവുമില്ലാത്ത ഒരു നൈതികപ്രതികരണം മാത്രമായിപ്പോകും; അതേ സമയം അത് നിങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗവുമായിക്കഴിഞ്ഞു. നിങ്ങളുടെ ഈ ജീവിതം മുതിർന്നവരുടേതു പോലാകാൻ ബാല്യത്തിൽ നിങ്ങൾ എത്രയാഗ്രഹിച്ചതാണെന്ന് നിങ്ങൾക്കോർമ്മയുണ്ടോ? ഇന്നത് അതും കടന്ന് അതിലും വലിയ മറ്റൊന്നാകാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണു പറയുന്നത്, അതിനിയും ദുഷ്കരമായിത്തന്നെയിരിക്കും, എന്നാലത് വളർന്നുകൊണ്ടുമിരിക്കും.

ഇനിയെനിക്ക് നിങ്ങളോടെന്തെങ്കിലും പറയാനുണ്ടെങ്കിൽ അതിതാണ്: നിങ്ങളെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്ന വ്യക്തി നിങ്ങൾക്കു ചിലനേരം തുണയാവുന്ന ലളിതവും വിനീതവുമായ വാക്കുകൾക്കു പിന്നിൽ സ്വസ്ഥമായൊരു ജീവിതം ന

യിക്കുകയാണെന്നു കരുതരുതേ. വളരെയധികം വൈഷമ്യങ്ങളും സങ്കടങ്ങളും നിറഞ്ഞതാണയാളുടെ ജീവിതം, അവയെ നേരിടാൻ അതിനു തീരെ പ്രാപ്തിയുമില്ല. എന്നാൽ അതങ്ങനെയായിരുന്നില്ലെങ്കിൽ ആ വാക്കുകൾ അയാൾ കണ്ടെത്തുകയുമില്ല.

# 4

## ആദ്യകാലകവിതകൾ

കവിതകളുടെ എണ്ണം വെച്ചു നോക്കിയാൽ റിൽക്കേയുടെ കാവ്യജീവിതത്തിന്റെ ആദ്യവർഷങ്ങൾ സമൃദ്ധിയുടേതായിരുന്നു; കാല്പനികതയുടെയും ജർമ്മൻ ഭാവഗീതത്തിന്റെയും പ്രകടസ്വാധീനം ദൃശ്യമായിരുന്ന ആ കവിതകൾ വളരെ ജനപ്രിയവുമായിരു



Paul Klee: Erzengel (1938) (Source: Wikimedia).

ന്നു. പക്ഷേ, അവയിൽ വളരെ കുറച്ചു മാത്ര മേ ഇന്നു വായിക്കപ്പെടുന്നുള്ളൂ. തന്റെ ആദ്യ കാലയത്നങ്ങളെക്കുറിച്ച് റിൽക്കെ തന്നെ യും സംശയാലുവായിരുന്നു. അവയ്ക്കു കിട്ടി യ സ്വീകാര്യതയെക്കുറിച്ച് നഷ്ടബോധ ത്തോടെ ചിലപ്പോൾ അദ്ദേഹം ഓർക്കു ന്നുണ്ടെങ്കിലും തന്റെ കവിത്വത്തിന്റെ തിര നോട്ടമായി മാത്രമേ അദ്ദേഹം അവയെ ഗ ണിച്ചിരുന്നുള്ളൂ. എന്നാൽത്തന്നെയും പിൽ ക്കാലറില്ക്കേയുടെ കാവ്യശൈലിയുടെ നാ മ്പുകൾ ചില കവിതകളിൽ നമുക്കു കണ്ടെ ടുക്കുകയുമാവാം.

## മനുഷ്യരുടെ വാക്കുകളെ ഞാൻ പേടിക്കുന്നു…

മനുഷ്യരുടെ വാക്കുകളെ ഞാൻ
 പേടിക്കുന്നു;
എത്ര വ്യക്തമാണവരുടെ വിവരണങ്ങൾ!
ഇതൊരു നായ, അതൊരു വീട്,
ഇവിടെ തുടക്കം, അവിടെയൊടുക്കവും.

വാക്കുകൾ
 കൊണ്ടവരമ്മാനമാടുമ്പോഴെനിക്കു
 പേടിയാവുന്നു,
വരാനുള്ളതും
 വന്നുപോയതുമവർക്കറിയാം,
ഒരു മലയും അവർക്കിപ്പോഴൊരത്ഭുതമല്ല,
അവരുടെ വീടും പറമ്പും ദൈവത്തിനു
 തൊട്ടയലത്തുമാണ്!

ഞാനവരെ താക്കീതു ചെയ്യുന്നു: മാറിനില്ക്കൂ!
എന്തു രസമാണ്, വസ്തുക്കൾ പാടുന്നതു
 കേൾക്കാൻ!
നിങ്ങൾക്കു പക്ഷേ, തൊടാതെ പറ്റില്ല;
തൊടുമ്പോഴവ കല്ലിക്കുന്നു,

മിണ്ടാതാവുന്നു-
നിങ്ങളവയെ കൊല്ലുകയാണ്!
(1898)

## പള്ളിത്തലമുറ

വിപുലവും ഗംഭീരവുമായ ആ തേജസ്സിൽ
  നിന്നും
ദൈവത്തെയവർ തുരന്നെടുത്തു,
തങ്ങളുടെ കാലത്തേക്കവരവനെ
  തള്ളിവിട്ടു...
പിന്നെയവർ അവനു ചുറ്റും കൂട്ടം കൂടി,
സ്തുതികൾ കൊണ്ടവനെപ്പൊതിഞ്ഞു;
ഇന്നവരുടെയിരുട്ടിലവൻ
  മറഞ്ഞുപോയിരിക്കുന്നു.
ആ ഇരുട്ടിലിപ്പോഴവർ
മെഴുകുതിരികൾ കൊളുത്തിവയ്ക്കുന്നു,
ഒരു മിന്നായം പോലെയെങ്കിലും
ദൈവത്തിന്റെ ഹൃദയം തങ്ങൾക്കു
  കാണാകും മുമ്പേ
നാളങ്ങൾ കെട്ടുപോകരുതേയെന്നവർ
മുട്ടിപ്പായി പ്രാർത്ഥിക്കുന്നു...
(1898 ജൂലൈ 16)

## ചുവന്ന പനിനീർപ്പൂക്കൾ...

ചുവന്ന പനിനീർപ്പൂക്കളിത്രയും ചുവന്നു
കണ്ടിട്ടില്ലിതേവരെ,
മഴയുടെ മേലാടയെടുത്തണിഞ്ഞ ആ
സായാഹ്നത്തിലെന്നപോലെ;
നിന്റെ മൃദുമൃദുവായ മുടിയെക്കുറിച്ചേറെ
നേരം ഞാനോർത്തിരുന്നു...
ചുവന്ന പനിനീർപ്പൂക്കളിത്രയും ചുവന്നു
കണ്ടിട്ടില്ലിതേവരെ.

കാട്ടുപൊന്തകളിത്രയും
പച്ചയോടിരുണ്ടുനിന്നിട്ടില്ലിതേവരെ,
മഴ പൊഴിയുന്ന വേളയിലാ
സായാഹ്നത്തിലെന്നപോലെ.
നിന്റെ ശാലീനവേഷത്തെക്കുറിച്ചേറെനേരം
ഞാനോർത്തിരുന്നു...
കാട്ടുപൊന്തകളിത്രയും
പച്ചയോടിരുണ്ടുനിന്നിട്ടില്ലിതേവരെ.

നെടിയ ബിർച്ചുമരങ്ങളിത്രയും വെളുത്തു
നിന്നിട്ടില്ലിതേവരെ,
മഴ പെയ്തിരുണ്ടൊരാ

സായാഹ്നത്തിലെന്നപോലെ.
പിന്നെയാണു നിന്റെ വടിവൊത്ത
കൈകൾ ഞാൻ കാണുന്നതും...
നെടിയ ബിർച്ചുമരങ്ങളിത്രയും വെളുത്തു
നിന്നിട്ടില്ലിതേവരെ.

പുഴവെള്ളത്തിലന്നൊരിരുണ്ട ദേശം
പ്രതിഫലിച്ചുനിന്നിരുന്നു,
മഞ്ഞു പോലെ മഴ മൂടിനിന്ന അതേ
സായാഹ്നത്തിൽ;
നിന്റെ കണ്ണുകളിലെന്നെ ഞാൻ
തിരിച്ചറിഞ്ഞതുമങ്ങനെ...
പുഴവെള്ളത്തിലന്നൊരിരുണ്ട ദേശം
പ്രതിഫലിച്ചുനിന്നിരുന്നു.

(1900 സെപ്തംബർ 9)

## തന്നെത്താനറിയാതെ...

തന്നെത്താനറിയാതൊരുപാതി
    ജീവിക്കുക,
താനെന്തു കണ്ടുവെന്നും
    കണ്ടതെവിടെയെന്നും
    എങ്ങനെയെന്നും
വ്യഗ്രതയോടെ പകർത്തിവയ്ക്കാൻ
    മറുപാതിയും.
ഉന്നങ്ങൾക്കു പിന്നാലെ പോവുക,
പിന്നെ വീണ്ടും അനിശ്ചിതത്വത്തിന്റെ
    നാട്ടിലെ നാടോടിയാവുക,
ഏകാന്തതയുടെ ധന്യതയറിയുക-
ഇവിടെ ഈ പെൺകുട്ടികൾ
    ജീവിക്കുന്നതുമിതുപോലെ:
പാതി മോഹിതകളായി, പാതി
    മോഹിനികളായി....
(1900 സെപ്തംബർ 21)

# 5
# ഒരെളിയ ദൈവത്തിനോടുള്ള പ്രാർത്ഥനകൾ

അന്യോന്യമാശ്രയിക്കുന്ന ഒരു ദൈവത്തെയും മനുഷ്യനെയും കുറിച്ചുള്ള റിൽക്കേയുടെ Das Stunden-Buch (The Book of Hours) 1899-നും 1903-നും ഇടയിൽ എഴുതി 1905-ൽ പ്രസിദ്ധീകരിച്ചു. ലൂ അന്ദ്രിയാസ്-സലോമിക്കു സമർപ്പിച്ചിരിക്കുന്ന ഈ സമാഹാരത്തിന് മൂന്നു ഭാഗങ്ങളുണ്ട്: ആശ്രമജീവിതത്തിന്റെ പുസ്തകം, തീർത്ഥയാത്രയുടെ പുസ്തകം, ദാരിദ്ര്യത്തിന്റെയും മരണത്തിന്റെയും പുസ്തകം.

ഒന്നാം ഭാഗത്തിലെ കവിതകൾ ചിത്രകാരനായ ഒരു റഷ്യൻ സന്ന്യാസി ദൈവവുമായി നടത്തുന്ന സംഭാഷണങ്ങളുടെ രൂപത്തിലുള്ളതാണ്. റിൽക്കെ ഇറ്റലിയിലും റഷ്യയിലും താമസിച്ചിരുന്ന കാലത്തെ അ



Félix Vallotton (1865–1925): Route à Saint-Paul-de-Vence (1922) (Courtesy: Wikimedia).

നഭവങ്ങളാണ് കവിതകളിൽ നിറഞ്ഞുനി ല്ക്കുന്നത്. 1898 ഏപ്രിൽ മുതൽ ജൂൺ വരെ ഫ്ളോറൻസിലായിരുന്നപ്പോഴാണ് അദ്ദേ ഹം നവോത്ഥാനകാലത്തെ ചിത്രകാരന്മാ രെയും ശില്പികളേയും പറ്റി കൂടുതൽ പഠി

ക്കുന്നതു്. ആത്മസാക്ഷാല്ക്കാരത്തിലേക്കു ള്ള കഠിനയാത്രയാണു് റിൽക്കേയുടെ ക ണ്ണിൽ കലാകാരന്റെ ദൗത്യം. ഒരു സന്ന്യാ സിയുടെ ആശ്രമജീവിതത്തെ ഈ യാത്ര യുടെ രൂപകമായി അദ്ദേഹം കാണുന്നു. നി സ്സാരവും അനാവശ്യവുമായതെല്ലാം ത്യജി ക്കാനും ഉള്ളിന്റെയുള്ളിൽ വെളിച്ചം നി റഞ്ഞ ഒരു വൈപുല്യം ബാക്കിവയ്ക്കാനു മുള്ള പരിശീലനമാണതു്. ത്യാഗത്തിലേ ക്കു്, സ്വയം വരിച്ച ഏകാന്തതയിലേക്കു ള്ള ഒരു യാത്രയാണതു്. 1899-ൽ ലൂവി നും ഭർത്താവിനുമൊപ്പം നടത്തിയ റഷ്യാ സന്ദർശനമാണു് ഈ ഭാഗത്തെ കവിതക ളിലെ മറ്റൊരു സ്വാധീനം. ഓർത്തഡോ ക്സ് വിശ്വാസികളായ റഷ്യൻ ഗ്രാമീണരു ടെ നിഷ്കളങ്കമായ ദൈവഭക്തി അദ്ദേഹ ത്തെ അഗാധമായി സ്പർശിച്ചിരുന്നു. റഷ്യ യിലെ ഐക്കൺ (ആരാധനാവിഗ്രഹങ്ങ ളായി ഉപയോഗിച്ചിരുന്ന ചിത്രങ്ങൾ) ചി ത്രകാരന്മാരിൽ തന്റെ ആദർശത്തിലുള്ള

കലാകാരന്മാരെ അദ്ദേഹം കണ്ടു. ദൈവ ത്തെ ദൃശ്യമാക്കാനുള്ള മനുഷ്യയത്നമാവുക യാണ് ഇവിടെ കല. കലാകാരൻ ദൈവ ത്തെ പരിഭാഷപ്പെടുത്തുകയാണ്; ജനസാ മാന്യത്തിന് ദൈവാനുഭവത്തിനുള്ള മാ ദ്ധ്യമമാണ് അയാളുടെ രചനകൾ. ഇവി ടെ ദൈവവും നിസ്സഹായനാണ്; കലാകാ രനിലൂടെയല്ലാതെ ദൈവത്തിനു പ്രത്യക്ഷ വുമില്ല.

തീർത്ഥയാത്രയുടെ പുസ്തകത്തിലെ ക വിതകൾ റിൽക്കെ 1901 സെപ്തംബർ 18 മു തൽ 25 വരെ ജർമ്മനിയിലെ വെറ്റ്സെർ വീഡിൽ ആയിരുന്നപ്പോൾ എഴുതിയവ യാണ്. ഈ കവിതകളിലെ റഷ്യയുടെ സാന്നിദ്ധ്യം ഐക്കണുകളുമായി ബന്ധ പ്പെട്ടതല്ല, റഷ്യയിലെ, വിശേഷിച്ചും ഉക്രെ യ്നിലെ ആശ്രമദൃശ്യങ്ങളും വിശ്വാസങ്ങ ളുമാണ്. എന്തിനേയും, ദൈവത്തേയും, എ ങ്ങനെ ശരിയായി കാണണം എന്ന അ ന്വേഷണമാണ് ഈ ഭാഗത്തിലെ കവിത

കളുടെ മുഖ്യമായ പ്രമേയം. "കാണേണ്ട രീതിയിൽ കണ്ടതൊക്കെ പിന്നെ സ്വാഭാവികമായി കവിതയാവുകയാണ്": റിൽക്കെ ഡയറിയിൽ എഴുതുന്നുണ്ട്.

മൂന്നാം ഭാഗത്തിലെ കവിതകൾ 1903 ഏപ്രിൽ 13-നും 20-നമിടയിൽ ഇറ്റലിയിലെ വിയറെഗ്ഗിയോയിൽ വച്ചെഴുതിയതാണ്. പാശ്ചാത്യവും പൗരസ്ത്യവുമായ കലാസൃഷ്ടികളും റഷ്യൻ ഭൂപ്രകൃതിയും ആശ്രമങ്ങളും തീർത്ഥകേന്ദ്രങ്ങളുമല്ല, വൻനഗരങ്ങളിലെ സാധുമനുഷ്യരുടെ ദരിദ്രജീവിതമാണ് ഈ കവിതകളിൽ നിറയുന്നത്. ഒപ്പം ഇറ്റാലിയൻ ആൽപ്സും ഫ്രാൻസിസ് അസ്സീസ്സിയും ഓർഫ്യൂസ്സും വരുന്നുണ്ട്. ദൈവം സന്നിഹിതനാവുന്നത് ദരിദ്രർക്കിടയിലാണ്; അവന്റെ ആവിഷ്കാരം തന്നെയാണ് അവർ.

## അടുത്ത മുറിയിലെ ദൈവം

അടുത്ത മുറിയിലെ ദൈവമേ,
ഏകാന്തരാത്രിയിൽ ചിലനേരം
വാതിലിൽ ഉറക്കെ മുട്ടി
ഞാൻ നിന്റെ പൊറുതി മുട്ടിച്ചാൽ,
ക്ഷമിക്കണേ,
നീ ശ്വാസമെടുക്കുന്നതു പോലും
 കേൾക്കാത്തതു കൊണ്ടാണതു്:
നീയവിടെ ഒറ്റയ്ക്കാണെന്നെനിക്കറിയാം.
ഇരുട്ടത്തു ദാഹിച്ചു പരതുന്ന നിന്റെ
 കൈയിൽ
ഒരു പാത്രം വെള്ളമെടുത്തു തരാൻ
 ആരുണ്ടാവും?
എന്നാൽ കാതോർത്തു
 ഞാനരികെത്തന്നെയുണ്ടു്.
നീ ഒരു സൂചന തന്നാൽ മതി.
നമുക്കിടയിൽ ഈയൊരു നേർത്ത
 ചുമരല്ലേയുള്ളു,
അതും യദൃച്ഛയാ വന്നുപെട്ടതും?
ഞാനോ നീയോ ഒന്നു വിളിച്ചാൽ മതി,
അതിടിഞ്ഞുവീഴും,

ഒരൊച്ചയും കേൾപ്പിക്കാതെ.

## ഈ ലോകത്തെത്രയുമേകാകി

ഈ ലോകത്തെത്രയുമേകാകിയാണു
ഞാൻ,
എന്നാലോരോ നിമിഷത്തെയും
പവിത്രമാക്കാൻ
പോരുന്നത്രയ്ക്കേകാകിയുമല്ല.
ഈ ലോകത്തെത്രയും നിസ്സാരനാണു
ഞാൻ,
എന്നാൽ നിഴലടഞ്ഞൊരു കീടം പോലെ
നിന്റെ മുന്നിൽ നില്ക്കാൻ പോരുന്നത്രയും
നിസ്സാരമായൊരു വസ്തുവുമല്ല.
എനിക്കെന്റെ ഇച്ഛാശക്തി വേണം,
കർമ്മപഥത്തിലേക്കിറങ്ങുമ്പോൾ
എനിക്കതൊപ്പം വരണം.
ആവിർഭാവങ്ങളുടെ
സന്ദിഗ്ദ്ധമുഹൂർത്തത്തിൽ
ജ്ഞാനികൾക്കിടയിലെനിക്കുമിടം
വേണം,
അല്ലെങ്കിൽ ഞാനേകാകിയാവണം.
നിന്റെ വിശ്വരൂപമെനിക്കെന്നിൽ-
ത്തെളിയണം,

എന്റെ നേത്രദർപ്പണത്തിൽ
നിന്റെ രൂപമൊരു ചഞ്ചലബിംബമാവാൻ
ഞാനത്രയ്ക്കന്ധനായിട്ടില്ല,
അത്ര വൃദ്ധനുമായിട്ടില്ല.
എനിക്കെന്റെ മടക്കുകൾ നിവർത്തണം.
എന്നിലെവിടെ ഞാനൊടിഞ്ഞുമടങ്ങുന്നു,
അവിടെ ഞാനൊരു നുണയാവുകയാണ്.
നിന്റെ മുന്നിലെന്റെ മനഃസാക്ഷി
നേരുറ്റതാവട്ടെ.
എനിക്കെന്നെ വിവരിക്കുമാറാകട്ടെ,
കണ്ണിനടുത്തു വച്ചേറെനേരം
നോക്കിക്കണ്ടൊരു
ചിത്രം പോലെ,
എനിക്കർത്ഥം വഴങ്ങിയൊരു വാക്കു
പോലെ,
നിത്യം ഞാനെടുത്തുകുടിക്കുന്ന മൺകുടം
പോലെ,
എനിക്കു ജന്മം തന്നവളുടെ മുഖം പോലെ,
കൊടുങ്കാറ്റിൽ കോളു കൊണ്ടു കടലി-
ലെന്നെപ്പേറിയ നൗക പോലെ.

## പണി തീരാത്ത ദൈവം

വിറ കൊള്ളുന്ന കൈകളാൽ കല്ലിന്മേൽ
    കല്ലടുക്കി
ഞങ്ങൾ നിന്നെ പണിതെടുക്കുന്നു.
എന്നാലാർക്കു പണി തീർക്കാനാവും,
പെരുംകോവിലേ, നിന്നെ?
എന്താണ് റോം?
അതിടിഞ്ഞുതകർന്നു കിടക്കുന്നു.
എന്താണ് ലോകം?
അത് നശിച്ചുപോകുന്നു,
നിന്റെ ഗോപുരങ്ങൾക്കു
    താഴികക്കുടങ്ങളുയരും മുമ്പേ,
വർണ്ണശിലാഖണ്ഡങ്ങളുടെ കൂമ്പാരത്തിൽ
    നിന്ന്
നിന്റെ മുഖപ്രഭ
    ഞങ്ങൾക്കിണക്കിയെടുക്കാനാകും
    മുമ്പേ.
എന്നാൽ ചിലനേരങ്ങളിൽ സ്വപ്നങ്ങളിൽ
നിന്റെ വൈപുല്യമെന്റെ കണ്ണുകൾക്കു
    കാണാറാകുന്നു,
അസ്തിവാരത്തിന്റെ അഗാധതയിൽ നിന്ന്

കുംഭഗോപുരത്തിന്റെ സുവർണ്ണൗന്നത്യം
വരെ.
അപ്പോഴെനിക്കു ബോദ്ധ്യമാകുന്നു,
ശേഷിച്ചതു കൂട്ടിച്ചേർത്ത് നിന്നെപ്പണി
തീർക്കുകയെന്നത്
എന്റെ മനസ്സിനു പറഞ്ഞ
പണിയാണെന്ന്.

## ഞാനിതാ...

ഞാനിതാ, ആകാംക്ഷപ്പെടുന്നവനേ.
എന്റെ കാംക്ഷകൾ നിന്റെ കാതിൽ
വന്നലയ്ക്കുന്നതു നീ കേൾക്കുന്നില്ല?
എന്റെ വികാരങ്ങൾക്കതിമോഹം വന്നു
ചിറകു മുളച്ചിരിക്കുന്നു;
വെള്ളിപ്പറവകളായവ നിന്റെ മുഖത്തെ
വട്ടം ചുറ്റുന്നു.
എന്റെയാത്മാവ് മൗനത്തിന്റെ
കഞ്ചുകവുമണിഞ്ഞു
നിന്റെ മുന്നിൽ നിന്നെയും നോക്കി
നില്ക്കുന്നു- കാണുന്നില്ല നീ?
എന്റെ ദൃഷ്ടികളിലൊരു
മരച്ചില്ലയിലെന്നപോലെ
പ്രാർത്ഥനകൾ വിളയുന്നതറിയുന്നില്ല നീ?
നീ സ്വപ്നം കാണുകയാണെങ്കിൽ ആ
സ്വപ്നം ഞാൻ തന്നെ;
ഇനി ഉണരാൻ നിനക്കു തോന്നിയാലോ,
ആ മോഹവും ഞാൻ തന്നെ.
നിന്റെ പ്രതാപങ്ങൾക്കു
ഞാനുടയവനാവുന്നു,

കാലമെന്ന വിചിത്രനഗരത്തിനു മേൽ
താരാവൃതവാനത്തിന്റെ മൗനം പോലെ
ഞാൻ പടരുന്നു.

## ദൈവമേ, ഞാൻ മരിച്ചാൽ

ഞാനഥവാ മരണപ്പെട്ടാൽ, എന്തു ചെയ്യും
നീ, ദൈവമേ?
ഞാൻ, നിന്റെ മൺകൂജ, വീണുടഞ്ഞാൽ?
ഞാൻ, നിന്റെ പാനീയം,
പുളിച്ചുപോയാൽ?
ഞാൻ നിന്റെ മേലാട, നീ വ്യാപരിക്കുന്ന
വ്യവഹാരം.
ഞാനില്ലാതെയായാൽ
നിനക്കെന്തർത്ഥമാണു പിന്നെ?
ഞാനില്ലാതെയായാൽ നിനക്കു
വീടില്ലാതെയാവും;
ഊഷ്മളമധുരമായി ആരു നിന്നെ
വരവേല്ക്കാൻ പിന്നെ?
ഞാൻ നിന്റെ പാദുകങ്ങൾ:
ഞാനില്ലാതെ നിന്റെ
നഗ്നപാദങ്ങളലഞ്ഞുതളരും.
നിന്റെ പ്രതാപത്തിന്റെ
മേലാടയൂർന്നുവീഴും.
എന്റെ കവിളിന്റെ ചൂടിൽ തലയണച്ച
നിന്റെ നോട്ടം

ഒരുകാലം ഞാൻ നല്കിയ
    സുഖങ്ങൾക്കായി ഖേദിച്ചലയും.
അസ്തമയത്തിന്റെ നിറങ്ങൾ മായുമ്പോൾ
അന്യശിലകളുടെ തണുത്ത മടിയിൽ
    വീണു നീയുറങ്ങും.
എന്തു ചെയ്യും നീ, ദൈവമേ? എനിക്കു
    പേടിയാകുന്നു.

## ഉപരോധമറിയാത്ത നഗരങ്ങൾ

ഉപരോധമറിയാത്ത നഗരങ്ങളേ,
ഒരു ശത്രുവിനായിട്ടൊരുനാളും നിങ്ങൾ
 ദാഹിച്ചിട്ടില്ല?
എത്രകാലം നീണ്ടുപോകുമെന്ന
 തീർച്ചയില്ലാതെ
നിങ്ങളെയവൻ വളഞ്ഞുവയ്ക്കുന്നതും
ഒടുവിൽ വിശപ്പും നൈരാശ്യവും കണ്ണീരും
 സഹിക്കാൻ ശീലിക്കുന്നതും
നിങ്ങൾ സ്വപ്നം കണ്ടിട്ടില്ല?
ചുമരുകൾക്കു പുറത്ത്
നാട്ടുമ്പുറങ്ങൾ പോലവൻ
 പരന്നുകിടക്കുന്നു,
ഉള്ളിലുള്ളവർ പുറത്തെത്തും വരെ
സഹനസമരം നടത്താൻ
 സജ്ജനമാണവൻ.
നിങ്ങളുടെ പുരപ്പുറങ്ങളിൽ നിന്നൊന്നു
 നോക്കൂ:
അവൻ തമ്പടിച്ചിരിക്കുന്നതങ്ങവിടെ,
അവൻ ചുരുങ്ങുന്നില്ല, അവൻ തളരുന്നില്ല,
നഗരത്തിലേക്കവൻ ദൂതന്മാരെ

അയക്കുന്നതുമില്ല,
ഭീഷണിയുമായി, വാഗ്ദാനവുമായി,
പ്രലോഭനവുമായി.
ചുമരുകൾ തകർക്കുന്നതിൽ
കേമനാണവൻ,
ഒച്ച കേൾപ്പിക്കാതെയാണവന്റെ പണി
നടക്കുന്നതും.

## ഉറക്കം വരാത്ത ജീവികൾ

കഠിനമാണെന്റെ രാത്രികൾ ദൈവമേ:
ഉറക്കം ഞെട്ടുന്ന മനുഷ്യരെ ഞാൻ
 കാണുന്നു,
വിഫലമായി നിന്നെത്തേടിയലഞ്ഞവരെ.
കണ്ണുപൊട്ടരെപ്പോലവർ
ഇരുട്ടത്തു തപ്പിത്തടഞ്ഞു നടക്കുന്നതു നീ
 കാണുന്നില്ലേ?
താഴേയ്ക്കിറങ്ങുന്ന പിരിയൻ
 ഗോവണികളിൽ
അവർ പ്രാർത്ഥിക്കുന്നതു നീ
 കേൾക്കുന്നില്ലേ?
തറക്കല്ലുകളിലവർ മുട്ടു കുത്തുന്നതു നീ
 കേൾക്കുന്നില്ലേ?
എങ്ങനെ നീ കേൾക്കാതിരിക്കാൻ?
അവർ കരയുകയാണല്ലോ.
അവരെന്റെ പടിയ്ക്കലൂടെ
 കടന്നുപോകുമ്പോൾ
ഞാൻ നിന്നെ തേടുന്നു.
ആരെ ഞാൻ തുണയ്ക്കു വിളിക്കാൻ,
രാത്രിയെക്കാളിരുണ്ടവനും

കറുത്തവനമായ
നിന്നെയല്ലാതെ,
ഒരു വിളക്കുമില്ലാതുണർന്നിരി-
ക്കുന്നവനെയല്ലാതെ,
ഭീതിയിൽ നിന്നു
മുക്തനായവനെയല്ലാതെ?
വെളിച്ചം മലിനമാക്കാത്ത ആഴമേ,
എനിക്കു വിശ്വാസം നിന്നെ-
മണ്ണിൽ നിന്നു മരങ്ങളായുദ്ഗമിക്കുന്നതു
നീയാണല്ലോ,
ഞാൻ തല മുട്ടിക്കുമ്പോൾ
മണ്ണിന്റെ വാസനയായെന്റെ മുഖം
തഴുകുന്നതു നീയാണല്ലോ.

## അവനവന്റെ ആത്മാവിൽ നിന്നു പുറത്തു കടക്കാൻ...

തടവുകാരനെ വെറുപ്പോടെ കാക്കുന്ന
തടവറയിൽ നിന്നെന്നപോലെ
അവനവന്റെ ആത്മാവിൽ നിന്നു പുറത്തു
കടക്കാൻ
പണിപ്പെട്ടുകയാണേവരുമെങ്കിലും,
എത്ര വലിയൊരത്ഭുതമാണതു്:
എല്ലാ ജീവിതങ്ങളും ജീവിച്ചുതന്നെ
തീരുന്നു!
എങ്കില്പിന്നെ ആ ജീവിതം
ജീവിക്കുന്നതാരു്?
രാത്രിയിലൊരു കിന്നരത്തിന്റെ
തന്ത്രികളിൽ
വിരലുകൾ സ്വപ്നം കണ്ടുറങ്ങുന്ന ഗാനം
പോലെ
ക്ഷമയോടെ കാത്തിരിക്കുന്ന
വസ്തുക്കളോ?
കടലിൽ നിന്നു വീശിവരുന്ന കാറ്റുകളോ,
അന്യോന്യം കൈകാട്ടി വിളിക്കുന്ന
മരച്ചില്ലകളോ,

പരിമളങ്ങൾ നെയ്യുക്കുട്ടുന്ന പൂക്കളോ,
പഴകിനീളുന്ന ഇടവഴികളോ?
സിരകളിൽ ചുടുചോരയോടുന്ന
മൃഗങ്ങളോ?
പറന്നുപൊങ്ങുമ്പോൾ
അപരിചിതമായിത്തോന്നുന്ന
പക്ഷികളോ?
ജീവിതം ജീവിക്കുന്നതാര്? ദൈവമേ,
നീയോ?

## എന്റെ കണ്ണുകളുതിക്കെടുത്തുക...

എന്റെ കണ്ണുകളുതിക്കെടുത്തുക,
എന്നാലുമെനിക്കു നിന്നെക്കാണാം;
എന്റെ കാതുകൾ കൊട്ടിയടയ്ക്കുക,
എന്നാലുമെനിക്കു നിന്റെ വാക്കുകൾ
കേൾക്കാം;
എനിയ്ക്കു വേണ്ട കാലടികൾ,
നിന്നിലേക്കു നടന്നെത്താൻ;
ഈ നാവിന്റെ തുണ വേണ്ട,
എനിക്കു നിന്നെ ജപിച്ചു വരുത്താൻ.
എന്റെ കൈകൾ തല്ലിയൊടിയ്ക്കുക,
എന്റെ ഹൃദയം നിന്നെ കയറിപ്പിടിയ്ക്കും;
എന്റെ ഹൃദയം സ്തംഭിപ്പിക്കുക,
എന്റെ തലച്ചോറാണു പിന്നെ സ്പന്ദിക്കുക;
എന്റെ തലച്ചോറിനും നീ തീയിട്ടാലോ,
ചോരയിൽ നിന്നെയും കൊണ്ടു ഞാൻ
പായും.

## നീ ഭാവികാലം

നീ ഭാവികാലം,
നിത്യതയുടെ തുറസ്സുകൾക്കു മേൽ
 തുടുക്കുന്ന മഹോദയം,
രാത്രിയുടെ കഥ കഴിയ്ക്കുന്ന പൂവൻ
 കോഴിയുടെ കാഹളം.
നീ മഞ്ഞുതുള്ളി, പ്രഭാതപൂജയുടെ
 മണിനാദവും കന്യകയും,
അതിഥിയും മാതാവും നീ, നീ തന്നെ
 മരണവും;
വിധിയിൽ നിന്നെന്നും മാറിനില്ക്കുന്ന
നിത്യപരിണാമിയായ രൂപം നീ,
സ്തുതികൾക്കും വിലാപങ്ങൾക്കും
 വേണ്ടാത്തവൻ,
ഒരു വനവൃക്ഷം പോലിന്നതെന്നു
 പറയരുതാത്തവൻ.
സർവ്വതിനുമുള്ളടങ്ങിയ സാരം നീ,
കൂട്ടിയടച്ച ചുണ്ടുകൾക്കു പിന്നിൽ നിന്റെ
 നേരൊളിയ്ക്കുന്നു;
അന്യരതന്യഥാ കാണുന്നു,
കടവ് കപ്പലായി, കപ്പൽ കടവായി.

എന്റെ

വേവലാതിപ്പെടേണ്ട നീ, ദൈവമേ.
സഹനമുള്ളതെന്തിനോടുമവർ പറയും,
പ്രതിഷേധിക്കാത്തതെന്തിനോടുമവർ
 പറയും,
അവ 'എന്റേതെ'ന്ന്.
ചില്ലകളിലൂടെ വീശിക്കടക്കുമ്പോൾ
'എന്റെ മര'മെന്നു പറയുന്ന
 കാറ്റിനെപ്പോലെയാണവർ.
തങ്ങൾ തൊടാനായുന്നതെന്തും
ജ്വലിച്ചുനില്ക്കുകയാണെന്നവർ
 കാണുന്നതേയില്ല:
കൈ പൊള്ളാതവയുടെ അരികു പോലും
 തൊടാനാവുകയില്ലെന്നും.
'എന്റേതെ'ന്നവർ പറയും,
ചില ഗ്രാമീണരോടു സംസാരിക്കുമ്പോൾ
രാജാവ് തങ്ങളുടെ
 സ്നേഹിതനാണെന്നവർ
 പറയുമ്പോലെ–
അത്ര വലിയവനും അത്ര
 വിദൂരസ്ഥനുമാണീ രാജാവെങ്കിൽ

വിശേഷിച്ചും.
തങ്ങളുടെ വീട്ടുചുമരുകൾ
'എന്റേതെ'ന്നവർ പറയും,
ആരാണവയ്ക്കു
നാഥനെന്നവർക്കറിയുകയുമില്ല.
'എന്റേതെ'ന്നവർ പറയും, എന്തിലുമവർ
അവകാശം സ്ഥാപിക്കും,
(അവരടുത്തുചെല്ലുമ്പോൾ
അടയുകയാണെന്തുമെങ്കിലും;)
ഇടിമിന്നലും സൂര്യനും തന്റേതെന്ന്
വായാടിയായൊരു തട്ടിപ്പുകാരൻ
അവകാശപ്പെടുമ്പോലെ.
അവർ പറയും: എന്റെ ജീവിതം, എന്റെ
ഭാര്യ, എന്റെ നായ, എന്റെ കുട്ടി;
എന്നാലവർക്കറിയുകയും ചെയ്യാം:
ജീവിതം, ഭാര്യ, കുട്ടി, നായ:
അന്യരുടേതാണൊക്കെയുമെന്ന്,
കണ്ണു കാണാതെ തപ്പിത്തടയുമ്പോൾ
കൈയിൽ തടഞ്ഞവ മാത്രമാണവയെന്ന്.
കഷ്ടം, വിവേകികളേ ഈ
സത്യമറിയുന്നുള്ളു,

കണ്ണുകൾക്കു ദാഹിക്കുന്നവരേ അതു
    കാണുന്നുള്ളൂ.
ശേഷിച്ചവർ ഉൾക്കാതു കൊണ്ടു
    കേൾക്കുന്നതേയില്ല,
സ്വന്തമെന്നു പറയാൻ
    തങ്ങൾക്കൊന്നുമില്ലെന്ന്,
പൊന്നു പോലെ കാത്ത സമ്പാദ്യങ്ങളിൽ
    നിന്നാട്ടിയോടിക്കപ്പെട്ടവർ,
സ്വന്തമെന്നു കരുതിയവർ
    തള്ളിപ്പറഞ്ഞവർ,
അവർ കാണുന്നതേയില്ല,
തങ്ങളുടെ ഭാര്യമാർ തങ്ങളുടെ
    സ്വന്തമല്ലെന്ന്,
നമ്മളിൽ നിന്നു വ്യത്യസ്തവും
    വേറിട്ടതുമായ ജന്മങ്ങൾ,
പൂക്കളെപ്പോലെയാണവരെന്ന്.
ദൈവമേ, നീ നിന്റെ സമചിത്തത
    കൈവെടിയരുതേ.
നിന്നെ സ്നേഹിക്കുന്നവൻ,
ഇരുട്ടത്തു നിന്റെ മുഖം കണ്ടെടുക്കുന്നവൻ,
നിന്റെ നിശ്വാസമേല്ക്കുമ്പോൾ നാളം

പോലുലയുന്നവൻ,
അവനും നീ സ്വന്തമല്ല.
രാത്രിയിലൊരാൾ നിന്നെ
മുറുകെപ്പിടിച്ചാലും
പ്രാർത്ഥനകൾ കൊണ്ടു നിന്നെ
വരിഞ്ഞുമുറുക്കിയാലും:
നീ വിരുന്നുകാരൻ,
വന്നു മടങ്ങിപ്പോകുന്നവൻ.
ആരു നിന്നെ പിടിച്ചുവയ്ക്കാൻ, ദൈവമേ?
നീ ആരുടേതുമല്ല,
ഒരുടമയുടെ കൈയും നിനക്കു ശല്യമല്ല:
ചാറയിലേകാന്തമായി മൂക്കുന്ന
ഇളംവീഞ്ഞ്
ആരുടേതുമല്ലാത്ത പോലെ.

## അഴുകുന്ന നഗരങ്ങൾ

കെട്ടഴുകുകയാണ് നഗരങ്ങൾ, ദൈവമേ,
തീ പിടിച്ച പുരയിൽ നിന്നുള്ള
    പലായനങ്ങളാണവ.
അവയ്ക്കാശ്വാസമായി ഒരു സാന്ത്വനവുമില്ല,
അവയ്ക്കു ശേഷിച്ച കാലം
    ചോർന്നുപോവുകയുമാണ്.
ഇടുങ്ങിക്കൂടിയ നിലവറമുറികളിൽ
അരിഷ്ടിച്ചും തപിച്ചും
കൈക്കുഞ്ഞുങ്ങളെക്കാൾ
    നിസ്സഹായരായി
ജീവിതം പോക്കുകയാണാളുകൾ;
പുറത്തു നിന്റെ മണ്ണ്
    നിശ്വസിച്ചുണരുമ്പോൾ
തങ്ങൾക്കും ജീവനുണ്ടെന്നറിയാതെ
    പോവുകയാണവർ.
ഒരേ ജനാലയുടെ ചതുരത്തിൽ
ഒരേ നിഴൽ മറഞ്ഞു വളരുകയാണ്
    കുഞ്ഞുങ്ങൾ;
കാറ്റും വെളിച്ചവും ഉല്ലാസവും
    നിറഞ്ഞൊരു പകൽ

പുറത്തുണ്ടെന്നറിയാതെ,
അവിടെയ്ക്കു വിളിയ്ക്കുകയാണ്
പൂക്കൾ തങ്ങളെയെന്നറിയാതെ.
കുഞ്ഞുങ്ങളാവാൻ,
സങ്കടപ്പെടുന്ന കുഞ്ഞുങ്ങളാവാൻ
വിധിക്കപ്പെട്ടവരാണവർ.
അജ്ഞാതത്തിലേക്കു വിടരുകയാണവർ,
  സ്ത്രീകൾ,
ചെറുപ്പത്തിൽ തങ്ങളറിഞ്ഞ ശാന്തി
  തേടുകയാണവർ,
എന്നാൽ തങ്ങൾ ദാഹിച്ചതൊന്നും
പ്രത്യക്ഷപ്പെടുന്നില്ലെന്നു വരുമ്പോൾ
പിന്നെയും കൂമ്പിയടയുകയാണവർ.
ഉൾമുറികളിലവർ മൂടിപ്പൊതിഞ്ഞുവയ്ക്കുന്നു,
ആശയറ്റ മാതൃത്വത്തിന്റെ നാളുകൾ,
ദീർഘരാത്രികളിൽ അറിയാതുതിരുന്ന
  നെടുവീർപ്പുകൾ,
ബലവും ചുണയും കെട്ടു പാഴായ
  വർഷങ്ങൾ.
ഇരുട്ടത്തകലെ മരണക്കിടക്കകൾ
  കിടപ്പുണ്ട്,

അവർ അതിൽ ആശ വയ്ക്കാൻ തുടങ്ങുന്നു;
അവർ സാവധാനം മരിയ്ക്കുന്നു,
ചങ്ങലയിലെന്നപോലെ മരിക്കുന്നു,
പിച്ചക്കാരികളെപ്പോലെ
പിരിഞ്ഞുപോകുന്നു.

## ഞങ്ങളുടെ മരണം

പാവം മൃഗങ്ങളിലും പാവങ്ങളാണു
ഞങ്ങൾ, ദൈവമേ,
അന്ധമായിട്ടാണെങ്കിലും അവയ്ക്കു
മരിക്കാനാവുന്നുണ്ടല്ലോ;
ഞങ്ങളുടെ മരണം പക്ഷേ,
പാതിവഴിയെത്തി നില്ക്കുന്നു.
ഞങ്ങൾക്കു വഴി കാട്ടാൻ അവനെ
അയക്കേണമേ:
ത്വരിതഗാമിയായി
മെയ്മാസമെത്തുമ്പോൾ
അഴികളിൽ വല്ലികൾ പടർത്താൻ
വിദഗ്ധനാണവൻ.
കഠിനമാണ്, ഞങ്ങൾക്കന്യവുമാണ്
മരണം,
ഞങ്ങൾ മരിക്കുന്ന മരണം ഞങ്ങളുടെ
സ്വന്തവുമല്ല;
വിളഞ്ഞുപഴുത്തതിൽ പിന്നെ
കൊഴിയുന്നതല്ല ഞങ്ങളുടെ മരണം,
ചുഴലിക്കാറ്റു പറിച്ചെടുത്തു പായുന്ന
മറ്റൊന്നാണത്.

വിളഞ്ഞുമധുരിക്കുന്ന മരണം കായ്ക്കാൻ,
ദൈവമേ,
നിന്റെ വളപ്പിൽ ആണ്ടോടാണ്ടു
നോറ്റുനില്ക്കുന്ന മരങ്ങൾ, ഞങ്ങൾ.
വിളവെടുപ്പിന്റെ കാലം വരുമ്പോൾ,
പക്ഷേ,
നീ വന്ധ്യകളാക്കിയ
സ്ത്രീകളെപ്പോലെയാകുന്നു ഞങ്ങൾ:
അടഞ്ഞവർ, ഫലഹീനർ,
വാഗ്ദത്തലംഘകർ.
ഞങ്ങളുടെ ധാർഷ്ട്യം അധികപ്പറ്റായോ?
ഞങ്ങളിലും ഭേദം മരങ്ങളാണെന്നു
വരുമോ?
ഒരു മടിയും പറയാതെ
വഴങ്ങിക്കൊടുക്കുന്ന
യോനിയും ഗർഭപാത്രവുമാണെന്നോ
ഞങ്ങൾ?
അതെ, നിത്യതയുടെ
തേവിടിശ്ശികളായിരുന്നു ഞങ്ങൾ,
ഞങ്ങൾ നൊന്തുപെറ്റതോ,
സ്വന്തം മരണത്തിന്റെ ചാപിള്ളകളെ;

അംഗഹീനമായ, ദൈന്യരൂപമായ ഒരു
ഭ്രൂണം;
പേടിച്ചരണ്ടപോലത്തെ കൺകുഴികൾ
പൊത്തിയിരിക്കുന്ന,
താനനുഭവിക്കാത്തൊരു നോവിന്റെ
ഭീതിയിൽ
അതിന്റെ വീർത്തുന്തിയ നെറ്റിയിൽ
ഞരമ്പുകൾ പിടഞ്ഞിരിക്കുന്നു-
അങ്ങനെ ഒരാളൊഴിയാതെ ഞങ്ങൾ
മരിക്കുന്നു,
മാസമെത്തും മുമ്പേ പേറ്റുനോവെടുത്തു
വയറു കീറിയ
വേശ്യകളെപ്പോലെ.

## നഗരത്തിന്റെ തിന്മകളിൽ നിന്ന്

നഗരത്തിന്റെ തിന്മകളിൽ
നിന്നവരെയകറ്റൂ, ദൈവമേ-
അവർക്കു മല്ലു പിടിക്കേണ്ടി വരുന്ന
കലുഷവും രുഷ്ടവുമായ പരിസരങ്ങളിൽ
നിന്ന്,
മുറിപ്പെട്ട ക്ഷമയോടെ
കാത്തിരിക്കുമ്പോഴും
അവരെ കാർന്നുതിന്നുന്ന
ക്ഷുബ്ധജീവിതത്തിൽ നിന്ന്.
ഭൂമിയിൽ പാവങ്ങൾക്കൊരിടവുമില്ലേ?
കാറ്റ് തേടുന്നതാരെ?
ചോലയുടെ തെളിമ മൊത്തുന്നതാര്?
തടാകത്തിന്റെ കയങ്ങളിലൊരിടവുമില്ലേ,
അവരുടെ ജനാലപ്പടിയെ, വാതിലിനെ
പ്രതിഫലിപ്പിക്കാൻ?
പാവങ്ങൾക്കൊരു പഴുതേ വേണ്ടൂ,
തങ്ങളുടെ ആവശ്യങ്ങൾ
നിവർത്തിക്കാൻ,
മരങ്ങളെപ്പോലെ.

# 6

# എന്റെ രാത്രികൾക്കു നീ സ്വപ്നങ്ങൾ നല്കുന്നു[1]

നിന്നെ കാണുമ്പോഴൊക്കെയും നിന്നോടു പ്രാർത്ഥിക്കണമെന്നെനിക്കു തോന്നാതിരുന്നിട്ടില്ല. നിന്റെ ശബ്ദം കേൾക്കുമ്പോഴൊക്കെയും നിന്നിൽ വിശ്വാസമർപ്പിക്കണമെന്നെനിക്കു തോന്നാതിരുന്നിട്ടില്ല. നിന്നോടഭിലാഷം തോന്നിയപ്പോഴൊക്കെയും നിനക്കായി യാതന അനുഭവിക്കണമെന്നെനിക്കു തോന്നാതിരുന്നിട്ടില്ല. നിന്നോടു തൃഷ്ണ തോന്നിയപ്പോഴൊക്കെയും നിന്റെ മുന്നിൽ മുട്ടു കുത്താനായെങ്കിൽ എന്നെനിക്കു തോന്നാതിരുന്നിട്ടില്ല.

---

1 എഴുത്തുകാരിയും സൈക്കോ അനലിസ്റ്റും നീച്ചയുടെ ശിഷ്യയും ഫ്രോയിഡിന്റെ ആത്മമിത്രവും റിൽക്കേയുടെ കാവ്യദേവതയുമായിരുന്ന ലൂ ആന്ദ്രിയാസ് സലോമിക്കയച്ച (Lou Andreas Salome) പ്രണയലേഖനങ്ങളിൽ നിന്ന്.



August Rodin: Details from “Brama Piekła” (Courtesy: Wikimedia).

നിന്റേതാണു ഞാൻ, തീർത്ഥാടകനു് ഊന്നുവടി പോലെ — നിനക്കു ഞാൻ താങ്ങാവുന്നില്ലെന്നു മാത്രം. നിന്റേതാണു ഞാൻ, റാണിയ്ക്കു ചെങ്കോലു പോലെ — നി

നക്കു ഞാൻ അലങ്കാരമാവുന്നില്ലെന്നു മാത്രം. നിന്റേതാണു ഞാൻ, രാത്രിക്കതിന്റെ അന്ത്യയാമത്തിലെ കുഞ്ഞുനക്ഷത്രം പോലെ — രാത്രിക്കതിനെക്കുറിച്ച ബോധമില്ലെങ്കിൽക്കൂടി, അതിന്റെ നനുത്ത തിളക്കത്തെക്കുറിച്ചറിവില്ലെങ്കിൽക്കൂടി.

⋆ ⋆ ⋆

തൊട്ടു മുമ്പു വീശിക്കടന്നുപോയ വന്യമായ കൊടുങ്കാറ്റിനു ശേഷം എത്ര സമൃദ്ധിയാണു സൂര്യൻ കോരിച്ചൊരിയുന്നതെന്നു കാണുമ്പോൾ എന്റെ മുറിയ്ക്കുള്ളിലെങ്ങും ആനന്ദത്തിന്റെ കട്ടിപ്പൊന്നു പൊതിഞ്ഞപോലെനിക്കു തോന്നിപ്പോകുന്നു. ധനികനും സ്വതന്ത്രനുമാണു ഞാൻ; തൃപ്തിയുടെ ദീർഘശ്വാസമെടുത്തുകൊണ്ട് സായാഹ്നത്തിന്റെ ഓരോ നിമിഷവും പിന്നെയും ഞാൻ സ്വപ്നം കാണുന്നു. ഇന്നിനി വീണ്ടും പുറത്തേക്കിറങ്ങണമെന്ന് എനിക്കു തോന്നുന്നില്ല. എനിക്കു സൗമ്യസ്വപ്നങ്ങൾ കാണണം, നീ വരുമ്പോൾ അവയു

ടെ പൊലിമ കൊണ്ടെന്റെ മുറിയ്ക്കമെനി ക്കലങ്കരിക്കണം. എന്റെ കൈകളിലും എ ന്റെ മുടിയിലും നിന്റെ കൈകളുടെ ആശി സ്സുകളുമായി രാത്രിയിലേക്കെനിക്കു പ്രവേ ശിക്കണം. എനിക്കാരോടും സംസാരിക്കേ ണ്ട: എന്റെ വാക്കുകൾക്കു മേൽ ഒരു മി ന്നക്കം പോലെ ഞൊറിയിടുകയും അവ യ്ക്കൊരു മുഴക്കത്തിന്റെ സമൃദ്ധി പകരുക യും ചെയ്യുന്ന നിന്റെ വാക്കുകളുടെ പ്രതിധ്വ നി ഞാൻ ദുർവ്യയം ചെയ്താലോ? ഈ സാ യാഹ്നസൂര്യനു ശേഷം മറ്റൊരു വെളിച്ച ത്തിലേക്കും എനിക്കു കണ്ണയക്കേണ്ട; നി ന്റെ കണ്ണുകളിലെ അഗ്നി കൊണ്ട് ഒരായി രം സൗമ്യയാഗങ്ങൾക്കു തിരി കൊളുത്തി യാൽ മതിയെനിക്ക്... എനിക്കു നിന്നി ലുയരണം, ആർപ്പുവിളികൾ മുഴങ്ങുന്നൊ രു പ്രഭാതത്തിൽ ഒരു ശിശുവിന്റെ പ്രാർ ത്ഥന പോലെ, ഏകാന്തനക്ഷത്രങ്ങൾക്കി ടയിൽ ഒരഗ്നിബാണം പോലെ. എനി ക്കു നീയാവണം. നിന്നെ അറിയാത്ത ഒ

ഒരു സ്വപ്നവും എനിക്കു വേണ്ട; നീ സഫലമാക്കാത്ത, നിനക്കു സഫലമാക്കാനാവാത്ത ഒരഭിലാഷവും എനിക്കു വേണ്ട. നിന്നെ പ്രകീർത്തിക്കുന്നതല്ലാത്ത ഒരു പ്രവൃത്തിയും എനിക്കു ചെയ്യേണ്ട, നിന്റെ മുടിയിൽ ചൂടാനല്ലാത്ത ഒരു പൂവും എനിക്കു നട്ടു വളർത്തുകയും വേണ്ട. നിന്റെ ജനാലയിലേക്കുള്ള വഴിയറിയാത്ത ഒരു കിളിയേയും എനിക്കെതിരേല്ക്കേണ്ട, ഒരിക്കലെങ്കിലും നിന്റെ പ്രതിബിംബത്തിന്റെ രുചി നുകരാത്ത ചോലയിൽ നിന്നെനിക്കു ദാഹവും തീർക്കേണ്ട. അജ്ഞാതരായ അത്ഭുതപ്രവർത്തകരെപ്പോലെ നിന്റെ സ്വപ്നങ്ങളലഞ്ഞു നടന്നിട്ടില്ലാത്ത ഒരു നാട്ടിലേക്കുമെനിക്കു പോകേണ്ട, നീയിന്നേവരെ അഭയം തേടാത്ത ഒരു കുടിലിലുമെനിക്കു പാർക്കുകയും വേണ്ട. എന്റെ ജീവിതത്തിൽ നീ വരുന്നതിനു മുമ്പുള്ള നാളുകളെക്കുറിച്ചെനിക്കൊന്നുമറിയേണ്ട, ആ നാളുകളിലധിവസിച്ചിരുന്നവരെക്കുറിച്ചുമ

റിയേണ്ട. ആ മനുഷ്യരെ കടന്നുപോകു മ്പോൾ അവരുടെ കുഴിമാടത്തിൽ ഓർമ്മ യുടെ അപൂർവ്വവും വാടിയതുമായ ഒരു പുഷ്പ ചക്രം, അവരതർഹിക്കുന്നുണ്ടെങ്കിൽ, എ നിക്കർപ്പിക്കണം; എന്തെന്നാൽ, ഇത്ര സ ന്തോഷഭരിതനായിരിക്കെ നന്ദികേടു കാ ണിക്കാൻ എനിക്കു കഴിയില്ല. പക്ഷേ ഇ ന്നവർ എന്നോടു പറയുന്ന ഭാഷ കുഴിമാ ടങ്ങളുടെ ഭാഷയാണ്; അവർ ഒരു വാ ക്കു പറയുമ്പോൾ എനിക്കു തപ്പിത്തടയേ ണ്ടിവരുന്നു; എന്റെ കൈകൾ തൊടുന്ന തു് തണുത്ത, മരവിച്ച അക്ഷരങ്ങളിലാ കുന്നു. ഈ മൃതരെ സന്തുഷ്ടഹൃദയത്തോ ടെ എനിക്കു പ്രശംസിക്കണം; എന്തെ ന്നാൽ അവരെന്നെ നിരാശപ്പെടുത്തി, അ വരെന്നെ തെറ്റിദ്ധരിച്ചു, അവരെന്നോടു മ ര്യാദകേടായി പെരുമാറി, അങ്ങനെ ദീർ ഘമായ ആ യാതനാവഴിയിലൂടെ അവ രെന്നെ നിന്നിലേക്കു നയിക്കുകയും ചെ യ്തു. ഇപ്പോൾ എനിക്കു നീയാകണം. ക

ന്യാമറിയത്തിന്റെ തിരുരൂപത്തിനു മുന്നിലെ കെടാവിളക്കു പോലെ നിന്റെ കൃപയ്ക്കു മുന്നിൽ എന്റെ ഹൃദയം എരിഞ്ഞു നില്ക്കുന്നു.

* * *

എത്ര സമ്പന്നയാണു നീ. എന്റെ രാത്രികൾക്കു നീ സ്വപ്നങ്ങൾ നല്കുന്നു, എന്റെ പുലരികൾക്കു ഗാനങ്ങൾ നല്കുന്നു, എന്റെ പകലിനു ലക്ഷ്യം നല്കുന്നു, എന്റെ ചുവന്ന അസ്തമയത്തിനു സൂര്യാശംസകളും നല്കുന്നു. അക്ഷയമാണു നിന്റെ ദാനങ്ങൾ. നിന്റെ കൃപ കൈക്കൊള്ളാനായി മുട്ടു കുത്തി ഞാൻ കൈകളുയർത്തുന്നു. എത്ര സമ്പന്നയാണു നീ! ഞാനാരാകണമെന്നു നീയാഗ്രഹിക്കുന്നുവോ, അതൊക്കെയാണു ഞാൻ. നിനക്കു കോപം വരുമ്പോൾ ഞാൻ അടിമയാകാം, നിനക്കു പുഞ്ചിരി വരുമ്പോൾ ഞാൻ രാജാവാകാം. എങ്ങനെയായാലും എനിക്കസ്തിത്വം നല്കുന്നതു് — നീ.

* * *

പ്രിയപ്പെട്ട ല്യൂ, ഞാനിപ്പോൾ തോട്ടത്തിലെ എന്റെ ചെറിയ പുരയ്ക്കുള്ളിലാണ്; ഏറെ നേരത്തെ അശാന്തിയ്ക്കു ശേഷം കിട്ടുന്ന ആദ്യത്തെ സമാധാനപൂർണ്ണമായ നേരമാണിതു്; ലളിതമായ ഈ മുറിയ്ക്കുള്ളിൽ ഓരോന്നും അതാതിന്റെയിടത്തു കുടി പാർക്കുന്നു, ജീവിക്കുന്നു, പകലും രാത്രിയും അതിനു മേൽ പതിക്കാൻ വിട്ടുകൊടുക്കുകയും ചെയ്യുന്നു. അത്രയധികം മഴയ്ക്കു ശേഷം പുറത്തിപ്പോൾ ഒരു വസന്തകാലത്തിന്റെ അപരാഹ്നമാണ്, നാളെ കണ്ടില്ലെന്നു വരാമെങ്കിലും നിത്യതയിൽ നിന്നു വരുന്നതായി ഇപ്പോൾ തോന്നുന്ന ഏതോ വസന്തത്തിന്റെ നേരങ്ങളാണ്: അത്ര സംയമനമാണ്, തിളങ്ങുന്ന വാകയിലകളും കുറ്റിയോക്കുകളുടെ എളിയ ഇലപ്പൊതികളുമിളക്കുന്ന നേർത്ത ഇളംകാറ്റിന്; അത്ര ആത്മവിശ്വാസമാണ്, ഒഴിഞ്ഞൊരിടമുണ്ടെന്നു പറയാനില്ലാത്ത മരങ്ങളിൽ ഇളംചു

വപ്പു നിറമാർന്ന കുഞ്ഞുമൊട്ടുകൾക്കു്; അ ത്രയ്ക്കാണു്, ഒരു പഴയപാലത്തിന്റെ കമാനം ധ്യാനനിരതമായി നോക്കിനില്ക്കുന്ന എന്റെ ഈ പ്രശാന്തസാനുവിലെ ധൂസരവും ഇളംപച്ചനിറവുമായ നാഴ്സിസസ് പൂത്തടത്തിൽ നിന്നു പൊങ്ങുന്ന സൗരഭ്യം. എന്റെ പുരപ്പുറത്തു കെട്ടിക്കിടന്ന മഴവെള്ളത്തിന്റെ അടിമട്ടു ഞാൻ ഊത്തു മാറ്റിക്കളഞ്ഞു, വാടിയ ഓക്കിലകൾ ഒരു വശത്തേക്കു വാരി മാറ്റുകയും ചെയ്തു;

... ഏറെക്കാലത്തിനു ശേഷം ഇതാദ്യമായിട്ടാണു് ഒരല്പം സ്വതന്ത്രനായ പോലെ, ഉല്ലാസവാനായ പോലെ, എന്റെ വീട്ടിലേക്കു നീ കയറിവരുന്ന പോലെ എനിക്കു തോന്നുന്നതും... ആഹ്ളാദം നല്കുന്ന ഈ അനുഭൂതിയും മാഞ്ഞുപോകാനേയുള്ളു: ആരറിഞ്ഞു, എന്റെ പുരപ്പുറത്തു പിന്നെയും വെള്ളം കോരിച്ചൊരിയാനായി അകലെ മലകൾക്കു പിന്നിൽ ഒരു മഴരാത്രി തയാറെടുക്കുകയല്ലെന്നു്, എന്റെ വ

ഴികൾ പിന്നെയും മേഘങ്ങൾ കൊണ്ടു നിറയ്ക്കാൻ ഒരു കൊടുങ്കാറ്റുരുണ്ടുകൂടുകയല്ലെന്ന്.

പക്ഷേ നിനക്കൊരു കത്തെഴുതാതെ ഈ നേരം കടന്നുപോകരുതെന്നു ഞാൻ കരുതി; നിനക്കു കത്തെഴുതാൻ എനിക്കു കഴിയുന്ന, നിനക്കടുത്തേക്കു വരാൻ മാത്രം എന്റെ മനസ്സു ശാന്തവും തല തെളിഞ്ഞതും ഞാൻ ഏകാകിയുമായിരിക്കുന്ന അല്പനിമിഷങ്ങൾ പാഴായിപ്പോകരുതെന്നു ഞാൻ കരുതി; കാരണം അത്രയ്ക്ക്, അത്രയ്ക്കാണെനിക്കു നിന്നോടു പറയാനുള്ളത്. പാരീസിൽ, ഡുറാൻഡ്-റുവേലിൽ വച്ച് കഴിഞ്ഞ കൊല്ലത്തെ വസന്തകാലത്ത് പൗരാണികചിത്രങ്ങളുടെ ഒരു പ്രദർശനം ഉണ്ടായിരുന്നു; ബോസ്ക്കോറിയേലിലെ ഒരു വില്ലായിൽ നിന്നുള്ള ചുമർചിത്രങ്ങൾ... ആ ചിത്രശകലങ്ങളിൽ ഏറ്റവും വലുതും അതിനാൽ അത്ര ലോലമെന്നു തോന്നുന്നതുമായ ഒന്ന് പൂർണ്ണമാ

യും വലിയ ചേതം വരാതെയുമുണ്ടായി രുന്നു. ഗൗരവം നിറഞ്ഞതും പ്രശാന്തവു മായ ഒരു മുഖഭാവത്തോടെ ഒരു സ്ത്രീ ഇ രിക്കുന്നതാണ് അതിൽ ചിത്രീകരിച്ചി രുന്നത്; മന്ത്രിക്കുന്ന പോലെയും ചിന്ത യിൽ മുഴുകിയ പോലെയും സംസാരിക്കു ന്ന ഒരു പുരുഷൻ പറയുന്നത് കേട്ടുകൊ ണ്ടിരിക്കുകയാണവൾ; അയാൾ സംസാരി ക്കുന്നത് അവളോടെന്നപോലെ തന്നോ ടുമാണ്; അസ്തമയനേരത്തെ കടലോര ങ്ങൾ പോലെ കഴിഞ്ഞുപോയ ഭാഗധേ യങ്ങൾ തിളങ്ങുന്ന ഇരുണ്ട ശബ്ദമാണ യാളുടേത്. ഈ മനുഷ്യൻ, എന്റെ ഓർ മ്മ ശരിയാണെങ്കിൽ, അയാളുടെ കൈ കൾ ഒരൂന്നുവടി മേൽ വച്ചിരുന്നു, വിദൂര ദേശങ്ങളിൽ അയാൾ ഒപ്പം കൊണ്ടുപോ യിരിക്കാവുന്ന ആ വടി മേൽ മടക്കിവച്ചി രുന്നു; അയാൾ സംസാരിക്കുമ്പോൾ അ വ വിശ്രമിക്കുകയായിരുന്നു (തങ്ങളുടെ യ ജമാനൻ കഥ പറയാൻ തുടങ്ങുമ്പോൾ, അ

തേറെ നേരം നീണ്ടുനില്ക്കില്ലമെന്നു കാണു മ്പോൾ മയങ്ങാൻ കിടക്കുന്ന നായ്ക്കളെപ്പോ ലെ); എന്നാൽ ഈ മനുഷ്യൻ തന്റെ കഥ യിൽ ഏറെ മുന്നോട്ടു പോയിരിക്കുന്നുവെ ങ്കിലും ഓർമ്മയുടെ എത്രയും വലിയൊ രു വിസ്തൃതി (നിരപ്പായതെങ്കിലും പാത അ പ്രതീക്ഷിതമായി വളവുകളെടുക്കുന്ന ഓർ മ്മയുടെ വിസ്തൃതി) ഇനിയും മുന്നിലുണ്ടെ ന്നു തോന്നിപ്പിച്ചിരുന്നു; പക്ഷേ പ്രഥമദർ ശനത്തിൽ തന്നെ നിങ്ങൾക്കു മനസ്സിലാ കുന്നു, അയാളാണു വന്നതെന്ന്, സ്വസ്ഥ യും പ്രൗഢയുമായ ഈ സ്ത്രീയിലേക്കു യാ ത്ര ചെയ്തു വന്നയാൾ; ഉയരം വച്ച, വീടി ന്റെ ശാന്തി നിറഞ്ഞ ഈ സ്ത്രീയിലേക്കു ക യറിവന്ന അപരിചിതൻ. ആ ആഗമന ത്തിന്റെ ഭാവം അപ്പോഴും അയാളിൽ ശേ ഷിച്ചിരുന്നു, കടലോരത്തൊരു തിരയിലെ ന്നപോലെ, തെളിഞ്ഞുപരന്ന ചില്ലു പോലെ തു പിൻവാങ്ങുകയാണെങ്കില്പോലും; കുറച്ചു കൂടി പക്വത വന്ന ഒരു സഞ്ചാരിക്കു പോ

ല്യം കുടഞ്ഞുകളയാനാവാത്ത ആ തിടുക്കം അയാളിൽ നിന്നപ്പോഴും കൊഴിഞ്ഞുപോയിരുന്നില്ല; അയാളുടെ മനസ്സിന്റെ ഊന്നൽ അപ്പോഴും മാറിവരുന്നതും വിചാരിച്ചിരിക്കാത്തതുമായ സാദ്ധ്യതകളിലായിരുന്നു, അയാളുടെ കൈകളെക്കാൾ ഉത്തേജിതമായ, ഇനിയും ഉറക്കം പിടിക്കാത്ത കാലടികളിലേക്ക് ചോര ഇരച്ചുപായുകയായിരുന്നു. ഇപ്രകാരമാണ് ചലനവും നിശ്ചലതയും ആ ചിത്രത്തിൽ സന്നിവേശിപ്പിച്ചിരുന്നത്; വൈരുദ്ധ്യങ്ങളായിട്ടല്ല, ഒരന്യാപദേശമായി, സാവധാനം മുറി കൂടുന്ന ഒരു വ്രണം പോലെ അന്തിമമായൊരൈക്യമായി... മഹത്തും ലളിതവുമായ ആ ചിത്രം എനിക്കു മേൽ പിടി മുറുക്കിയ രീതി എന്റെ ഓർമ്മയിൽ എന്നുമുണ്ടാവും. അത്രയ്ക്കുതൊരാലേഖനമായിരുന്നു, രണ്ടു രൂപങ്ങളേ അതിലുള്ളുവെന്നതിനാൽ; അത്രയ്ക്കുതർത്ഥവത്തുമായിരുന്നു, ആ രണ്ടു രൂപങ്ങൾ തങ്ങളാൽത്ത

ന്നെ നിറഞ്ഞിരുന്നുവെന്നതിനാൽ, തങ്ങളാൽത്തന്നെ ഭാരിച്ചതായിരുന്നുവെന്നതിനാൽ, നിരുപമമായ ഒരനിവാര്യതയാൽ ഒന്നുചേർന്നിരുന്നുവെന്നതിനാൽ. ആദ്യനിമിഷം തന്നെ ആ ചിത്രത്തിന്റെ സാരം എനിക്കു തെളിഞ്ഞുകിട്ടുകയും ചെയ്തു. തികച്ചും കലുഷമായ ആ പാരീസ്കാലത്ത്, അനുഭവങ്ങൾ ദുഷ്കരവും വേദനാപൂർണ്ണവുമായി വലിയൊരുയരത്തിൽ നിന്നെന്നപോലെ ആത്മാവിൽ വന്നുപതിച്ചുകൊണ്ടിരുന്നപ്പോൾ, ആ മനോഹരചിത്രവുമായുള്ള സംഗമം നിർണ്ണായകമായ ഒരുന്നൽ കൈവരിക്കുകയായിരുന്നു; ആസന്നമായതിനൊക്കെയപ്പുറം, അന്തിമമായതൊന്നിലേക്കു നോക്കാൻ എനിക്കനുമതി കിട്ടിയ പോലെയായിരുന്നു; അത്രയ്ക്കാണ് ആ ചിത്രദർശനം എന്നെ സ്പർശിച്ചതും ദൃഢപ്പെടുത്തിയതും. പിന്നെയാണ് പ്രിയപ്പെട്ട ലൂ, നിനക്കു കത്തെഴുതാനുള്ള ധൈര്യം വന്നുഭവിച്ചതും; എന്തെന്നാൽ എനി

ക്കു തോന്നി, ഏതു പാതയും, അതെത്ര വളഞ്ഞുപുളഞ്ഞതുമായിക്കോട്ടെ, സാർത്ഥകമാകും, ഒരു സ്ത്രീയിലേക്കുള്ള, സ്വസ്ഥതയിലും പക്വതയിലും കുടി കൊള്ളുന്ന, വിപുലയായ, ഗ്രീഷ്മരാത്രി പോലെന്നും — തങ്ങളെത്തന്നെ പേടിക്കുന്ന കുഞ്ഞുശബ്ദങ്ങൾ, വിളികൾ, മണിനാദങ്ങൾ — കേൾക്കാനറിയുന്ന ആ ഒരു സ്ത്രീയിലേക്കുള്ള അന്തിമമായ മടക്കത്തിലൂടെയെന്ന്: പക്ഷേ ല്ല, എനിക്ക്, നിനക്കെങ്ങനെയോ നഷ്ടപ്പെട്ട ഈ മകന്, ഇനി വരാനുള്ള കുറേയേറെക്കാലത്തേക്കാവില്ല, കഥകൾ പറയുന്നവനാവാൻ, സ്വന്തം വഴി ഗണിച്ചെടുക്കുന്നവനാവാൻ, എന്റെ പൊയ്പ്പോയ ഭാഗധേയങ്ങൾ വിവരിക്കുന്നവനാവാൻ; നീ കേൾക്കുന്നത് ഞാൻ ചുവടു വയ്ക്കുന്ന ശബ്ദം മാത്രമാണ്, ഇപ്പോഴുമതു തുടരുകയാണ്, ഇന്നതെന്നറിയാത്ത വഴികളിലൂടതു പിന്മടങ്ങുകയാണ്, ഏതിൽ നിന്നെന്നെനിക്കറിയില്ല, ആർക്കെങ്കിലുമടുത്തേക്കു വരിക

യാണോ അതെന്നുമെനിക്കറിയില്ല. എന്റെ നാവ്, ഒരിക്കലതൊരു വൻപുഴയായിക്കഴിഞ്ഞാൽ നിന്നിലേക്ക്, നിന്റെ കേൾവിയിലേക്ക്, നിന്റെ തുറന്ന ഗഹനതകളുടെ നിശബ്ദതയിലേക്കൊഴുകേണമെന്നേയെനിക്കുള്ളൂ — അതാണെന്റെ പ്രാർത്ഥന; പ്രബലമായ ഓരോ നേരത്തോടും, സംരക്ഷിക്കുകയും സർവതും പ്രദാനം ചെയ്യുകയും ചെയ്യുന്ന ഓരോ ഉത്കണ്ഠയോടും അഭിലാഷത്തോടും ആഹ്ളാദത്തോടും ആ പ്രാർത്ഥന ഞാൻ ആവർത്തിക്കുന്നു. ഇപ്പോൾപ്പോലും അപ്രധാനമാണെന്റെ ജീവിതമെങ്കിലും, കളകൾ കോയ്മ നേടിയ, പരിപാലനമില്ലാത്ത തൈകൾക്കിടയിൽ കിളികൾ കൊത്തിപ്പെറുക്കുന്ന ഉഴാത്ത പാടം പോലെയാണതെന്നു പലപ്പോഴും പലപ്പോഴുമെനിക്കു തോന്നാറുണ്ടെങ്കിലും — നിന്നോടു പറയാനാവുമ്പോഴേ എനിക്കതുള്ളൂ, നീയതു കേൾക്കുമ്പോഴേ എനിക്കതുള്ളൂ!

★ ★ ★

മാപ്പു തരൂ! എന്നു ഞാൻ പറയേണ്ട തില്ല. എന്തെന്നാൽ എന്റെ ഓരോ മൗന ത്തിലും നിന്നോടു ഞാൻ അതു തന്നെയാ ണു ചോദിക്കുന്നത്. മറക്കൂ! എന്നു ഞാൻ പ റയേണ്ടതില്ല. എന്തെന്നാൽ നാണക്കേ ടോടെ നിന്നിൽ നിന്നു പാഞ്ഞൊളിക്കാൻ ഞാൻ ശ്രമിച്ച ഈ സമയവും നമുക്കോർ മ്മയിൽ വയ്ക്കാൻ ആഗ്രഹമുണ്ട്. എന്റെ അ ന്ധമായ ആ പലായനത്തിൽ ഞാൻ ഓടി വന്നതു് നിന്റെ നേർക്കുമായിരുന്നല്ലോ. വി ശ്വസിക്കൂ! എന്നു പറയാനും എനിക്കാഗ്ര ഹമില്ല. എന്തെന്നാൽ ദീർഘമായ ഒരക ല്ച്ചയ്ക്കും അവിശ്വാസത്തിന്റേതായ ഒരടു പ്പത്തിനുമൊടുവിൽ (അതു് നമ്മുടെ അ വസാനത്തെ വേർപെടലായിരുന്നു, എ ന്റെ അവസാനത്തെ അത്യാഹിതവും) പ വിത്രമായ ഈ നവപ്രഭാതങ്ങളിൽ വ ച്ചു നാം പരസ്പരം തിരിച്ചറിഞ്ഞു, ആശി

സ്സുകളർപ്പിച്ച ഭാഷ ഇതാണെന്നെനിക്കറിയാം.

# 7

## വിത്താലി ഉണർന്നു

വിത്താലി ഉണർന്നു. താൻ എന്തെങ്കിലും സ്വപ്നം കണ്ടിരുന്നോയെന്ന് അവനോർമ്മയുണ്ടായില്ല. എന്നാൽ ഒരടക്കം പറച്ചിലാണ് തന്നെ ഉണർത്തിയതെന്ന് അവനറിയാം. അവന്റെ നോട്ടം നേരേ ക്ലോക്കിലേക്കു പോയി: മണി നാലു കഴിഞ്ഞിരിക്കുന്നു. മുറിക്കുള്ളിലെ പാതിയിരുട്ടിലേ



Félix Vallotton (1865–1925): Sur le balcon (1905) (Courtesy: Wikimedia).

ക്ക് വെളിച്ചം ക്രമേണ കയറിവരികയാണ്. അവൻ എഴുന്നേറ്റ് ജനാലയ്ക്കടുത്തേക്കു നടന്നു; ആ വെളുത്ത കമ്പിളിക്കുപ്പായത്തിൽ അവനെ കാണാൻ ഒരു യുവസന്ന്യാസിയെപ്പോലുണ്ടായിരുന്നു. അവനു മുന്നിൽ ആ ചെറിയ ഉദ്യാനം നിശ്ശബ്ദവും നിർജ്ജനവുമായി കിടന്നിരുന്നു. രാത്രിയിൽ മഴ പെയ്തിട്ടുണ്ടാവണം. ഇല കൊഴിഞ്ഞ കറുത്ത മരക്കൊമ്പുകൾക്കിടയിലൂടെ ഇരുണ്ട നിലം കാണാനുണ്ടായിരുന്നു; അതു കനത്തുവീർത്തിരുന്നു, പിൻവാങ്ങുന്ന രാത്രി മാനത്തേക്കുയരുന്നതിനു പകരം അതിലേക്കു കിനിഞ്ഞിറങ്ങിയപോലെ.

മേഘങ്ങളിൽ പൂണ്ടുകിടന്ന പരിത്യക്തമായ കുന്നുകളിൽ കാറ്റുകൾ തിക്കു കൂട്ടിയിരുന്നു. കണ്ണുകൾ ലക്ഷ്യഹീനമായി മേഘങ്ങൾക്കിടയിൽ അലയുമ്പോൾത്തന്നെ ആ അടക്കം പറച്ചിൽ വിത്താലി പിന്നെയും കേട്ടു; ദൂരെയെങ്ങോയിരുന്നു സൂര്യോദ

യത്തെ വാഴ്ത്തുന്ന, നേരത്തേയുണർന്ന വാന മ്പാടികളാണതെന്ന് അപ്പോഴാണവനു മ നസ്സിലായത്. അവയുടെ ശബ്ദങ്ങൾ എ വിടെയുമുണ്ടായിരുന്നു, അടുത്തും അകല ത്തും; ചൂടു പിടിച്ചു വരുന്ന വായുവിൽ പ തുക്കെ അലിഞ്ഞിറങ്ങുന്നപോലെ; അതി നാൽ കാതു കൊണ്ടു കേൾക്കുകയല്ല, ഉ ള്ളു കൊണ്ടറിയുകയാണെന്നപോലെ. പെ ട്ടെന്നവനു ബോദ്ധ്യമായി, ശബ്ദങ്ങൾ നിറ ഞ്ഞ ഈ നേരത്തെ ഒരു പേരെടുത്തും വി ളിക്കാനാവില്ലെന്നും ഒരു ഘടികാരത്തി ലും അതു വായിക്കാനാവില്ലെന്നും. പ്രഭാ തമായിട്ടില്ലെന്നും രാത്രി കഴിഞ്ഞിരിക്കു ന്നുവെന്നും. ഈ തോന്നലുമായി ഉദ്യാന ത്തിനു പിന്നിലുള്ള ജനാലയ്ക്കലേക്ക് അ വൻ അടുത്തുചെന്നു. ഇപ്പോൾ അതിന്റെ മു ഖം തനിക്കൊന്നുകൂടി വ്യക്തമാകുന്നുണ്ടെ ന്ന് അവനു തോന്നി. മുമ്പ് തന്റെ ശ്രദ്ധ യിൽ വരാത്തതൊന്നിൽ അവന്റെ നോ ട്ടം ചെന്നുതങ്ങി: വളർന്നുമുറ്റിയ ഒരു കുറ്റി

ച്ചെടിയുടെ ചില്ലകളിൽ ചെറിയ കിളിക ളെപ്പോലെ വലിയ മൊട്ടുകൾ കാത്തിരി ക്കുന്നു. അവിടെയെങ്ങും ക്ഷമയും പ്രതീ ക്ഷയുമാണ്. മരങ്ങളും പുതിയതായെന്തി നോ ഒരുക്കിയിട്ട പോലത്തെ വട്ടത്തിലു ള്ള കൊച്ചുപൂത്തടങ്ങളും ആകാശത്തു നി ന്ന് പകൽ ഇറങ്ങിവരാൻ കാത്തുകിട ക്കുകയാണ്; നന്നായി വെയിൽ തെളി ഞ്ഞ ഒരു പകൽ അവ പ്രതീക്ഷിക്കുന്നു മില്ല; പ്രകൃതിയിലെ സർവ്വതും കൈക്കു മ്പിളുകളായി സ്വീകരിക്കാൻ കാത്തുനി ല്ക്കേ വീണു മുറിപ്പെടാതെ മഴയ്ക്കിറങ്ങിവ രാവുന്ന ദിവസം. എത്ര ഹൃദയസ്പർശിയാ ണ്, ഈ കൊച്ചുപൂന്തോട്ടത്തിന്റെ ക്ഷമ. പ ക്ഷേ വിത്താലി പൂന്തോട്ടത്തിലേക്കു നോ ക്കി ഉറക്കെപ്പറഞ്ഞു: ഇതൊരു ഗോത്തി ക് ജനാലയിലൂടെ നോക്കുന്നപോലെയു ണ്ട്. പിന്നെയവൻ സാവധാനം തന്റെ കി ടക്കയിലേക്കു തിരിച്ചുനടന്നു. അനുസരണ യോടെ അവൻ ഉറക്കത്തെ കൈക്കൊ

ണ്ടു. പുറത്ത് ഗംഭീരമായ ഒരു മഴ പെയ്തു തുടങ്ങുന്നതും പിന്നെ ഇരച്ചിറങ്ങുന്നതും അവൻ കേൾക്കാതിരുന്നുമില്ല.

(1900)

# 8

# പ്രഭാതത്തിൽ ചൊല്ലേണ്ട പ്രാർത്ഥന

പണിയെടുക്കേണ്ട നാളുകളിൽ നിങ്ങളുടെ കടമകളിലേക്കു സന്തോഷത്തോടെ



Egon Schiele (1890–1918): Herbstsonne und Bäume (1912) (Courtesy: Wikimedia).

യുണരുക, നിങ്ങൾക്കു കഴിയുമെങ്കിൽ. കഴിയുന്നില്ലെന്നാണെങ്കിൽ, എന്താണ് നിങ്ങൾക്കു തടസ്സമാകുന്നതെന്നു പറയൂ. കനത്തതെന്തെങ്കിലും, ദുഷ്കരമായതെന്തെങ്കിലും നിങ്ങളുടെ വഴി മുടക്കുന്നുണ്ടോ? കനത്തതും ദുഷ്കരവുമായതിനോടു നിങ്ങൾക്കുള്ള വിരോധത്തിനു കാരണമെന്താണെന്നു പറയൂ. നിങ്ങളെയതു കൊല്ലുമെന്നോ? അതു ശരി, അപ്പോൾ അത് ശക്തവും തടുക്കരുതാത്തതുമാണ്, അത്രയും നിങ്ങൾക്കറിയാം. എളുപ്പമായതിനെക്കുറിച്ചു നിങ്ങൾക്കെന്തറിയാമെന്നുകൂടി പറയൂ. ഒന്നുമില്ല? എളുപ്പമായതിനെക്കുറിച്ച് നമുക്ക് ഒരോർമ്മയുമില്ല. എങ്കിൽ, തിരഞ്ഞെടുക്കാനുള്ള അവകാശം നിങ്ങൾക്കുണ്ടായിരുന്നെങ്കിൽ, നിങ്ങൾ ശരിക്കും തിരഞ്ഞെടുക്കുക ദുഷ്കരമായതല്ലേ? നിങ്ങളുടെ സ്നേഹങ്ങളിലെല്ലാം ഒപ്പമുണ്ടായിരുന്നതിനാൽ അതിനോടുള്ള ബന്ധുത്വം നിങ്ങൾക്കറി

യാവുന്നതല്ലേ? അതല്ലേ, യഥാർത്ഥത്തിൽ നിങ്ങളുടെ വസതി?

അതിനെ തിരഞ്ഞെടുക്കുമ്പോൾ പ്രകൃതിയോടു പൊരുത്തപ്പെടുകയുമല്ലേ നിങ്ങൾ? വിത്തിനു മണ്ണിൽ കിടക്കുകയല്ലേ പ്രിയം? ദേശാടനക്കിളികൾക്കു വഴി ദുഷ്കരമല്ലേ, കാട്ടുമൃഗങ്ങൾ സ്വയം പ്രതിരോധിക്കുകയുമല്ലേ?

നോക്കൂ: എളുപ്പമുള്ളത്, പ്രയാസമുള്ളത് ആ വകയൊന്നുമില്ല. ദുഷ്കരമായിട്ടെന്തെങ്കിലുമുണ്ടെങ്കിൽ അത് ജീവിതം തന്നെയാണ്. നിങ്ങൾക്കു ജീവിക്കണമെന്നുണ്ട്, ഇല്ലേ? അപ്പോൾ, ദുഷ്കരമായതിനെ കടമ എന്നു വിളിച്ചാൽ അതു തെറ്റാണ്. അതിജീവനത്തിനുള്ള വാസന നിങ്ങളെ അതിലേക്കു തള്ളിവിടുകയാണ്. എങ്കിൽ നിങ്ങളുടെ കടമ എന്നു പറയുന്നതെന്താണ്? ദുഷ്കരമായതിനെ സ്നേഹിക്കുക — അതാണ് നിങ്ങളുടെ കടമ. ആ ഭാരം നിങ്ങൾ ചുമക്കുന്നു എന്നു പറഞ്ഞാൽ

അതു വേണ്ടവിധമായിട്ടില്ല; നിങ്ങളതിനെ തൊട്ടിലാട്ടണം, പാടിയുറക്കണം, അതിനാവശ്യം വരുമ്പോൾ നിങ്ങൾ വിളിപ്പുറത്തുണ്ടാവണം, അതിനേതു നിമിഷവും നിങ്ങളെ ആവശ്യം വന്നുവെന്നും വരാം.

സഹായിക്കാൻ നിങ്ങൾ എപ്പോഴും തയാറായിരിക്കണം, അതിനോടു സൗമ്യമായും ദയവോടെയും പെരുമാറണം, ഒരു കുഞ്ഞിനെയെന്നപോലെ ആ ദുഷ്കരകൃത്യത്തെ നിങ്ങൾ ലാളന കൊണ്ടു മൂടണം; നിങ്ങളില്ലാതെ അതിനു ജീവിക്കാൻ പറ്റില്ലെന്നു വരട്ടെ, നിങ്ങളാണ് അതിനാശ്രയമെന്നു വരട്ടെ.

ആ ഒരവസ്ഥയിലേക്ക് അതിനെ നിങ്ങളെത്തിച്ചാൽ പിന്നെ മറ്റൊരാൾ വന്ന് അതിനെ നിങ്ങളുടെ കൈയിൽ നിന്നു വാങ്ങുന്നതു് നിങ്ങൾക്കിഷ്ടമാകാതെവരും.

അത്രത്തോളം നിങ്ങളെത്തുന്നതു് സ്നേഹത്തിലൂടെയുമാണ്. സ്നേഹിക്കുക എന്ന

തു് ദുഷ്കരമാണ്. ഒരാൾ നിങ്ങളെ സ്നേഹിക്കാൻ ക്ഷണിക്കുമ്പോൾ വളരെ വലിയൊരു ദൗത്യമാണ് അയാൾ നിങ്ങളെ ഏല്പിക്കുന്നതു്; എന്നുവച്ച് അതു് അസാദ്ധ്യമാണെന്നുമല്ല. എന്തെന്നാൽ, മറ്റൊരാളെ സ്നേഹിക്കാനല്ല അയാൾ നിങ്ങളെ ക്ഷണിക്കുന്നതു്, അതു് തുടക്കക്കാർക്കു പറഞ്ഞിട്ടുള്ളതല്ല; ദൈവത്തെ സ്നേഹിക്കാനുമല്ല ആവശ്യപ്പെടുന്നതു്, മനഃപാകം വന്നവർക്കേ അതു കഴിയൂ. അയാൾ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതു് നിങ്ങൾക്കു ദുഷ്കരമായതിലേക്കാണ്, നിങ്ങൾക്കേറ്റവും ആവശ്യമുള്ളതിലേക്കും ഒപ്പം സാഫല്യം നല്കുന്നതിലേക്കുമാണ്. നോക്കൂ, എളുപ്പമുള്ളതിന് നിങ്ങളിൽ നിന്നൊന്നും വേണ്ട; എന്നാൽ ദുഷ്കരമായതു് നിങ്ങളെ കാത്തുനില്ക്കുന്നു; നിങ്ങളിലുള്ള ഒരു കരുത്തും അതിനാവശ്യമില്ലാത്തതായിട്ടുണ്ടാവില്ല; നിങ്ങളുടെ ജീവിതം എത്ര ദീർഘിച്ചാലും അതിൽ ഒരു നാളു പോലും എളുപ്പമുള്ളതിനു (അതിനു നി

ങ്ങളുടെ കരുത്തിനെ പുച്ഛവുമാണ്) മാറ്റിവ യ്ക്കാനുണ്ടാവില്ല.


നിങ്ങളുടെ ഉള്ളിന്റെ ഉള്ളിലേക്കിറങ്ങി ദുഷ്കരമായതിനെ അവിടെ പണിതെടുക്കുക. കടലിന്റെ ഏറ്റിറക്കങ്ങൾക്കൊപ്പം ഭേദപ്പെടുന്ന കരയാണു നിങ്ങളെങ്കിൽ നിങ്ങൾക്കുള്ളിൽ അതൊരു വീടാകട്ടെ. നിങ്ങൾ ഒരു നക്ഷത്രവുമല്ലെന്നോർക്കുക, നിങ്ങൾക്കൊരു യാത്രാപഥമില്ലെന്നും. നിങ്ങൾ നിങ്ങളിലടങ്ങിയ ഒരു ലോകമായിരിക്കണം; ആ ദുഷ്കരമായ കാര്യം നിങ്ങളുടെ കേന്ദ്രബിന്ദുവിലുമുണ്ടാവണം, നിങ്ങളെ അതിലേക്കു വലിച്ചെടുത്തുകൊണ്ട്. പിന്നെയൊരുനാൾ, അതിന്റെ ഭാരവും അതിന്റെ ഗുരുത്വാകർഷണവും നിങ്ങൾക്കുമപ്പുറത്തുള്ളതുകളിൽ അതിന്റെ സ്വാധീനം ചെലുത്തും, ഒരു വിധിയിൽ, ഒരു വ്യക്തിയിൽ, ദൈവത്തിൽ. പിന്നെ, എല്ലാം സജ്ജമാവുമ്പോൾ, നിങ്ങളുടെയാ ദുഷ്കരമായ കാര്യത്തിലേക്കു ദൈവം കടന്നുവരും. അവ

നം നിങ്ങൾക്കും തമ്മിൽ കാണാൻ അതല്ലാതെ മറ്റൊരിടമുള്ളതായി നിങ്ങൾക്കറിയാമോ? (1905)

# 9

## ചിത്രപുസ്തകം

ചിത്രങ്ങളുടെ പുസ്തകമെന്നോ പ്രതിബിംബങ്ങളുടെ പുസ്തകമെന്നോ പരിഭാഷപ്പെടുത്താവുന്ന Dasuch der Bilder എന്ന സമാഹാരത്തിലെ കവിതകൾ 1899 മുതൽ 1906 വരെ എഴുതിയതാണ്. റിൽക്കേയുടെ മറ്റു പുസ്തകങ്ങളിലെപ്പോലെ സമാനസ്വഭാവമുള്ളതല്ല ഇതിലെ കവിതകൾ. പുസ്ത



Werner Rataiczyk: Felsiges Ufer (1961) (Courtesy: Wikimedia).

കമാകെ വ്യാപിച്ചുകിടക്കുന്ന ഒരു ദർശനമോ രൂപമോ ഇതിലില്ല. ഒന്നിനൊന്നു ഭിന്നമായ രചനകളാണിവ. അതിനൊരു കാരണം റിൽക്കേയുടെ കാവ്യജീവിതത്തിലെ സംക്രമണദശയായിരുന്നു ഇവയുടെ രചനാകാലം എന്നതായിരിക്കാം. എന്നാൽക്കൂടി അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ പല കവിതകളും ഇതിലുണ്ട്. “റിൽക്കേയുടേത്” എന്ന് ഒരു കവിതയെ അടയാളപ്പെടുത്തുന്നതെല്ലാം ഈ കവിതകളിലുണ്ട്: ഓർമ്മയും ബാല്യവും തിരിഞ്ഞുനോട്ടവും, രാത്രിയും അതിന്റെ വൈപുല്യവും, മനുഷ്യരുടെ പരസ്പരവിയോഗം, വിദൂരവും പ്രതീക്ഷകൾ ഉള്ളിലടക്കിയതുമായ ഭൂഭാഗങ്ങൾ, ഇരുട്ടും മൗനവും നിറഞ്ഞ മുറികൾ, ഇതിനൊക്കെയുപരി ഏകാന്തത.

## പ്രവേശം

നിങ്ങൾ ഏതൊരാളാകട്ടെ:
പരിചിതങ്ങൾ നിറഞ്ഞ സ്വന്തം മുറിയിൽ
    നിന്ന്
സായാഹ്നത്തിൽ പുറത്തേക്കിറങ്ങുക;
നിങ്ങളുടെ വീടു കഴിഞ്ഞാൽ
    വിദൂരതയായെന്നറിയുക:
നിങ്ങൾ ഏതൊരാളാകട്ടെ.
ഒന്നു പിടയാൻ പോലും ശേഷിയില്ലാതെ
കാഴ്ചകൾ കണ്ടു കഴച്ച കണ്ണുകളാൽ
ഒരിരുണ്ട മരം പതിയെ പിഴുതെടുക്കുക;
ആകാശത്തിനെതിരിൽ അതിനെ
    നാട്ടുക:
മെലിഞ്ഞും നിഴലടഞ്ഞും ഒറ്റയ്ക്കതവിടെ
    നില്ക്കട്ടെ.
നിങ്ങൾ ലോകം സൃഷ്ടിച്ചുകഴിഞ്ഞു.
വിപുലമാണതു്,
മൗനത്തിൽ തഴയ്ക്കുന്ന വാക്കു
    പോലെയാണതു്.
പിന്നെ,
നിങ്ങളുടെ മനസ്സതിന്റെ

പൊരുളറിഞ്ഞതില്പിന്നെ,
കണ്ണുകളതിന്റെ പിടി വിടട്ടെ,
സാവധാനം…

## കാവൽമാലാഖ

രാത്രിയിൽ ഞാൻ കരഞ്ഞുവിളിച്ചപ്പോൾ
ചിറകടിച്ചെത്തിയ പറവ നീ.
കൈകൾ കൊണ്ടേ ഞാൻ വിളിച്ചുള്ളു,
ഒരായിരം രാത്രികളാഴത്തിലൊരു
    കയമായിരുന്നല്ലോ നിന്റെ നാമം.
ഞാൻ സ്വസ്ഥം കിടന്നുറങ്ങിയ
    തണലായിരുന്നു നീ,
എന്റെയോരോ സ്വപ്നത്തിലും മുളയെടുത്ത
    ബീജം നീ.
നീ ചിത്രം, എന്നാൽ ഞാൻ നിന്റെ ചട്ടം:
തിളക്കത്തിൽ നിന്നെ
    നിവർത്തിനിർത്തുന്നതു
    ഞാനാണല്ലോ.

നിന്നെ ഞാനെന്തു വിളിക്കും?
എന്റെ ചുണ്ടുകൾ മുടന്തുന്നു, നോക്കൂ.
ഇരച്ചിറങ്ങുന്ന തുടക്കം നീ,
നിന്റെ സൗന്ദര്യത്തെ
    കാതരമായുപസംഹരിക്കുന്ന
സാവധാനവും ഭയഭീതവുമായ ഒരാമേൻ

ഞാൻ.

ഇരുളടഞ്ഞ വിശ്രമത്തിൽ നിന്നു
പലപ്പോഴും നീയെന്നെ തട്ടിമാറ്റി,
ഉറക്കമെനിക്കൊരു ശവക്കുഴി
പോലായപ്പോൾ,
പലായനവും കപ്പൽച്ചേതവുമായപ്പോൾ-
ഹൃദയാന്ധകാരത്തിൽ നിന്നന്നു
നീയെന്നെയെഴുന്നേല്പിച്ചു,
രക്തപതാകകൾ പോലെ, തോരണങ്ങൾ
പോലെ
സർവ്വമേടകളിലുമെന്നെയുയർത്താൻ നീ
ശ്രമിച്ചു.

ദിവ്യാത്ഭുതങ്ങൾ പുതുമയല്ലാത്തവനേ,
ഈണങ്ങളും
പനിനീർപ്പൂക്കളുമാണവരെന്ന പോലെ
ആണിനെയും പെണ്ണിനെയും കുറിച്ചു
പറയുന്നവനേ,
കൺമുന്നിൽ ജ്വലിക്കുന്ന സംഭവങ്ങൾ
കണ്ടുനിന്നവനേ, ധന്യനേ,
എന്നാണു നീയവന്റെ പേരുച്ചരിക്കുക,

അവന്റെയേഴാം നാളിന്റെ
    പ്രതാപശകലങ്ങൾ
ചിറകടികളിലിന്നും പേറുന്നവനേ...
ഞാനതു ചോദിക്കയും വേണമോ?

## ബാലൻ

എനിക്കു മോഹം,
രാത്രിയിൽ മെരുങ്ങാത്ത കുതിരകൾക്കു
മേൽ
ചവിട്ടിക്കുതിച്ചുപോകുന്നവരിലൊരാളാവാൻ;
അനുധാവനത്തിന്റെ പ്രചണ്ഡവാതത്തിൽ
അഴിച്ചിട്ട മുടി പോലെ പന്തങ്ങൾ
പിന്നിലേക്കെറിയും.
എനിക്കു മോഹം,
അണിയത്തെന്ന പോലെ മുന്നണിയിൽ
നിവർന്നുനില്ക്കാൻ,
പതാക പോലെ വിപുലമായി
ചുരുളഴിഞ്ഞു പാറാൻ.
ഇരുണ്ടതെങ്കിലും പൊന്നു കൊണ്ടൊരു
ശിരോകവചമെനിക്കുണ്ടാവും,
ഇടതടവില്ലാതതു തിളങ്ങുന്നുമുണ്ടാവും.
എനിക്കു പിന്നിലും പത്തു പേരണിയിട്ടു
നില്പുണ്ടാവും,
എന്നെപ്പോലെ തന്നെയിരുണ്ടവർ,
എന്നെപ്പോലവർക്കുമുണ്ടാവും
ശിരോകവചങ്ങൾ,

ചിലനേരം സ്ഫടികം പോലെ
    തിളങ്ങുന്നവ,
ചിലനേരമിരുണ്ടതും പഴകിയതും
    അന്ധവുമായവ.

എനിക്കരികിലൊരാൾ
    കാഹളമെടുത്തൂതുമ്പോൾ
ഞങ്ങൾക്കു മുന്നിൽ വിപുലമായ
    തുറസ്സുകൾ തുറക്കും,
ഇരുണ്ടൊരേകാന്തതയിലൂടൊരു
    നിമിഷസ്വപ്നം പോലെ ഞങ്ങൾ
    പായും:
വീടുകൾ ഞങ്ങൾക്കു പിന്നിൽ
    മുട്ടുകാലിൽ വീഴും,
ഇടവഴികളും തെരുവുകളുമിഴഞ്ഞു
    പിൻവലിയും,
കവലകൾ കുതറിമാറാൻ നോക്കും:
    വിടില്ല ഞങ്ങളവയെ;
പെരുമഴ പോലെ ഞങ്ങളുടെ
    കുതിരകളിരച്ചിറങ്ങും.

## ഉറങ്ങും മുമ്പു ചൊല്ലേണ്ടത്

എനിക്കു മോഹം, ഒരാളെ
 പാടിയുറക്കാൻ,
ഒരാൾക്കരികിലിരിക്കാൻ, ഒപ്പമിരിക്കാൻ.
എനിക്കു മോഹം, താരാട്ടു പാടി
 നിന്നെയുറക്കാൻ,
ഉറക്കത്തിലേക്കു നിന്നോടൊപ്പം
 പോയിവരാൻ.
എനിക്കു മോഹം, രാത്രിക്കു
 തണുപ്പായിരുന്നുവെന്നു
വീട്ടിലറിയുന്നൊരാൾ ഞാൻ
 മാത്രമാകാൻ.
എനിക്കു മോഹം, ഏതനക്കത്തിനും
 കാതോർക്കാൻ:
നിന്റെ, കാടിന്റെ, ലോകത്തിന്റെ.

ഘടികാരങ്ങളന്യോന്യം മണി മുട്ടി
 വിളിക്കുന്നു,
കാലത്തിന്നതിർവരമ്പു വരെയ്ക്കും
 നിങ്ങൾക്കു കാണാമെന്നാകുന്നു.
വീടിനു പുറത്താരോ ഒരാൾ

നടന്നുപോകുന്നു,
ഏതോ ഒരു നായ ഉറക്കം ഞെട്ടി
കുരയ്ക്കുന്നതു കേൾക്കുന്നു;
അതില്പിന്നെ സർവ്വതും നിശ്ശബ്ദമാകുന്നു.
എന്റെ വിടർന്ന കണ്ണുകൾ നിന്റെ മേൽ
തങ്ങുന്നു,
മൃദുമൃദുവായവ നിന്നെ താങ്ങിയെടുക്കുന്നു,
ഇരുട്ടത്തെന്തോ അനക്കം വയ്ക്കുമ്പോൾ
അവ നിന്നെ താഴെ വയ്ക്കുന്നു.

## രാത്രിയിൽ മനുഷ്യർ

രാത്രികൾ ആൾക്കൂട്ടങ്ങൾക്കു
പറഞ്ഞിട്ടുള്ളതല്ല.
രാത്രി നിങ്ങളെ നിങ്ങളുടെ
അയല്ക്കാരനിൽ നിന്നു വിച്ഛേദിക്കുന്നു,
നിങ്ങളൊരു വിധത്തിലും അയാളെ
തേടിപ്പിടിക്കുകയുമരുത്.
രാത്രിയിൽ സ്വന്തം മുറിയിൽ നിങ്ങൾ
വിളക്കു കത്തിക്കുന്നുവെങ്കിൽ,
മനുഷ്യരെ അവരുടെ മുഖത്തു
നോക്കാനാണതെങ്കിൽ,
നിങ്ങൾ നിങ്ങളോടു തന്നെ ഒന്നു
ചോദിക്കൂ: ആരുടെ?

മുഖത്തൊലിച്ചിറങ്ങുന്ന വെളിച്ചത്തിൽ
മനുഷ്യർ വല്ലാതെ വക്രിച്ചിരിക്കുന്നു,
രാത്രിയിൽ അവർ ഉന്നുകൂടുമ്പോൾ
നിങ്ങൾക്കു കാണാം,
തോന്നിയ പോലെ വാരിക്കൂട്ടിയിട്ടൊരു
ലോകം.
അവരുടെ നെറ്റിത്തടങ്ങളിലെ

    മഞ്ഞത്തിളക്കം
സകല ചിന്തകളേയും
    ആട്ടിയോടിച്ചിരിക്കുന്നു;
അവരുടെ കണ്ണുകളിൽ മദിരയുടെ
    നാളങ്ങൾ തിളങ്ങുന്നു,
സംസാരിക്കുമ്പോൾ പരസ്പരം
    മനസ്സിലാക്കാൻ
കൈകളുടെ കനം തൂങ്ങുന്ന ചേഷ്ടകൾ
    അവർക്കു വേണം.
'ഞാൻ' 'ഞാൻ' എന്നവർ പറയുന്നു,
ആരെന്നവർക്കൊട്ടറിയുകയുമില്ല.

## അയല്ക്കാരൻ

ഞാനറിയാത്ത വയലിൻ,
നീയെന്തിനെന്റെ പിന്നാലെ കൂടുന്നു?
എത്രയെത്ര വിദൂരനഗരങ്ങളിൽ
നിന്റെയേകാന്തരാത്രി
എന്റെയേകാന്തരാത്രിയോടു സംസാരിച്ചു?
നിന്നെ മീട്ടുന്നതു നൂറു പേരോ,
അതോ, ഒരേയൊരാളോ?

ഏതു മഹാനഗരങ്ങളിലുമുണ്ടായിരിക്കുമോ,
നീയില്ലായിരുന്നുവെങ്കിൽ
പണ്ടേ പുഴകളിൽ ജീവിതം
ഹോമിക്കുമായിരുന്നവർ?
എന്തുകൊണ്ടാണിതെപ്പോഴുമെന്നെ
മഥിക്കുന്നതും?

എനിക്കു കിട്ടുന്ന അയല്ക്കാരെന്തേ,
എന്നുമിങ്ങനെയാവാൻ?
പേടി കൊണ്ടു നിന്നെ പീഡിപ്പിച്ചു
പാടിക്കുകയാണവർ,
നിന്നെക്കൊണ്ടുറക്കെപ്പറയി
ക്കുകയാണവർ:

ഏതിലും ഭാരമേറിയതാണ്
ജിവിതത്തിന്റെ ഭാരം.

## ഏകാന്തത

ഏകാന്തത മഴ പോലെയാണ്.
സന്ധ്യയാകുമ്പോഴത് കടലിൽ
നിന്നുയരുന്നു;
അതിവിദൂരസമതലങ്ങളിൽ
നിന്നതാകാശത്തേക്കു പോകുന്നു
(ആകാശത്തിനതെന്നും
സ്വന്തവുമായിരുന്നു).
പിന്നെയാണതകാശത്തു നിന്നു
നഗരത്തിനു മേൽ പെയ്യുക.

ഒരന്തരാളനേരത്തു മഴ പെയ്തിറങ്ങുന്നു:
ആ നേരത്താണ് വക്രിച്ച തെരുവുകൾ
ഉറക്കമുണരുക,
തേടിയതു കണ്ടെത്താതെ പോയ
ഉടലുകൾ
വിഷാദികളും ഹതാശരുമായി
അന്യോന്യം പിരിയുക,
തമ്മിൽത്തമ്മിൽ വെറുക്കുന്ന രണ്ടു പേർ
ഒരേ കിടക്ക പങ്കിടേണ്ടതും:

പിന്നെ, ഏകാന്തത പുഴയായൊഴുകുന്നു...

## ശരല്ക്കാലദിവസം

പ്രഭോ, നേരമായിരിക്കുന്നു.
ഗ്രീഷ്മമതിവിപുലമായിരുന്നു.
ഇനി നിന്റെ നിഴലുകളാൽ
സൂര്യഘടികാരങ്ങളെ മൂടുക,
പുൽമേടുകളിൽ കാറ്റുകളെ കെട്ടഴിച്ചു
വിടുക.

ശേഷിച്ച കനികളോടു വിളയുകയെന്നു
കല്പിക്കുക;
തെളിഞ്ഞ രണ്ടു നാളുകൾ
കൂടിയവയ്ക്കനുവദിക്കുക,
സാഫല്യത്തിലേക്കവയെ
തിടുക്കപ്പെടുത്തുക,
കൊഴുത്ത വീഞ്ഞിലന്തിമമാധുര്യം
പിഴിഞ്ഞൊഴിക്കുക.

ഇന്നു വീടില്ലാത്തവനിനിയൊരുനാളും
വീടു വയ്ക്കില്ല.
ഇന്നൊറ്റയ്ക്കായവനിനിയെന്നെന്നും
ഒറ്റയ്ക്കായിരിക്കും,
രാത്രി വൈകിയുമവനിരിക്കും, വായിക്കും,

നീണ്ട കത്തുകളെഴുതും,
മരങ്ങൾ വളരുന്ന
തെരുവുകളിലലഞ്ഞലഞ്ഞു നടക്കും,
പഴക്കിലകളപ്പോൾ കാറ്റത്തു
പാറിവീഴുകയുമാവും.

## ഓർമ്മ

നിങ്ങൾ കാത്തിരിക്കുന്നു,
അതൊന്നിനായി കാത്തിരിക്കുന്നു,
നിങ്ങളുടെ ജീവിതത്തെ അനന്തമായി
പ്രവൃദ്ധമാക്കുന്നതൊന്നിനായി;
പ്രബലവും അത്യത്ഭുതകരവുമായത്,
നിദ്രാണശിലകളുടെ ജാഗരണം,
നിങ്ങളുടെ നേർക്കു തിരിഞ്ഞ
ഗർത്തങ്ങൾ.

തവിട്ടുനിറച്ചട്ടകളിൽ
സ്വർണ്ണലിപികളിലെഴുതിയ
പുസ്തകങ്ങൾ
അലമാരകൾക്കുള്ളിൽ
മങ്ങിമങ്ങിത്തെളിയുന്നു;
നിങ്ങളപ്പോൾ താനലഞ്ഞ ദേശങ്ങൾ
ഓർത്തുപോകുന്നു,
ചിത്രങ്ങൾ നിങ്ങളോർക്കുന്നു,
ഒരുകാലത്തു നിങ്ങൾ കീഴടക്കിയ,
പിന്നെ കൈവിട്ടുപോയ സ്ത്രീകളുടെ
മിനുങ്ങുന്ന വസ്ത്രങ്ങളും.

പൊടുന്നനേ നിങ്ങൾക്കു
ബോദ്ധ്യമാവുകയാണ്:
അതിതായിരുന്നു.
നിങ്ങൾ എഴുന്നേല്ക്കുന്നു, നിങ്ങൾക്കു
മുന്നിലതാ,
പൊയ്പ്പോയ കാലത്തിൽ നിന്നൊരു
വർഷം,
അതിന്റെ ഭീതികളും പ്രാർത്ഥനകളും
അതിന്റെ രൂപവുമായി.

## ഇല കൊഴിയും കാലം

ഇലകൾ വീഴുന്നു, ദൂരെയെങ്ങോ
നിന്നെന്ന പോലെ,
ആകാശത്തെ വിദൂരോദ്യാനങ്ങളിൽ
നിന്നു വാടിവീഴുമ്പോലെ,
നിഷേധത്തിന്റെ ചേഷ്ടകളും കാട്ടി അവ
വീഴുന്നു.

രാത്രിയിൽ ഭാരം വച്ച ഭൂമിയും വീഴുന്നു,
നക്ഷത്രങ്ങളിൽ
നിന്നേകാന്തതയിലേക്കതു
വീഴുന്നു.

നാമൊക്കെയും വീഴുന്നു. ഈ കൈ
വീഴുന്നു.
മറ്റേക്കൈകൾ നോക്കൂ: അവയ്ക്കും
ഗതിയിതു തന്നെ.

എന്നാലൊരുവനുണ്ടല്ലോ,
വീഴുന്നതൊക്കെയും താങ്ങാൻ,
കൈകളിൽ ഒടുങ്ങാത്ത
ദാക്ഷിണ്യവുമായി.

## സായാഹ്നം

സായാഹ്നം സാവധാനമെടുത്തുടുക്കുന്നു,
അതിരിടുന്ന
    പ്രാക്തനവൃക്ഷനിരകളെടുത്തുനീട്ടുന്ന
    മേലാട;
നോക്കിനില്ക്കവേ ദേശം രണ്ടായി
    നിങ്ങളിൽ നിന്നകലുന്നു,
ഒന്ന് മാനം നോക്കി ഉയരുന്നു, മറ്റൊന്ന്
    താഴുന്നു;

നിങ്ങൾ ശേഷിക്കുന്നു,
    രണ്ടിലൊന്നിന്റെയും ഭാഗമാവാതെ,
മൗനത്തിലാഴ്ന്ന വീടുകൾ
    പോലിരുണ്ടതാവാതെ,
ഓരോ രാത്രിയും നക്ഷത്രമായാരോഹണം
    ചെയ്യുന്നതൊന്നിനെപ്പോലെ
നിത്യതയെ ആവാഹനം ചെയ്യാനുള്ള
    തീർച്ചയില്ലാതെ–

നിങ്ങൾ ശേഷിക്കുന്നു, (ഇഴ
    വേർപെടുത്താനാവാതെ)
നിങ്ങളുടെ ജീവിതവുമായി, അതിന്റെ

വൈപുല്യവും ഭീതികളുമായി;
ചിലനേരം പരിമിതമായി, ചിലനേരം
വ്യാപകമായി,
ഊഴമിട്ടതു നിങ്ങളിൽ വളരുന്നു,
ശിലയായി, നക്ഷത്രമായി.

# 10

## പാടിക്കൊണ്ടു മരിച്ച തിമോഫി എന്ന വൃദ്ധൻ

കാലു മുടന്തനായ ഒരാളോടു കഥ പറയുന്നത് എന്തു സുഖമുള്ള കാര്യമാണെന്നോ! ആരോഗ്യമുള്ളവർ എപ്പോഴാണു മനസ്സു മാറ്റുന്നതെന്നു പറയാൻ പറ്റില്ല; ഈ നിമിഷം ഈ കോണിലൂടെ നോക്കുന്നവർ അടുത്ത നിമിഷം അടുത്ത കോണിലൂടെ നോക്കുകയായി; വലതുവശത്തവരുമായി ഒരു മണിക്കൂർ നടന്നുകഴിയുമ്പോഴാണ് പെട്ടെന്നതാ, അവരുടെ മറുപടി ഇടതു വശത്തു നിന്നു വരുന്നത്; അതാണ് കൂടുതൽ മര്യാദയുള്ളതായി, വളർത്തുഗുണം കാണിക്കുന്നതായി അവർക്കു തോന്നിയതത്രേ! ഒരു മുടന്തനിൽ നിന്ന് നിങ്ങൾക്കതു പേടിക്കേണ്ട. ചലനസ്വാതന്ത്ര്യമില്ലാത്തത് അയാളെ ഒരചേതനവസ്തു പോലെയാക്കു



Rabindranath Tagore (1861–1941): Head Study (1941)
(Courtesy: Wikimedia).

ന്ന (വാസ്തവത്തിൽ അവയുമായി അയാൾക്ക് പല അടുപ്പങ്ങളുമുണ്ട്); മറ്റു വസ്തുക്കളേ

ക്കാൾ വളരെ ഉത്കൃഷ്ടമായ ഒരു വസ്തു, തന്റെ മൗനം കൊണ്ടു മാത്രമല്ല, അപൂർവ്വമായ, പതിഞ്ഞ വാക്കുകൾ കൊണ്ടും സൗമ്യവും ആദരം നിറഞ്ഞതുമായ വികാരങ്ങൾ കൊണ്ടും കാതോർക്കുന്ന ഒരു വസ്തു.

എനിക്കു കഥ പറയാൻ ഏറ്റവും ഇഷ്ടം എന്റെ സ്നേഹിതൻ ഇവാൾഡിനോടാണ്. “എനിക്കൊരു കാര്യം ചോദിക്കാനുണ്ട്,” പതിവായി പ്രത്യക്ഷപ്പെടാറുള്ള ജനാലയിൽ നിന്ന് അയാൾ എന്നെ വിളിച്ചപ്പോൾ എനിക്കു വലിയ സന്തോഷം തോന്നി.

ഞാൻ പെട്ടെന്ന് ജനാലയ്ക്കടുത്തേക്കു ചെന്നു.

“കഴിഞ്ഞ തവണ പറഞ്ഞ ആ കഥ എവിടുന്നു കിട്ടി?” അയാൾ ചോദിച്ചു.

“പുസ്തകത്തിൽ നിന്നു?”

“അതെ,” വിഷാദത്തോടെ ഞാൻ പറഞ്ഞു; “മരിച്ചതിനു ശേഷം ചരിത്രകാര

ന്മാർ അതിനെ അവിടെ കുഴിച്ചിട്ടിരിക്കു കയായിരുന്നു; അത് അത്ര പണ്ടൊന്നുമാ യിരുന്നുമില്ല. ഒരു നൂറു കൊല്ലം മുമ്പു വ രെ എത്രയോ ചുണ്ടുകളിൽ അതു ജീവി ച്ചിരുന്നു (താന്തോന്നിയായി, എന്നതു ശ രിതന്നെ). പക്ഷേ ആളുകൾ ഇന്നുപയോ ഗിക്കുന്ന വാക്കുകൾ, പാടാൻ പറ്റാത്ത വി ധം ഭാരം തൂങ്ങുന്ന വാക്കുകൾ, അതിന്റെ ശ ത്രുക്കളായിരുന്നു; അവ അതിനെ ഒരു ചു ണ്ടിൽ നിന്നു മറ്റൊന്നിലേക്കു വലിച്ചിഴച്ചു കൊണ്ടുപോയി; ഒടുവിൽ, വരണ്ടുണങ്ങി യ ഒരു ജോഡി ചുണ്ടുകളിൽ പട്ടിണി യും ഒറ്റപ്പെടലുമായി, ഒരു വിധവയെപ്പോ ലെ അത് അരിഷ്ടിച്ചുജീവിച്ചു. അവിടെക്കി ടന്ന്, അവകാശികളില്ലാതെ അതു മരിക്കു കയും ചെയ്തു. ഞാൻ നേരത്തേ പറഞ്ഞ പോലെ, അതിന്റെ കുടുംബത്തിലെ മറ്റു പ ലരേയും അടക്കിയിരിക്കുന്ന അതേ പുസ്തക ത്തിൽ എല്ലാ ബഹുമതികളോടും കൂടെ അ തിനെ അടക്കം ചെയ്തിരിക്കുന്നു.”

“മരിക്കുമ്പോൾ അതിനു നല്ല പ്രായമു ണ്ടായിരുന്നോ?” ആ നാടകത്തിൽ പങ്കു ചേർന്നുകൊണ്ട് എന്റെ സ്നേഹിതൻ ചോദിച്ചു.

“നാനൂറോ അഞ്ഞൂറോ കൊല്ലം,” സത്യസന്ധമായി ഞാൻ പറഞ്ഞു; “അതിന്റെ ചില ബന്ധുക്കൾക്കാണെങ്കിൽ അതിലും പ്രായമുണ്ടായിരുന്നു.”

“അതെങ്ങനെ, ഒരു പുസ്തകത്തിലും അന്ത്യവിശ്രമം കിട്ടാതെയോ?” ഇവാൾഡ് വിശ്വാസമാകാത്തപോലെ ചോദിച്ചു.

ഞാൻ വിശദീകരിച്ചു കൊടുത്തു: “എനിക്കു കിട്ടിയ അറിവു വച്ച് അവ ഒരു നാവിൽ നിന്ന് മറ്റൊരു നാവിലേക്ക് നിരന്തരസഞ്ചാരമായിരുന്നു.”

“അവ ഉറങ്ങാറുമില്ലായിരുന്നോ?”

“ങ്ഹാ, ഒരു ഗായകന്റെ ചുണ്ടുകളിൽ നിന്നു മറ്റൊരാളുടെ ചുണ്ടുകളിലേക്കു പറക്കുന്നതിനിടെ ചൂടും ഇരുട്ടുമുള്ള ഏതെങ്കി

ലും ഹൃദയത്തിൽ വല്ലപ്പോഴും തങ്ങിയെന്ന വരാം."

"ഹൃദയത്തിൽ പാട്ടുകളുറങ്ങാൻ ആളുകൾ അത്ര ഒച്ചയനക്കമില്ലാത്തവരായിരുന്നോ?" ഇവാൾഡിന് അതു തീരെ വിശ്വാസമായില്ല.

"ആയിരിക്കണമല്ലോ. പറഞ്ഞുകേൾക്കുന്നത് ആളുകൾ അന്നൊക്കെ ഇത്ര സംസാരിച്ചിരുന്നില്ല എന്നാണ്; സാവധാനം മുറുകിവരുന്ന താളത്തിലായിരുന്നു അവർ നൃത്തം വച്ചിരുന്നത്; ഇതെല്ലാം പോകട്ടെ, അവർ ഉറക്കെ ചിരിച്ചിരുന്നുമില്ല; സംസ്കാരം അഭിവൃദ്ധി പ്രാപിച്ചുവെന്നു പറയുന്ന ഇക്കാലത്ത് അട്ടഹസിച്ചുള്ള ചിരി അപൂർവ്വവുമല്ലല്ലോ."

ഇവാൾഡ് മറ്റെന്തോ ചോദിക്കാനാഞ്ഞതായിരുന്നു; അതമർത്തിയിട്ട് അയാളൊന്നു മന്ദഹസിച്ചു: "ഞാനിങ്ങനെ ചോദിച്ചുകൊണ്ടേയിരിക്കുകയാണല്ലോ; താങ്കൾക്കെന്തെങ്കിലും കഥ പറയാൻ കാണും."

അയാൾ പ്രതീക്ഷയോടെ എന്നെ നോക്കി.

“കഥയോ? കഥയാണോയെന്നൊന്നും എനിക്കറിയില്ല. ആ ഗാനങ്ങൾ ചില കുടുംബങ്ങളുടെ പൈതൃകമായിരുന്നു എന്നു പറയാനാണു ഞാൻ വന്നത്. ഒരാൾ ഏറ്റെടുത്ത് അടുത്തയാൾക്കു കൈമാറുന്നു; അതിൽ തന്റെ വിരൽ പതിയാതെയല്ല, നിത്യോപയോഗത്തിന്റെ പാടുകൾ വീഴാതെയല്ല, എന്നാൽ ഒരു കേടും വരാതെ, അച്ഛനിൽ നിന്നു മകനിലേക്കു പോകുന്ന ഒരു പഴയ വേദപുസ്തകം പോലെ. ആ പൈതൃകം നിഷേധിക്കപ്പെട്ട ഒരാൾ അതിനവകാശികളായ തന്റെ സഹോദരന്മാരിൽ നിന്നു വ്യത്യസ്തനാകുന്നത് അയാൾക്കു പാടാനറിയില്ല എന്നതുകൊണ്ടാണ്, അല്ലെങ്കിൽ തന്റെ അച്ഛനും മുത്തശ്ശനുമറിയാവുന്നതിൽ ചെറിയൊരു ഭാഗമേ അയാൾക്കറിയൂ എന്നതുകൊണ്ടാണ്, തനിക്കു നഷ്ടപ്പെട്ട ആ പാട്ടുകൾക്കൊപ്പം ബൈബലി

ന[1] കളും സ്കസ്ക[2] കളും ആളുകൾക്കെന്താ ണോ അർത്ഥമാക്കുന്നത്, അതും അയാൾ ക്കു നഷ്ടമാകുന്നു എന്നതുകൊണ്ടാണ്."

"ഉദാഹരണത്തിന് യിഗോർ തിമോഫി യേവിച്ച് തന്റെ അച്ഛൻ, കിഴവൻ തിമോ ഫിയുടെ ആഗ്രഹത്തിനു വിരുദ്ധമായി സു ന്ദരിയായ ഒരു ചെറുപ്പക്കാരിയെ വിവാഹം കഴിച്ച് ഓർത്തൊഡോക്സ് സഭയുടെ ഏറ്റ വും സമ്പൂജ്യരായ രക്തസാക്ഷികളുടെ ശ വകുടീരങ്ങൾക്കരികിലുള്ള കീവ് എന്ന പു ണ്യനഗരത്തിലേക്കു താമസം മാറ്റി. അ ച്ഛൻ തിമോഫി, പത്തുനാൾ ദൂരത്തെ ഏറ്റ വും നല്ല പാട്ടുകാരൻ എന്നു കേൾവി കൊ ണ്ടയാൾ, മകനെ ശപിച്ചുതള്ളി; അങ്ങനെ യൊരു മകൻ തനിക്കില്ലെന്നു പലപ്പോ ഴും തനിക്കു തോന്നിയിരുന്നതായി അ യാൾ അയല്ക്കാരോടു പറഞ്ഞു. എന്നിട്ടുക

1 ബൈലിന — കിഴക്കൻ സ്ലാവ് ദേശങ്ങളിലെ വീര ഗാഥ.

2 സ്കസ്ക — റഷ്യൻ യക്ഷിക്കഥ.

ടി ദുഃഖവും കുറ്റബോധവും കൊണ്ട് അയാളുടെ നാവിറങ്ങി. പൊടിയടിഞ്ഞൊരു വയലിനിലെന്നപോലെ ആ വൃദ്ധന്റെയുള്ളിൽ അടച്ചുപൂട്ടിവച്ചിരിക്കുന്ന എണ്ണമറ്റ ഗാനങ്ങൾക്കവകാശികളാകാമെന്ന പ്രത്യാശയോടെ തന്റെ കുടിലിനു മുന്നിൽ തടിച്ചുകൂടിയ എല്ലാ ചെറുപ്പക്കാരെയും അയാൾ പറഞ്ഞയച്ചു. 'അമ്മാവാ, പൊന്നമ്മാവാ, ഇന്നതെന്നില്ല, ഏതെങ്കിലും ഒരു പാട്ടു പറഞ്ഞുതന്നാൽ മതി. ഞങ്ങളതു ഗ്രാമങ്ങളിലേക്കു കൊണ്ടുപോകാം; സന്ധ്യയായി, കാലികൾ തൊഴുത്തിലണഞ്ഞുകഴിഞ്ഞാൽ ഓരോ കളപ്പുരമുറ്റത്തു നിന്നും അതുയരുന്നതു കേൾക്കാം."

"ആ വൃദ്ധൻ കട്ടിലിൽ നിന്നിറങ്ങാതെ പകലും മുഴുവനും തല കുലുക്കിക്കൊണ്ടിരുന്നു. അയാൾക്കു ചെകിടു കേൾക്കാതായിക്കഴിഞ്ഞിരുന്നു; വീടിനു സമീപത്തായി ചുറ്റിപ്പറ്റി നില്ക്കുന്ന ചെറുപ്പക്കാരിലാരോ തന്നോടു പാട്ടു പാടാൻ പറഞ്ഞു

വോയെന്ന സംശയം കൊണ്ടു് വെളുത്ത ന രച്ച തല കുലുക്കിക്കൊണ്ടു് അയാൾ ആം ഗ്യം കാണിക്കും: ഇല്ല, ഇല്ല, ഇല്ല; ഒടു വിൽ ആൾ ഉറക്കമാവും; ഉറക്കത്തിലും അ ല്പനേരം ആ ഇല്ല, ഇല്ല, ഇല്ല തുടരുന്നുണ്ടാ വും. ആ കുട്ടികൾ ആവശ്യപ്പെടുന്നതു് അ യാൾ സന്തോഷത്തോടെ ചെയ്തുകൊടുക്കു മായിരുന്നു; ആ പാട്ടുകൾക്കു മേൽ തന്റെ മൂ കമായ, മരിച്ച പൊടി വീണു മൂടാൻ പോവു കയാണെന്നതു്, ഒരുപക്ഷേ അധികം വൈ കാതെതന്നെ, അയാളെ സങ്കടപ്പെടുത്തു കയും ചെയ്തിരുന്നു. പക്ഷേ അവരിലൊ രാളെ എന്തെങ്കിലും പഠിപ്പിക്കാമെന്നു വ ച്ചാൽ അയാൾക്കപ്പോൾ തന്റെ മകൻ യി ഗോറുഷ്കയെ ഓർമ്മ വരുമെന്നതു തീർച്ച യായിരുന്നു; പിന്നെന്താണുണ്ടാവുകയെ ന്നു് ആരു കണ്ടു? അയാൾ ഒരിക്കലും സം സാരിച്ചിരുന്നില്ലെന്നതു കൊണ്ടാണു് അ യാൾ കരയുന്നതു് ആരും കാണാതിരു ന്നതു്. ഓരോ വാക്കിനു പിന്നിലും അ

വ, ആ തേങ്ങലുകൾ, തയാറെടുത്തു നില്പുണ്ടായിരുന്നു; അവ പുറത്തു വരാതിരിക്കാനായി അയാൾ പെട്ടെന്ന്, ശ്രദ്ധയോടെ വായടച്ചുകളയുകയായിരുന്നു."

കിഴവൻ തിമോഫി തന്റെ ഏകമകനായ യിഗോറിനെ വളരെ ചെറുപ്പത്തിലേ ചില പാട്ടുകളൊക്കെ പഠിപ്പിച്ചിരുന്നു; പതിനഞ്ചായപ്പോഴേക്കും ആ ഗ്രാമത്തിലെയും ചുറ്റുവട്ടത്തുള്ള സ്ഥലങ്ങളിലെയും മുതിർന്ന ചെറുപ്പക്കാരെക്കാൾ കൂടുതൽ പാട്ടുകൾ കൂടുതൽ നന്നായി പാടാൻ അവനു കഴിയുമെന്നായി. എന്നാലുംകൂടി ചില ഒഴിവുദിവസങ്ങളിൽ (അന്നയാൾ അല്പമൊന്നു മിനുങ്ങിയിട്ടുണ്ടാവും) വൃദ്ധൻ മകനോടു പറയും: 'യിഗോറുഷ്കാ, എന്റെ കുഞ്ഞുമാടപ്രാവേ, നിനക്കു ഞാൻ കുറേയധികം പാട്ടുകൾ പഠിപ്പിച്ചു തന്നുകഴിഞ്ഞു; പല ബൈലിനകളും നാളിനൊന്നു വച്ച് വിശുദ്ധന്മാരുടെ അത്ഭുതപ്രവൃത്തികളും. നിനക്കറിയാമല്ലോ, ഈ പ്രവിശ്യയിലെ ഏറ്റവും ന

ല്ല പാട്ടുകാരനാണു ഞാൻ; എന്റെ അച്ഛ ന് റഷ്യയിലെ സകല പാട്ടുകളും താർ ത്താർ കഥകളും വശമായിരുന്നു. നിന ക്കിപ്പോഴും തീരെ ചെറുപ്പമാണ്; അതി നാൽ ബൈലിനകളിൽ വച്ചേറ്റവും മനോ ഹരമായതു് നിനക്കു ഞാൻ പറഞ്ഞുത ന്നിട്ടില്ല; പൂജാവിഗ്രഹങ്ങൾക്കു തുല്യമാ യ അതിലെ വാക്കുകൾ നിത്യജീവിതത്തി ലെ വാക്കുകൾ പോലെ കാണരുതു്; കണ്ണീ രൊഴുക്കിക്കൊണ്ടല്ലാതെ ആർക്കും, കൊ സാക്കോ ഗ്രാമീണനോ ആരുമാകട്ടെ, കേ ട്ടുകൊണ്ടു നില്ക്കാൻ പാടില്ലാത്ത ആ ഈ ണങ്ങൾ നീയിനിയും പഠിച്ചിട്ടില്ല.

എല്ലാ ഞായറാഴ്ചയും റഷ്യൻ കലണ്ടർ പ്രകാരമുള്ള മറ്റൊഴിവുദിവസങ്ങളിലും — എന്നു പറഞ്ഞാൽ, മിക്കപ്പോഴുമെല്ലാ ദിവ സവും — തിമോഫി ഇക്കാര്യം മകനോട് ഉ രുവിട്ടുകൊണ്ടിരിക്കും. ഒടുവിൽ അച്ഛനുമാ യി ഉഗ്രമായി വഴക്കടിച്ച ഒരു ദിവസം യി ഗോർ ഒരു പാവം കൃഷിക്കാരന്റെ സുന്ദ

രിയായ മകൾ ഉസ്തിയൊങ്കയുമായി നാട്ടിൽ നിന്നപ്രത്യക്ഷനായി.

ഇതു കഴിഞ്ഞു മൂന്നാം കൊല്ലം തിമോഫി കിടപ്പിലായി; സാമ്രാജ്യത്തിന്റെ ഓരോ കോണിൽ നിന്നും കീവിലേക്കുള്ള തീർത്ഥാടകർ യാത്ര തുടങ്ങാൻ പോകുന്ന കാലമായിരുന്നു അതു്. അയല്ക്കാരൻ ഓസ്സിപ്പ് രോഗിയെ കാണാൻ ചെന്നു: 'ഞാനും തീർത്ഥാടനത്തിനു പോവുകയാണു്, തിമോഫി ഇവാനിച്ച്; പോകുന്നതിനു മുമ്പ് നിങ്ങളെ ഒന്നു കെട്ടിപ്പിടിക്കാൻ അനുവദിക്കണേ.' ഓസ്സിപ്പ് വൃദ്ധന്റെ സുഹൃത്തൊന്നുമായിരുന്നില്ല; എന്നാലും ഈ ദീർഘയാത്രക്കിറങ്ങുന്നതിനു മുമ്പ് ഒരച്ഛനോടെന്നപോലെ അയാളോടു യാത്ര ചോദിക്കേണ്ടതാണെന്ന് അയാൾ കരുതി. 'ചിലപ്പോഴൊക്കെ ഞാൻ നിങ്ങളുടെ മനസ്സിനെ മുറിപ്പെടുത്തിയിട്ടുണ്ട്,' അയാൾ വിതുമ്പി, അതൊക്കെ പൊറുക്കണേ, കുടിച്ച ബോധമില്ലാതായപ്പോൾ ചെയ്തുപോയ

താണ്; ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടി ഒരു മെഴുകുതിരി കത്തിച്ചു പ്രാർത്ഥിക്കുന്നു. പോയി വരാം, ദൈവേച്ഛ അതാണെങ്കിൽ നിങ്ങൾ സുഖപ്പെട്ടുവെന്നു വരാം; അപ്പോൾ നിങ്ങൾ ഞങ്ങൾക്കു വേണ്ടി പിന്നെയും പാട്ടുകൾ പാടും. ഹൊ, എത്ര കാലമായിരിക്കുന്നു, നിങ്ങളൊന്നു പാടിയിട്ട്! ആ പാട്ടുകളോ! ദിയൂക്ക് സ്റ്റെപ്പാനോവിച്ചിനെക്കുറിച്ചുള്ള ആ ഒരെണ്ണം, അതെന്നെങ്കിലും ഞാൻ മറക്കുമെന്നു കരുതുന്നുണ്ടോ? നിങ്ങൾ എന്തൊരു വിഡ്ഢിയായിപ്പോയി! അതെനിക്കിപ്പോഴും മനപ്പാഠമാണ്. അതെയതെ, നിങ്ങളെപ്പോലെയല്ല; അതെങ്ങനെ പാടണമെന്നു നിങ്ങൾക്കാണറിയുക; അതു സമ്മതിക്കണം. ദൈവം നിങ്ങൾക്ക് അതു തന്നു, മറ്റൊരാൾക്ക് വേറേ ചിലതു കൊടുക്കുന്നു. ഉദാഹരണത്തിന്, എനിക്കു കിട്ടിയത്...

വൃദ്ധൻ ഒരു ഞരക്കത്തോടെ കട്ടിലിൽ ഒന്നു തിരിഞ്ഞുകിടന്നിട്ട് എന്തോ പറയാ

നെന്നപോലെ ഒരു ചേഷ്ട കാണിച്ചു. യിഗോറിന്റെ പേരു പോലെയാണ് അത്ര വ്യക്തമല്ലാതെ കേട്ടതു്. യിഗോറിനു കൊടുക്കാൻ എന്തോ സന്ദേശമോ മറ്റോ ആവാം അയാൾ ഉദ്ദേശിച്ചതു്. എന്നാൽ ഓസ്സിപു് വാതില്ക്കൽ നിന്നുകൊണ്ടു് 'എന്തെങ്കിലും പറഞ്ഞോ, തിമോഫി ഇവാനിച്ച്?' എന്നു ചോദിച്ചപ്പോൾ അയാൾ പിന്നെയും അനക്കമില്ലാതെ കിടന്നുകൊണ്ടു് നരച്ചുവെളുത്ത തല പതുക്കെ ഒന്നിളക്കുകയേ ചെയ്തുള്ളു. അതെന്തായാലും, എന്തു നടന്നുവെന്നു ദൈവത്തിനേ അറിയൂ, ഓസ്സിപു് പോയി ഒരു കൊല്ലം കഴിഞ്ഞില്ല, തീരെ അപ്രതീക്ഷിതമായി യിഗോർ തിരിച്ചുവന്നു. വൃദ്ധനു് അത്ര പെട്ടെന്നു് അയാളെ തിരിച്ചറിയാൻ കഴിഞ്ഞില്ല; കുടിലിനുള്ളിൽ ഇരുട്ടായിരുന്നു, ഒരു പുതിയ, അപരിചിതമായ രൂപത്തെ അത്ര പെട്ടെന്നു സ്വീകരിക്കാൻ ആ വൃദ്ധനേത്രങ്ങൾ സന്നദ്ധവുമായിരുന്നില്ല. എന്നാൽ ആഗതന്റെ ശ

ബ്ദം കേട്ടപ്പോൾ തിമോഫി ഒരു ഞെട്ട ലോടെ കട്ടിലിൽ നിന്നു ചാടിയിറങ്ങി ബ ലം കെട്ട കാലുകളിൽ എഴുന്നേറ്റുനിന്നു. യി ഗോർ അച്ഛനെ വീഴാതെ തടഞ്ഞു; ഇരുവ രും പരസ്പരം കെട്ടിപ്പിടിച്ചു. തിമോഫി തേ ങ്ങിക്കരഞ്ഞു. ചെറുപ്പക്കാരൻ എടുത്തെ ടുത്തു ചോദിക്കുകയായിരുന്നു: 'സുഖമില്ലാ തായിട്ടു കുറേക്കാലമായോ, അച്ഛാ?' ഒരുവി ധം ഒന്നു സമാധാനമായപ്പോൾ വൃദ്ധൻ പി ന്നെയും കട്ടിലിൽ കയറിക്കിടന്നിട്ട് നി ശിതമായ ഒരു സ്വരത്തിൽ ചോദിച്ചു: 'നി ന്റെ ഭാര്യ?'

ഒരു നിമിഷത്തെ മൗനം. യിഗോറി ന്റെ വായിൽ നിന്ന് ഇങ്ങനെ പുറത്തുവ ന്നു: 'ഞാനവളെ കുട്ടിയുമായി ഇറക്കിവി ട്ടു.' പിന്നെയും അയാൾ മിണ്ടാതിരുന്നു. 'ഒ രു ദിവസം ഓസ്സിപ് എന്നെ കാണാൻ വ ന്നു.' 'ഓസ്സിപ് നിക്കോഫൊറോവിച്ച്?' ഞാൻ ചോദിച്ചു. 'അതെ', അയാൾ പറ ഞ്ഞു, 'അതു ഞാൻ തന്നെ'. തന്റെ അ

ച്ഛനു സുഖമില്ല, യിഗോർ. അങ്ങേർക്കി പ്പോൾ പാടാൻ പറ്റുന്നില്ല. നാടിപ്പോൾ ആ കെ മൂകമാണ്; നമ്മുടെ നാടിനിപ്പോൾ ഒ രാത്മാവില്ലാത്ത പോലെയായി. ആരും മു ട്ടുന്നില്ല, ഒന്നും അനങ്ങുന്നില്ല, ആരുമി പ്പോൾ കരയുന്നില്ല, ചിരിക്കാനും ശരി ക്കൊരു കാരണമില്ലെന്ന മട്ടായി. ഞാന ത് മനസ്സിലിട്ടു നടന്നു. എന്താ ചെയ്യേണ്ട തു? ഞാൻ ഭാര്യയെ വിളിച്ചു പറഞ്ഞു: "ഉ സ്തിയോങ്കാ" ഞാൻ പറഞ്ഞു, "എനിക്കു നാട്ടിലേക്കു പോകാതെ പറ്റില്ല. അവിടെ യിപ്പോൾ ആരും പാടാനില്ല; എന്റെ ഊഴ മാണിനി. അച്ഛനു സുഖമില്ല." "ആയിക്കോ ട്ടെ", ഉസ്തിയോങ്ക പറഞ്ഞു. "പക്ഷേ എ നിക്കു നിന്നെ കൊണ്ടുപോകാൻ പറ്റി ല്ല", ഞാൻ കാര്യം പറഞ്ഞു. "അച്ഛന്, നി നക്കറിയാമല്ലോ, നിന്നെ കണ്ടുകൂടാ. അവി ടെച്ചെന്ന് പാടാൻ തുടങ്ങിയാൽ ഞാൻ പി ന്നെ തിരിച്ചുവരുന്നതും സംശയമായിരി ക്കും". ഉസ്തിയോങ്കയ്ക്കു ഞാൻ പറഞ്ഞതു മ

നസ്സിലായി. “ആവട്ടെ, ദൈവം ഒപ്പമുണ്ടാവട്ടെ. ഇവിടെയിപ്പോൾ ധാരാളം തീർത്ഥാടകർ വരുന്നുണ്ട്; അവർ ഭിക്ഷ തരും. ദൈവം സഹായിക്കട്ടെ, യിഗോർ.” അങ്ങനെ ഞാൻ അവിടെ നിന്നു പോന്നു. ‘ഇനി അച്ഛാ, എല്ലാ പാട്ടുകളും എനിക്കു പറഞ്ഞുതന്നാട്ടെ’.

യിഗോർ തിരിച്ചു വന്നുവെന്നും കിഴവൻ തിമോഫി പിന്നെയും പാടാൻ തുടങ്ങിയെന്നും നാടാകെ വാർത്ത പരന്നു. പക്ഷേ ആ ശരല്ക്കാലത്ത് ഗ്രാമത്തിൽ വീശിയ കാറ്റിന്റെ ഉഗ്രത കുറച്ചൊന്നുമല്ലായിരുന്നു; അതിനാൽ തിമോഫിയുടെ വീട്ടിനുള്ളിൽ നിന്നു പാട്ടു കേട്ടിരുന്നോയെന്ന് തീർച്ചയായി പറയാൻ ആ വഴി പോയവർക്കാർക്കും കഴിഞ്ഞില്ല. മുട്ടിയ ഒരാൾക്കുമായി ആ വാതിൽ തുറന്നതുമില്ല. രണ്ടു പേർക്കും ആരുടെയും ശല്യമില്ലാതെ സ്വൈരമായിട്ടിരുന്നാൽ മതിയായിരുന്നു. യിഗോർ കട്ടിലിന്റെ വക്കത്തിരുന്നിട്ട് ഇട

യ്ക്കിടെ അച്ഛന്റെ ചുണ്ടിനടുത്തേക്ക് കാതടുപ്പിക്കും; കാരണം അദ്ദേഹം പാടുക തന്നെയാണ്. മുതുകു കുനിഞ്ഞ, വിറ കൊള്ളുന്ന ആ വൃദ്ധശബ്ദം തനിക്കറിയുന്ന മനോഹരമായ പാട്ടുകളെല്ലാം യിഗോറിനു കൊണ്ടുകൊടുക്കുകയാണ്; താൻ അതെല്ലാം പാടുകയാണെന്നപോലെ യിഗോർ ചിലപ്പോൾ തലയാട്ടും, അല്ലെങ്കിൽ തൂക്കിയിട്ടിരിക്കുന്ന കാലുകളാട്ടും. ഈ രീതിയിൽ കുറേ ദിവസങ്ങൾ കടന്നുപോയി. തിമോഫി തന്റെ ഓർമ്മയിൽ നിന്ന് പുതിയ പുതിയ പാട്ടുകൾ കണ്ടെത്തിക്കൊണ്ടിരുന്നു; ഓരോന്നും തൊട്ടു മുമ്പുള്ളതിനേക്കാൾ മനോഹരവുമായിരുന്നു. പലപ്പോഴും രാത്രിയിൽ അയാൾ മകനെ തട്ടിയുണർത്തിയുണർത്തും; എന്നിട്ട് ചുക്കിച്ചുളിഞ്ഞ ആ കൈകൾ കൊണ്ട് അസ്പഷ്ടമായ എന്തൊക്കെയോ ചേഷ്ടകൾ കാണിച്ചുകൊണ്ട് ഒരു ഗാനശകലം പാടിക്കേൾപ്പിക്കും; അതു കഴിഞ്ഞാൽ വേറൊന്ന്, പി

ന്നെ മറ്റൊന്ന്... പ്രഭാതം മടി പിടിച്ചെ ഴുന്നേറ്റു വരുന്നതു വരെ ഇതിങ്ങനെ തുട രും. ഗാനങ്ങളിൽ വച്ചേറ്റവും സുന്ദരമായ തു പാടിത്തീർത്തതും, അയാൾ മരിച്ചു. എ ത്ര വലിയൊരു ഗാനശേഖരമാണ് തന്റെ യുള്ളിലുള്ളതെന്നും അതൊക്കെ മകനു പ കർന്നു കൊടുക്കാനുള്ള നേരം ഇനി തനി ക്കില്ലെന്നും അവസാനദിവസങ്ങളിൽ അ യാൾ പലപ്പോഴും വിലപിച്ചിരുന്നു. ഓർമ്മി ച്ചെടുക്കാനുള്ള തീവ്രവും വ്യഗ്രവുമായ ശ്രമ ത്തിൽ നെറ്റിത്തടത്തിൽ ചാലുകൾ വീഴ മ്പോൾ പ്രതീക്ഷ കൊണ്ട് അയാളുടെ ചു ണ്ടുകൾ വിറ കൊണ്ടിരുന്നു. ഇടയ്ക്കയാൾ എ ഴുന്നേറ്റിരിക്കും, കുറച്ചു നേരം അങ്ങോട്ടുമി ങ്ങോട്ടും തലയിട്ടുരുട്ടും, ചുണ്ടുകൾ ചലിപ്പി ക്കും — ഒടുവിൽ അവ്യക്തമായ ഒരു ഗാ നശകലം പുറത്തേക്കു വരും. ഇപ്പോഴ യാൾ മിക്കപ്പോഴും തനിക്കേറ്റവും ഇഷ്ട പ്പെട്ട ഡ്യൂക്ക് സ്റ്റെപ്പാനോവിച്ചിനെക്കുറിച്ചു ള്ള ചില വരികൾ മാത്രമാണ് ആവർത്തി

ച്ചുകൊണ്ടിരുന്നത് — അച്ഛനെ ദേഷ്യപ്പെടുത്തേണ്ടെന്നു കരുതി മകൻ താൻ വല്ലാതെ അത്ഭുതപ്പെട്ടു പോയെന്നും ആദ്യമായിട്ടാണ് താനതു കേൾക്കുന്നതെന്നും നടിക്കും.

“തിമോഫി ഇവാനിച്ച് മരിച്ച് കുറേക്കാലത്തോളം ആ വീട് അടഞ്ഞുകിടന്നു; അയാളുടെ മകൻ ഒറ്റയ്ക്കാണ് അതിൽ താമസിച്ചിരുന്നു. അടുത്ത വസന്തകാലം വന്നപ്പോൾ യിഗോർ തിമോഫിയേവിച്ച് (അയാൾക്കിതിനകം നീണ്ടൊരു താടിയും വളർന്നുകഴിഞ്ഞിരുന്നു) വീടിനു പുറത്തേക്കു കാലെടുത്തുവച്ചു; പാട്ടുകൾ പാടിക്കൊണ്ട് അയാൾ ഗ്രാമത്തിൽ ചുറ്റിനടക്കാൻ തുടങ്ങി. പിന്നയാൾ അടുത്തുള്ള ഗ്രാമങ്ങളിലും പോയി; യിഗോർ അച്ഛൻ തിമോഫിയെപ്പോലെ മിടുക്കനായ ഒരു പാട്ടുകാരനാണെന്ന് ഗ്രാമീണർ പറഞ്ഞുതുടങ്ങിയിരുന്നു; എത്ര ദൈവസ്തുതികളും വീരഗാഥകളുമാണ് അയാൾക്കറിയാവുന്നത്! പി

ന്നെ, കണ്ണീരൊഴുക്കിക്കൊണ്ടല്ലാതെ ആർക്കും, കൊസാക്കോ ഗ്രാമീണനോ ആകട്ടെ, കേട്ടുനില്ക്കാനാവാത്ത ഗാനങ്ങളും. തന്നെയുമല്ല, മറ്റൊരു പാട്ടുകാരനിൽ നിന്നും ഇതേ വരെ കേൾക്കാത്ത സൗമ്യവും ശോകസാന്ദ്രവുമായ ഒരു സ്വരമാണ് അയാളുടെ ശബ്ദത്തിനുള്ളതെന്നും ആളുകൾ പറഞ്ഞു. പല്ലവി പാടുമ്പോൾ, തീരെ അപ്രതീക്ഷിതമായിട്ടാണ് അതു പ്രത്യക്ഷപ്പെടുന്നതെന്നതിനാൽ വല്ലാതതു മനസ്സിനെ സ്പർശിക്കുന്നുവത്രെ. പറഞ്ഞുകേട്ടതു് എന്തായാലും അങ്ങനെയാണ്."

"അപ്പോൾ, ആ സ്വരം അയാൾ അച്ഛനിൽ നിന്നു പഠിച്ചതല്ലെന്നോ?" അല്പനേരത്തിനു ശേഷം എന്റെ സ്നേഹിതൻ ഇവാൾഡ് ചോദിച്ചു.

"അല്ല," ഞാൻ പറഞ്ഞു, "അയാൾക്കതെങ്ങനെ കിട്ടിയെന്ന് ആർക്കുമറിയില്ല."

ഞാൻ ജനാലയ്ക്കൽ നിന്ന് പിന്നോട്ട് ഒരു ചുവടു വച്ചുകഴിഞ്ഞിരുന്നു; അപ്പോഴേക്കും അയാൾ പിന്നാലെ വിളിച്ചു:

“അയാൾ ഭാര്യയേയും കുട്ടിയേയും കുറിച്ചോർക്കുന്നതു കൊണ്ടാവും. അച്ഛൻ മരിച്ചു കഴിഞ്ഞ സ്ഥിതിയ്ക്ക് അയാൾ അവരെ വിളിച്ചുകൊണ്ടുവരാൻ നോക്കിയില്ലേ?”


“ഇല്ല, ഇല്ലെന്നാണെന്റെ വിശ്വാസം. എന്തായാലും മരിക്കുമ്പോൾ അയാൾ ഒറ്റയ്ക്കായിരുന്നു.”

(1900)

# 11

## ശില്പിയും കവിയും

ഫ്രഞ്ചുശില്പിയായ റോദാങ്ങുമായുള്ള (August Rodin, 1840–1917) റിൽക്കേയുടെ ബന്ധം തുടങ്ങുന്നതു് 1902-ലാണ്; ഒരു ജർമ്മൻ പ്രസിദ്ധീകരണസ്ഥാപനത്തിനു വേണ്ടി ശില്പിയുടെ ഒരു  ജീവചരിത്രം എഴുതാനാണ് കവി പാരീസിൽ അദ്ദേഹത്തിന്റെ സ്റ്റുഡിയോയിൽ ചെന്നതു്. പക്ഷേ റിൽക്കേയുടെ ജീവിതത്തെയും കാവ്യജീവിതത്തെയും ആകെ മാറ്റിമറിച്ച മുഹൂർത്തമായിരുന്നു അതു്. റിൽക്കേയുടെ നേർ വിപരീതമായിരുന്നു റോദാങ്ങ്. 62 വയസ്സായ ഒരു ഗാലിക് യുക്തിവാദിയായിരുന്നു റോദാങ്ങ്; റിൽക്കേയാവട്ടെ, 26 വയസ്സായ ഒരു ജർമ്മൻ റൊമാന്റിക്കും. സിംബലിസത്തിന്റെയും മിസ്റ്റിസിസത്തിന്റെയും കാവ്യാത്മകത വഴിഞ്ഞൊഴുകുന്ന ഭാ



John Sergent: Portrait of Auguste Rodin (1840–1917) (Courtesy: Wikimedia).

ഷയിലുള്ള ഒരു മിശ്രിതമായിരുന്നു റിൽക്കേയുടെ അതുവരെയുള്ള കവിതകൾ. പത്തൊമ്പതാം നൂറ്റാണ്ടിലെ മിനുസപ്പെടുത്തിയ നിയോക്‌ളാസ്സിക്കൽ ശൈലിയിൽ നിന്ന് (ശില്പകല മടുപ്പിക്കുന്നു എന്ന് ബോദ്‌ലേറുടെ ഒരു ലേഖനം തന്നെ



St John the Baptist Preaching എന്ന റോദാങ് ശില്പം (1878). ചിത്രം: വിക്കിപ്പീഡിയ.

യുണ്ട്) ശില്പകല പരുക്കനും ആധുനിക വുമാകുന്നത് റോദാങ്ങിലൂടെയാണ്. അവർ തമ്മിൽ ഒരു സർഗ്ഗാത്മകബന്ധം സ്ഥാപിക്കുകയും നിലനിർത്തിക്കൊണ്ടു പോരുകയും ചെയ്യുക എന്നത് ദുസ്സാദ്ധ്യമായി തോന്നിയെങ്കിലും പരസ്പരവികർഷണത്തിന്റെ നാളുകൾ പെട്ടെന്നുതന്നെ കഴിഞ്ഞു. നാലുമാസത്തേക്ക് ശില്പി കവിയെ തന്റെ സ്റ്റുഡിയോയിലേക്കു ക്ഷണിച്ചു. ആ കാലം കൊണ്ട് റിൽക്കെ ജീവചരിത്രത്തിനു വേണ്ട വസ്തുതകളും നിരീക്ഷണങ്ങളും ശേഖരിക്കുക മാത്രമല്ല, മറ്റൊരു കവിയായി മാറുകയും ചെയ്തു. മൂന്നു കൊല്ലം കഴിഞ്ഞ് 1905-ൽ റിൽക്കെ റോദാങ്ങിന്റെ സെക്രട്ടറിയായി; പാരീസിനു പുറത്തുള്ള അദ്ദേഹത്തിന്റെ ഗ്രാമീണവസതിയിലായി റിൽക്കേയുടെ താമസം. കവി ശില്പിയുടെ കത്തിടപാടുകൾക്ക് ഒരു ചിട്ട വരുത്തിയെങ്കിൽ ശില്പി കവിയുടെ ആശയങ്ങളെ മറ്റൊരു രീതിയിൽ അടുക്കുകയുമായിരു

ന്നു. പക്ഷേ ആ ബന്ധം അധികനാൾ നീണ്ടുനിന്നില്ല. തന്റെ അനുവാദമില്ലാതെ അയച്ച ഒരു കത്തിന്റെ പേരിൽ റോദാങ്ങ് റിൽക്കേയെ 1906-ൽ പിരിച്ചയച്ചു. 1908-ലാണ് പിന്നീട് അവർ തമ്മിൽ ബന്ധപ്പെടുന്നത്. റിൽക്കേ അന്ന് ഹെൻറി മാത്തിസ്സെ സ്ഥാപിച്ച കലാകാരന്മാരുടെ കമ്മ്യൂണിൽ ഇസഡോറ ഡങ്കൻ തുടങ്ങിയ കലാകാരന്മാർക്കൊപ്പമായിരുന്നു. റോദാങ്ങും അവിടേയ്ക്ക് താമസം മാറ്റി. അദ്ദേഹത്തിന്റെ മരണശേഷം അത് റോദാങ്ങ് മ്യൂസിയമായി.

നിരന്തരമായ പ്രവൃത്തിയും തന്റെ തൊഴിലിനോടുള്ള ഇളക്കമില്ലാത്ത സമർപ്പണവും എത്രമേൽ പ്രധാനമാണെന്ന് റിൽക്കേയ്ക്ക് ബോദ്ധ്യമാകുന്നത് റോദാങ്ങിൽ നിന്നാണ്. 'പുറത്തു പോവുക, എന്തിനെയെങ്കിലും നോക്കി നില്ക്കുക (ഉദാഹരണത്തിന് മൃഗശാലയിലെ ഒരു പുലിയെ), അതിൽ നിന്നൊരു കവിതയുണ്ടാകുന്നതുവ



The Gates of Hell (അപൂർണ്ണ ശില്പം).

രെ അതിനെ നോക്കിനില്ക്കുക' എന്ന് കവിയെ ഉപദേശിച്ചത് റോദാങ്ങാണ്. കവിതകൾ ശില്പങ്ങളുടെ ഭാഷാപരമായ തത്സമങ്ങളാവണം. അങ്ങനെയുള്ള 'വസ്തു-കവിത'കളാണ് 1902 മുതൽ 1908 വരെ എഴുതിയ കവിതകളുടെ സമാഹാരമായ Neue Gegedichte (പുതിയ കവിതകൾ).

റിൽക്കേയും റോദാങ്ങും തമ്മിലുള്ള ഈ ബന്ധത്തിന്റെ ഒരു മറിച്ചിടൽ ഫ്രാൻസ് കപ്പൂസ് എന്ന ചെറുപ്പക്കാരനായ കവിയ്ക്ക് റിൽക്കെ എഴുതിയ കത്തുകളിൽ കാണാം. റിൽക്കെ റോദാങ്ങിനെ ആദ്യമായി കണ്ട് വളരെയധികം കഴിയുന്നതിനു മുമ്പ് 1903 ഫെബ്രുവരിയിൽ തുടങ്ങിയ കത്തുകളിലൂടെയുള്ള അവരുടെ ബന്ധം 1908 വരെ നീളുന്നുണ്ട്. പ്രശസ്തമായ ആ "ചെറുപ്പക്കാരനായ കവിയ്ക്കെഴുതിയ കത്തുകൾ" യഥാർത്ഥത്തിൽ എഴുതുന്നത് റോദാങ്ങിന്റെ പ്രതിബിംബമായ റിൽക്കേയാണ്. റോദാങ്ങുമായുള്ള ദീർഘസംഭാഷണങ്ങളിൽ നിന്നു തനിയ്ക്കു കിട്ടുന്ന തിരിച്ചറിവുകൾ റിൽക്കെ കപ്പൂസിനു പകർന്നു കൊടുക്കുകയാണ്. അന്ന് റിൽക്കേയ്ക്ക് 27 വയസ്സായിരുന്നു; ചെറുപ്പക്കാരനായ കവിയ്ക്ക് 19-ഉം.

എന്റെ ഗുരോ,

ഹെയ്സൽഡോറിൽ നിന്നു ഞാൻ എഴുതിയിരുന്നു, അങ്ങയ്ക്കു സമർപ്പിക്കപ്പെട്ട പുസ്തകത്തിനു സ്വയം തയാറാവാനായി സെപ്തംബറിൽ ഞാൻ പാരീസിൽ എത്തുമെന്ന്. പക്ഷേ അങ്ങയോടിതുവരെയും ഞാൻ പറയാത്തതൊന്നുണ്ട്: എനിക്ക്, എന്റെ കൃതിയ്ക്ക് (ഒരെഴുത്തുകാരന്റെ കൃതി, അല്ല, ഒരു കവിയുടെ കൃതി) വലിയൊരനുഭവമായിരിക്കും അങ്ങയുടെ സാമീപ്യം. കവികൾക്ക്, ചിത്രകാരന്മാർക്ക്, ശില്പികൾക്ക്: സർഗ്ഗാത്മകജീവിതത്തിന്റെ പരമലക്ഷ്യമായ നിത്യതയുടെ ഒരു കിരണമല്ലാതെ മറ്റൊന്നും കാംക്ഷിക്കാതെ തങ്ങളുടെ, തങ്ങളുടെ യാതനാവീഥി താണ്ടുന്ന എല്ലാ കലാകാരന്മാർക്കും അപ്പവും പൊന്നും നല്കാനറിയുന്ന കലയാണങ്ങയുടേത് (ഇതെനിക്കു വളരെക്കാലമായി തോന്നിയിട്ടുള്ളതുമാണ്).



The Thinker (1879–1889).

(വളരെ ചെറുപ്പത്തിലേ) ഞാൻ എഴുതാൻ തുടങ്ങിയിരുന്നു; എന്റേതായി ഇപ്പോൾത്തന്നെ എട്ടോ ഒമ്പതോ പുസ്തകങ്ങളുമുണ്ട്: കവിതകൾ, ഗദ്യകൃതികൾ, പിന്നെ ചില നാടകങ്ങളും; ബർലിനിൽ അവതരിപ്പിച്ചപ്പോൾ ഒരേകാകിയോടു വെറുപ്പു കാണിക്കാൻ കിട്ടുന്ന ഒരവസരവും പാഴാക്കാത്ത പൊതുജനത്തിൽ നിന്നതിന കിട്ടിയത് നിന്ദാസ്തുതി മാത്രമായിരു

ന്നു.

എന്റെ നിർഭാഗ്യത്തിന് ആ പുസ്തകങ്ങൾക്ക് ഒരു പരിഭാഷയും ഉണ്ടായിട്ടില്ല; അതിനാൽ ഒന്നു കണ്ണോടിച്ചു നോക്കണമെന്ന് അങ്ങയോടു പറയാൻ പോലും എനിക്കു കഴിയുന്നുമില്ല. എന്നാലുംകൂടി, വരുമ്പോൾ ഒന്നോ രണ്ടോ പുസ്തകങ്ങൾ ഞാൻ കൊണ്ടുവരാം; കാരണം, എന്റെ കുമ്പസാരങ്ങളിൽ ചിലത് അങ്ങയുടെ വസ്തുക്കൾക്കിടയിൽ, അങ്ങയുടെ സ്വന്തമായി, അങ്ങയുക്കരികിൽ ഉണ്ടെന്നറിയുന്നത് എന്റെയൊരാവശ്യമാണ് — അത്ഭുതപ്രവർത്തകനായ ഒരു വിശുദ്ധന്റെ അൾത്താരയിൽ വെള്ളി കൊണ്ടൊരു ഹൃദയം നാം നേർച്ച വയ്ക്കുമ്പോലെ.

അങ്ങ് ഈ ലോകത്തുണ്ടെന്നറിഞ്ഞതോടെ എന്റെ ജീവിതം പൂർണ്ണമായി മാറിക്കഴിഞ്ഞു, ഗുരോ; അങ്ങയെ ഞാൻ നേരിൽ കാണുന്ന ആ ദിവസം എന്റേതാ

യ ദിവസങ്ങളിൽ ഒന്നായിരിക്കും (ഒരു പക്ഷേ, ഏറ്റവും സന്തോഷപ്രദവും).

... കവികളോ ചിത്രകാരന്മാരോ ശില്പികളോ ആകാതെ തങ്ങൾക്കു ജീവിക്കാൻ സാദ്ധ്യമല്ലെന്നു ഗ്രഹിക്കുന്ന ചെറുപ്പക്കാർക്കു വന്നുപെടുന്ന ഏറ്റവും ദാരുണമായ വിധിയാണ്, ഒരു യഥാർത്ഥ മാർഗ്ഗദർശിയെ കണ്ടെത്താൻ അവർക്കു കഴിയുന്നില്ല എന്നത്. കരുത്തനായ ഒരു ഗുരുവിനെ തേടുമ്പോൾ അവർ തേടുന്നത് വാക്കുകളല്ല, വിവരമല്ല; അവർക്കു വേണ്ടത് ഒരുദാഹരണമാണ്, ഒരു തീക്ഷ്ണഹൃദയമാണ്, മഹത്വം രചിക്കുന്ന കൈകളാണ്. അവർക്കു വേണ്ടത് അങ്ങയെയാണ്.

(റോദാങ്ങിന് റിൽക്കെ 1902 ആഗസ്റ്റ് 1-ന് എഴുതിയ കത്തിൽ നിന്ന്)



The Burghers of Calais (1884--1889) എന്ന റോദാങ് ശില്പം (ചിത്രം: വിക്കിപ്പീഡിയ).

… അങ്ങയെക്കുറിച്ചൊരു പഠനം ചെയ്യാൻ വേണ്ടി മാത്രമല്ല, ഞാൻ അങ്ങയെ കാണാൻ വന്നതു്; എനിക്കങ്ങയോടു ചോദിക്കണമായിരുന്നു: എങ്ങനെയാണു് ജീവിക്കേണ്ടതു്? അതിനങ്ങു് മറുപടിയും പറഞ്ഞു: പ്രവർത്തിച്ചുകൊണ്ടു്. എനിക്കതു് നന്നായി മനസ്സിലാവുകയും ചെയ്തു. പ്രവർത്തിക്കുക എന്നാൽ മരിക്കാതെ ജീവിക്കുക എന്നാണെന്നു് എനിക്കു മനസ്സിലാ

വുന്നു. അതിലെനിക്കു നന്ദിയും സന്തോഷവുമുണ്ട്. യൗവനാരംഭം മുതലേ മറ്റൊന്നും ഞാൻ ആഗ്രഹിച്ചിരുന്നില്ല. ഞാനതിനു ശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ എന്റെ പ്രവൃത്തി, എനിക്കതു് അത്ര ഇഷ്ടമായതിനാൽ, ഇക്കഴിഞ്ഞ കുറേക്കൊല്ലമായി വിരളമായ പ്രചോദനങ്ങളുടെ ഉത്സവമായി മാറിയിരിക്കുന്നു. തീരാത്ത ശോകത്തോടെ സർഗ്ഗാത്മകതയുടെ മുഹൂർത്തത്തിനായി കാത്തിരിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാത്ത ആഴ്ചകളുമുണ്ടായിരുന്നു. ഗർത്തങ്ങൾ നിറഞ്ഞ ഒരു ജീവിതമായിരുന്നു അതു്. പ്രചോദനമുണർത്തുന്ന കൃത്രിമമാർഗ്ഗങ്ങളിൽ നിന്നു് ഉത്കണ്ഠയോടെ ഞാൻ മാറിനടന്നു; ഞാൻ മദ്യം കഴിക്കാതെയായി (വർഷങ്ങളായി അങ്ങനെയാണു്), എന്റെ ജീവിതത്തെ പ്രകൃതിയോടടുപ്പിക്കാൻ ഞാൻ ശ്രമിച്ചു… ഇങ്ങനെയൊക്കെ ചെയ്തുവെങ്കിലും, ആലോചിച്ചെടുത്ത നിശ്ചയങ്ങളാണതെങ്കിലും, ദൂര

ത്തായിപ്പോയ പ്രചോദനങ്ങളെ പ്രവൃത്തിയിലൂടെ മടക്കിക്കൊണ്ടുവരാനുള്ള ധൈര്യം എനിക്കുണ്ടായില്ല. എന്നാൽ മറ്റൊരു വഴി ഇല്ലെന്ന് ഇപ്പോഴെനിക്കു മനസ്സിലാവുന്നു. – എന്റെ ജീവിതത്തിന്റെയും അങ്ങെനിക്കു തന്ന പ്രത്യാശയുടേയും മഹത്തായ പുനർജ്ജന്മമാണത്. എന്റെ ഭാര്യയുടെ കാര്യത്തിലും ശരിയാണത്. കഴിഞ്ഞ കൊല്ലം കടുത്ത ചില സാമ്പത്തികക്ളേശങ്ങളിൽ ഞങ്ങൾ പെട്ടുപോയിരുന്നു; അതിനിനിയും പൂർണ്ണപരിഹാരമായിട്ടുമില്ല. എന്നാല്ക്കൂടി, നിരന്തരവും ശ്രദ്ധാപൂർവ്വവുമായ പ്രവൃത്തിയിലൂടെ ദാരിദ്ര്യത്തിന്റെ ഉത്കണ്ഠകളെപ്പോലും നിരായുധമാക്കാമെന്ന് എനിക്കിപ്പോൾ ചിന്തയുണ്ടായിരിക്കുന്നു. എന്റെ ഭാര്യക്ക് ഞങ്ങളുടെ കുഞ്ഞിനെ വിട്ടുപോരേണ്ടിവന്നു; എന്നാൽ ആ അനിവാര്യതയെ കുറച്ചുകൂടി ശാന്തതയോടെയും നിഷ്പക്ഷമായും കാണാൻ അങ്ങു പറഞ്ഞ ആ ‘പ്രവൃത്തിയും ക്ഷമയും’ ഇ

പ്പോഴവൾക്കു സഹായമാവുന്നുണ്ട്. അവൾ അങ്ങയ്ക്കരികിൽ, അങ്ങയുടെ മഹത്തായ സൃഷ്ടികൾക്കരികിൽ ഉണ്ടാകുമെന്നതു് എനിക്കു സന്തോഷം നല്കുന്നു. അങ്ങയുടെ മുന്നിൽ ആർക്കും വഴി തെറ്റുന്നില്ല…

ഇന്നലെ അങ്ങയുടെ ഉദ്യാനത്തിലെ നിശ്ശബ്ദതയിൽ വച്ചാണ് ഞാൻ എന്നെ കണ്ടെത്തിയതു്. ഇപ്പോൾ ഈ പെരുംനഗരത്തിന്റെ ആരവങ്ങൾ ഏറെയകലെപ്പോയിരിക്കുന്നു, എന്റെ ഹൃദയത്തിലെ ഗഹനനിഷ്പന്ദതയിൽ അങ്ങയുടെ വാക്കുകൾ പ്രതിമകൾ പോലെ നില്ക്കുന്നു…

(1902 സെപ്തംബർ 11-ന്
റോദാങ്ങിനെഴുതിയ കത്തിൽ നിന്ന്)

... പാരീസ് ദുസ്സഹമായ, ആധി പിടിച്ച ഒരു നഗരമാണ്. നിങ്ങൾ അവിടെ കാണുന്ന സൗന്ദര്യങ്ങൾ, ദീപ്തനിത്യത കൊണ്ടനുഗ്രഹീതങ്ങളാണവയെങ്കില്പോലും, തെരുവുകളുടെ ക്രൂരതയും കലാപവും, ഉദ്യാനങ്ങളുടെയും മനുഷ്യരുടെയും വസ്തുക്കളുടെയും വക്രിച്ച മുഖങ്ങളും നിങ്ങളിലേല്പിക്കുന്ന യാതനയ്ക്കു മതിയായ പരിഹാരമാവുകയില്ല. എന്റെ മനസ്സിനെ അവാച്യമായ സന്ത്രാസം കൊണ്ടു നിറയ്ക്കുന്നതെന്തോ പാരീസിലുണ്ട്. അതിനതിന്റെ വഴി തെറ്റി, ഭ്രമണപഥത്തിൽ നിന്നു തെന്നിമാറിയൊരു ഗ്രഹത്തെപ്പോലെ ഭീകരമായ ഒരു കൂട്ടിയിടിയിലേക്ക് വലിച്ചുപറിച്ചു പായുന്നപോലെയാണ്. ദൈവത്തിന്റെ രോഷം വിഴുങ്ങാനടുത്തുവെന്നു ബൈബിളിൽ പറയുന്ന നഗരങ്ങൾ ഇതുപോലെയായിരിക്കണം. ഇതിന്റെയൊക്കെ മഹത്തായ, ശാന്തമായ, പ്രബലമായ ഒരു നിഷേധമാണ് റോദാങ്. കാലം അദ്ദേഹ

ത്തിൽ നിന്നാണ് പ്രവഹിക്കുന്നത്; തന്റെ ദീർഘജീവിതത്തിലെ ഓരോ നാളും പ്രവൃത്തി കൊണ്ടു നിറയ്ക്കുമ്പോൾ അലംഘനീയനാണ്, പൂജനീയനാണ്, അജ്ഞാതൻ തന്നെയാണദ്ദേഹമെന്നു തോന്നിപ്പോകുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ സൃഷ്ടികളും പ്രകൃതിയിലും സാരാംശത്തിലും ആ പഴയ ഭദ്രാസനപ്പള്ളികളും ലൂവ്രിലെ വസ്തുക്കളും പോലെയാണ്; പിന്നെ, ഓട്ടോ മോഡെർസോൺ, ഓജസ്സുറ്റ സ്നേഹം കൊണ്ടു താങ്കൾ സ്വന്തമാക്കിയ ആ ഉത്കൃഷ്ടവും ലളിതവും വിപുലവുമായ നാട്ടുമ്പുറത്ത് താങ്കളോടൊപ്പം കഴിഞ്ഞ നാളുകൾ പോലെയും. താങ്കൾക്കു വേണ്ടതെല്ലാം അവിടെത്തന്നെയുണ്ടെന്നും ഇനി, എന്നെങ്കിലും പാരീസിൽ വരികയാണെങ്കിൽ അതു ഹ്രസ്വമായൊരു കാലത്തേക്കായിരിക്കുമെന്നും താങ്കളെക്കുറിച്ചോർക്കുമ്പോൾ എനിക്കു തോന്നാറുണ്ട്. ഒരാൾക്കു സ്വന്തമെന്നു പറയാൻ ഒരി

ടമുണ്ടെങ്കിൽ അയാൾ അതിനെ പരിപാലിക്കണം, അതിനെ സ്നേഹിക്കണം, അയാൾ അതു വിട്ടു പോകുന്നത് അപൂർവ്വമായിരിക്കണം. അയാൾക്ക് ലോകം പുറത്തല്ല; എല്ലാ ദൂരങ്ങളിൽ നിന്നും അതു തന്നിലേക്കെത്താൻ, തന്റെ വീട്ടുവസ്തുക്കളിൽ വൈവിദ്ധ്യവും മഹത്വവും ദീപ്തിയും കൊണ്ടു നിറയ്ക്കാൻ ക്ഷമയും പ്രവൃത്തിയുമായി അയാൾ കാത്തിരിക്കണം…

(1902 ഡിസംബർ 31-ന് ഓട്ടോ മോഡെർസോണിനെഴുതിയ കത്തിൽ നിന്ന്)

പ്രശസ്തനാകുന്നതിനു മുമ്പ് റോദാങ്ങ് ഏകാകിയായിരുന്നു. പ്രശസ്തനായപ്പോൾ അദ്ദേഹം കൂടുതൽ ഏകാകിയായി. കാരണം, പുതിയ ഒരു പേരിനു ചുറ്റും വന്നുകൂടുന്ന തെറ്റിദ്ധാരണകളെയാണല്ലോ പ്രശസ്തി എന്നു പറയുക.

റോദാങ്ങിനു ചുറ്റും കൂടിയവർക്കൊന്നും അദ്ദേഹത്തിന്റെ സന്ദേശമോ അതിന്റെ പ്രാധാന്യമോ മനസ്സിലായിരിക്കണമെന്നില്ല; അവരെ പറഞ്ഞു മനസ്സിലാക്കുക എന്നത് ദീർഘവും ദുഷ്കരവുമായ ഉദ്യമമായിരിക്കും. അതിന്റെ ആവശ്യവുമില്ല. അവർ തടിച്ചുകൂടിയത് ആ പേരിനു ചുറ്റുമാണ്, ആ പ്രവൃത്തിക്കു ചുറ്റുമല്ല — ഒരു പേരിന്റെ ശബ്ദവും അതിർത്തിയും കടന്നുവളർന്ന് പേരില്ലാതായ ഒരു പ്രവൃത്തി; ഒരു സമതലം പോലെ പേരില്ലാത്തത്, അല്ലെങ്കിൽ, ഭൂപടങ്ങളിൽ, പുസ്തകങ്ങളിൽ, മനുഷ്യരുടെ ചുണ്ടുകളിൽ മാത്രം പേരുള്ളതും. യഥാർത്ഥത്തിൽ വൈപുല്യവും ചലന



Éve. 1881–1899 കാലഘട്ടത്തിൽ നിർമ്മിച്ച വെങ്കല പ്രതിമ (ചിത്രം: വിക്കിപ്പീഡിയ).

വും ആഴവും മാത്രമായ സമുദ്രം പോലെ പേരില്ലാത്തത്.

നാമിവിടെ സംസാരിക്കാൻ പോകുന്ന ആ പ്രവൃത്തി വർഷങ്ങളെടുത്തു വളർന്നുവന്നതാണ്, കാട്ടു പോലെ ഒരു നിമി

ഷം പോലും പാഴാക്കാതെ വളർന്നുകേറി യതാണ്. അതിന്റെ ഒരായിരം ആവിഷ്കാ രങ്ങൾക്കിടയിലൂടെ കടന്നുപോകുമ്പോൾ, ആ ഭാവനാശേഷിയും ശില്പവൈദഗ്ധ്യ വും നമ്മെ വ്യാമുഗ്ദ്ധരാക്കുമ്പോൾ ഇങ്ങ നെയൊരു ലോകം സൃഷ്ടിച്ചെടുത്ത ആ ര ണ്ടു കൈകൾ എവിടെയെന്ന് അറിയാതെ നാം നോക്കിപ്പോകുന്നു. മനുഷ്യന്റെ കൈ കൾ എത്ര ചെറുതാണെന്നും എത്ര വേഗമാ ണവ തളർന്നുപോകുന്നതെന്നും എത്ര കു റച്ചു നേരമേ അവയ്ക്കു കൊടുത്തിട്ടുള്ളുവെ ന്നും നാമോർത്തുപോകുന്നു. ഒരുനൂറു കൈ കളുടെ ജീവിതം ജീവിച്ച ആ കൈകൾ ഒ ന്നു കാണാൻ നമുക്കു മോഹം തോന്നി പ്പോകുന്നു — സൂര്യോദയത്തിനും മുമ്പെ ഴുന്നേറ്റ് പ്രവൃത്തിയിലേക്കുള്ള ദീർഘമാ യ പാതയിലൂടെ യാത്ര പുറപ്പെട്ട കൈ കളുടെ ഒരു രാഷ്ട്രം. ആ കൈകളുടെ ഉട മ ആരെന്നു നാം ചോദിക്കുന്നു. ആരാണ യാൾ?

അയാൾ ഒരു വൃദ്ധനാണ്. പറയാൻ പറ്റുന്നതല്ല അയാളുടെ ജീവിതം. അതിനൊരു തുടക്കമുണ്ടായിരുന്നു, അവിടെ നിന്നത് മുന്നോട്ടു പൊയ്ക്കൊണ്ടേയിരിക്കുകയാണ്, ഇതിനകം ഒരു നൂറു ജീവിതങ്ങൾ അതു ജീവിച്ചിട്ടുണ്ടാകുമെന്ന് നമുക്കു തോന്നിപ്പോകുന്നു. അതിനെക്കുറിച്ച് നമുക്കൊന്നുമറിയില്ല. അതിനൊരു ബാല്യമുണ്ടായിരുന്നിരിക്കണം: ദാരിദ്ര്യത്തിന്റെയും ഇരുട്ടിന്റെയും തപ്പിത്തടയലിന്റെയും അനിശ്ചിതത്വത്തിന്റെയും ഒരു ബാല്യം. അതിപ്പോഴും ആ ബാല്യം കൊണ്ടുനടക്കുന്നുമുണ്ടാവാം; കാരണം — അഗസ്റ്റീൻ പുണ്യവാളൻ പറഞ്ഞപോലെ — അതെങ്ങോട്ടു പോകാൻ? പൊയ്ക്കഴിഞ്ഞ നേരങ്ങൾ ഇപ്പോഴും അതിന്റെ കൂടെയുണ്ടാവാം: പ്രതീക്ഷയുടെ നേരങ്ങൾ, ഏകാന്തതയുടെ നേരങ്ങൾ, സന്ദേഹത്തിന്റെ നേരങ്ങൾ, നൈരാശ്യത്തിന്റെ ദീർഘമായ നേരങ്ങൾ. ഒന്നും നഷ്ടപ്പെടാത്ത, ഒന്നും മറ

ക്കാത്ത ജീവിതമാണതു്; കഴിഞ്ഞതത്ര യും ശേഖരിച്ചുവച്ച ജീവിതം. അങ്ങനെ യൊരു ജീവിതത്തിൽ നിന്നേ ഇത്രയും തി കവും പൊലിമയുമുള്ള ഒരു പ്രവൃത്തി ഉണ്ടാ യിവരൂ എന്നു നാം വിശ്വസിക്കുന്നു; എ ല്ലാം എന്നും സന്നിഹിതവും സജീവവുമാ യ, ഒന്നും കഴിഞ്ഞുപോകാത്ത ഒരു ജീ വിതത്തിനേ ബലവും ചെറുപ്പവും സൂക്ഷി ക്കാനും സൃഷ്ടിയുടെ ഔന്നത്യങ്ങളിലേ ക്ക് പിന്നെയും പിന്നെയും ഉയരാനും ക ഴിയൂ.

* * *

സംശയങ്ങളോ അനിശ്ചിതത്വങ്ങളോ വന്നു ബാധിക്കുമ്പോൾ, തുടക്കക്കാർക്കു സ ഹജമായ അക്ഷമയോ അകാലമരണത്തെ ക്കുറിച്ചുള്ള പേടിയോ ദൈനന്ദിനജീവിത ത്തിലെ ബുദ്ധിമുട്ടുകളോ ഭീഷണിപ്പെടുത്തു മ്പോൾ അദ്ദേഹം അതിനെയൊക്കെ നേ രിട്ടതു് ശാന്തതയോടെ, നിവർന്നുനിന്നു ള്ള ഒരു പ്രതിരോധത്തോടെയാണ്, ഒ

രു ധിക്കാരത്തോടെ, ഒരു കരുത്തോടെ, ഒ രാത്മവിശ്വാസത്തോടെയാണ് — ഒരു മ ഹാവിജയത്തിന്റെ ചുരുളഴിയാത്ത പതാ കകളുമായി. ആ നേരങ്ങളിൽ അദ്ദേഹ ത്തെ തുണയ്ക്കാനെത്തിയത് ഭൂതകാലത്തി ന്റെ ശബ്ദമായിരിക്കാം, അദ്ദേഹം എന്നമെ ന്നും തേടിക്കണ്ടെത്തിയ ഭദ്രാസനപ്പള്ളി കളുടെ ശബ്ദം. പുസ്തകങ്ങളും അദ്ദേഹത്തി ന്റെ സഹായത്തിനെത്തി. ദാന്തേയുടെ ഡി വീന കൊമേഡിയ അന്നാദ്യമായി അദ്ദേ ഹം വായിച്ചു. അതൊരു വെളിപാടായിരു ന്നു. മറ്റൊരു കാലത്തെ വേദന തിന്നുന്ന ഉ ടലുകൾ അദ്ദേഹം കണ്മുന്നിൽ കണ്ടു, ഉ ടയാടകൾ പറിച്ചുമാറ്റിയ ഒരു നൂറ്റാണ്ടി ലേക്കദ്ദേഹത്തിനു നോട്ടം കിട്ടി; ഒരു ക വി തന്റെ കാലഘട്ടത്തിനു മേൽ ചുമത്തു ന്ന മഹത്തായ, അവിസ്മരണീയമായ ന്യാ യവിധി അദ്ദേഹം കണ്ടു. തന്റെ ആശയ ങ്ങളെ ന്യായീകരിക്കുന്ന ചിത്രങ്ങൾ അദ്ദേ ഹം അതിൽ കണ്ടു; നിക്കോളാസ് മൂന്നാ

മന്റെ കരയുന്ന പാദങ്ങളെക്കുറിച്ചു വായിച്ചപ്പോൾ അങ്ങനെയുള്ള പാദങ്ങൾ മുമ്പുണ്ടായിരുന്നതായി അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു; ഉടലിന്റെ ഏതു ഭാഗത്തിനും കരയാമെന്നും ഉടലങ്ങനെതന്നെ കരയാമെന്നും ഉടലിന്റെ ഏതു രോമകൂപത്തിൽ നിന്നും കണ്ണീരൊഴുകാമെന്നും അദ്ദേഹം കണ്ടു.

ദാന്തേയിൽ നിന്നദ്ദേഹം ബോദ്‌ലേറിലേക്കു കടന്നു. ഇവിടെ ന്യായവിധികളില്ല, ഒരു പ്രേതത്തിന്റെ കൈ പിടിച്ചു സ്വർഗ്ഗത്തിലേക്കു നടക്കുന്ന കവിയില്ല. ഇവിടെ യാതനപ്പെടുന്ന ഒരു മനുഷ്യജീവി തന്റെ ശബ്ദമുയർത്തുകയാണ്, തന്റെ സഹജീവികളുടെ തലയ്ക്കു മേൽ, അവരെ നാശത്തിൽ നിന്നു രക്ഷിക്കാനെന്നപോലെ, തന്റെ ശബ്ദം ഉയർത്തിപ്പിടിക്കുകയാണ്. ഈ കവിതയിൽ എഴുതിയതല്ല, വാർത്തെടുത്തതാണെന്നപോലെ മുഴുത്തുനിന്നിരുന്ന വരികളുണ്ടായിരുന്നു; കവിയുടെ എ

രിയുന്ന കൈകളിൽ ഉരുകിപ്പോയ പദങ്ങളും പ്രയോഗങ്ങളുമുണ്ടായിരുന്നു; ചുമരിൽ നിന്നെഴുന്നുനില്ക്കുന്ന പ്രതിമകൾ പോലെ വിരലോടിക്കാവുന്ന വരികളും നിയതരൂപമല്ലാത്ത ഒരു കുംഭഗോപുരത്തെ താങ്ങിനില്ക്കുന്ന സ്തംഭങ്ങൾ പോലെ കലുഷചിന്തയുടെ ഭാരം പേറുന്ന ഗീതകങ്ങളുമുണ്ടായിരുന്നു. അവിടെ പെട്ടെന്നവസാനിക്കുന്ന കാവ്യകല മറ്റൊരു കലയുടെ തുടക്കത്തിൽ നില്ക്കുകയാണെന്ന ഒരർദ്ധബോധം അദ്ദേഹത്തിനുണ്ടായി; തനിക്കൊരു മുൻഗാമിയെ ബോദ്‌ലേറിൽ അദ്ദേഹം കണ്ടു; മുഖങ്ങൾ വഴി തെറ്റിക്കാൻ നിന്നു കൊടുക്കാതിരുന്ന ഒരു കലാകാരൻ; ജീവിതം കൂടുതൽ വിപുലവും കൂടുതൽ നിഷ്കരുണവും കൂടുതൽ അസ്വസ്ഥവുമായ ഉടലുകൾ തേടിപ്പോയവൻ.

അതില്പിന്നെ ഈ രണ്ടു കവികൾ എന്നും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു; ചിന്തകൾ അവരെയും കടന്നു പോയിരു

ന്നെങ്കിൽ അവ പിന്നെ അവരിലേക്കുത ന്നെ തിരിച്ചെത്തുകയും ചെയ്തിരുന്നു. ത ന്റെ കല രൂപമെടുക്കുന്ന ആ പ്രാരംഭഘട്ട ത്തിൽ, മുന്നിലുള്ള ജീവിതത്തിനൊരു ഒ രു പേരോ പ്രാധാന്യമോ ഇല്ലാത്ത ആ നാ ളുകളിൽ റൊദാങ്ങിന്റെ ചിന്തകൾ ആ ക വികളിലൂടെ സഞ്ചരിച്ചു, അവരിൽ ഭൃത കാലം അദ്ദേഹം കണ്ടെത്തുകയും ചെ യ്തു.

* * *

പല വസ്തുക്കളിൽ നിന്ന് ഒരു വസ്തുവു ണ്ടാക്കാനും ഒരു വസ്തുവിന്റെ ഏറ്റവും ചെ റിയ ഒരംശത്തിൽ നിന്ന് ഒരു ലോകം ത ന്നെ സൃഷ്ടിക്കാനുമുള്ള അവകാശം കലാ കാരനുള്ളതാണ്. റോദാങ്ങ് കൈകൾ ചെ യ്തിട്ടുണ്ട്: ഒരുടലിന്റെ ഭാഗമല്ലാതിരിക്കെ ത്തന്നെ സജീവമായ, സ്വതന്ത്രമായ ചെറി യ കൈകൾ. വെറി പിടിച്ചും രോഷത്തോ ടെയും ഉയർന്നുനില്ക്കുന്ന കൈകൾ; സെർ

ബറസിന്റെ[1] അഞ്ചു തൊണ്ടകൾ കുരയ്ക്കുകയാണെന്നപോലെ വിരലുകൾ പിടഞ്ഞുനില്ക്കുന്ന കൈകൾ. നടക്കുന്ന കൈകൾ, ഉറങ്ങുന്ന കൈകൾ, ഉറക്കം വിട്ടെഴുന്നേല്ക്കുന്ന കൈകൾ; പാരമ്പര്യരോഗം ബാധിച്ച കുറ്റവാളിക്കൈകൾ; ഒരാൾക്കും തങ്ങളെ രക്ഷിക്കാനാവില്ലെന്ന തിരിച്ചറിവോടെ ഏതെങ്കിലും മൂലയ്ക്കു മരിക്കാനായിക്കിടക്കുന്ന ദീനം പിടിച്ച ജന്തുക്കളെപ്പോലെ നിരാലംബമായ, തളർന്ന കൈകൾ. എന്നാൽ കൈകൾ അതിസങ്കീർണ്ണമായ ഒരു ജൈവരൂപവുമാണ്: പല സ്രോതസ്സുകളിൽ നിന്നുള്ള ജീവൻ ഒരുമിച്ചൊഴുകിയെത്തുകയും പ്രവൃത്തിയുടെ മഹാപ്രവാഹത്തിലേക്കൊഴുകിച്ചേരുകയും ചെയ്യുന്ന നദീമുഖം. കൈകൾക്കൊരു ചരിത്രമുണ്ട്, സ്വന്തമായ ഒരു നാഗരികത തന്നെയു

1 ഗ്രീക്കുപുരാണത്തിൽ മരിച്ചവർ മരണദേശത്തു നിന്നു രക്ഷപ്പെടാതിരിക്കാനായി കാവൽ നില്ക്കുന്ന അഞ്ചു തലകളുള്ള നായ

ണ്ടു്, വിശേഷിച്ചൊരു സൗന്ദര്യവുമുണ്ടു്. സ്വന്തമായൊരു വികാസവും സ്വന്തം അഭിലാഷങ്ങളും വികാരങ്ങളും മനോഭാവങ്ങളും ഇഷ്ടപ്പെട്ട പ്രവൃത്തികളുമുണ്ടാകുന്നതിനുള്ള അവകാശം കൈകൾക്കു നാം വകവച്ചു കൊടുത്തിരിക്കുന്നു.


(റോദാങ്ങിനെക്കുറിച്ച് റിൽക്കെ എഴുതിയ ജീവചരിത്രത്തിൽ നിന്നു്)

# 12

## പുതിയ കവിതകൾ

റോദാങ്ങിനെക്കുറിച്ച് ഒരു പുസ്തകമെഴുതാൻ 1902-ൽ പാരീസിൽ എത്തുമ്പോൾ ഒരു കവി എന്ന നിലയിൽ അറിയപ്പെടാൻ വേണ്ടത്രയും 27-കാരനായ റിൽക്കെ എഴുതിക്കഴിഞ്ഞിരുന്നു. കവിതകളും കഥകളുമായി ഒമ്പതു സമാഹാരങ്ങൾ പുറത്തു വന്നിരുന്നു; The Book of Hours-ന്റെ രണ്ടു ഭാഗങ്ങളും The Book of Images പൂർണ്ണമായും എഴുതിക്കഴിഞ്ഞിരുന്നു. ആദ്യകാലത്തെ ധൂർത്തമായ സൗന്ദര്യാത്മകതയിൽ നിന്ന് നിയതതാളത്തിലുള്ള ഒരു കാവ്യാത്മകതയിലേക്ക് അദ്ദേഹം എത്തുകയും ചെയ്തിരുന്നു. The Book of Hours-ലെ ആദ്യഭാഗത്തെ കവിതകളുടെ ശൈലിയിൽ താൻ ശിഷ്ടകാലം തുടർന്നേനേയെന്ന് റിൽക്കെ പറയുന്നുമുണ്ട്. പക്ഷേ

ആ പാരീസ് യാത്ര അതെല്ലാം മാറ്റിമറിച്ചു. റോദാങ്ങിനോട്ട് ആദ്യം തോന്നിയ കൗതുകം പിന്നീട് അദ്ദേഹത്തിന്റെ ശിഷ്യപ്പെടുന്ന ആരാധനയായി മാറുകയാ



Paul Klee (1879–1940): Aufgehender Stern (1931) (Courtesy: Wikimedia).

യിരുന്നു. റോദാങ്ങിന്റെ സൃഷ്ടികളെ ആഴത്തിൽ പഠിക്കുന്തോറും തന്റെ കൃതികൾ എത്രമാത്രം പൊള്ളയാണെന്ന് അദ്ദേഹത്തിനു തോന്നിത്തുടങ്ങി. റോദാങ്ങ് ഒരു പണിക്കാരനായിരുന്നു, കൈവേലക്കാരനായിരുന്നു; വിയർത്തു പണിയെടുത്താണ് അദ്ദേഹം ഓരോ ശില്പത്തിനും രൂപം കൊടുത്തിരുന്നത്. ആ ഊർജ്ജവും അർപ്പണബോധവും തന്റെ ഭാഷയുടെ വഴുവഴുക്കുന്ന മിനുസവും പ്രചോദനത്തിന്മേലുള്ള വിധേയത്വവും വർജ്ജിക്കാനുള്ള ഒരാഹ്വാനമായിട്ടാണ് റിൽക്കെ കണ്ടത്. കാവ്യാത്മകമായ ഒരു വിഷയത്തെക്കുറിച്ച് കാവ്യാത്മകമായി എഴുതാൻ പ്രചോദനം കാത്തിരിക്കുന്ന ഒരടിമ എന്ന നിലയിൽ നിന്നു സ്വയം പുറത്തു കടക്കാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നും പണിയെടുക്കുക — എന്നും എന്ന റോദാങ്ങിന്റെ പ്രമാണം എന്തുകൊണ്ട് തന്റെ സർഗ്ഗാത്മകജീവിതത്തിൽ പകർത്തിക്കൂടാ എന്ന് അദ്ദേഹം സ്വയം ചോ

ദിച്ചു. ഒരു ശില്പിയോ ചിത്രകാരനോ ചെയ്യുന്നപോലെ നിത്യവും ഒരു കല്ലോ കാൻവാസോ എടുത്ത് നേരേ പണി തുടങ്ങുക; പ്രചോദനമൊക്കെ പിന്നീടു വന്നുകൊള്ളും!

എഴുത്തിൽ താൻ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് റിൽക്കെ ഒരു ദിവസം റോദാങ്ങിനോടു സംസാരിക്കുമ്പോൾ അദ്ദേഹം ചോദിച്ചു: "തനിക്കെന്തുകൊണ്ട് പുറത്തേക്കു പോയി എന്തിനെയെങ്കിലും വെറുതേ നോക്കിനിന്നുകൂടാ — ഉദാഹരണത്തിന്, മൃഗശാലയിൽ പോയി ഒരു ജീവിയെ നിരീക്ഷിക്കുക, അതിൽ നിന്നൊരു കവിതയുണ്ടാകുന്നതു വരെ അതിനെ നിരീക്ഷിക്കുക." റിൽക്കെ ആ ഉപദേശം അക്ഷരാർത്ഥത്തിൽ എടുത്തു എന്നതിന്റെ ഫലമാണ് 1902 ഒടുവിൽ എഴുതിയ "പുലി" എന്ന കവിത. എന്നും തുടക്കക്കാരനായിരുന്ന ഒരു കവി ഈ കവിതയിലൂടെ പുതിയ ഒരു തുടക്കം കുറിക്കുകയായിരുന്നു. ഒ

രർത്ഥത്തിൽ റിൽക്കേയുടെ കവിതാവേദ പുസ്തകത്തിലെ പുതിയനിയമമാണ് "പുതിയ കവിതകൾ." രണ്ടു ഭാഗങ്ങളായിട്ടാണ് ഈ സമാഹാരം പ്രസിദ്ധീകരിച്ചത്. 1907-ൽ ഒന്നാം ഭാഗവും 1908-ൽ രണ്ടാം ഭാഗവും പുറത്തുവന്നു.

എന്താണ് ഈ പുതിയ കവിതകളിൽ പുതിയതായിട്ടുള്ളത്? ഏറ്റവും പ്രകടമായിട്ടുള്ളത് ഭാഷയുടെ മാറ്റമാണ്; അത് ഒരേ സമയം സുതാര്യവും സങ്കീർണ്ണവുമായി മാറുന്നു. പദപ്രയോഗം അതിസംക്ഷിപ്തമാവുന്നു. "വസ്തു-കവിതകൾ" എന്ന് റിൽക്കെ വിശേഷിപ്പിച്ച ഈ കവിതകളിൽ ചിലതേ വസ്തുക്കളെക്കുറിച്ചുള്ളു; പക്ഷേ, എല്ലാ കവിതകൾക്കും ഒരു വസ്തുസ്വഭാവം കൈവന്നിരിക്കുന്നു; ശില്പങ്ങളെപ്പോലെ സ്വതന്ത്രസാന്നിദ്ധ്യങ്ങളായിട്ടാണ് അവ വായനക്കാരനു മുന്നിൽ നില്ക്കുന്നത്. വിഷയമെന്തുമാകട്ടെ, ഒരു ചിത്രമോ ശില്പമോ പുരാണകഥാപാത്രമോ മൃഗമോ, അത് ഈ ക

വിതകളിൽ പുതിയൊരു പരിപ്രേക്ഷ്യ ത്തിലൂടെയാണ് വായനക്കാരൻ കാണു ന്നത്; തനിക്കതിപരിചിതമായിരുന്നതൊ ന്നല്ല അയാൾ ഇപ്പോൾ മുന്നിൽ കാണുന്ന ത്; ആ അപരിചിതത്വമേല്പിക്കുന്ന ആഘാ തത്തിലൂടെയാണ് അയാൾ അതിന്റെ വാ സ്തവം അറിയുന്നത്. ഒരു തരത്തിൽ അയാ ളോടുള്ള ഒരു വെല്ലുവിളി കൂടിയാണത്: അ യാൾ ഇനി മേൽ ജീവിതം മാറ്റിജീവിക്ക ണം.

## പ്രണയഗീതം

എങ്ങനെയെന്റെ ഹൃദയത്തെ
നിന്റെ ഹൃദയത്തെത്തൊടാതെ ഞാൻ
തടുക്കും?
എങ്ങനെയെന്റെ ഹൃദയത്തെ
നിനക്കുമപ്പുറത്തൊരു ലോകത്തേക്കു
ഞാനെത്തിക്കും?
എത്രയാഹ്ളാദത്തോടെ
ഞാനതിനെയൊളിപ്പിക്കുമെന്നോ,
ഒരന്യദേശത്തിന്റെ വിദൂരതയിൽ,
നിശ്ശബ്ദതയിൽ, ഇരുട്ടിൽ,
നിന്റെ ഹൃദയം പാടുമ്പോൾ മറുപാട്ടു
പാടാത്ത
പരിത്യക്തവസ്തുക്കൾക്കിടയിൽ.

എന്നെയും നിന്നെയും
തൊടുന്നതൊക്കെപ്പക്ഷേ,
നമ്മെയന്യോന്യം വലിച്ചടുപ്പിക്കുന്നു,
രണ്ടു തന്ത്രികൾ മീട്ടുന്ന വയലിൻ ചാപം
ഒരേ സ്വരം വായിച്ചെടുക്കുമ്പോലെ.
നമ്മെയിണക്കിയിരിക്കുന്നതേതു

വാദ്യത്തിൽ?

## പിയെത്ത

യേശുവേ, പിന്നെയുമൊരിക്കൽക്കൂടി
    നിന്റെ പാദങ്ങൾ ഞാൻ കാണുന്നു,
നിനക്കുമവയ്ക്കും
    ചെറുപ്പമായിരുന്നപ്പോഴെന്റെ കൈകൾ
    സ്പർശിച്ചവ,
വിറ പൂണ്ട കൈകളാലന്നു പാദുകങ്ങളൂരി
    ഞാൻ കഴുകിത്തോർത്തിയവ;
അന്നെത്ര വിധുരമായിട്ടെന്റെ
    മുടിക്കെട്ടിലവ തങ്ങിനിന്നിരുന്നു,
മുൾക്കാട്ടിൽ കുടുങ്ങിപ്പോയ
    പാൽവെള്ളമാനുകളെപ്പോലെ!
ഇന്നിതാ, ആരുമൊരുനാളും പുണരാത്ത
    നിന്റെ കൈകാലുകൾ
    ഞാൻ കാണുന്നു,
നമ്മുടെ പ്രണയത്തിന്റെ പ്രഥമരാത്രിയിൽ
    ഇന്നാദ്യമായി
    ഞാനവ കാണുന്നു.
ഇന്നോളം നിനക്കായി ദാഹിച്ചിരുന്നവൾ,
    നിന്നോടൊരുമിച്ച്
    ഞാൻ ശയിച്ചിട്ടില്ല;

ഇന്നു നിന്നെയെനിക്കായി കിട്ടുമ്പോൾ
ആരാധിക്കാനേ എനിക്കാവൂ.
ഇന്നാർക്കും കയറിച്ചെല്ലാനായി നിന്റെ
ഹൃദയം തുറന്നുകിടക്കുന്നു;
ആ വാതിൽ തുറക്കേണ്ടതെനിക്കു
മാത്രമായിരുന്നില്ലേ?
നോക്കൂ, നിന്റെ കൈവെള്ളകൾ ആണി
തുളഞ്ഞു മുറിപ്പെട്ടിരിക്കുന്നു;
അവയറിയേണ്ടതെന്റെ പല്ലുകളുടെ മൂർച്ച
മാത്രമായിരുന്നില്ലേ?
ഇന്നു നീ ക്ഷീണിതൻ. നിന്റെ കയ്ക്കുന്ന
ചുണ്ടുകൾക്കു വേണ്ട,
എന്റെ ചുണ്ടുകൾ പകരുന്ന കദനം പുരണ്ട
ദാഹജലം.
യേശുവേ, യേശുവേ, നമ്മുടെ
അന്ത്യമെന്തേ, ഈ വിധമാവാൻ!
നമുക്കു കിട്ടാതെ പോയതെന്തേ,
നമ്മുടേതായൊരിടം, നേരവും?

## കവി

ക്ഷണികനിമിഷമേ,
എത്ര വേഗമെന്നെ വിട്ടു നീ പായുന്നു!
നിന്റെ ചിറകടിയേറ്റെത്ര ഞാൻ
മുറിപ്പെടുന്നു!
ഞാനൊറ്റയ്ക്ക്?
എങ്കിലെനിക്കെന്തിനീ നാവു തന്നു?
ഈ പകലുകൾ തന്നു? ഈ രാത്രികളും?
എനിക്കു സ്നേഹിക്കാനൊരാളില്ല, വീടില്ല,
സ്വന്തമെന്നു പറയാനൊരിടവുമില്ല.
ഞാൻ പ്രവേശിക്കുന്നതൊക്കെ
പുഷ്ടിപ്പെടുന്നു,
ഞാനോ, ശോഷിച്ചുപോവുകയും ചെയ്യുന്നു.

## സ്പാനിഷ് നർത്തകി

ഉരച്ച തീപ്പെട്ടിക്കൊള്ളിയാളി-
    ക്കത്തുന്നതിൻ മുമ്പ്
പുളയുന്ന നാവുകൾ ചുറ്റിനും ചാട്ടുന്ന
    പോലെ-
കാണികളുടെ നിബിഡവലയത്തിൽ,
    പൊള്ളുന്ന ചടുലതാളത്തിൽ
അവളുടെ നൃത്തം കാലമിടുന്നു,
    തീനാളങ്ങൾ തൊടുത്തുവിടുന്നു.
പൊടുന്നനേ നൃത്തമാകെത്തീപ്പിടിയ്ക്കുന്നു!
ഒരു തീക്ഷ്ണനോട്ടം കൊണ്ടവൾ മുടിയ്ക്കു തീ
    കൊളുത്തുന്നു,
ധൃഷ്ടപാടവത്തോടവൾ പിന്നെ
    വെട്ടിത്തിരിയുന്നു,
ആ ജ്വലനത്തിലേക്കു തന്റെയുടയാട
    ചുഴറ്റിയെറിയുന്നു;
അതിൽ നിന്നു രണ്ടു കൈകൾ
    പുറപ്പെടുന്നതു നിങ്ങൾ കാണുന്നു,
വിരണ്ടുണർന്നു ചുറയഴിക്കുന്ന പടമെടുത്ത
    പാമ്പുകൾ പോലെ.
പിന്നെ: തന്നെത്തന്നെ

ചുറ്റിവരിയുകയാണഗ്നിയെന്നു
ശങ്കിച്ചപോലെ
അതു വാരിയെടുത്തവളവജ്ഞയോടെ
നിലത്തേക്കെറിയുന്നു,
ഉദ്ധതമായൊരു ചേഷ്ടയോടതിനെ
നോക്കിനില്ക്കുന്നു:
നിലത്തു കിടന്നു
പുളയുകയാണതടങ്ങാതെ,
കലാശിച്ചു നൃത്തമെന്നു സമ്മതിക്കാൻ
മനസ്സില്ലാതെ.
എന്നാലാത്മവിശ്വാസത്തോടെ,
വിജയാഹ്ളാദത്തോടെ,
ഒരു വശ്യമന്ദഹാസത്തോടവൾ
മുഖമൊന്നുയർത്തുന്നു,
ഉറച്ച ചെറുചുവടുകളാൽ ശേഷിച്ച
കനലുകൾ ചവിട്ടിക്കെടുത്തുന്നു.

## വായനക്കാരൻ

ഈ അപരിചിതനെ ആരറിയാൻ,
മറ്റൊരു ജീവിതം ജീവിക്കാൻ ഈ
ജീവിതത്തിൽ നിന്നു മുഖം
തിരിച്ചവനെ-
അച്ചടിത്താളുകൾ മറിച്ചുതള്ളുന്നതല്ലാതെ
മറ്റൊന്നും
അവന്റെ ജീവിതത്തെ
തടസ്സപ്പെടുത്തുന്നുമില്ല.
ഒരമ്മയ്ക്കും ഇങ്ങനെയൊരു മകനെ
കണ്ടാലറിയില്ല,
തനിയ്ക്കു മുന്നിലെ ലോകത്തിൽ പോയി
മറഞ്ഞവനെ,
തന്റെ തന്നെ നിഴലിൽ
മുങ്ങിത്താണവനെ.
എങ്കിൽ, മണിക്കൂർ കണക്കിനു ജീവിതം
ജീവിക്കുന്ന നാമെന്തറിയാൻ,
തന്റെ പുസ്തകത്തിലുണ്ടായിരുന്നതിന്റെ-
യൊക്കെ ഭാരത്താൽ
കനം വെച്ച തലയുയർത്തി അവൻ
നോക്കുമ്പോൾ

അവൻ ജീവിച്ചതും
    നഷ്ടപ്പെടുത്തിയതുമായ മറ്റു
    ജീവിതങ്ങളെക്കുറിച്ച്?
കുട്ടികൾ കളി നിർത്തി ചുറ്റും
    നോക്കുമ്പോലെ
അവന്റെ കണ്ണുകളിപ്പോൾ പുറത്തേക്കു
    തിരിയുന്നു,
വീണ്ടും രൂപം വെച്ചു നില്ക്കുന്ന
    ലോകത്തേക്ക്;
എന്നാലവന്റെ വടിവൊത്ത
    മുഖലക്ഷണങ്ങൾ
അവനു ജീവനുള്ള കാലം പഴയ രൂപം
    വീണ്ടെടുക്കുകയുമില്ല.

## പുലി

(പാരീസിലെ മൃഗശാലയിൽ)

അഴികളെണ്ണിയവന്റെ കണ്ണുകൾ
    തളർന്നിരിക്കുന്നു,
ഒന്നിലും തങ്ങിനില്ക്കാതവന്റെ നോട്ടം
    വഴുതിപ്പോകുന്നു;
ഒരായിരമഴികളാണുള്ളതെന്നവനു
    തോന്നുന്നു,
ആയിരമഴികൾക്കപ്പുറമൊരു
    ലോകമില്ലെന്നും.

ഇടുങ്ങിച്ചുരുങ്ങുന്ന വൃത്തങ്ങളിലവൻ
    ചുറ്റിനടക്കവെ
ആ മൃദുപാദപതനങ്ങളുടെ ബലിഷ്ഠതാളം,
പ്രബലമായൊരിച്ഛാശക്തി കല്പിച്ചുനില്ക്കുന്ന
മദ്ധ്യബിന്ദുവിനു ചുറ്റുമൊരനുഷ്ഠാനനൃത്തം.

ചിലപ്പോൾ മാത്രമക്കൃഷ്ണമണികളുടെ മറ
    മാറുന്നു,
പോയകാലത്തു നിന്നൊരു
    ചിത്രമപ്പോഴുള്ളിൽക്കടക്കുന്നു,
പിടഞ്ഞ പേശികളുടെ

നിശ്ചലതയിലൂടിരച്ചുപായുന്നു,
ഹൃദയത്തിന്നുള്ളറയിൽച്ചെന്നു
വീണണയുന്നു.

## മഹിമബുദ്ധൻ

മർമ്മങ്ങൾക്കു മർമ്മമേ, കാതലിനും
    കാതലേ,
തന്നിൽത്തന്നെയടങ്ങി മധുരം വയ്ക്കുന്ന
    ബദാമേ,
വിദൂരനക്ഷത്രങ്ങളോളമെത്തുന്ന പ്രപഞ്ചം
സ്വബീജം പൊതിയുന്ന
    മാംസളതയായവനേ: വന്ദനം.
താനിന്നു നിർലേപനെന്നു നീയറിയുന്നു:
പ്രപഞ്ചസീമയിലേക്കെത്തുന്ന നിന്റെ
    പുറന്തോടിനുള്ളിൽ
തിങ്ങിവിങ്ങിനില്ക്കുന്ന നിന്റെ
    ജീവരസത്തെ
പുറമേ നിന്നൊരു ദീപ്തി
    പ്രബലമാക്കുകയും ചെയ്യുന്നു.
നീ പ്രസരിപ്പിക്കുന്ന അനന്തശാന്തിയുടെ
    തെളിച്ചവുമായി
ഒരു കോടി സൂര്യന്മാർ നിന്നെ
    പ്രദക്ഷിണം ചെയ്യുന്നു;
എന്നാൽ നിന്നിൽ തിരി
    കൊളുത്തുന്നുണ്ടൊരു സാന്നിദ്ധ്യം,


സൂര്യന്മാരൊക്കെക്കെട്ടണഞ്ഞാലും
ശേഷിക്കുന്നതൊന്ന്.

# 13

## മാൾറ്റെ ലൗറിഡ്സ് ബ്രിഗ്ഗെയുടെ നോട്ടുബുക്കിൽ നിന്ന്

'മാൾറ്റെ ലൗറിഡ്സ് ബ്രിഗ്ഗെയുടെ നോട്ട്ബുക്കുകൾ' ആത്മകഥാംശം കലർന്ന ഒരു നോവലാണ്. ഒരു ഡാനിഷ് പ്രഭുകുടുംബത്തിലെ അവസാനത്തെ അനന്തരാവകാശിയുടെ (കാരിന്തിലെ ഒരു പ്രഭുകുടുംബവുമായി തനിക്കൊരു വിദൂരബന്ധമുണ്ടെന്ന് റിൽക്കെ വിശ്വസിച്ചിരുന്നു) ജനനം മുതൽ പാരീസിലെ ദരിദ്രവും കഷ്ടപ്പാടു നിറഞ്ഞതുമായ വിദ്യാർത്ഥിജീവിതത്തിലേക്ക് കഥ നീളുന്നു. നോവൽ ഉടനീളം മരണവും നഗരജീവിതത്തിന്റെ ജീർണ്ണതയും മാൾറ്റെയുടെ മരണഭയവും നിറഞ്ഞു നില്ക്കുന്നു. നോവൽ പൂർത്തിയാക്കിയിട്ടില്ലെ

ന്നതിനാൽ (തളർച്ച കാരണം താൻ എഴു ത്തു നിർത്തി എന്നാണ് റിൽക്കെ ഒരു ക ത്തിൽ പറയുന്നത്) മാൾറ്റെയുടെ അന്തി മവിധി എന്താണെന്നത് അവ്യക്തമാണ്. “ഈ ജീവിതത്തിൽ എന്തൊക്കെ അടങ്ങി യിട്ടുണ്ടോ, അതെല്ലാം തീർത്തും ദുർഗ്രഹ മാണ നമുക്കെങ്കിൽ നാം എങ്ങനെ ജീ വിച്ചുപോകും?” എന്നതാണ് ഈ നോവ ലിന്റെ മുഖ്യമായ പ്രമേയം എന്ന് ഒരു ക ത്തിൽ റിൽക്കെ സൂചിപ്പിക്കുന്നുണ്ട്.



Paul Gauguin (1848–1903): Farmhouse from Arles (1888) (Courtesy: Wikimedia).

## മുഖങ്ങൾ

ഞാനിത് മുമ്പ് പറഞ്ഞിട്ടുള്ളതാണോ? ഞാൻ കാണാൻ പഠിക്കുകയാണ്. അതെ, ഞാനൊരു തുടക്കം കുറിച്ചിട്ടേയുള്ളു. അത് വേണ്ട രീതിയിലല്ല മുന്നോട്ട് പോകുന്നതും. എന്നാലും ഉള്ള സമയം ഞാൻ പരമാവധി പ്രയോജനപ്പെടുത്താൻ പോവുകയാണ്.

ഒരുദാഹരണം പറഞ്ഞാൽ, എത്ര മുഖങ്ങളുണ്ടെന്ന ചിന്ത മുമ്പെന്റെ മനസ്സിലൂടെ പോയിട്ടില്ല. മനുഷ്യർ വളരെയധികമാണ്; പക്ഷേ, മുഖങ്ങൾ അതിലുമധികമാണ്, കാരണം, ഒരേയാൾക്ക് പല മുഖങ്ങളുണ്ടാവുമല്ലോ. വർഷങ്ങളായി ഒരേ മുഖം തന്നെ വച്ചുനടക്കുന്നവരുണ്ട്; സ്വാഭാവികമായും അതു പഴകിത്തേയും, അതിൽ അഴുക്കു പുരളും, അതിന്റെ വക്കുകൾ പൊടിയും, ഒരു നീണ്ട യാത്രയിൽ ധരിച്ച കൈയുറ പോലതു വലിഞ്ഞുനീളുകയും ചെയ്യും. അവർ മിതവ്യയക്കാരായ, സ

ങ്കീർണ്ണതകളില്ലാത്ത മനുഷ്യരാണ്; അവർ മുഖം മാറ്റുകയേയില്ല; ഒരിക്കലെങ്കിലും അവരതൊന്നു വൃത്തിയാക്കിച്ചിട്ടുപോലുമില്ല. ഇതിനൊരു കുഴപ്പവുമില്ല, അവർ പറയുകയാണ്; നേരേ മറിച്ചാണു കാര്യമെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ ആരെക്കൊണ്ടാകും? അവർക്കു വേറെയും മുഖങ്ങളുണ്ടാവുമെന്നതിൽ സംശയമില്ലെന്നതിനാൽ ഒരു ചോദ്യമുയരുന്നു: മറ്റു മുഖങ്ങൾ അവർ എന്തു ചെയ്യുന്നു? അവരതു് അടച്ചുപൂട്ടിവച്ചിരിക്കുന്നു. അവരുടെ സന്തതികൾ അവയും വച്ചു നടക്കും. അവരുടെ നായ്ക്കളും ആ മുഖങ്ങളും ധരിച്ചു പുറത്തുപോയ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. എന്തുകൊണ്ടായിക്കൂടാ? മുഖം ഏതായാലും മുഖമാണല്ലോ.

മറ്റുള്ളവർ അവിശ്വസനീയമായ വേഗതയിൽ മുഖങ്ങൾ മാറ്റിമാറ്റി വച്ചുകൊണ്ടിരിക്കും; വൈകാതവ പഴകിത്തേയുകയും ചെയ്യും. എത്രയെടുത്താലും തീരാത്ത ഒരു ശേ

ഖരം തങ്ങളുടെ കൈയിലുണ്ടെന്നാവും ആദ്യമൊക്കെ അവരുടെ വിചാരം; പക്ഷേ കഷ്ടിച്ച് നാല്പതെത്തും മുമ്പേ ഒന്നാണവർക്കു ബാക്കിയുണ്ടാവുക. അതെ, അതിനൊരു ദാരുണമായ വശവുമുണ്ട്. മുഖങ്ങൾ അഴുക്കു പറ്റാതെ, കേടു വരാതെ സൂക്ഷിക്കുക എന്നത് അവർക്കു ശീലമില്ല; അതിനാൽ അവരുടെ അവസാനത്തെ മുഖവും ഒരാഴ്ചക്കുള്ളിൽ പഴകുന്നു, അതിൽ തുള വീഴുന്നു, പലേടത്തും അത് കടലാസ്സു പോലെ നേർത്തുപോകുന്നു, പിന്നെ, പതിയെപ്പതിയെ അതിന്റെ ഉൾപ്പാളി, ആ ‘അമുഖം’ പുറമേ കണ്ടുതുടങ്ങുന്നു; അതും വച്ച് അവർ ചുറ്റിനടക്കുകയും ചെയ്യും.

## മരണം

ഈ ആശുപത്രി വളരെ പുരാതനമാണ്. ക്ളോവിസ്[1] രാജാവിന്റെ കാലം മുതലേ

[1] Clovis II (634-657) — റിൽക്കെ പറയുന്ന Hotel-Dieu എന്ന ആശുപത്രിയുടെ സ്ഥാപകൻ.

ആളുകൾ ഇവിടെക്കിടന്നു മരിക്കുന്നു; അന്നു പക്ഷേ കിടക്കകൾ വളരെ കുറവായിരുന്നു. ഇന്നാകട്ടെ, കിടന്നു മരിക്കാൻ 559 കിടക്കകളാണുള്ളത്. അതെ, ഒരു ഫാക്ടറി പോലെ തന്നെ. ഉല്പാദനം ഇത്ര വൻതോതിലാവുമ്പോൾ എല്ലാ ഉല്പന്നങ്ങളിലും ഒരേ ശ്രദ്ധ കിട്ടണമെന്നില്ലല്ലോ; എന്നാൽ അതു കാര്യമാക്കാനില്ല. എണ്ണത്തിലാണു കാര്യം. ഒരു മരണം പൂർണ്ണതോതിലാണോ നടന്നത്, അതു വേണ്ടവിധത്തിലായോ എന്നൊക്കെ ശ്രദ്ധിക്കാൻ ഇക്കാലത്താരെങ്കിലുമുണ്ടോ? ഒരാളുമില്ല. മരണത്തിന്റെ വിശദാംശങ്ങളിൽ ശ്രദ്ധിക്കാൻ സമയവും സൗകര്യവുമുള്ള പണക്കാർ പോലും അതിൽ അലസതയും ഉദാസീനതയും കാണിക്കാൻ തുടങ്ങിയിരിക്കുന്നു. സ്വന്തമായ ഒരു മരണത്തിനായുള്ള ആഗ്രഹം പോകെപ്പോകെ അപൂർവ്വമായി വരികയാണ്. അധികകാലം കഴിയേണ്ട, സ്വന്തമായൊരു ജീവിതം പോലെ അ

തപൂർവ്വമായിക്കോളും. എന്റെ ദൈവമേ! ഒക്കെ തയാറാക്കി വച്ചിരിക്കുകയല്ലേ! നിങ്ങൾ കയറിവരുന്നു, പെഗ്ഗുകളിൽ തൂക്കിയിട്ടിരിക്കുന്ന ജീവിതങ്ങളിൽ നിന്ന് ഒരെണ്ണം നോക്കിയെടുക്കുന്നു, പിന്നെ അതെങ്ങെടുത്തിട്ടാൽ മതി. നിങ്ങൾക്കിഷ്ടമുള്ളപ്പോഴോ അല്ലെങ്കിൽ നിർബ്ബന്ധിച്ചു പറഞ്ഞുവിടുമ്പോഴോ നിങ്ങൾക്കു സ്ഥലം വിടുകയും ചെയ്യാം: ഒരു പ്രയാസവുമില്ല: ഇതാ, സർ, താങ്കളുടെ മരണം. നിങ്ങൾ നിങ്ങൾക്കാവുന്നത്ര ഭംഗിയായി നിങ്ങളുടെ മരണം മരിക്കുന്നു; നിങ്ങൾ നിങ്ങളുടെ രോഗത്തിനു ചേർന്ന മരണം മരിക്കുന്നു (രോഗങ്ങൾ എല്ലാവർക്കും അറിയുന്നതാണ്; അതുപോലെ എല്ലാവർക്കും അറിയുന്നതാണ്, മരണങ്ങൾ വ്യത്യസ്തമാകുന്നത് മനുഷ്യർക്കനുസരിച്ചല്ല, രോഗങ്ങൾക്കനുസരിച്ചാണെന്ന്; രോഗിക്കതിൽ കാര്യമായിട്ടൊന്നും ചെയ്യാനില്ല).

സാനിട്ടോറിയങ്ങളിൽ, സംതൃപ്തിയോടെയും ഡോക്ടർമാരോടും നഴ്സുമാരോടുമുള്ള അകമഴിഞ്ഞ കൃതജ്ഞതയോടെയും ആളുകൾ കിടന്നു മരിക്കുമ്പോൾ ആ മരണം ആ സ്ഥാപനം നല്കുന്നതാണ്; അതിൽ ആർക്കും പരാതിയില്ല. എന്നാൽ വീട്ടിൽ കിടന്നാണ് ഒരാൾ മരിക്കുന്നതെങ്കിൽ ഉന്നതവും കുലീനവുമായ മരണമാണയാൾ തിരഞ്ഞെടുക്കുക എന്നത് സ്വാഭാവികം മാത്രം; അതോടെ വിശിഷ്ടമായ ചിട്ടവട്ടങ്ങളുടെ പരമ്പരയായ ഒരൊന്നാന്തരം ശവസംസ്കാരത്തിനു തുടക്കവുമായിക്കഴിഞ്ഞു. അപ്പോൾ പാവപ്പെട്ടവർ അങ്ങനെയൊരു വീടിനു മുന്നിൽ തടിച്ചുകൂടുന്നു, കാണാനാഗ്രഹിച്ചതെല്ലാം കണ്ണു നിറയെ കാണുന്നു. അതെ, അവർക്കുള്ള മരണം പഴഞ്ചനും വലിയ മോടികളൊന്നുമില്ലാത്തതുമായിരിക്കും. ഏറെക്കുറെ തങ്ങൾക്കു യോജിക്കുന്നതൊന്നു കിട്ടിയാൽ അവർക്കു സന്തോഷമായി. കുറച്ചൊന്നു വല്യ

തായാലും കാര്യമാക്കാനില്ല: അത്രയുമൊക്കെ ഒരാൾക്കു വളരാവുന്നതേയുള്ളു. ബട്ടണിടാൻ പറ്റാത്ത രീതിയിൽ അത്ര ചെറുതോ ശ്വാസം മുട്ടിക്കുന്നത്ര ഇറുകിപ്പിടിച്ചതോ ആവുമ്പോഴേ അതൊരു പ്രശ്നമാകുന്നുള്ളു.

## അവനവന്റെ മരണം

അവർക്കോരോ ആൾക്കും അവനവന്റെ മരണമുണ്ടായിരുന്നു. തങ്ങളുടെ പടച്ചട്ടയ്ക്കുള്ളിൽ ഒരു തടവുകാരനെപ്പോലെ അതിനെ കൊണ്ടുനടന്ന ആ പുരുഷന്മാർ; വളരെ പ്രായമായി, തീരെ ശുഷ്കിച്ച്, ഒടുവിൽ ഒരു നാടകവേദിയിലെന്നപോലെ, വലിയൊരു കിടക്കയിൽ, കുടുംബാംഗങ്ങൾക്കും തടിച്ചുകൂടിയ വേലക്കാർക്കും നായകൾക്കും നടുവിൽ അവരുടെ ശ്രദ്ധയിൽപ്പെടാതെ, എത്രയും കുലീനതയോടെ ജീവിതം വിട്ടുപോയ സ്ത്രീകൾ. കുട്ടികളുടേതു പോലും, ഒരു കൈക്കുഞ്ഞിന്റേതു പോ

ല്യം, വെറുമൊരു കുട്ടിയുടെ മരണമായിരു ന്നില്ല; അവർ സ്വയം സജ്ജരായി തങ്ങളു ടെ മരണം വരിച്ചു, തങ്ങളാരാണോ അവ രായി, തങ്ങൾ ആരാകുമായിരുന്നോ അവ രായി.

വലിയ വയറിനു മേൽ അത്ര സ്വാഭാ വികമായി മെലിഞ്ഞ കൈകൾ വച്ചു നി ന്ന ഗർഭിണികൾക്ക് എത്ര വിഷാദാത്മക മായ സൗന്ദര്യമാണതു പകർന്നത്; ആ ഉ ദരത്തിനുള്ളിൽ രണ്ടു കനികളാണുണ്ടാ യിരുന്നത്: ഒരു ശിശുവും മരണവും... ര ണ്ടും തന്റെയുള്ളിൽ കിടന്നു വളരുകയാ ണെന്ന ചിന്തയാവില്ലേ, ആ നിർവികാരമു ഖങ്ങളിൽ ചിലനേരം കണ്ടിരുന്ന ആ സാ ന്ദ്രമായ മന്ദഹാസത്തിനു കാരണമാകുന്ന തും?

## ഭയത്തിനെതിരെ

ഭയത്തിനെതിരെ വേണ്ട മുൻകരുതലുകൾ ഞാൻ കൈക്കൊണ്ടു കഴിഞ്ഞു. രാത്രി മു

ഴുവൻ ഞാനിരുന്നെഴുതുകയായിരുന്നു; ഇപ്പോൾ ഉൾസ്ഗാർഡിലെ[2] പാടങ്ങളിലൂടെ നീണ്ടൊരു നടത്തം കഴിഞ്ഞപോലെ ഞാൻ തളർന്നിരിക്കുന്നു. എന്നാലും, എന്റെ ലോകം ഇപ്പോഴില്ലെന്നോർക്കുമ്പോൾ, ആ പഴയ, വലിയ മാളികവീട്ടിൽ ഇപ്പോൾ അന്യരാണു താമസിക്കുന്നതോർക്കുമ്പോൾ എനിക്കതു സഹിക്കാൻ പറ്റാതെ വരുന്നു. മച്ചുമ്പുറത്തെ വെളുത്ത മുറിയിൽ ഇപ്പോൾ വേലക്കാരികൾ പ്രഭാതം വരെ നീളുന്ന ഈറനായ ഗാഢനിദ്രയിലായിരിക്കും.

നിങ്ങൾക്കു സ്വന്തമായി ആരുമില്ല, ഒന്നുമില്ല; ഒരു ട്രങ്കും ഒരു ബയന്റുപെട്ടി നിറയെ പുസ്തകങ്ങളുമായി, വാസ്തവത്തിൽ ഒരു ജിജ്ഞാസയുമില്ലാതെ, ലോകത്തിലൂടെ നിങ്ങൾ യാത്ര ചെയ്യുന്നു. എന്തു ത

---

[2] Ulsgaard – റിൽക്കെയുടെ നോവലിലെ നായകനായ മാൾറ്റെ ലൗറിഡ്സ് ബ്രിഗ്ഗെ ബാല്യം ചിലവിട്ട ഡെന്മാർക്കിലെ ഗ്രാമീണവസതി.

രം ജീവിതമാണിത്: വീടില്ലാതെ, പൈതൃകമായിക്കിട്ടിയതൊന്നുമില്ലാതെ, നായ്ക്കളില്ലാതെ. ഓർമ്മകളെങ്കിലുമുണ്ടായിരുന്നെങ്കിൽ. അതാർക്കിരിക്കുന്നു? ബാല്യമുണ്ടായിരുന്നെങ്കിൽ: അതെവിടെയോ മൂടിക്കിടക്കുന്നു. അതിലേക്കൊക്കെയെത്താൻ വൃദ്ധനാകണമെന്നായിരിക്കും. വൃദ്ധനാകുന്നത് നല്ലതാണെന്നെനിക്കു തോന്നുന്നു.

## അങ്ങനെ വരാം

യഥാർത്ഥവും പ്രധാനവുമായതൊന്നും നാമിതേവരെ കാണുകയോ അറിയുകയോ പറയുകയോ ചെയ്തിട്ടില്ലെന്നു വരുമോ? നോക്കാനും ചിന്തിക്കാനും രേഖപ്പെടുത്തി വയ്ക്കാനും ആയിരക്കണക്കിനു വർഷങ്ങളുണ്ടായിരുന്നുവെന്നും ആ ആയിരക്കണക്കിനു വർഷങ്ങൾ സാന്റ്‌വിച്ചും ഒരാപ്പിളും തിന്നാൻ മാത്രം ഇട കിട്ടുന്ന സ്കൂളിലെ ഉച്ചഭക്ഷണവേള പോലെ നമ്മുടെ കൈ

യിൽ നിന്നൂർന്നുപോവുകയായിരുന്നുവെ ന്നും വരുമോ?

അതെ, അങ്ങനെ വരാം.

ഇത്രയും കണ്ടുപിടുത്തങ്ങളും പുരോഗ തിയുമുണ്ടായിട്ടു തന്നെ, മതവും സംസ്കാ രവും ശാസ്ത്രവുമുണ്ടായിട്ടു തന്നെ നാമിപ്പോ ഴും ജീവിതത്തിന്റെ മുകൾപ്പരപ്പിൽത്തന്നെ യാണെന്നു വരുമോ? അങ്ങനെയാണെങ്കി ലും എന്തെങ്കിലുമായിരിക്കാവുന്ന ആ ഉപ രിതലം പോലും ഇപ്പോൾ അവിശ്വസനീ യമായ വിധം മുഷിപ്പനായതെന്തോ കൊ ണ്ടു മൂടി വേനലവധിക്കാലത്തെ സ്വീകര ണമുറിയിലെ ഫർണ്ണീച്ചർ പോലെ തോ ന്നുമെന്നു വരുമോ?

അതെ, അങ്ങനെ വരാം.

ലോകചരിത്രമപ്പാടെ തെറ്റിദ്ധരിക്കപ്പെ ട്ടുവെന്നു വരുമോ? ഭൂതകാലത്തെക്കുറി ച്ചുള്ള നമ്മുടെ ധാരണകളൊക്കെ പിശ കിയെന്നു വരുമോ, അവിടെ ആൾക്കൂട്ട

ങ്ങളെ മാത്രമേ നാം കണ്ടുള്ളു എന്നതി നാൽ? തടിച്ചുകൂടിയ ആൾക്കൂട്ടത്തെക്കുറി ച്ചാണ്, അല്ലാതെ, അവർക്കു നടുവിൽ കി ടന്നു മരിക്കുന്ന അപരിചിതനായ ആ മനു ഷ്യനെക്കുറിച്ചല്ല നാം പറയുന്നത് എന്നതി നാൽ?

അതെ, അങ്ങനെ വരാം.

നാം ജനിക്കും മുമ്പു നടന്നതൊക്കെ വീ ണ്ടെടുക്കണമെന്നു നാം വിശ്വസിക്കുന്നുവെ ന്നു വരുമോ? തനിക്കു മുമ്പുണ്ടായിരുന്നവ രിൽ നിന്നാണു തന്റെ സൃഷ്ടിയെന്നും അ തിനാൽ ആ ഭൂതകാലം തന്റെയുള്ളിലുണ്ടെ ന്നും അതിൽക്കവിഞ്ഞൊരു ജ്ഞാനം ത ങ്ങൾക്കുണ്ടെന്നു വാദിക്കുന്നവരിൽ നി ന്നു തനിക്കു പഠിക്കാനായിട്ടൊന്നുമില്ലെ ന്നും നാമോരോരുത്തരും ഓർമ്മിക്കേണ്ടു താണെന്നു വരുമോ?

അതെ, അങ്ങനെ വരാം.

ഒരിക്കലും ഉണ്ടായിരുന്നിട്ടില്ലാത്ത ഒ രു ഭൂതകാലത്തെക്കുറിച്ച് കൃത്യമായ ഒരു

റിവ് ഇവർക്കെല്ലാമുണ്ടെന്ന വരുമോ? ഒരു യാഥാർത്ഥ്യവും അവർക്കൊന്നുമല്ലെന്ന വരുമോ; ഒന്നിനോടും ഒരു ബന്ധവുമില്ലാതെ അവരുടെ ജീവിതം ചോർന്നുപോവുകയാണെന്ന വരുമോ. ആളൊഴിഞ്ഞ മുറിയിലെ ഘടികാരം പോലെ?

അതെ, അങ്ങനെ വരാം.

പെൺകുട്ടികളെക്കുറിച്ച നമുക്കൊന്നുമറിയില്ലെന്ന വരുമോ, അതുകൊണ്ടവർ ജീവിക്കാതിരിക്കുന്നില്ലെങ്കിലും? 'സ്ത്രീകൾ', 'കുട്ടികൾ', 'ബാലന്മാർ' എന്നൊക്കെ പറയുമ്പോൾ ആ വാക്കുകൾ ബഹുവചനങ്ങളല്ലാതാവുകയും എണ്ണമില്ലാത്ത ഏകവചനങ്ങളാവുകയും ചെയ്തിട്ട് കാലമേറെക്കഴിഞ്ഞിരിക്കുന്നുവെന്ന് (ഇത്രയൊക്കെ വിദ്യാഭാസമുണ്ടായിട്ടും) നാം സംശയിക്കുന്നതേയില്ലെന്ന വരുമോ?

അതെ, അങ്ങനെ വരാം.

'ദൈവം' എന്ന പറയുമ്പോൾ ആ ദൈവം എല്ലാവർക്കും പൊതുവായിട്ടുള്ളതാ

ണെന്നു വിശ്വസിക്കുന്നവരുണ്ടെന്നു വരു മോ? രണ്ടു സ്കൂൾ കുട്ടികളുടെ കാര്യമെടുക്കു ക: ഒരാൾ ഒരു പേനക്കത്തി വാങ്ങുന്നു, അ തേ ദിവസം തന്നെ അവന്റെ കൂട്ടുകാരനും അതുപോലെ തന്നെയുള്ള മറ്റൊരു കത്തി യും വാങ്ങുന്നു. ഒരാഴ്ച കഴിഞ്ഞ് അവർ ര ണ്ടു കത്തികളും താരതമ്യം ചെയ്തു നോക്കു മ്പോൾ അവ തമ്മിൽ അതിവിദൂരമായ ഒ രു സാമ്യമേ കാണാനുള്ളു — വ്യത്യസ്തമാ യ കൈകളിൽ വ്യത്യസ്തമായ വികാസമാ ണ് അവയ്ക്കുണ്ടായത്. ('കണ്ടില്ലേ', ഒരു കു ട്ടിയുടെ അമ്മ പറയുകയാണ്, 'എന്തു കി ട്ടിയാലും ഒരു ദിവസം കൊണ്ട് നീയതി ന്റെ പണി കഴിക്കും!) ഞാൻ പറഞ്ഞുവന്ന ത്: ഒരു ദൈവം നമുക്കുണ്ടെന്ന്, അവനെ ഉ പയോഗപ്പെടുത്തുന്നില്ലെങ്കിലും, നമുക്കു വി ശ്വസിക്കാമെന്നു വരുമോ?

അതെ, അങ്ങനെ വരാം.

പക്ഷേ, ഇങ്ങനെയെല്ലാം വരാമെന്നാ ണെങ്കിൽ, അതിനുള്ള വിദൂരസാദ്ധ്യതയെ

ങ്കിലുമുണ്ടെന്നാണെങ്കിൽ, — എങ്കിൽ നിശ്ചയമായിട്ടും ഈ ലോകത്തെയോർത്ത് എന്തെങ്കിലും ചെയ്തേ മതിയാവൂ. ഈ അപായചിന്തകളുമായി ആദ്യമെത്തുന്നയാൾ അവഗണിക്കപ്പെട്ടു കിടന്നവയുടെ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ തുടങ്ങണം; അയാൾ വെറുമൊരാളാണെങ്കിലും, ഈ ദൗത്യമേറ്റെടുക്കാൻ ഒട്ടും യോജിക്കാത്തയാളാണെങ്കിലും: എന്തെന്നാൽ, അതിന മറ്റൊരാളെ കിട്ടാനില്ല.

## വായനക്കാരൻ

ബിബ്ളിയോത്തെക് നാഷണൽ[3]

ഞാൻ ഇവിടെ ഒരു കവിയെ വായിച്ചുകൊണ്ടിരിക്കുകയാണ്. മുറിയിൽ കുറേയധികം ആളുകളുണ്ട്, എന്നാൽ ഞാനവരെ ശ്രദ്ധിക്കുന്നതേയില്ല; എല്ലാവരും പുസ്തകങ്ങൾ

3 Bibliotheque national de France — പാരീസിലെ ദേശീയഗ്രന്ഥശാല.

ക്കുള്ളിലാണ്. ചില നേരത്തവർ താളുകൾ ക്കിടയിലൂടെ നീങ്ങുന്നുണ്ട്, ഉറക്കത്തിൽ ഒരു സ്വപ്നത്തിൽ നിന്നു മറ്റൊന്നിലേക്കു തിരിഞ്ഞുകിടക്കുന്നവരെപ്പോലെ. ആഹ, വായിക്കുന്നവർക്കിടയിൽ ഇങ്ങനെയിരിക്കുക എന്തു സുഖമുള്ള കാര്യമാണ്! എന്തുകൊണ്ടവർ എപ്പോഴും ഇങ്ങനെയാവുന്നില്ല? നിങ്ങൾ അയാൾക്കടുത്തു ചെന്ന് പതുക്കെ ഒന്നു തൊടുന്നു, അയാൾ അതറിയുന്നതേയില്ല. ഇനി, എഴുന്നേല്ക്കുമ്പോൾ നിങ്ങൾ അറിയാതെ അടുത്തിരിക്കുന്നയാളെ ഒന്നു മുട്ടുകയും നിങ്ങൾ അതിനു ക്ഷമാപണം പറയുകയും ചെയ്യുമ്പോൾ അയാൾ നിങ്ങളുടെ ശബ്ദം കേട്ട ദിക്കിലേക്കു നോക്കി ഒന്നു തലയാട്ടുന്നതേയുള്ളു; അയാളുടെ മുഖം നിങ്ങളുടെ നേർക്കു തിരിഞ്ഞുവെന്നല്ലാതെ അയാൾ നിങ്ങളെ കാണുന്നില്ല, അയാളുടെ മുടിയാകട്ടെ, ഉറങ്ങിക്കിടക്കുന്നവരുടെ പോലെയുമാണ്. അതെ, ഞാൻ ഇവിടെയിരുന്ന് ഒരു കവിയെ വായിക്കുക

യാണ്. എന്റെ ഭാഗ്യം നോക്കൂ. ഒരു മു ന്നൂറു പേർ ഈ മുറിയിൽ വായിച്ചുകൊ ണ്ടിരിക്കുന്നുണ്ടാവും; എന്നാൽ അവർ ഓ രോ ആൾക്കും ഒരു കവിയുണ്ടാവുക എന്ന ത് അസാദ്ധ്യമായിരിക്കും. (അവർക്കെന്താ ണുള്ളതെന്ന് ദൈവത്തിനേ അറിയൂ.) മു ന്നൂറു കവികൾ എങ്ങനെയുണ്ടാവാൻ. എ ന്നാൽ എന്റെ ഭാഗ്യം ഒന്നാലോചിച്ചുനോ ക്കൂ: എനിക്ക്, ഈ വായനക്കാരിൽ വ ച്ചേറ്റവും മുഷിഞ്ഞ, വിദേശിയും കൂടിയാ യ ഞാൻ: എനിക്ക് ഒരു കവിയുണ്ട്... ക വി എന്നാൽ എന്താണെന്ന നിങ്ങൾക്കറി യില്ല? — വെർലെയ്ൻ[4] ... ഇല്ല? ഒരോർമ്മ യും വരുന്നില്ല? ഇല്ല. അയാളും നിങ്ങളറി യുന്ന മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസ വും നിങ്ങൾ കാണുന്നില്ല? നിങ്ങൾക്കങ്ങ നെ വേർതിരിവൊന്നുമില്ല, അതെനിക്ക റിയാം. പക്ഷേ ഞാൻ വായിക്കുന്നത് വ്യ

---

[4] Paul Verlaine (1844-96) — ഫ്രഞ്ച് സിംബലിസ്റ്റ് കവി.

ത്യസ്തനായ ഒരു കവിയെയാണ്: പാരീസുകാരനല്ലാത്ത, തീർത്തും വ്യത്യസ്തനായ ഒരു കവി. മലകൾക്കിടയിൽ പ്രശാന്തമായ ഒരു വീട്ടിൽ കഴിയുന്നൊരാൾ. തെളിഞ്ഞ വായുവിൽ ഒരു മണിനാദം പോലെ മുഴങ്ങുന്ന ഒരു കവി.[5] തന്റെ ജനാലയെക്കുറിച്ചും പ്രിയതരവും ഏകാന്തവുമായ ഒരു വിദൂരതയെ ചിന്താമൂകമായി പ്രതിഫലിപ്പിക്കുന്ന ബുക്കലമാരകളുടെ ചില്ലുവാതിലുകളെക്കുറിച്ചുമെഴുതുന്ന കവി. ഇങ്ങനെയൊരു കവിയാവാനാണ് ഞാൻ ഇഷ്ടപ്പെടുക; എന്തെന്നാൽ അയാൾക്ക് പെൺകുട്ടികളെക്കുറിച്ച് ഒരുപാടൊക്കെ അറിയാം; എനിക്കും പെൺകുട്ടികളെക്കുറിച്ച് ഒരുപാടറിയാൻ ഇഷ്ടമാണ്. ഒരു നൂറു കൊല്ലം മുമ്പു ജീവിച്ചിരുന്ന പെൺകുട്ടികളെക്കുറിച്ച് അ

5 റിൽക്കെ പരാമർശിക്കുന്നത് ഫ്രാൻസിനും സ്പെയിനിനും ഇടയിലുള്ള പിറെനീസ് മലമ്പ്രദേശത്തുകാരനായ Francis Jammes (1868-1938) എന്ന കവിയെയാണ്.

യാൾക്കറിയാം; അവർ മരിച്ചുകഴിഞ്ഞതാണെന്നതു കാര്യമാക്കേണ്ട, അവരെക്കുറിച്ചെല്ലാം അയാൾക്കറിയാം. അതാണു പ്രധാനം. അവരുടെ പേരുകൾ, പഴയ മട്ടിലുള്ള ചുനിപ്പുകളോടെ നീണ്ട അക്ഷരങ്ങളിലെഴുതിയ സൗമ്യവും സുന്ദരവുമായ പേരുകൾ അയാൾ ഉച്ചരിക്കുന്നതു കേൾക്കണം; അതുപോലെ അവരുടെ മുതിർന്ന കൂട്ടുകാരികളുടെ മുതിർന്ന പേരുകളും; അവർക്കു വരാനിരിക്കുന്ന വിധിയുടെ, നൈരാശ്യത്തിന്റെ, മരണത്തിന്റെ വളരെ നേർത്തൊരു ധ്വനി നിങ്ങൾക്കതിൽ കേൾക്കാം. അയാളുടെ മഹാഗണിമേശയുടെ ഒരു വലിപ്പിൽ അവരെഴുതിയ നിറം മങ്ങിയ കത്തുകളും പിറന്നാളുകൾ കുറിച്ചിട്ട, വേനലവധിക്കാലത്തെ വിനോദയാത്രകളും പിറന്നാളുകളും കുറിച്ചിട്ട അവരുടെ ഡയറിത്താളുകളും നിങ്ങൾ കണ്ടുവെന്നു വരാം. അതല്ലെങ്കിൽ അയാളുടെ കിടപ്പുമുറിയുടെ പിന്നറ്റത്തെ ഒരു തടിയൻ അലമാരയുടെ ഒ

രറയിൽ അവർ വസന്തകാലത്തു ധരിച്ചിരുന്ന വസ്ത്രങ്ങൾ കണ്ടേക്കാം — ഈസ്റ്ററിന് ആദ്യമായി ധരിച്ച വെളുത്ത ഉടുപ്പുകൾ, നേർത്ത പട്ടു കൊണ്ടുള്ള പുള്ളിയുടുപ്പുകൾ; വേനല്ക്കാലത്തേക്കുള്ളതാണെങ്കിലും അത്രയും കാത്തിരിക്കാൻ അവർക്കു ക്ഷമയുണ്ടായിരുന്നില്ല. എത്ര സുഖദമായ ഒരു സൗഭാഗ്യമാണത് — ഒരു പഴയ തറവാടിന്റെ ഒച്ചയടങ്ങിയ മുറിയിൽ പ്രശാന്തവും നിഷ്പന്ദവുമായ വസ്തുക്കൾക്കിടയിലിരിക്കുക, വെളിയിൽ തെളിഞ്ഞ പച്ചപ്പു നിറഞ്ഞ ഉദ്യാനത്തിൽ കുരുവികൾ ഒരു ഗാനത്തിന്റെ ആദ്യസ്വരങ്ങൾ പരിശീലിക്കുന്നതും അകലെ ഗ്രാമത്തിലെ ഘടികാരത്തിൽ മണി മുഴങ്ങുന്നതും കേൾക്കുക. സായാഹ്നസൂര്യന്റെ ഊഷ്മളമായ ഒരു വെയില്ച്ചീളിൽ നോക്കിയിരിക്കുക, പൊയ്പ്പോയൊരു കാലത്തെ പെൺകുട്ടികളെക്കുറിച്ചൊരുപാടറിയുക, കവിയാവുക. ഞാനും അതുപോലൊരു കവിയാ

യേനെ, എവിടെയെങ്കിലും, ലോകത്തെ വിടെയെങ്കിലുമുള്ള, ആരും നോക്കാനില്ലാതെ അടച്ചിട്ടിരിക്കുന്ന അങ്ങനെയൊരു പഴയ വീട്ടിൽ ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നോർക്കുക. ഒരു മുറിയേ എനിക്കു വേണ്ടൂ (ധാരാളം വെളിച്ചം കിട്ടുന്ന മച്ചുമ്പുറത്തെ ഒരു മുറി); എന്റെ പഴയ വസ്തുക്കളുമായി, എന്റെ കുടുംബചിത്രങ്ങളുമായി, എന്റെ പുസ്തകങ്ങളുമായി ഞാൻ അവിടെ കഴിയുമായിരുന്നു. ഒരു ചാരുകസേരയും പൂക്കളും നായ്ക്കളും കല്പാതകൾക്കു പറ്റിയ ബലത്ത ഒര്രൂന്നുവടിയും എനിക്കുണ്ടാകുമായിരുന്നു. വേറെയൊന്നുമില്ല. ആനക്കൊമ്പിന്റെ നിറമുള്ള മഞ്ഞിച്ച തുകലു കൊണ്ടു പൊതിഞ്ഞ ഒരു ബുക്കു മാത്രം: അതിലാണു ഞാനെഴുതുക. എനിക്കെഴുതാൻ ഒരുപാടുണ്ടായേനെ, ഒരുപാടു ചിന്തകളും ഒരുപാടു മനുഷ്യരെക്കുറിച്ചുള്ള ഓർമ്മകളും എനിക്കുണ്ടായിരുന്നതാണല്ലോ.

പക്ഷേ ആ വഴിക്കല്ല ജീവിതം പോയത്. അതെന്തുകൊണ്ടെന്ന് ദൈവത്തിനു മാത്രമറിയാം. എന്റെ പഴയ മേശയും കസേരയുമൊക്കെ ഞാനവ വിട്ടുപോന്ന കളപ്പുരയിൽ കിടന്നു ദ്രവിക്കുന്നു; എനിക്ക്, എന്റെ ദൈവമേ, എനിക്ക് തലയ്ക്കു മേൽ ഒരു കൂരയില്ല, മഴ എന്റെ കണ്ണുകളിൽത്തന്നെ വീഴുകയുമാണ്.

## ഭീതികൾ

അഞ്ചു നിലകൾ കയറിച്ചെല്ലുന്ന ഉയരത്തിൽ എന്റെ കട്ടിലിൽ കിടക്കുകയാണു ഞാൻ; എന്റെ പകൽ (അതിനെ യാതൊന്നും തടസ്സപ്പെടുത്തുന്നുമില്ല) സൂചികളില്ലാത്ത ഒരു ക്ളോക്കു പോലെ. വളരെപ്പണ്ടെന്നോ നഷ്ടമായ ഒരു സംഗതി ഒരു പ്രഭാതത്തിൽ, അതിരുന്ന അതേ സ്ഥാനത്ത്, ആരോ അതിനെ കാത്തു സൂക്ഷിക്കുകയായിരുന്നെന്നപോലെ, ഒരു കേടും പറ്റാതെ, കാണാതായപ്പോഴത്തേതി

നേക്കാൾ പുതുതായി, പ്രത്യക്ഷമാകുന്ന പോലെ: അതുപോലെ എനിക്കു നഷ്ടപ്പെട്ട ബാല്യകാലാനുഭൂതികൾ എന്റെ പുതപ്പിൽ അവിടവിടെ വീണുകിടക്കുന്നതായി ഞാൻ കാണുന്നു, പണ്ടേക്കാൾ പുതുമയോടെ. പൊയ്പ്പോയ ഭീതികളൊക്കെ മടങ്ങിയെത്തിയിരിക്കുന്നു.

എന്റെ പുതപ്പിന്റെ തുഞ്ചത്തെറിച്ചുനില്ക്കുന്ന ചെറിയൊരു കമ്പിളിനൂൽ കട്ടിയുള്ളതാവുമോയെന്ന, ഒരിരുമ്പാണി പോലെ കട്ടിയുള്ളതും കൂർത്തതുമാകുമോയെന്ന പേടി; രാത്രിയിൽ ഞാനിട്ടിരിക്കുന്ന ഈ ഉടുപ്പിന്റെ ചെറിയൊരു ബട്ടൺ എന്റെ തലയേക്കാൾ വലുതാവുമോയെന്ന, വലുതും ഭാരിച്ചതുമാകുമോയെന്ന പേടി; എന്റെ കട്ടിലിൽ നിന്ന് ഇപ്പോൾത്തന്നെ താഴെ വീണ ഈ റൊട്ടിക്കഷണം ഒരു കണ്ണാടിച്ചില്ലായി മാറി തറയിലിടിച്ചു ചിതറുമോയെന്ന പേടിയും അങ്ങനെ വരുമ്പോൾ സർവ്വതും എന്നെന്നേക്കുമായി തകർന്നുപോകു

മോയെന്ന കുടലെരിക്കുന്ന ആധിയും; പൊട്ടിച്ച വായിച്ച വക്കു ചുളിഞ്ഞ കത്ത് മുറിയുടെ ഒരു കോണും സുരക്ഷിതമല്ലാത്ത വിധം അത്ര അമൂല്യമാണെന്നും അതാരുടെയെങ്കിലും കണ്ണില്പെടുന്നത് നിഷിദ്ധമാണെന്നുമുള്ള പേടി; ഉറങ്ങിപ്പോയാൽ സ്റ്റൗവിനു മുന്നിൽ തറയിൽ കിടക്കുന്ന കരി ഞാനെടുത്തു തിന്നുമോയെന്ന പേടി; ഒരക്കം, ഏതെങ്കിലുമൊരക്കം, എന്റെ തലച്ചോറിനുള്ളിൽ വളരാൻ തുടങ്ങുകയും ഒടുവിൽ ഇടം പോരാത്തത്ര വലുതാവുകയും ചെയ്യുമോയെന്ന പേടി; കരിങ്കല്ലിലാണ്, നരച്ച കരിങ്കല്ലിലാണു ഞാൻ കിടക്കുന്നതെന്ന പേടി; ഞാൻ വിളിച്ചുകൂവുമെന്നും ആളുകൾ ഓടിക്കൂടി വാതിൽ ചവുട്ടിപ്പൊളിക്കുമെന്നുമുള്ള പേടി, ഞാൻ എന്നെത്തന്നെ ഒറ്റിക്കൊടുക്കുമെന്നും ഞാൻ ഭയക്കുന്നതെല്ലാം തുറന്നുപറയുമെന്നുമുള്ള പേടി, പറയാൻ പറ്റാത്തതാണെല്ലാമെന്നതിനാൽ എനിക്കൊന്നും പറയാൻ പറ്റാ

തെ വരുമോയെന്ന പേടി, പിന്നെ മറ്റു പേടികൾ... പേടികൾ.

എന്റെ ബാല്യത്തിന്റെ വീണ്ടെടുപ്പിനായി ഞാൻ പ്രാർത്ഥിച്ചു, അതു മടങ്ങിയെത്തുകയും ചെയ്തു; ഇപ്പോൾ ഞാനറിയുന്നു, പണ്ടേപ്പോലെ തന്നെ ദുർവഹമാണതെന്ന്, മുതിർന്നതുകൊണ്ട് വിശേഷിച്ചു ഫലമൊന്നുമുണ്ടായിട്ടില്ലെന്നും.

## രാത്രി

വിഷയങ്ങളില്ലാത്ത രാത്രി. പുറത്തേക്കു നോക്കുന്ന അന്ധമായ ജാലകമേ; കരുതലോടടച്ച വാതിലുകളേ; അതിപുരാതനകാലത്തു നിന്നും പകർന്നുകിട്ടിയ, വിശ്വസിച്ചുവെങ്കിലും പിടികിട്ടാത്ത സംവിധാനങ്ങളേ; കോണിത്തളത്തിലെ നിശ്ശബ്ദതേ, അടുത്തുള്ള മുറികളിലെ നിശ്ശബ്ദതേ, അങ്ങു മുകളിൽ മച്ചുമ്പുറത്തെ നിശ്ശബ്ദതേ. അമ്മേ: അനന്യേ, വളരെപ്പണ്ട്, എന്റെ ബാല്യത്തിൽ ഈ നിശ്ശബ്ദതകളെ

ല്ലാം എന്റെ കണ്ണിൽ നിന്നു മറച്ചുപിടി ച്ചവൾ. പേടിക്കേണ്ട, ഞാൻ കൂടെയുണ്ട ല്ലോ എന്നു പറയാൻ സന്നദ്ധയായവൾ. വിരണ്ടുപോയ കുട്ടിയ്ക്ക്, പേടിച്ചു മരിക്കാറാ യ കുട്ടിക്ക് രാത്രിയിൽ ഈ നിശ്ശബ്ദതയാ വാൻ ധൈര്യം കാണിച്ചവൾ. നീ ഒരു തീ പ്പെട്ടിക്കൊള്ളിയുരയ്ക്കുന്നു, ആ ശബ്ദം നീ യായിക്കഴിഞ്ഞു. വിളക്കു മുന്നിൽ പിടി ച്ചുകൊണ്ടു നീ പറയുന്നു: ഞാൻ കൂടെയു ണ്ടു്; പേടിക്കേണ്ട. നീ വിളക്ക് സാവ ധാനം താഴെ വയ്ക്കുന്നു, സംശയമില്ല: അ തു നീ തന്നെ, എളിമയും നന്മയും സാര ള്യവുമല്ലാതെ മറ്റൊരു ഗൂഢാർത്ഥവുമില്ലാ ത്ത പ്രിയപ്പെട്ട പരിചിതവസ്തുക്കളെ വെളി ച്ചപ്പെടുത്തുന്ന വെളിച്ചം. ചുമരിലോ തറപ്പ ലകകളിലോ ഒരനക്കം കേട്ടാൽ നീയൊ ന്നു മന്ദഹസിക്കുന്നതേയുള്ളു — ഉത്കണ്ഠ യോടെ നിന്നെ നോക്കുന്ന ആ പേടി പൂ ണ്ട മുഖത്തെ നോക്കി നീ മന്ദഹസിക്കു ന്നു; പാതി മന്ത്രിക്കപ്പെട്ട ഓരോ വാക്കി

ന്റെയും രഹസ്യം നിനക്കറിയാമെന്ന്, നിനക്കറിയാത്ത രഹസ്യങ്ങളില്ലെന്ന് അവനു തോന്നുന്നു. ഭൂമിയിലെ രാജാക്കന്മാരിൽ നിന്റെ അധികാരത്തോടു കിട പിടിക്കുന്ന അധികാരം ആർക്കിരിക്കുന്നു? നോക്കൂ: രാജാക്കന്മാർ മിഴിച്ചുനോക്കിക്കിടക്കുന്നു, അവരെ വിനോദിപ്പിക്കാൻ കഥ പറയുന്നവനു കഴിയുന്നില്ല. തങ്ങളുടെ പ്രിയപ്പെട്ട വെപ്പാട്ടിമാരുടെ മാറുകളിൽ നിർവൃതി നുകർന്നു കിടക്കുമ്പോഴും ഭീതി അവർക്കു മേലിഴഞ്ഞുകയറുന്നു, അവരുടെ കാമമടങ്ങുന്നു, അവരുടെ ഉടലുകൾ തളരുന്നു. പക്ഷേ നീയോ, നീ വന്ന് ആ ബീഭത്സതയ്ക്കു മുന്നിൽ നില്ക്കുന്നു, അതിനെ പൂർണ്ണമായി മറയ്ക്കുന്നു; ചിലേടത്തൊക്കെ ഉയർന്നുകാണാവുന്ന തിരശ്ശീല പോലെയല്ല. അല്ല: കുട്ടി നിന്നെ നോക്കി കരഞ്ഞപ്പോഴേ നീയതിനു മുന്നിൽക്കയറി നിന്നതുപോലെയാണ്. വരാവുന്നതിനെല്ലാം മുന്നേ നീ വന്നപോലെയാണ്, നിനക്കു പി

ന്നിൽ ഇവിടെയുള്ള നിന്റെ തിടുക്കപ്പെട്ട യാത്രയേയുള്ളൂ, നിന്റെ നിത്യമായ നടവഴി, നിന്റെ സ്നേഹത്തിന്റെ പറന്നെത്തൽ.

## പ്രശസ്തി

ചെറുപ്പക്കാരാ, നിങ്ങൾ ലോകത്തെവിടെയുമായിക്കോട്ടെ, നിങ്ങളെ വിറ കൊള്ളിച്ചുകൊണ്ട് നിങ്ങൾക്കുള്ളിലൂടെ എന്തോ ഒന്നിരച്ചുകേറുന്നുണ്ടെങ്കിൽ — ആരും നിങ്ങളെ അറിയാത്തതെത്ര നന്നായി എന്നോർക്കുക. നിങ്ങളെ പുച്ഛത്തോടെ കാണുന്നവർ നിങ്ങളെ ഖണ്ഡിക്കുകയാണെങ്കിൽ, നിങ്ങൾ സ്നേഹിതരെന്നു കരുതിയവർ നിങ്ങളെ വിട്ടെറിഞ്ഞു പോവുകയാണെങ്കിൽ, നിങ്ങൾ നെഞ്ചോടു ചേർക്കുന്ന ആശയങ്ങളുടെ പേരിൽ നിങ്ങളെ അവർ നശിപ്പിക്കാൻ നോക്കുകയാണെങ്കിൽ: ആ പ്രകടമായ അപകടം (നിങ്ങൾക്കതു് ഉൾക്കരുത്തു പകരുകയാണ്) എ

ത്ര നിസ്സാരമാണ്, സർവ്വത്ര ചിതറിച്ചുകൊണ്ടു് പില്ക്കാലം നിങ്ങളെ നിരുപദ്രവിയാക്കുന്ന ആസന്നപ്രശസ്തിയുടെ കുടിലമായ ശത്രുതയ്ക്കു മുന്നിൽ?

അവജ്ഞയോടെ പോലും, നിങ്ങളെക്കുറിച്ചു സംസാരിക്കാൻ ആരോടും പറയരുത്. കാലം കടന്നുപോവുകയും ആളുകളുടെ ചുണ്ടുകളിൽ നിങ്ങളുടെ പേരുള്ളതായി നിങ്ങളുടെ ശ്രദ്ധയിൽ വരികയും ചെയ്താൽ, അവരുടെ ചുണ്ടുകളിൽ നിന്നു വരുന്ന മറ്റേതു വാക്കിനും കൊടുക്കുന്ന ഗൗരവമേ നിങ്ങൾ അതിനും കൊടുക്കാവൂ. നിങ്ങളുടെ പേരു കെട്ടുപോയെന്ന വിചാരത്തോടെ അതു വലിച്ചെറിയുക, മറ്റൊരു പേരു സ്വീകരിക്കുക, അതേതായാലും മതി, രാത്രിയിൽ ദൈവത്തിനു നിങ്ങളെ വിളിക്കാൻ. എല്ലാവരിൽ നിന്നും അതു മറച്ചുവയ്ക്കുകയും വേണം.

എത്രയും ഏകാകിയായ, എല്ലാവരിൽ നിന്നും അകന്നു കഴിഞ്ഞിരുന്ന മനുഷ്യാ,

പ്രശസ്തനായെന്നതിന്റെ പേരിൽ എത്ര പെട്ടെന്നാണവർ നിങ്ങളെ കൈപ്പിടിയിലൊതുക്കിയത്! അല്പനേരം മുമ്പു വരെ അവർക്കു നിങ്ങളെ അടിമുടി വിരോധമായിരുന്നു; ഇപ്പോഴാകട്ടെ, അവർ നിങ്ങളെ തങ്ങളിലൊരാളായി പരിഗണിക്കുന്നു. അവർ നിങ്ങളുടെ വാക്കുകളെ കാപട്യത്തിന്റെ കൂടുകളിൽ അടച്ചിട്ടുകൊണ്ടു നടക്കുന്നു, കവലകളിൽ പ്രദർശനത്തിനു വയ്ക്കുന്നു, സുരക്ഷിതമായ ഒരകലത്തു മാറിനിന്നുകൊണ്ട് അവയെ കുത്തിയിളക്കി വെറി പിടിപ്പിക്കാനും നോക്കുന്നു. പേടിപ്പെടുത്തുന്ന വന്യമൃഗങ്ങളായ നിങ്ങളുടെ വാക്കുകളെ.

## സ്ത്രീയുടെ സ്നേഹം, പുരുഷന്റെ സ്നേഹം

എല്ലാം മാറുകയാണെന്നതിനാൽ തങ്ങൾക്കും മാറണമെന്ന് അവർ ആഗ്രഹിക്കുന്നു. തങ്ങളെത്തന്നെ പരിത്യജിക്കാനും ത

ങ്ങളുടെ അഭാവത്തിൽ പുരുഷന്മാർ തങ്ങ ളെക്കുറിച്ചെന്തു സംസാരിക്കുമോ, അതേ പോലെ സ്വയം കാണാനും അവർ ത യാറായിക്കഴിഞ്ഞു. പുരോഗമനമെന്നാൽ അതാണെന്ന് അവർ കരുതുന്നു. ഒന്നി നൊന്നു മികച്ച സുഖങ്ങൾ തേടിപ്പിടിക്കു കയാണു വേണ്ടതെന്നും ജീവിതം കൊ ണ്ട് അതാണർത്ഥമാക്കേണ്ടതെന്നും അ ങ്ങനെയല്ലെന്നാണു നിങ്ങൾ വിശ്വസിക്കു ന്നതെങ്കിൽ ആ ബുദ്ധിമോശം കൊണ്ട് നി ങ്ങൾ ജീവിതം നഷ്ടപ്പെടുത്തിക്കഴിഞ്ഞു വെന്നും അവർ വിശ്വസിച്ചുതുടങ്ങിയിരിക്കു ന്നു. അവർ ചുറ്റും നോക്കാനും അന്വേഷി ക്കാനും തുടങ്ങിക്കഴിഞ്ഞു — തങ്ങൾ ക ണ്ടെത്തപ്പെടുന്നത് കരുത്തായിരുന്ന അ വർ.

തളർന്നിട്ടാണ് അവർ ഇങ്ങനെയായ തെന്നു ഞാൻ വിശ്വസിക്കുന്നു. പ്രേമം എ ന്ന ഏർപ്പാടിന്റെ സകല ചുമതലകളും നൂ റ്റാണ്ടുകളായി അവർ ഒറ്റയ്ക്കു നടത്തിക്കൊ

ണ്ടുപോരുകയാണല്ലോ. രണ്ടു ഭാഗവും അവർ തന്നെയാണഭിനയിക്കുന്നത്, സംഭാഷണത്തിന്റെ രണ്ടു വശവും അവർ തന്നെയാണു പറയുന്നത്. പുരുഷൻ അവരുടെ വാക്കുകൾ വെറുതേ ആവർത്തിക്കുകയേ ചെയ്തിട്ടുള്ളു; അതും മഹാമോശമായും. സ്വന്തം ഭാഗം ശരിക്കു പഠിച്ചവതരിപ്പിക്കാനുള്ള അവരുടെ ശ്രമത്തെ തന്റെ അശ്രദ്ധയും അവഗണനയും അസൂയയും (അവഗണനയുടെ മറ്റൊരു രൂപമാണത്) കൊണ്ട് അയാൾ ദുഷ്കരമാക്കുകയും ചെയ്യുന്നുണ്ട്. എന്നിട്ടു കൂടി രാവും പകലും നീളുന്ന യതനത്തിലൂടെ അവർ പിടിച്ചുനില്ക്കുന്നു, അവരുടെ സ്നേഹവും ദുരിതവും വർദ്ധിക്കുകയും ചെയ്യുന്നു. തീരാത്ത യാതനകളുടെ സമ്മർദ്ദത്തിൽ പ്രണയ[6]ത്തിൽ പ്രബലരായ കാമുകിമാർ അവർക്കിടയിൽ നിന്നുയർന്നുവന്നു; താൻ വിളി

[6] Gaspara Stampa (1523-54) — ഇറ്റാലിയൻ കവി; അവരുടെ പ്രണയകവിതകൾ പ്രസിദ്ധമാണ്.

ച്ചുപ്പിച്ച പുരുഷനെ അതിവർത്തിച്ചവർ; മടങ്ങിവരാത്തവനെ കടന്നുവളർന്നവർ, ഗസ്പാറ സ്റ്റാമ്പയെപ്പോലെ, ആ പോർച്ചുഗീസ് കന്യാസ്ത്രീ[7] യെപ്പോലെ; തങ്ങളുടെ യാതന തിക്തവും ശീതവുമായ ഒരു ഗാംഭീര്യമായി, ഒന്നിലുമൊതുങ്ങാത്തതൊന്നായി പരിവർത്തിക്കപ്പെടാതെ അവർ അടങ്ങിയുമില്ല. ഈ രണ്ടു സ്ത്രീകളെക്കുറിച്ചു നമുക്കറിയാമെന്നായതു് ദിവ്യാത്ഭുതം കൊണ്ടെന്നപോലെ സംരക്ഷിക്കപ്പെട്ട ചില കത്തുകൾ കാരണമാണു്, കുറ്റപ്പെടുത്തുകയോ വിലപിക്കുകയോ ചെയ്യുന്ന കവിതകളുടെ പുസ്തകങ്ങൾ കാരണമാണു്, ഏതോ ചിത്രശാലയുടെ ചുമരിലിരുന്നു് കണ്ണീരു തടുത്ത മുഖഭാവത്തോടെ നമ്മെ നോക്കുന്ന ചില ഛായാപടങ്ങൾ കാരണമാണു്; (ആ ഭാ

---

7 പോർച്ചുഗീസ് കന്യാസ്ത്രീ — Mariana Alcoforado (1640-1723) — അവർ തന്റെ അവിശ്വസ്തകാമുകനെഴുതിയ കത്തുകളിൽ ചിലതു് റിൽക്കെ പരിഭാഷപ്പെടുത്തിയിരുന്നു.

വം ചിത്രകാരനു പിടിച്ചെടുക്കാനായതു് അ തയാൾക്കു പിടി കിട്ടാത്തതുകൊണ്ടു മാത്രവുമാണ്.) വേറെയും സ്ത്രീകളുണ്ടായിരുന്നു, എണ്ണമെടുക്കാനാവാത്തവർ — തങ്ങളുടെ കത്തുകൾ കത്തിച്ചുകളഞ്ഞവർ, കത്തെഴുതാനുള്ള ശക്തി ക്ഷയിച്ചവർ. ആർദ്രതയുടെ ഒരു കഴമ്പ് ഉള്ളിലൊളിപ്പിച്ച് കല്ലിച്ചുപോയ വൃദ്ധകൾ. ക്ഷീണം കൊണ്ടു സ്ഥൂലിച്ച, കോലം കെട്ട സ്ത്രീകൾ; ഭർത്താക്കന്മാരെപ്പോലെയാകാൻ സ്വയം വിട്ടുകൊടുത്ത സ്ത്രീകൾ; എന്നാൽ ഉള്ളിൽ, പ്രണയം പ്രവർത്തിക്കുന്ന ആ ഇരുണ്ട ഇടത്തിൽ, അവർ തീർത്തും വ്യത്യസ്തരുമായിരുന്നു. ഗർഭം ധരിക്കാൻ ആഗ്രഹമില്ലാതിരുന്ന ഗർഭിണികൾ, ഒടുവിൽ എട്ടാമത്തെ പ്രസവത്തിൽ മരിക്കുമ്പോഴും പ്രണയത്തിനു കാത്തിരിക്കുന്ന ഒരു പെൺകുട്ടിയുടെ ചേഷ്ടകളും ലാഘവവും സ്വന്തമായിരുന്നവർ. തെമ്മാടികളുടേയും കുടിയന്മാരുടേയും ഭാര്യമാരായി, അവരിൽ നി

ന്നേറ്റവും അകലം പാലിക്കാൻ ഉള്ള കൊണ്ടൊരു വഴി കണ്ടതിനാൽ മാത്രം, ജീവിച്ചുപോന്ന സ്ത്രീകൾ; വിശുദ്ധന്മാർക്കൊപ്പമാണവർ ജീവിക്കുന്നതെന്നു തോന്നും, മറ്റുള്ളവർക്കിടയിലായിരിക്കുമ്പോൾ അവരുടെ മുഖം തിളക്കുന്ന ഉൾവെളിച്ചം കാണുമ്പോൾ. അവരുടെ എണ്ണമെടുക്കാനോ ആരൊക്കെയാണവരെന്നു പറയാനോ സാദ്ധ്യമല്ല. മറ്റുള്ളവർക്കു തങ്ങളെ മനസ്സിലാക്കാനുതകുന്ന വാക്കുകൾ അവർ മുൻകൂട്ടിത്തന്നെ നശിപ്പിച്ച പോലെയാണത്.

* * *

ഇത്രയൊക്കെ മാറുകയാണെന്ന സ്ഥിതിയ്ക്ക് ഇനി മാറാനുള്ള ഊഴം നമ്മുടേതല്ലേ? വികാസം പ്രാപിക്കാനുള്ള ശ്രമത്തിന് ചെറിയ രീതിയിലെങ്കിലും നാം തുടക്കമിടേണ്ടേ, പ്രണയമെന്ന മഹാദൗത്യത്തിൽ പതുക്കെപ്പതുക്കെയാണെങ്കിലും നമ്മുടെ ഭാഗം നാം എടുക്കേണ്ടേ? അതി

ന്റെ ബുദ്ധിമുട്ടുകളനുഭവിക്കാൻ ഇതേവരെ നമുക്കവർ ഇട വരുത്തിയില്ല; അതുകൊണ്ടാണ് നമുക്കതു മറ്റൊരു നേരമ്പോക്കു മാത്രമായത്, ഒരു കുട്ടിയുടെ കളിപ്പാട്ടപ്പെട്ടിയിൽ അറിയാതെ വന്നുപെടുന്ന ഒരു ലേസ് കഷണം കുറേക്കാലം അവനിഷ്ടപ്പെടുകയും പിന്നെയത് അവനിഷ്ടമില്ലാതാവുകയും ഒടുവിൽ ഉടഞ്ഞതും അംഗഭംഗം വന്നതുമായ കളിപ്പാട്ടങ്ങൾക്കിടയിൽ അവയേക്കാൾ നികൃഷ്ടമായ സ്ഥിതിയിൽ കിടക്കുകയും ചെയ്യുന്നതുപോലെ. മുകൾപ്പരപ്പിൽ പൊന്തിക്കിടന്ന് തുടിച്ചുപതയ്ക്കാനായിരുന്നു നമുക്കു രസം; എന്നാൽ ആഴങ്ങളിൽ മുങ്ങിനിവർന്നവരാണെന്ന ഭാവം നാം കൈവിട്ടുമില്ല. എന്നാൽ ആ നിരായാസവിജയങ്ങളെ നാം തള്ളിപ്പറയുകയാണെങ്കിൽ? ഇതേവരെ നമുക്കു വേണ്ടി മറ്റുള്ളവർ ചെയ്തുതന്ന പ്രണയത്തിന്റെ പാഠങ്ങൾ ഇനി മുതൽ നാം തന്നെ പഠിച്ചു തുടങ്ങുകയാണെങ്കിൽ? ഇത്രയൊക്കെ മാ

റുകയാണെന്ന സ്ഥിതിയ്ക്ക് തുടക്കക്കാരാവു
ക എന്നു നിശ്ചയിച്ച നാം മുന്നിട്ടിറങ്ങുക
യാണെങ്കിൽ?

## പിറന്നാളുകൾ

എന്റെ ഗ്രാഹ്യത്തിനപ്പുറത്തുള്ളതെന്നു തോ
ന്നിയ അനുഭവങ്ങൾ ഏറ്റവും സമൃദ്ധമാ
യി തന്നത് പിറന്നാളുകളായിരുന്നു. വേർ
തിരിവുകൾ വയ്ക്കാതിരിക്കുന്നതാണ് ജീവി
തത്തിന്റെ പതിവും അതിനു ഹിതവുമെ
ന്ന് നിങ്ങൾക്കറിയാത്തതല്ല; എന്നാൽ ത
നിക്കവകാശപ്പെട്ട ഒരു സന്തോഷമുണ്ടെ
ന്നും അതിൽ സംശയം വേണ്ടെന്നുമുള്ള ഒ
രു ബോധത്തോടെയാണ് ആ ദിവസം നി
ങ്ങൾ ഉറക്കം വിട്ടെഴുന്നേല്ക്കുക. അങ്ങനെ
യൊരവകാശത്തെക്കുറിച്ചുള്ള ഒരു തോ
ന്നൽ വളരെച്ചെറുപ്പത്തിലേ നിങ്ങളിൽ വ
ളർന്നുവന്നിട്ടുണ്ടാവണം; ആ പ്രായത്തിൽ
നിങ്ങൾക്കെന്തും ആഗ്രഹിക്കാമായിരുന്നു,

ആഗ്രഹിക്കുന്നതെന്തും നിങ്ങൾക്കു കിട്ടുകയും ചെയ്തിരുന്നു; തനിയ്ക്കു നേരത്തേ സ്വന്തമായവയെ പിഴവു പറ്റാത്ത ഭാവനാശേഷിയിലൂടെ പുതിയ തൃഷ്ണകളുടെ തീവ്രതയിലേക്കുയർത്താൻ നിങ്ങൾക്കന്നു കഴിഞ്ഞിരുന്നു.

പിന്നീടു പക്ഷേ പെട്ടെന്നാണ്, പിറന്നാളുകളുടെ സ്വഭാവം മാറുക; തന്റെ അവകാശത്തെക്കുറിച്ചു പണ്ടേപ്പോലെ നിങ്ങൾ അത്ര ബോധവാനാണെങ്കിലും മറ്റുള്ളവർക്കിപ്പോൾ അത്ര ഉറപ്പില്ലാത്തതായി നിങ്ങൾ കാണുന്നു. മുൻവർഷങ്ങളിൽ പതിവുള്ളപോലെ നിങ്ങളെ ആരെങ്കിലും പുതിയ ഉടുപ്പുകൾ ധരിപ്പിക്കുന്നതും തുടർന്നുള്ള ചടങ്ങുകളിലേക്കു നിങ്ങളെ ആനയിക്കുന്നതുമൊക്കെ ഇപ്പോഴും നിങ്ങൾക്കിഷ്ടമാണ്. പക്ഷേ ഉറക്കം ശരിക്കും തെളിയുന്നതിനും മുമ്പേ വാതിലിനു പുറത്താരോ ഒച്ച വയ്ക്കുന്നതു നിങ്ങൾ കേൾക്കുന്നു, കേയ്ക്ക് ഇനിയും എത്തിയിട്ടില്ലെന്ന്; അല്ലെങ്കിൽ അടു

ത്ത മുറിയിലെ മേശ മേൽ സമ്മാനങ്ങൾ നിരത്തിവയ്ക്കുമ്പോൾ എന്തോ താഴെ വീണുടയുന്നതു നിങ്ങൾ കേൾക്കുന്നു; അതുമല്ലെങ്കിൽ ആരോ മുറിയിൽ കയറിവന്നിട്ട് വാതിൽ ചാരാതെ പോയതിനാൽ പിന്നീടു മാത്രം കാണേണ്ടതു് നിങ്ങൾക്കിപ്പോൾത്തന്നെ കാണാമെന്നാകുന്നു. ശസ്ത്രക്രിയ പോലെന്തിനോ നിങ്ങൾ വിധേയനാവുന്നതു് ആ നിമിഷത്തിലാണു്. ഒരു നിമിഷം മാത്രം നീണ്ടുനില്ക്കുന്നതും കൊടിയ വേദനയുളവാക്കുന്നതുമായ ഒരു ഛേദനം. എന്നാൽ അതു ചെയ്യുന്ന കൈ തഴക്കം കിട്ടിയതും പതറാത്തതുമാണു്. നൊടിയിടയിൽ കാര്യം കഴിഞ്ഞു. അടുത്ത നിമിഷം നിങ്ങൾ ചിന്തിക്കുന്നതു് നിങ്ങളെക്കുറിച്ചല്ല, തന്റെ പിറന്നാളിനെ അധികം പരിക്കേല്പിക്കാതെ എങ്ങനെ രക്ഷിച്ചെടുക്കാമെന്നാണു്; മറ്റുള്ളവരിൽ ഒരു കണ്ണു വേണം, അവരുടെ തെറ്റുകൾ മുൻകൂട്ടിക്കണ്ടു തടുക്കണം, തങ്ങൾ സകലതും വള

രെ നന്നായി നടത്തിക്കൊണ്ടുപോവുകയാണെന്ന അവരുടെ മിഥ്യാബോധത്തെ ഊട്ടിയുറപ്പിക്കുകയും വേണം. അവർ നിങ്ങളുടെ പണി എളുപ്പമാക്കില്ല. അവരെ ഒന്നിനും കൊള്ളില്ലെന്നും മന്ദബുദ്ധികളാണവരെന്നുപോലും നിങ്ങൾക്കു തോന്നുന്നു. മറ്റുള്ളവർക്കുദ്ദേശിച്ചിരുന്ന സമ്മാനങ്ങളുമായി കയറിവരിക എന്ന പ്രശംസനീയമായ കൃത്യത്തിൽ അവർ വിജയിക്കുന്നു; നിങ്ങൾ അവരുടെ നേർക്കോടിച്ചെല്ലുന്നു, എന്നിട്ടുപിന്നെ താൻ അല്പം വ്യായാമത്തിനു വേണ്ടി മുറിക്കുള്ളിൽ ഒന്നോടിനടന്നതാണെന്നും വിശേഷിച്ചൊന്നിനും നേർക്കല്ല എന്നും നിങ്ങൾക്കഭിനയിക്കേണ്ടിയും വരുന്നു. അടുത്തതായി അവർ നിങ്ങളെ ആശ്ചര്യപ്പെടുത്താൻ നോക്കുന്നു: പ്രതീക്ഷയുടെ വലിയൊരു ഭാവം മുഖത്തു വരുത്തിക്കൊണ്ട് അവർ സമ്മാനപ്പെട്ടിയുടെ മൂടി തുറക്കുന്നു; അടിയിൽ പാക്കിംഗിനുള്ള കുറച്ചു കടലാസ്സല്ലാതെ മറ്റൊന്നും അ

തിലില്ല; അമ്പരപ്പിൽ നിന്ന് അവരെ നിവർത്തിപ്പിക്കേണ്ട ചുമതല ഇപ്പോൾ നിങ്ങൾക്കാകുന്നു. അല്ലെങ്കിൽ ഒരു യന്ത്രപ്പാവയാണ് അവർ നിങ്ങൾക്കു സമ്മാനമായി തരുന്നതെന്നു കരുതുക; ഒന്നാമത്തെ മുറുക്കലിൽ തന്നെ അവർ അതിന്റെ സ്പ്രിങ്ങ് പൊട്ടിച്ചുകളയും. അതിനാൽ സ്പ്രിങ്ങ് മുറുക്കിയ ഒരെലിയോ അതുപോലെന്തെങ്കിലും കളിപ്പാട്ടമോ ആരും കാണാതെ കാലു കൊണ്ടു നിരക്കി മുന്നിലേക്കിടാൻ മുൻകൂട്ടി പരിശീലിച്ചുവയ്ക്കുന്നത് നല്ലതായിരിക്കും: ആ കബളിപ്പിക്കൽ കൊണ്ട് അവരെ നാണക്കേടിൽ നിന്നു രക്ഷിക്കാൻ നിങ്ങൾക്കു കഴിഞ്ഞെന്നു വരും.

അങ്ങനെ, നിങ്ങൾ ചെയ്യേണ്ടതായിട്ടുള്ളതൊക്കെ നിങ്ങൾ ചെയ്തുകഴിഞ്ഞു; അതിനെന്തെങ്കിലും വിശേഷാൽ വൈദഗ്ധ്യമൊന്നും വേണ്ട. വൈദഗ്ധ്യം വേണ്ടത് ഒരാൾ വളരെയൊക്കെ കഷ്ടപ്പെട്ട്, അഭിമാനത്തോടെയും വാത്സല്യത്തോടെയും നി

ങ്ങൾക്കൊരാനന്ദം കൊണ്ടുവരികയും നിങ്ങളിൽ നിന്നു തീർത്തും വ്യത്യസ്തനായ ഒരാൾക്കുള്ള ആനന്ദമാണത്, തീർത്തും അന്യമായ ഒരാനന്ദമാണത് എന്ന് ദൂരെ നിന്നേ നിങ്ങൾക്കു മനസ്സിലാവുമ്പോഴാണ്. ആ ആനന്ദത്തിനു പറ്റിയ ഒരാളുണ്ടോയെന്നുതന്നെ നിങ്ങൾക്കറിയില്ല; അത്രയ്ക്കുമന്യമായിരുന്നു അത്.

## അയൽക്കാരൻ

തികച്ചും നിരുപദ്രവിയായ ഒരു ജീവിയുണ്ട്; കണ്ണിൽപ്പെട്ടാൽ കഷ്ടിച്ചതു നിങ്ങളുടെ ശ്രദ്ധയിൽ വന്നുവെന്നുവരാം; അടുത്ത നിമിഷം നിങ്ങളതിനെ മറക്കുകയും ചെയ്യും. പക്ഷേ അതേതോ രീതിയിൽ, അദൃശ്യമായി, നമ്മുടെ കാതിനുള്ളിൽ കടന്നാൽ അതവിടെക്കിടന്നു വളരും, മുട്ടയിട്ടു പെരുകും; അതു പിന്നെ അവിടെ നിന്നിഴഞ്ഞ് തലച്ചോറിനുള്ളിലേക്കു കടക്കുന്നതായും അവിടെ നാശം വിതച്ചുകൊ

ണ്ടു് തഴച്ചുവളരുന്നതായും പറഞ്ഞുകേട്ടിട്ടുണ്ടു്; മൂക്കിലൂടെ നാട്ടുൾക്കുള്ളിൽ കടക്കുന്ന ന്യൂമോക്കോച്ചിയുടെ[8] സ്വഭാവവും ഇതു തന്നെ.

ഈ ജീവിയാണു് നിങ്ങളുടെ അയല്ക്കാരൻ.

ഇന്നതെന്നൊരിടമില്ലാതെ ഒഴുകിനടക്കുകയാണു ഞാനെന്നതിനാൽ എണ്ണമറ്റ അയല്ക്കാർ എനിക്കുണ്ടായിട്ടുണ്ടു്; താഴെയുള്ളവർ, മുകളിലുള്ളവർ, ഇടതുവശത്തുള്ളവർ, വലതുവശത്തുള്ളവർ, ചിലപ്പോഴൊക്കെ ഒരേ നേരം ഈ നാലു തരവും. എനിക്കു വേണമെങ്കിൽ എന്റെ അയല്ക്കാരുടെ ഒരു ചരിത്രമെഴുതാം; അതിനു് ഒരായുസ്സെടുക്കുമെന്നേയുള്ളു. അവരുടെ ചരിത്രമെന്നു പറയുന്നതിനേക്കാൾ അവർ എന്നിലുണ്ടാക്കിയ രോഗലക്ഷണങ്ങളുടെ ചരിത്രം എന്നു പറയുകയാവും കൂട്ട

8 pneumococci — ശ്വാസത്തിലൂടെ നാട്ടുളിലേക്കു പകരുന്ന ഒരു ബാക്റ്റീരിയ.

തൽ ശരി. എന്തെന്നാൽ, ചില ശരീരകലകളിൽ വരുത്തുന്ന വ്യതിയാനങ്ങളിലൂടെ മാത്രം സ്വന്തം സാന്നിദ്ധ്യം വെളിപ്പെടുത്തുക എന്നൊരു സ്വഭാവവിശേഷം സമാനപ്രകൃതികളായ മറ്റു ജീവികളുമായി പങ്കുവയ്ക്കുന്നുണ്ട് അയല്ക്കാരെന്ന ഈ ജീവികളും.

പ്രവചനങ്ങൾക്കു വഴങ്ങാത്ത അയല്ക്കാരും ശീലങ്ങളിൽ ബഹുകണിശക്കാരായ അയല്ക്കാരും എനിക്കുണ്ടായിട്ടുണ്ട്. ആദ്യം പറഞ്ഞ തരക്കാരെ ഭരിക്കുന്ന ഒരു നിയമം കണ്ടെത്താൻ മണിക്കൂറുകൾ കുത്തിപ്പിടിച്ചിരുന്ന ഞാൻ ശ്രമിച്ചിരുന്നു; ഏതെങ്കിലും തരത്തിലുള്ള ഒരു നിയമത്തിനനുസരിച്ചായിരിക്കണമല്ലോ, അവരുടെ പോലും നടപടികളും. നിഷ്ഠകളിൽ തെറ്റു വരുത്താത്ത എന്റെ അയല്ക്കാർ എന്നെങ്കിലും രാത്രിയിൽ പതിവുനേരത്ത് വീട്ടിലെത്താതിരുന്നാലാകട്ടെ, അവർക്കു വന്നുഭവിച്ചിരിക്കാവുന്ന അത്യാഹിതങ്ങളെക്കുറിച്ചു ഞാൻ ഭാ

വന ചെയ്യാൻ തുടങ്ങും; അവരെയും കാത്ത് ഉറങ്ങാതെ വിളക്കും കത്തിച്ചുവച്ചു ഞാനിരിക്കും, നവവധുവിനെപ്പോലെ ഉത്കണ്ഠപ്പെട്ടും. അന്യോന്യം കൊടുംപക വച്ചുപുലർത്തിയിരുന്ന അയല്ക്കാർ എനിക്കുണ്ടായിരുന്നു; അതുപോലെ തീവ്രസ്നേഹത്തിലായിരുന്നവരും. രാത്രിയുടെ മദ്ധ്യത്തിൽ, പെട്ടെന്നൊരു മുഹൂർത്തത്തിൽ ഇതിലൊരു വികാരം മറ്റേതാവുന്ന അനുഭവവും എനിക്കുണ്ടായിട്ടുണ്ട്; അന്നു പിന്നെ ഉറങ്ങാമെന്ന പ്രതീക്ഷയും വേണ്ട. ഉറക്കം നാം കരുതുമ്പോലെ ഇടമുറിയാത്ത ഒരു പ്രതിഭാസമല്ല എന്നൊരു പൊതുനിയമവും ഇതിൽ നിന്നു രൂപീകരിക്കാമെന്ന് എനിക്കു തോന്നുന്നു.

## ഏകാകി

ഒരുപാടു മുൻധാരണകൾ വച്ചുകൊണ്ടാണ് നാം ഏകാകികളെക്കുറിച്ചു സംസാരിക്കുക. എന്തിനെക്കുറിച്ചാണു സംസാരി

ക്കുന്നതെന്ന് കേൾക്കുന്നവർക്കെല്ലാം അറിയാമെന്നു നാം കരുതുന്നു. അവർക്കൊരു വസ്തുവും അറിയില്ല എന്നതാണു വസ്തുത. അങ്ങനെയൊരാളെ അവർ കണ്ടിട്ടേയില്ല; ആളെ അറിയാതെ തന്നെ അവർ അയാളെ വെറുക്കുകയായിരുന്നു. അവർ അയാളുടെ ചോരയൂറ്റിക്കുടിച്ച അയൽവാസികളായിരുന്നു, അയാളെ പ്രലോഭിപ്പിച്ചുകൊണ്ട് അടുത്ത മുറിയിൽ നിന്നുയർന്ന ശബ്ദങ്ങളായിരുന്നു. ഒച്ചയും ബഹളവുമുണ്ടാക്കി അയാളെ അതിൽ മുക്കിത്താഴ്ത്താൻ അവർ വസ്തുക്കളെ ഇളക്കിവിട്ടു. അയാൾ ആർദ്രത നിറഞ്ഞ ഒരു ബാലനായിരുന്നപ്പോൾ മറ്റു കുട്ടികൾ സംഘം ചേർന്ന് അയാളെ നേരിട്ടിരുന്നു; വളർച്ചയുടെ ഓരോ ഘട്ടത്തിലും മുതിർന്നവർക്കെതിരെയാണ് അയാൾ വളർന്നതു്. ഒരു വേട്ടമൃഗത്തെയെന്നപോലെ അവർ അയാളെ തന്റെ മാളത്തിലേക്കോടിച്ചുകയറ്റി; അയാളുടെ ദീർഘയൗവന

ത്തിൽ ആ വേട്ട നടക്കാത്ത ഒരു കാല വുമുണ്ടായിട്ടില്ല. സ്വയം തളരാൻ വിടാതെ വല്ല വിധേനയും രക്ഷപ്പെടാൻ അയാൾക്കായപ്പോൾ അയാളിൽ നിന്നുണ്ടായതിനെ അവർ പുലഭ്യം പറഞ്ഞു, വികൃതമെന്ന് അതിനെ പഴിച്ചു, അതിനെ സംശയത്തിൽ നിർത്തി. അവർ പറയുന്നതൊന്നിനും അയാൾ ശ്രദ്ധ കൊടുക്കാതായപ്പോൾ അവർ എല്ലാ മറവും ഭേദിച്ചു പുറത്തേക്കു വന്നു, അയാൾക്കുള്ള ഭക്ഷണം തിന്നുതീർത്തു, അയാൾക്കുള്ള വായു ശ്വസിച്ചുതീർത്തു, അയാൾക്കറയ്ക്കട്ടെ എന്നതിനായി അയാളുടെ ദാരിദ്ര്യത്തിൽ അവർ കാർക്കിച്ചുതുപ്പുകയും ചെയ്തു. പകർച്ചവ്യാധി പിടിച്ചവനെപ്പോലെ അവരയാളെ അകറ്റിനിർത്തി, എത്രയും വേഗം അവിടെ നിന്നോടിപ്പോകാനായി അവരയാളെ കല്ലെടുത്തെറിഞ്ഞു. പുരാതനമായ ആ ജന്മവാസനയുടെ പ്രേരണയിൽ അവർ ചെയ്തതു തെ

റ്റായിരുന്നില്ല: അതെ, അവർക്കയാൾ ശത്രു തന്നെയായിരുന്നു.

പിന്നെ, അയാൾ മുഖമുയർത്തി നോക്കാതിരുന്നപ്പോൾ പക്ഷേ, അവർക്കു ചിന്ത തുടങ്ങി. തങ്ങളുടെ പ്രവൃത്തികൾ അയാളാഗ്രഹിച്ച പോലെയായോ എന്നവർക്കു സംശയമായി; അയാളുടെ ഏകാന്തതയ്ക്ക് ഉറപ്പു കൂട്ടുകയാണോ തങ്ങൾ ചെയ്തതു? തങ്ങളിൽ നിന്നെന്നെന്നേക്കുമായി സ്വയം വിച്ഛേദിക്കാൻ അയാളെ തുണയ്ക്കുകയാണോ ചെയ്തതു? അപ്പോഴവർ അടവുകൾ മാറ്റി, അന്തിമായുധം അവർ പുറത്തെടുത്തു, പ്രതിരോധത്തിന്റെ ഇതരമാർഗ്ഗം: പ്രശസ്തി. ആ ഒച്ചപ്പാടിൽ തലയുയർത്തി നോക്കാത്തതായി, ഏകാഗ്രത നഷ്ടമാവാത്തതായി ഒരാളു പോലുമുണ്ടായില്ല.

## അഭിനേതാക്കൾ

വെളിയിൽ ഒരുപാടു മാറിക്കഴിഞ്ഞു. എങ്ങനെയെന്ന് എനിക്കറിയില്ല. എന്നാൽ ഉള്ളിലും നിനക്കു മുന്നിലും ദൈവമേ, ഉള്ളിൽ നിനക്കു മുന്നിൽ, പ്രേക്ഷകാ: അഭിനയം മറന്നു ഞങ്ങൾ നില്ക്കുകയാണോ? ഏതു ഭാഗമാണെടുക്കേണ്ടതെന്നു പോലുമറിയില്ല എന്നു ഞങ്ങൾക്കു ബോദ്ധ്യമായിക്കഴിഞ്ഞു. ഞങ്ങൾ ഒരു കണ്ണാടി തേടുകയാണ്: മുഖത്തെ ചായവും ചമയവും ഞങ്ങൾക്കു തുടച്ചുമാറ്റണം, കൃത്രിമമായതൊക്കെ മാറ്റിക്കളഞ്ഞ് യഥാർത്ഥത്തിലുള്ളവരാകണം. പക്ഷേ എത്ര തുടച്ചുകളഞ്ഞിട്ടും എല്ലാമഴിച്ചുകളഞ്ഞിട്ടും ആ പഴയ വേഷത്തിൽ നിന്നെന്തോ ചിലത് ഞങ്ങളറിയാതെ ഞങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്നു. അമിതാഭിനയത്തിന്റെ അവശിഷ്ടം ഞങ്ങളുടെ പുരികക്കൊടികളിൽ തങ്ങിനില്ക്കുന്നു; വായ്ക്കോണുകൾ പിടഞ്ഞിരിക്കുന്നത് ഞങ്ങളറിയുന്നില്ല. ഈ മട്ടിലാ

ണ് ഞങ്ങളുടെ നടപ്പ്, പരിഹാസപാത്ര ങ്ങളായി, അർദ്ധസത്യങ്ങളായി: യഥാർ ത്ഥജീവികളല്ലാതെ, അഭിനേതാക്കളുമല്ലാ തെ.

## മരണഭയം

മരണഭയത്തെക്കുറിച്ച് ഞാൻ വളരെയധി കം ചിന്തിച്ചിട്ടുണ്ട്; എന്റെ ചില അനുഭ വങ്ങൾ അപ്പോൾ ഞാൻ കണക്കിലെടു ക്കാതെയുമില്ല. ആ ഭയം ഞാനറിഞ്ഞിട്ടു ണ്ടെന്ന് സത്യസന്ധമായി എനിക്കു പ റയാം. നഗരങ്ങളിൽ, ആളുകൾക്കു നടു വിൽ നില്ക്കുമ്പോൾ പ്രത്യേകിച്ചൊരു കാ രണവുമില്ലാതെ അതെന്നെ പിടി കൂടിയിട്ടു ണ്ട്. എന്നാൽ ആവശ്യത്തിലധികം കാര ണങ്ങളുണ്ടായിരുന്ന ചില സന്ദർഭങ്ങളും ഉ ണ്ടായിട്ടുണ്ട്: ഉദാഹരണത്തിന് ബഞ്ചിലി രിക്കുന്ന ഒരാൾ പെട്ടെന്നു മരിക്കുകയും ആ ളുകൾ ചുറ്റും കൂടി അയാളെ നോക്കിനില്ക്കുക യും അയാൾ ആ ഭയത്തിനെല്ലാമപ്പുറത്തെ

ത്തുകയും ചെയ്യുമ്പോൾ: അപ്പോൾ അയാളു
ടെ ഭയം എന്റേതാകുന്നു. അല്ലെങ്കിൽ, അ
ന്ന് നേപ്പിൾസിൽ വച്ച് ട്രാമിൽ എനിക്കെ
തിരേയിരുന്ന യുവതി മരിച്ചപ്പോൾ. അ
വൾക്കു മോഹാലസ്യം വന്നപോലെയാ
ണ് ആദ്യം തോന്നിയത്; ട്രാം കുറച്ചു ദൂ
രം കൂടി മുന്നോട്ടു പോവുകയും ചെയ്തു. പ
ക്ഷേ ട്രാം നിർത്താതെ പറ്റില്ലെന്ന് വൈ
കാതെ ഞങ്ങൾക്കു ബോദ്ധ്യമായി. ഞ
ങ്ങൾക്കു പിന്നിൽ മറ്റു ട്രാമുകൾ വന്നടിയു
കയായിരുന്നു, ആ ദിശയിലേക്ക് ഇനി ഒ
രു യാത്രയും നടക്കില്ലെന്നപോലെ. തടി
ച്ചു വിളറിയ ആ കുട്ടി അടുത്തിരിക്കുന്ന സ്ത്രീ
യെ ചാരിയിരുന്ന് സമാധാനത്തോടെ മരി
ച്ചുപോയേനെ; പക്ഷേ അവളുടെ അമ്മ അ
തു സമ്മതിക്കില്ല. അവളുടെ വഴിയിൽ സാ
ദ്ധ്യമായ എല്ലാ തടസ്സങ്ങളും അവർ കൊ
ണ്ടിട്ടു. അവർ അവളുടെ ഉടുപ്പുകളിൽ പിടി
ച്ചു വലിച്ചു, ഒന്നും തങ്ങിനില്ക്കാതായിക്കഴി
ഞ്ഞ വായിൽ എന്തോ ഒന്നൊഴിച്ചുകൊടു

ത്തു. ആരോ കൊണ്ടുകൊടുത്ത ഒരു കുഴമ്പ് അവർ അവളുടെ നെറ്റിയിൽ തേച്ചുപിടിപ്പിച്ചു; കൃഷ്ണമണികൾ അല്പമൊന്നു മുകളിലേക്കു ചാഞ്ഞപ്പോൾ അവ വീണ്ടും മുന്നിലേക്കു വരാനായി അവർ അവളെ പിടിച്ചുകുലുക്കാൻ തുടങ്ങി. കേൾക്കാൻ പറ്റാത്ത ആ കണ്ണുകളിലേക്കവർ അലറി, ആ പിണ്ഡത്തെ ഒരു പാവയെന്ന പോലെ അവർ അങ്ങോട്ടുമിങ്ങോട്ടും പിടിച്ചുരുട്ടി, ഒടുവിൽ കൈ വീശി ആ സ്ഥൂലിച്ച മുഖത്ത് ആഞ്ഞൊരടി കൊടുത്തു, അതു മരിക്കാതിരിക്കാൻ. അന്നു ഞാൻ ഭയന്നു.

എന്നാൽ അതിനു മുമ്പും ഞാൻ ഭയന്നിട്ടുണ്ട്. ഉദാഹരണത്തിന്, എന്റെ നായ ചത്തപ്പോൾ. എന്നെ നിത്യമായ കുറ്റബോധത്തിലേക്കു തള്ളിവിട്ട ആ നായ. അവനു തീരെ സുഖമില്ലായിരുന്നു. അന്നു മുഴുവൻ ഞാൻ അവനടുത്തു തന്നെ മുട്ടുകുത്തി ഇരിക്കുകയായിരുന്നു; പെട്ടെന്നാ

ണവൻ മുഖമുയർത്തിനോക്കി തെറിച്ചുതെ റിച്ചുപോകുന്ന മട്ടിൽ കുരച്ചതു്; പരിചയ മില്ലാത്ത ആരെങ്കിലും മുറിയിൽ കയറി വരുമ്പോൾ അങ്ങനെയാണവൻ കുരയ്ക്കു ക. അങ്ങനെയുള്ള സന്ദർഭങ്ങൾക്കായി ഞ ങ്ങൾ പറഞ്ഞുറപ്പിച്ച ഒരടയാളം പോലെ യാണതു്; അറിയാതെ തന്നെ എന്റെ നോ ട്ടം വാതിലിനടുത്തേക്കു ചെന്നു. പക്ഷേ അ പ്പോഴേക്കും അതു് അവന്റെയുള്ളിൽ കട ന്നിരുന്നു. ആപച്ഛങ്കയോടെ ഞാൻ തി രിഞ്ഞു് അവന്റെ കണ്ണുകളിലേക്കു നോ ക്കി, അവൻ എന്റെ കണ്ണുകളിലേക്കും; അ തു പക്ഷേ വിട പറയാനായിരുന്നില്ല. അമ്പ രപ്പും അനിഷ്ടവും കലർന്ന ഒരു ഭാവത്തോ ടെയാണു് അവൻ എന്നെ നോക്കിയതു്. അ തിനെ ഉള്ളിൽ കടക്കാൻ അനുവദിച്ചതി നു് അവൻ എന്നെ കുറ്റപ്പെടുത്തുകയായിരു ന്നു. അതിനെ തടയാൻ എനിക്കു കഴിയു മായിരുന്നുവെന്നു് അവനു ബോദ്ധ്യമായി രുന്നു. എന്റെ കഴിവുകൾ അവൻ എന്നും കൂ

ട്ടിക്കണ്ടിരുന്നു. അങ്ങനെയൊന്നുമില്ലെന്ന് വിശദീകരിക്കാൻ ഇനിയിപ്പോൾ സമയവുമില്ല. അമ്പരപ്പും ഏകാന്തതയും നിറഞ്ഞ ആ നോട്ടം എന്നിൽ തറച്ചുനിർത്തിക്കൊണ്ടാണ് അവൻ ജീവൻ വെടിഞ്ഞത്.

അതുപോലെ ആദ്യമായി മഞ്ഞു വീഴുന്ന ശരല്ക്കാലരാത്രികളിൽ ഈച്ചകൾ മുറിയിലേക്കു പറന്നുവന്ന് ഉള്ളിലെ ചൂടിൽ അവസാനമായി ഒരിക്കല്ക്കൂടി ജീവൻ വയ്ക്കുന്നതു കാണുമ്പോഴും ഞാൻ ഭയന്നിരുന്നു. അവ വല്ലാതെ ഉണങ്ങിച്ചുരുണ്ടിരുന്നു, സ്വന്തം മൂരളൽ കൊണ്ടുതന്നെ അവ പേടിച്ചരണ്ടപോലെയുമായിരുന്നു. അവയ്ക്കെന്തു ചെയ്യണമെന്നറിയാത്ത മട്ടായിരുന്നു. മണിക്കൂറുകൾ നിശ്ചേഷ്ടമായിട്ടിരുന്നതിനൊടുവിലാണവയ്ക്കു തോന്നുക, തങ്ങൾക്കിപ്പോഴും ജീവനുണ്ടെന്ന്; അപ്പോഴവ തോന്നിയ ദിക്കിലേക്ക് അന്ധമായി പറക്കാൻ തുടങ്ങി; അവിടെ ചെന്നിട്ട് എന്താണു ചെ

യ്യുക എന്നവയ്ക്കറിയില്ല. അവിടെയും ഇവിടെയുമൊക്കെ അവ നിലത്തിടിച്ച് വീഴുന്നതു ഞാൻ കേട്ടു. പിന്നെ അവ എല്ലായിടത്തും ഇഴഞ്ഞു നടക്കാൻ തുടങ്ങുകയും മുറിയാകെ തങ്ങളുടെ മരണത്തിന്റെ കറ പറ്റിക്കുകയും ചെയ്തു.

എന്നാൽ ഒറ്റയ്ക്കായിരിക്കുമ്പോൾപ്പോലും ഞാൻ ഭയന്നിരുന്നു. മരണഭയം കൊണ്ട് ഞാൻ കട്ടിലിൽ എഴുന്നേറ്റിരുന്ന ആ രാത്രികൾ ഉണ്ടായിട്ടില്ലെന്നു ഞാൻ എന്തിനു നടിക്കണം; ജീവനുള്ളവർക്കേ എന്തായാലും എഴുന്നേറ്റിരിക്കാൻ കഴിയൂ എന്ന ആശയത്തിലാണ് ഞാനന്ന് അള്ളിപ്പിടിച്ചത് — മരിച്ചവർ എഴുന്നേറ്റിരിക്കില്ലല്ലോ. യാദൃച്ഛികമായി താമസിക്കേണ്ടിവരുന്ന മുറികളിലാണ് അങ്ങനെ സംഭവിച്ചിട്ടുള്ളത്; എന്റെ കാര്യങ്ങൾ പിശകുമെന്നാകുമ്പോൾ അവ ആ നിമിഷം എന്നെ കൈയൊഴിയുകയായി; എന്റെ പ്രശ്നങ്ങളിൽ തങ്ങളും പങ്കാളികളാകുമെന്നും തങ്ങളും ചോ

ദ്യം ചെയ്യപ്പെട്ടും എന്ന പേടി കൊണ്ടാണെന്നപോലെയാണത്. ഞാനവിടെ അങ്ങനെയിരിക്കും; ആ ഇരിപ്പു കണ്ടു പേടിച്ചിട്ടാവണം, ഐക്യദാർഢ്യം പ്രകടിപ്പിച്ച് എനിക്കടുത്തു വരാൻ ഒരു വസ്തുവിനും കഴിയാതിരുന്നത്. കൊളുത്തുക എന്ന ഉപകാരം തൊട്ടു മുമ്പു ഞാൻ ചെയ്തുകൊടുത്ത ആ മെഴുകുതിരി പോലും എന്നെ അറിയില്ലെന്ന മട്ടിൽ ഇരുന്നുകളഞ്ഞു. ആളില്ലാത്ത ഒരു മുറിയിലെന്നപോലെ അത് തനിക്കായി മാത്രം എരിയുകയായിരുന്നു. എന്റെ അവസാനത്തെ പ്രതീക്ഷകൾ എപ്പോഴും ജനാലയിലായിരുന്നു. ഇപ്പോഴും, മരണത്തിനു മുന്നിലെ പെട്ടെന്നുള്ള ഈ നികൃഷ്ടതയ്ക്കു നടുവിലും എന്റെ സ്വന്തമെന്നു പറയാവുന്നതെന്തെങ്കിലും പുറത്തുണ്ടാവുമെന്നു ഞാൻ ഭാവന ചെയ്തു. പക്ഷേ ജനാലയുടെ നേർക്കൊന്നു നോക്കിയതും, അത് ചുമരു പോലെ കെട്ടിയടച്ചതായിരുന്നെങ്കിൽ എന്നു ഞാൻ മോഹിച്ചുപോയി. എ

ന്തെന്നാൽ ഉള്ളിലെ അതേ ഉദാസീനത തന്നെയാണ് പുറത്തുമെന്നും അവിടെയും എന്റെ ഏകാന്തതയല്ലാതെ മറ്റൊന്നുമില്ലെന്നും അപ്പോഴാണെനിക്കു മനസ്സിലാകുന്നത്. ഞാൻ എനിക്കു മേൽ സ്വയം കയറ്റിവച്ചതും ഇപ്പോൾ എന്റെ ഹൃദയത്തിനു താങ്ങാൻ പറ്റാത്ത രീതിയിൽ വിപുലമായതുമായ ഏകാന്തത. ഒരിക്കൽ ഞാൻ വിട്ടുപോന്നവരെ എനിക്കോർമ്മ വന്നു; എങ്ങനെയാണ് ഒരാൾക്കു മറ്റൊരാളെ ഉപേക്ഷിക്കാൻ കഴിയുക എന്നെനിക്കു മനസ്സിലായതുമില്ല.

എന്റെ ദൈവമേ, എന്റെ ദൈവമേ, ഈ തരം രാത്രികളാണ് ഇനിയും എന്നെ കാത്തിരിക്കുന്നതെങ്കിൽ ഇടയ്ക്കൊക്കെ എനിക്ക് ചിന്തിക്കാൻ കഴിഞ്ഞിരുന്ന ചിന്തകളിൽ ഒന്നെനിക്കനുവദിക്കേണമേ. എന്റെ ആവശ്യം അത്ര അന്യായമല്ല; എനിക്കറിയാം, ആ ചോദ്യങ്ങൾ എന്റെ ഭീതിയിൽ നിന്നു നേരിട്ടു വരുന്നതാണെന്ന്, അ


ത്രു വലുതാണെന്റെ ഭീതിയെന്ന്. കുട്ടിയായിരിക്കുമ്പോൾ എന്റെ മുഖത്തടിച്ചിട്ട് ഞാനൊരു ഭീരുവാണെന്ന് അവർ പറഞ്ഞിരുന്നു. അതിനു കാരണം എന്റെ ഭീതി പൂർണ്ണമായിരുന്നില്ല എന്നതായിരുന്നു. പക്ഷേ യഥാർത്ഥഭീതി കൊണ്ടു ഭീതനാകാൻ പിന്നീടു ഞാൻ പഠിച്ചു; ആ ഭീതി അതു ജനിപ്പിക്കുന്ന ശക്തിക്കൊപ്പം വളരുന്നതായിരുന്നു. ആ ശക്തിയെക്കുറിച്ച് ആ ഭീതിയിലൂടെയല്ലാതെ നമുക്കൊരു ധാരണയും കിട്ടില്ല. കാരണം, അത്രയ്ക്കു നമുക്കു പിടി കിട്ടാത്തതാണത്, നമുക്കെതിരാണത്, അതിനെക്കുറിച്ചു ചിന്തിക്കാൻ നോക്കുമ്പോൾ നമ്മുടെ മസ്തിഷ്കം പൊടിഞ്ഞുതകർന്നുപോവുകയും ചെയ്യുന്നു. എന്നാല്ക്കൂടി കുറേക്കാലമായി ഞാൻ വിശ്വസിക്കുന്നത് നമ്മുടെ ശക്തിയാണ്, നമ്മിലാകെയുള്ള ശക്തിയാണ് നമുക്കു താങ്ങാൻ പറ്റാതെയുള്ളതെന്നാണ്. അതെന്താണെന്നു നമുക്കറിയില്ല എന്നതു സത്യം തന്നെ; അ

തേ സമയം, അത്രയും നമ്മുടെ സ്വന്തമായ തിനെയല്ലേ, നമുക്കൊട്ടുമറിയാത്തതും? ചിലപ്പോൾ ഞാൻ ആലോചിച്ചുനോക്കിയിട്ടുണ്ട്, ആകാശവും മരണവും എങ്ങനെ ഉണ്ടായിവന്നുവെന്ന്; നമുക്കേറ്റവും അമൂല്യമായതിൽ നിന്നു നാം അകലം പാലിച്ചതുകൊണ്ടാണത്, അതിനും മുമ്പ് ഒരുപാടു കാര്യങ്ങൾ നമുക്കു ചെയ്യാനുണ്ടായിരുന്നു എന്നതുകൊണ്ടാണത്, നമ്മുടെ പല കാര്യവ്യഗ്രതയ്ക്കിടയിൽ അതു നമ്മിൽ സുരക്ഷിതമായിരുന്നില്ല എന്നതുകൊണ്ടാണ്. അതില്പിന്നെ കാലങ്ങൾ കഴിഞ്ഞുപോയിരിക്കുന്നു, അതിലും ചെറിയ കാര്യങ്ങളോടായി നമ്മുടെ ഇടപാടുകളെന്നും വന്നു. നമുക്കിപ്പോൾ നമ്മുടേതായതിനെ കണ്ടിട്ടറിയുന്നില്ല, അതിന്റെ വൈപുല്യം നമ്മെ ഭയവിഹ്വലരാക്കുകയും ചെയ്യുന്നു. ഇതല്ലേ ശരി?

# 14

## ജീവിതവും കലയും

ജീവിതത്തെയും കലയേയും രണ്ടായി വലിച്ചുകീറാൻ എനിക്കും ആഗ്രഹമില്ല; എവിടെയോ എപ്പോഴോ രണ്ടിനും അർത്ഥമൊന്നാണെന്ന് എനിക്കറിയാം. പക്ഷേ ജീവിക്കുന്ന കാര്യത്തിൽ ഒരു പിടിപ്പുകേടുണ്ടെന്നതിനാൽ ജീവിതം എന്നെ വന്നു വലയം ചെയ്യുമ്പോൾ പലപ്പോഴും അതെനിക്ക് ഒരിടത്താവളം മാത്രമാവുകയാണ്, വ



Vincent van Gogh (1853–1890): El jardín de Daubigny (Courtesy: Wikimedia).

ളരെയധികം നഷ്ടം എനിക്കുണ്ടാക്കുന്ന ഒരു മാർഗ്ഗതടസ്സം. നാം ചിലപ്പോൾ സ്വപ്നം കാണാറുണ്ടല്ലോ, രണ്ടു ഷൂ ബട്ടണുകളുടെ കടുംപിടുത്തം കാരണം അതിപ്രധാനമായ ചിലതു നമുക്കു നഷ്ടപ്പെടുന്നതായി; പിന്നൊരിക്കലും തിരിച്ചുവരാത്തതുമാണതു്. അതെ, സത്യമാണതു്, ജീവിതം കടന്നുപോവുകയാണു്, നമുക്കവസരം കിട്ടാതെ പോയ അനുഭവങ്ങൾക്കും പല നഷ്ടങ്ങൾക്കും ജീവിതം മറ്റൊരു സമയം നമുക്കു നല്കുന്നില്ല; ഒരു കലാകാരനാകാൻ ആഗ്രഹിക്കുന്ന ഒരാളുടെ കാര്യത്തിൽ വിശേഷിച്ചും. എന്തെന്നാൽ ഒരു ജീവിതം മതിയാകാത്തത്ര വിപുലമാണു്, ദുഷ്കരമാണു്, ദീർഘവുമാണു് കല; നല്ല പ്രായമെത്തിയവർ അതിൽ തുടക്കക്കാർ മാത്രവുമാണു്. "ആറാമത്തെ വയസ്സു മുതലേ വസ്തുക്കളെ വരയ്ക്കാനുള്ള ഒരു ഭ്രാന്തു് എനിക്കുണ്ടായിരുന്നു. അമ്പതായപ്പോഴേക്കും എണ്ണമറ്റ ചിത്രങ്ങൾ ഞാൻ വരച്ചുകൂട്ടി; എന്നാൽ

എഴുപതു വയസ്സിനു മുമ്പു ഞാൻ വരച്ചതൊന്നും പരിഗണനാർഹമേയല്ല. എഴുപത്തിമൂന്നാമത്തെ വയസ്സിലാണ് പ്രകൃതിയുടെ, മൃഗങ്ങളുടെ, പുല്ലോടികളുടെ, പക്ഷികളുടെ, മത്സ്യങ്ങളുടെ, കീടങ്ങളുടെ ഘടനയെക്കുറിച്ച് എന്തെങ്കിലുമൊരു രൂപം എനിക്കു കിട്ടുന്നത്… "ഹൊക്കുസായി എഴുതി; റോദാങ്ങിനും ഇതേ മനസ്സായിരുന്നു; നല്ല പ്രായമെത്തും വരെ ജീവിച്ചിരുന്ന ലിയനാർഡോയേയും ഇക്കൂട്ടത്തിൽ പെടുത്താം. അവർ കലയിൽ തന്നെ ജീവിതം കഴിച്ചവരാണ്, ഒന്നിൽ മാത്രം ഊന്നിയവരാണ്, ശേഷമൊക്കെ കാടു കയറാൻ വിട്ടുകൊടുത്തവരാണ്. അപ്പോൾപ്പക്ഷേ എങ്ങനെയാണ്, നിർബ്ബന്ധബുദ്ധിയായ ബാഹ്യജീവിതത്തിലെ ഓരോ കെണിയിലും ചെന്നു വീഴുകയും സകല പ്രതിബന്ധങ്ങളിലും തല കൊണ്ടുചെന്നിടിച്ച് ബോധം മന്ദിക്കുകയും ചെയ്യുകയാണെന്നതിനാൽ തന്റെ അഭയത്തിലേക്ക് വല്ലപ്പോഴും മാത്രം ചെന്നു

കയറാൻ പറ്റുന്ന ഒരാൾ ഉത്കണ്ഠാകുലനാകാതിരിക്കുക? അതുകൊണ്ടാണ് ഒരു പ്രവൃത്തി കണ്ടെത്തുക എന്ന് അത്ര തീവ്രമായും അക്ഷമമായും ഞാൻ ആഗ്രഹിക്കുന്നത്; എന്തെന്നാൽ ജീവിതം ആദ്യം പ്രവൃത്തിയായിട്ടേ പിന്നെയത് കലയാകുന്നുള്ളു. ജീവിതത്തെ അതിൽ കെട്ടുപിണഞ്ഞു കിടക്കുന്ന നിയോഗങ്ങളിൽ നിന്നു വെട്ടി മാറ്റാൻ കഴിയില്ല എന്നെനിക്കറിയാം; എന്നാൽ അതിനെ അതിലുള്ളതെല്ലാമായി ഒരു പ്രശാന്തതയിലേക്ക്, ഒരു ഏകാന്തതയിലേക്ക്, ഒരു പ്രവൃത്തിദിനത്തിന്റെ ഗഹനമായ നിഷ്പന്ദതയിലേക്ക് എടുത്തുയർത്താനുള്ള ശക്തി ഞാൻ കണ്ടെത്തണം. അവിടെ മാത്രമേ നീ എനിക്കു പ്രവചിച്ച ഭാവി എന്നെ കണ്ടെത്തുകയുള്ളു; നീയും, ലൂ, എന്നെ കാത്തുനില്ക്കേണ്ടത് അവിടെയാണ്...


(1903 ആഗസ്റ്റ് 13-ന് ലൂ അന്ദ്രിയാസ്-സലോമിക്കെഴുതിയത്)

# 15

## ഒരു പെൺകുട്ടിക്ക്

വളരെ കുറച്ചു വാക്കുകൾ മാത്രം ഉപയോഗിച്ചുകൊണ്ടുള്ള ആശംസ ഒരു നന്ദികേടായി നിനക്കു തോന്നിയേക്കാം; അതും ഇത്രയും സുന്ദരമായ കാര്യങ്ങൾ എന്നോടു പറയാൻ നീ സമയം കണ്ടെത്തി എന്നായിട്ടും.

നിന്റെ വാക്കുകൾ എനിക്കൊരു സ്വാഗതസന്ദേശമായിരുന്നു. അതു മാത്രമേ ഞാൻ എഴുതുന്നുള്ളു. നിന്നെ അറിയാൻ ഇടവന്നതിൽ എനിക്കു സന്തോഷമുണ്ടു്; ചിലപ്പോഴൊക്കെ നിന്നെ മനസ്സിൽ കാണാ



Vincent van Gogh (1853–1890): Undergrowth with Two Figures (1890) (Courtesy: Wikimedia).

നം ആശംസകൾ കൊണ്ട് നിന്നെ പൊതിയാനും അതുകൊണ്ടെനിക്കു കഴിയുന്നുണ്ടല്ലോ. ജീവിതം നിനക്കു മുന്നിൽ ഓരോ വാതിലായി തുറക്കട്ടെ; അതിനെ വിശ്വസിക്കാനും ഏറ്റവും ദുഷ്കരമായതിൽ ഏറ്റവും കൂടുതൽ വിശ്വാസമർപ്പിക്കാനുമുള്ള കഴിവ് നീ നിന്നിൽത്തന്നെ കണ്ടെത്തട്ടെ. ചെറുപ്പക്കാരോട് എനിക്ക് ഈയൊരു കാര്യമേ പറയാനുള്ളു (സുനിശ്ചിതമായ ഒരറിവ് എനിക്കിതേവരെ കിട്ടിയിട്ടുണ്ടെങ്കിൽ അതും ഇതു മാത്രമാണ്) : ദുഷ്കരമായതിനെയാണ് നാം വിടാതെ പിടിക്കേണ്ടത്; നമ്മുടെ ഭാഗത്തു നിന്നു ചെയ്യാനുള്ളത് അതാണ്. ജീവിതത്തിനുള്ളിലേക്കു നാം ഇറങ്ങിയിറങ്ങിച്ചെല്ലണം, അതു നമുക്കു മുന്നിൽ തുറന്നുകിടക്കുന്നതു വരെ, നമുക്കതൊരു ഭാരമാകുന്നതു വരെ; നമുക്കു വേണ്ടത് സന്തോഷമല്ല, ജീവിതമാണ്.

ആലോചിച്ചുനോക്കുക: ബാല്യം, അതിന്റെ ദുർഗ്രഹമായ ബന്ധങ്ങളുമൊക്കെയായി, ദുഷ്കരമല്ലേ? പെൺകുട്ടിയായിരിക്കുന്ന കാലം ദുഷ്കരമല്ലേ — നീണ്ടുകനത്ത മുടി പോലെ നിങ്ങളുടെ ശിരസ്സുകളെയത് വലിയ വിഷാദത്തിന്റെ കയങ്ങളിലേക്കു വലിച്ചുതാഴ്ത്താറില്ലേ? അതങ്ങനെയല്ലാതാവുകയുമരുത്; പലർക്കും പെട്ടെന്ന് ജീവിതം ക്ലേശരഹിതവും ആഹ്ലാദഭരിതവും പ്രസന്നവുമാകുന്നെങ്കിൽ അതിനു കാരണം അവരിപ്പോൾ അതിനെ ഗൗരവത്തിലെടുക്കുന്നില്ല എന്നതു തന്നെയാണ്; അവർക്കിപ്പോൾ ജീവിതം അനുഭവമല്ല, അവരതിനെ സ്വന്തം സ്വത്വം കൊണ്ടു നിറയ്ക്കുന്നുമില്ല. ജീവിതത്തിന്റെ അർത്ഥമറിയാനുള്ള യാത്രയിൽ അതൊരു പുരോഗതിയെന്നു പറയാനില്ല. ജീവിതത്തിന്റെ വൈപുല്യങ്ങളുടേയും സാദ്ധ്യതകളുടേയും തിരസ്കാരമാണത്. ദുഷ്കരമായതിനെ സ്നേഹിക്കുകയും അതിനോടെങ്ങനെ ഇടപെട

ണമെന്ന പഠിക്കുകയുമാണ് നമ്മുടെ കർത്തവ്യം. ദുഷ്കരമായതിലുണ്ട്, നമ്മെ തുണയ്ക്കുന്ന ശക്തികൾ, നമ്മെ സ്വാധീനിക്കുന്ന കൈകൾ. ദുഷ്കരമായതിനു നടുവിൽ വച്ചു വേണം നാം നമ്മുടെ സന്തോഷങ്ങളും സ്വപ്നങ്ങളും അനുഭവിക്കാൻ; ആ ഗർത്തത്തിന്റെ കറുത്ത പശ്ചാത്തലത്തിൽ അതൊക്കെ തെളിഞ്ഞുനില്ക്കും, എത്ര സുന്ദരമാണവയെന്ന് ഇതാദ്യമായി നാം കാണുകയും ചെയ്യും. ദുഷ്കരമായതിന്റെ ഇരുട്ടിലേ നമ്മുടെ പുഞ്ചിരിക്ക്, അത്രയും അമൂല്യമായതിന്, ഒരർത്ഥമുണ്ടാകുന്നുള്ളു; അവിടെ മാത്രമേ ഗഹനവും സ്വപ്നതുല്യവുമായ ഒരു ദീപ്തിയോടെ അതു തിളങ്ങുന്നുള്ളു; ഒരു നിമിഷത്തേക്ക് അതു പ്രസരിപ്പിക്കുന്ന ശോഭയിൽ നമ്മെ വലയം ചെയ്യുന്ന അത്ഭുതങ്ങളും നിധികളും നമുക്കു കണ്ണില്പെടുകയും ചെയ്യുന്നു. എനിക്കു പറയാനും ഉപദേശിക്കാനുമറിയുന്നതായി ഇത്രയേയുള്ളു. എനിക്കറിയുന്നതായി, അതി

നമപ്പുറത്തു പോയി ഞാൻ ഗ്രഹിച്ചതായി മറ്റെന്തെങ്കിലുമുണ്ടെങ്കിൽ അതെന്റെ കവിതകളിലുണ്ട്; അത് വളരെ ഇഷ്ടത്തോടെ നീ വായിച്ചിട്ടുള്ളതുമാണ്.

പെൺകുട്ടികളേയും സ്ത്രീകളേയും മനസ്സിലാക്കുക എന്നത് എനിക്കു വളരെ സ്വാഭാവികമായി വരുന്ന കാര്യമാണ്; സൃഷ്ടിക്കുന്നവന്റെ ഏറ്റവും ഗഹനമായ അനുഭവം സ്ത്രൈണമാണ് — എന്തെന്നാൽ ഏറ്റുവാങ്ങുകയും വഹിക്കുകയുമാണത്. കവിയായ ഒബ്സ്റ്റ്ഫെൽഡെർ അസാധാരണനായ ഒരു മനുഷ്യന്റെ മുഖം വർണ്ണിക്കുമ്പോൾ ഇങ്ങനെ പറയുന്നുണ്ട്: (അയാൾ സംസാരിക്കാൻ തുടങ്ങിയപ്പോൾ) “അയാളിൽ ഒരു സ്ത്രീ ഉണ്ടെന്നപോലെയായിരുന്നു അത്”; നാവെടുക്കാൻ തുടങ്ങുന്ന ഏതു കവിയ്ക്കും ചേരുന്നതാണിതെന്ന് എനിക്കു തോന്നുന്നു...

(1904 നവംബർ 20)

# 16

## മയിൽപ്പീലികൾ

കുറേക്കാലം മുമ്പ് (അഞ്ചു കൊല്ലമെങ്കിലു മായിക്കാണും) മ്യൂണിച്ച് നഗരത്തിൽ വച്ച് ഞാനൊരു കൊച്ചുകവിത എഴുതിയിരുന്നു; ഒക്ടോബറിൽ അവിടെ ഒരു വ്യാപാര മേള നടക്കുകയായിരുന്നു. ഒരു മൈതാന മാകെ കടകൾ. മറ്റുള്ളവർ ചിരിച്ചും കളിയാക്കിയും നീണ്ട മയില്പീലികൾ കൊണ്ട് അന്യോന്യം ഇക്കിളി കൂട്ടാൻ ശ്രമിച്ചും കൊണ്ടു നടക്കുമ്പോൾ ഞാൻ എന്റെ മയില്പീലിയും കൊണ്ട് ഒറ്റയ്ക്കു നടന്നു; ആരെയെങ്കിലും ഇക്കിളി കൂട്ടാൻ അഭിമാനബോധം എന്റെ മയില്പീലിയെ അനുവദിച്ചില്ല. ഞാനതുമായി അങ്ങനെ നടക്കുന്തോറും അതിന്റെ ലോലമായ രൂപം എന്റെ ശ്രദ്ധ പിടിച്ചെടുക്കുകയായിരുന്നു, പീലിക്കണ്ണുമായെന്നെ നോക്കുന്ന ആ പീലിത്തലപ്പിന്റെ

സൗന്ദര്യം ഇരുണ്ടതും നിഗൂഢവുമായി എനിക്കു തോന്നുകയായിരുന്നു. ഇതാദ്യമായിട്ടാണ് അങ്ങനെയൊരു ത്തുവൽ ഞാൻ കാണുന്നതെന്നപോലെയായിരുന്നു; ഞാനല്ലാതെ മറ്റാരും ശ്രദ്ധിക്കാതെ സൗന്ദര്യങ്ങളുടെ ഒരു മഹാനിധി അതിൽ ഒളിഞ്ഞു കിടപ്പുണ്ടെന്ന് എനിക്കു തോന്നി. ആ തോന്നലിൽ നിന്നാണ് ആ കൊച്ചുകവിത പിറവിയെടുത്തത്; ഞാൻ അന്നതു സമർപ്പിച്ചത് എന്റെ പ്രിയപ്പെട്ട സ്നേഹിതനും മയില്പീലികളുടെ ആരാധകനുമായ ഒരു ചിത്രകാരനാണ്. വർണ്ണങ്ങളുമായി നമ്മുടേതിനേക്കാൾ വ്യത്യസ്തവും വളരെ ഗാഢവുമായ ബന്ധമുള്ള ഒരു ചിത്രകാരന് മയില്പീലികൾ എന്താണർത്ഥമാക്കുന്നതെന്ന് നിങ്ങൾക്കൂഹിക്കാവുന്നതേയുള്ളു; എന്തൊക്കെ അയാൾ അതിൽ നിന്നു പഠിക്കില്ല, ആ വൈവിദ്ധ്യത്തിലെ ലയവും അത്രയും ചെറിയൊരിടത്തിലെ വർണ്ണങ്ങളു

ടെ ബാഹുല്യവും എന്തൊക്കെ അയാൾ ക്കു നല്കില്ല.

എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം എന്തായിരുന്നു പ്രധാനമെന്നറിയാമോ? ഞാൻ ഒരിക്കൽക്കൂടി കാണുകയായിരുന്നു, മിക്ക മനുഷ്യരും വസ്തുക്കൾ കൈയിലെടുക്കുന്നത് അവ കൊണ്ട് മൂഢമായതെന്തെങ്കിലും ചെയ്യാനാണെന്ന് (മയില്പീലികൾ കൊണ്ട് അന്യോന്യം ഇക്കിളിപ്പെടുത്തുന്നതു പോലെ); അവർ ഓരോ വസ്തുവിനേയും സൂക്ഷ്മമായി നിരീക്ഷിക്കുകയോ അതുൾക്കൊള്ളുന്ന സൗന്ദര്യത്തെക്കുറിച്ച് അതിനോടു ചോദിക്കുകയോ ചെയ്യുന്നില്ലെന്ന്. അതിനാൽ ലോകം എന്തുമാത്രം സുന്ദരമാണെന്ന് അവരുഗ്രഹിക്കുന്നില്ല; എത്രയും ചെറിയ വസ്തുക്കളിൽ പോലും, അതിനി ഒരു പൂവോ ഒരു കല്ലോ ഒരു മരത്തൊലിയോ ഒരു ബെർച്ച് മരത്തിന്റെ ഇലയോ ആവട്ടെ, എന്തുമാത്രം ഔജ്ജ്വല്യമാണ് വെളിപ്പെടുന്നതെന്ന് അവരറിയു

ന്നമില്ല. ലോകവ്യവഹാരങ്ങളിലും ഉത്ക ണ്ഠകളിലും പെട്ടുകിടക്കുന്ന മുതിർന്നവർ ക്ക്, ഒരായിരം ചെറിയ കാര്യങ്ങളിൽ ആ കുലരായി നടക്കുന്ന അവർക്ക് ആ സ മൃദ്ധികൾ കാണാനുള്ള കണ്ണുകൾ ക്രമേ ണ നഷ്ടപ്പെട്ടുപോവുകയാണ്; എന്നാൽ കു ട്ടികൾ, ശ്രദ്ധാലുക്കളും നല്ലവരുമായ കുട്ടി കൾ, എത്ര വേഗമാണതു കാണുന്നതും സർ വാത്മനാ അതിനെ സ്നേഹിക്കുന്നതും. ശ്ര ദ്ധാലുക്കളും നല്ലവരുമായ ആ കുട്ടികളെ പ്പോലെ സരളവും വിനീതവുമായ മനോ ഭാവമാണ് എല്ലാവർക്കുമുണ്ടായിരുന്നതെ ങ്കിൽ, ഉന്നതമായൊരു പർവ്വതമോ പകി ട്ടേറിയ ഒരു കൊട്ടാരമോ കണ്ടാനന്ദിക്കാ നുള്ള അതേ കഴിവു തന്നെ ഒരിലയോ ഒ രു മയില്പീലിയോ ഒരു കിളിയുടെ ഉച്ചി പ്പൂവോ കാണുമ്പോഴും അവർക്കുണ്ടായി രുന്നെങ്കിൽ എത്ര വലിയൊരു സൗന്ദര്യ ത്തിനവർ അർഹരായേനെ. ചെറുത് ചെ റുതായതുകൊണ്ട് ചെറുതാകുന്നില്ല, വലു

 തു് അതുകൊണ്ടുതന്നെ വലുതാകുന്നില്ലെന്നപോലെ. മഹത്തും സനാതനവുമായ ഒരു സൗന്ദര്യം ലോകമാകെ വ്യാപിച്ചുകിടക്കുന്നു; ചെറുതെന്നോ വലുതെന്നോ അതിനു ഭേദമില്ല; എന്തെന്നാൽ സുപ്രധാനവും പ്രാഥമികവുമായ കാര്യങ്ങളിൽ അങ്ങനെയൊരനീതി ലോകത്തു കാണുകയില്ല.

(1901 നവംബർ 12)

# 17

## ഒരു പെൺകുട്ടിയുടെ കത്തിൽ നിന്ന്

... എല്ലാവരും ഉറക്കമായപ്പോൾ ഞാൻ പതുക്കെ എഴുന്നേറ്റുചെന്ന് ജനാല തുറന്നു. വീട്ടിലെ മറ്റു ജനാലകളെപ്പോലെ അതു കിരുകിരുത്തു ശബ്ദമുണ്ടാക്കിയില്ല. വിജാഗിരിയിൽ സൗമ്യമായി തിരിഞ്ഞ് അതു തുറന്നു; എന്റെ കൈകൾ വലിച്ചുതുറന്ന പോലെയല്ല, മറുവശത്ത് ഈട്ടം കൂടിയ പരിമളം തള്ളിത്തുറന്നപോലെ. ഈ ജനാല തുറന്നത് ഒരു പൂമൊട്ടു പോലെയായിരുന്നു... അതിന്റെ പാളികൾ വിടർന്നത് ഒരു പൂവിനു പുറമേയുള്ള കട്ടിയുള്ള, തിളക്കം കുറഞ്ഞ ഇലകൾ പോലെയായിരുന്നു. പൂവിന്റെ ആഴങ്ങളിലേക്കു ഞാൻ നോട്ടമയച്ചു, എണ്ണമറ്റ ഇതളുകൾ രഹസ്യമാ

ക്കി വയ്ക്കുന്ന രാത്രിയുടെ ഇരുണ്ട ദളപുട ത്തിലേക്കെന്റെ നോട്ടമിറങ്ങിച്ചെന്നു.

അപ്പോൾ ഇതിനാണല്ലേ 'യാത്ര ചെ യ്യൽ' എന്നു പറയുന്നത്, ഹെലൻ. ഇങ്ങ നെയൊരു മാന്ത്രികഗ്രന്ഥത്തിന് എത്ര സാധാരണവും വിരസവുമായ ഒരു പേരാ ണതു! അതിന്റെ ആദ്യത്തെ താൾ മറി ക്കാൻ എനിക്കു കഴിയുന്നില്ല; അത്ഭുതങ്ങ ളോട്ട് കുട്ടിക്കാലം മുതലേയുള്ള പേടി കാ രണമാണത്. ഇതിനെയാണോ ആളുകൾ വെറുതേ 'യാത്ര ചെയ്യൽ' എന്നു വിളിക്കുന്ന തു! അതിനു മറ്റൊരു പേരു കണ്ടെത്തേണ്ട താണെന്ന് നിനക്കു തോന്നുന്നില്ലേ? അ തിനെന്നെ നീ സഹായിക്കില്ലേ? അതു വേ ണ്ട: ഇപ്പോഴോ അല്ലെങ്കിൽ സ്വപ്നം കാ ണുമ്പോഴോ വിചാരിച്ചിരിക്കാതെ അങ്ങ നെയൊന്നെനിക്കു കിട്ടിയാൽ അതു ര ഹസ്യമാക്കി വയ്ക്കാൻ സഹായിച്ചാൽ മ തി. എന്താണ് സ്വപ്നം കാണുക എന്നു പ റഞ്ഞാൽ? മുറികളിലൂടലസമായി, സാവ

ധാനമായി, തളർച്ചയുടെ വലകളിൽ കു രുങ്ങിയവരായി നാമലഞ്ഞ ആ ദീർഘലാ പരാഹ്നങ്ങളിൽ നാമന്യോന്യം പറഞ്ഞു കേൾപ്പിച്ച സ്വപ്നങ്ങൾ എന്തൊക്കെയാ യിരുന്നു? പ്രിയപ്പെട്ട ഹെലൻ, ആർഭാട വും സൗന്ദര്യവും കൊണ്ടെന്റെ സ്വപ്നങ്ങളു ടെ ശോഭ കെടുത്തുന്നതാണു നിന്റെ സ്വ പ്നങ്ങളെങ്കിലും, ഇവിടെ അവ പകൽവെ ളിച്ചത്തിലെ ക്രിസ്തുമസ്സ് മരം പോലെ വി ളറിയതും നിസ്സാരവുമായിരിക്കും. ക്ഷമി ക്കണേ: സ്വപ്നങ്ങളെ ഇത്ര നീ ആശ്രയി ക്കുന്നത് ബുദ്ധിമോശമാണെന്ന് എനി ക്കു തോന്നുന്നു. പലപ്പോഴും എത്ര പ്രയാ സപ്പെട്ടിട്ടാണ് നീ എഴുന്നേല്ക്കുന്നത്; എന്നി ട്ട് ഉച്ച കഴിയുന്നതു വരെ നിന്റെ മുഖം പി ന്നിലേക്കു തിരിഞ്ഞിരിക്കുകയാവും, നി ന്റെ നെറ്റിക്കൊരു വിളറിയ വെളിച്ചമായി രിക്കും, ഇനിയുമസ്തമിക്കാത്ത മറ്റൊരു വെ ളിച്ചമാണതിനെ തിളക്കുന്നതെന്നപോ ലെ. നിന്റെ ചിന്തകളും ആ ദിക്കിലേക്കാ

ണ പോവുക; നിന്റെ കണ്ണുകളിൽ പകലി
നിടമില്ല; നിന്റെ കൈകളാവട്ടെ (എത്ര മെ
ലിഞ്ഞതാണവ!), ആരും നോക്കാനില്ലാ
ത്ത അനാഥക്കുട്ടികളെപോലെയും! കുട്ടിയ
ടച്ച നിന്റെ വായ ഒരു പാത്രവും കൈ നീ
ട്ടാനില്ലെങ്കിലും ഭയമില്ലാതെ, സ്വയം ശോ
ഷിപ്പിച്ചും, അരുവികളൊഴുകിയിറങ്ങുന്ന
ആ മനോഹരമായ വെണ്ണക്കല്ലിന്റെ വദന
ങ്ങൾ പോലെ. ആ നേരങ്ങളിൽ നിന്റെ ച
ണ്ടുകളിൽ നിന്നുമുണ്ട് ഒരു നീരോട്ടം. വി
ചിത്രവസന്തങ്ങൾ നിന്നെ താലോലിക്കു
ന്ന ഉദ്യാനങ്ങൾക്കു നീരു പകരുന്നതതാ
ണ്.

എന്നോടു ദേഷ്യം തോന്നരുതേ, ഹെ
ലൻ. ആ സ്വപ്നാവസ്ഥ എനിക്കും എത്ര ഇ
ഷ്ടമായിരുന്നുവെന്നു മനസ്സിലായപ്പോൾ
മാത്രമാണ് അതിലെ വലിയ അപകടം
ഞാൻ തിരിച്ചറിഞ്ഞതും. നമ്മുടെ കണ്ണും
കാതുമൊക്കെ മറ്റേതോ ദിക്കിലേക്കു തിരി
ച്ചുവച്ചാണു നാം ജീവിച്ചത്, ഹെലൻ. നമ്മു

ടെ അമ്മമാർ നമ്മുടെ കണ്ണുകളിൽ പെട്ടതേയില്ല, നമ്മുടെ അച്ഛന്മാരുടെ വിരളമായ സ്നേഹചേഷ്ടകളാവട്ടെ, നമ്മിലേക്കെത്തിയതുമില്ല. നമ്മുടെ മുറിയുടെ ചുമരുകൾക്ക് എന്തു നിറമാണെന്നു പറയട്ടെ? എനിക്കറിയില്ല. ആൾതാമസമില്ലാത്ത നമ്മുടെ വീട്ടിൽ ഒന്നു പോയി നോക്കിയിട്ട് എനിക്കെഴുതു. നമ്മുടെ ചുമരുകൾ സുതാര്യമാണെന്നു നാം കരുതി. എത്ര വലിയൊരു തെറ്റിദ്ധാരണയുമായിട്ടാണ് നാം വളർന്നത്! മിനിയാന്ന് എനിക്കു സംഭവിച്ചൊരു സംഗതി പറയാം. ഇവിടെ, ഈ തെളിഞ്ഞ, പൊള്ളുന്ന ഉച്ചവെയിലിൽ മുന്തിരിത്തോപ്പുകൾക്കിടയിലുള്ള ഊഷരമായ കൊച്ചു വഴിത്താരകളെല്ലാം കണ്ണഞ്ചിക്കുന്നപോലെ വെട്ടിത്തിളങ്ങും — ഈ നേരത്ത് തീരെ നിർജ്ജനമാണെന്നതിനാൽ വിശേഷിച്ചും. എന്റെ തലയ്ക്കു മേലെത്തുന്ന (അതിനാൽ നിന്റെയും!) കന്മതിലുകൾ ഇരുപുറവുമായി നി

ങ്ങൾ അതിലൂടെ നടന്നുപോകുന്നു. വഴിയിലെ വെളുത്ത പൊടി കാരണം കണ്ണുകൾ തളരുമ്പോൾ ചുമരുകളിൽ ചാരി മയങ്ങിയിട്ടെന്നപോലെ നിങ്ങൾ നിന്നുപോകുന്നു. അവയും കണ്ണഞ്ചിക്കുന്നപോലെ വെട്ടിത്തിളങ്ങുന്നുണ്ട്. അവയുടെ ഉയരങ്ങളിൽ നിന്നു പാതയിലേക്കു നോക്കുന്ന സൂര്യൻ പക്ഷേ, ഒരു ദീപ്തലാഞ്ഛന മാത്രമേ വിട്ടുപോകുന്നുള്ളൂ. തന്നെയുമല്ല, കുമ്മായക്കൂട്ടടർന്നുപോയ ഭാഗങ്ങളിൽ പരുക്കനും ഊഷ്മളമായ നിറവുമാണവയ്ക്കെന്നതിനാൽ നിങ്ങളുടെ നോട്ടത്തിന് അവിടെ ഒരു പിടുത്തം കിട്ടുകയുംചെയ്യുന്നു. ഒരു ക്രിസാന്തമപ്പൂവു വച്ചു തേച്ചപോലെ ചിലേടങ്ങളിൽ ഒരു ചുവപ്പുരാശി കാണുന്നു. കല്ലുകൾക്കിടയിലെ വിടവുകളിൽ നിന്നു തെറിച്ചുനില്ക്കുന്ന നേർത്ത, ചെറിയ കുറ്റികൾ താഴെ നിഴൽ വീഴ്ത്തുന്നു. നിങ്ങളുടെ കണ്ണുകൾ നടന്നുപോകുന്ന പരവതാനി പോലെയാണതു്. ആ വിടവുകൾ അതിലുമിരുണ്ട

താണ്, വിളമ്പോളം രാത്രി നിറഞ്ഞ ചഷകങ്ങൾ പോലെയാണവ. ഓരോ ചഷകത്തിൽ നിന്നും നകരാനെന്നപോലെ നിങ്ങളുടെ കണ്ണുകൾ ഒന്നിൽ നിന്നൊന്നിലേക്കു ചാടിക്കടക്കുന്നു. പൊടുന്നനെയാണ് ആ അഗാധമായ അന്ധകാരം പിൻവലിയുന്നത്; ആ ചെറിയ ചഷകങ്ങളിലൂടെ ഒരു തിര നീങ്ങിപ്പോയ പോലെയാണത് — ഇപ്പോഴവ ഒഴിഞ്ഞിരിക്കുന്നു, നിങ്ങൾ നോക്കുന്നത് അവയുടെ പരന്ന, നരച്ച അടിത്തട്ടിലേക്കാണ്. കിരുകിരു ശബ്ദമുണ്ടാക്കുന്ന കുഞ്ഞുജീവികൾ ഇരുട്ടും കൊണ്ടു കടന്നുകളഞ്ഞു; ഒച്ച കൂടിയ ഒരു ചലനത്താൽ നിങ്ങളതു നഷ്ടപ്പെടുത്തി. എവിടെയാണെന്റെ നോട്ടം പിന്നെയും പിന്നെയും ചെന്നു തങ്ങിയതെന്നറിയാമോ: കണ്ണുകളിൽ. ജാഗരൂകമായ ഒരായിരം കണ്ണുകളിൽ. ഓരോ പഴുതിലും ഒരു ഗൗളി ഉണർന്നിരിപ്പുണ്ടായിരുന്നു; അവിടങ്ങളിൽ ഞാൻ കണ്ട കറുപ്പ് അവ എന്നെ നോ

ക്കുന്ന കണ്ണുകളായിരുന്നു. ഒരായിരം ഗൗളികൾ എന്നെയും നോക്കി ഇരിക്കുകയായിരുന്നു.

അറിയാമോ: എല്ലാ ചുമരുകളും ഇതുമാതിരി തന്നെ. എല്ലാ ചുമരുകളുമെന്നല്ല: എല്ലാ വസ്തുക്കളും! ഭാരമില്ലെന്നു തോന്നിയതിനാൽ നാം മുകളിലേക്കുയർത്തിയ നോട്ടമാകട്ടെ, പൊള്ളുന്ന ഭാരം പോലെ നാം താഴേക്കിട്ട നോട്ടമാകട്ടെ — അതിനെ കടന്നു പിടിയ്ക്കാനും പിടിച്ചുവയ്ക്കാനും ഒരു കണ്ണു തുറന്നുവരാനുണ്ടാവും; കൂടുതൽ തെളിച്ചമുള്ള മറ്റൊരു നോട്ടം അതു നമ്മൾക്കെറിഞ്ഞുതരികയും ചെയ്യും. ആ പുതിയ നോട്ടവുമായി നാം നോക്കിനടക്കും, അടുത്ത വസ്തുവിൽ നിന്ന് കൂടുതൽ മനോഹരമായ മറ്റൊരു നോട്ടം നമുക്കു കിട്ടും... വലിയൊരു ഭാഗ്യമല്ലേ അതു? നാം നോക്കിക്കൊണ്ടേയിരിക്കുന്നിടത്തോളം നമുക്കു പകരം കിട്ടുന്ന നോട്ടങ്ങൾ ഉജ്ജ്വലവുമായിക്കും, ഒന്നിനൊന്നു മെച്ചവുമായിരിക്കും. ഹെലൻ, ക

ഴിയുന്നിടത്തോളം കണ്ണുകളിലേക്കു നമുക്കു നോക്കാം!

എന്നാൽ ഒരു കണ്ണുമില്ലാത്തൊരിടത്തേക്കു നോക്കുന്നതിൽ വിലക്കുണ്ടെന്നു നിനക്കു തോന്നുന്നില്ലേ? നമ്മുടെ കണ്ണുകൾ ഊറ്റിക്കുടിക്കുന്ന അന്ധരായ ശത്രുക്കളുണ്ടെന്നു നിനക്കറിയാമോ? നമ്മുടെ നോട്ടമെല്ലാം വറ്റി ഒഴിഞ്ഞ കൺപോളകളുമായിട്ടാവും പിന്നെ നാം നടക്കുക. സ്വപ്നത്തിന്റെ ചുണ്ടുകളിൽ നിന്നു നിന്റെ കണ്ണുകൾ പറിച്ചെടുക്കുക, ഹെലൻ. വസ്തുക്കളിലേക്കും സൂര്യനിലേക്കും നല്ലവരായ മനുഷ്യരിലേക്കും തിരിയട്ടെ നിന്റെ കണ്ണുകൾ; നോട്ടം കൊണ്ട് അവ പിന്നെയും നിറയട്ടെ... എന്റെ പ്രിയപ്പെട്ട കൂട്ടുകാരീ, നീയിപ്പോൾ എന്റെ കൂടെയുണ്ടായിരുന്നെങ്കിൽ! എന്റെയൊപ്പം വരാൻ നിന്റെ അച്ഛനമ്മമാർ സമ്മതിച്ചിരുന്നെങ്കിൽ; എങ്കിൽ ഞാൻ എത്ര മാറിപ്പോയെന്നു നിനക്കു കാണാമായിരുന്നു. എന്റെ കണ്ണുക

ളിലിപ്പോൾ ഒരായിരം കണ്ണുകളുണ്ട്. അവയിലേക്കു നോക്കാൻ നിനക്കായാൽ എല്ലാം നിനക്കു മനസ്സിലാകും, ഒറ്റ നിമിഷത്തിൽ എന്റെ മനസ്സ് നിനക്കു വായിക്കാനാകും. നീയെന്നെ ഉമ്മ വയ്ക്കും. നീ തേങ്ങിക്കരയും. ഞാനിപ്പോൾ കരയുന്നപോലെ; എന്റെ ചിരി തീരെ സാധാരണവും തീരെ ബാലിശവും വളരെ ഉച്ചത്തിലുമാണെന്നു തോന്നുന്നതിനാൽ ഇപ്പോൾ ഞാൻ കരയുന്നപോലെ.

നിന്റെ...

(1900 ഏപ്രിൽ, ഷ്മാർജൻഡോർ ഡയറിയിൽ നിന്ന്)

# 18

## അജ്ഞാതവാസം

നനമ്മൾ എവിടെയാണെന്ന് ഒരാളും, ഈ ലോകത്തൊരാളും ഊഹിക്കാത്തൊരിടത്ത് ഉറക്കമുണരുക എത്ര ആഹ്ളാദകരമാണ്! യാത്രകൾക്കിടയിൽ ചിലപ്പോൾ ചെറിയ പട്ടണങ്ങളിൽ ഞാൻ വെറുതേയൊന്ന തങ്ങാറുണ്ട്, ഞാൻ അവിടെയുണ്ടെന്നത് ഒരാൾക്കും ഊഹിക്കാൻ പറ്റില്ലല്ലോ, ഒരാളുടെ ചിന്തയ്ക്കും അവിടെയെത്താൻ പറ്റില്ലല്ലോയെന്ന സന്തോഷം നുകരാൻ വേണ്ടി മാത്രം. എന്റെ ആത്മാവിനെ അതെന്തുമാത്രം ലാഘവപ്പെടുത്തിയിട്ടുണ്ടെന്നോ!

ഞാൻ കൊർദോവയിലായിരുന്ന ചില നാളുകൾ എനിക്കോർമ്മ വരുന്നു; തീർത്തും അജ്ഞാതനാണെന്നതിനാൽ മറ്റൊരുടലുമായി ജീവിക്കുന്ന പോലെയായിരു

ന്നു അതു്. ഒരു ചെറിയ സ്പാനിഷ് നഗരത്തിൽ താമസിക്കുന്നതിന്റെ സുഖം, അതും ചില നായ്ക്കളും അന്ധനായ ഒരു യാചകനുമായി ഒരു ബന്ധം വയ്ക്കാൻ വേണ്ടി മാത്രം. പക്ഷേ മൂന്നു ദിവസം കഴിഞ്ഞാൽ, അയാളിരിക്കുന്ന പള്ളിയിലേക്ക് നിങ്ങൾ എന്നും ഒരേ നേരത്തു ചെല്ലുന്നതായി കേട്ടുകഴിഞ്ഞാൽ അയാൾ നിങ്ങളേയും അസ്തിത്വമുള്ള ഒരാളായി ഗണിക്കാൻ തുടങ്ങുകയാണ്; തന്റെ ശബ്ദങ്ങളുടെ ലോകത്തേക്ക് നിങ്ങളേയും ഉൾപ്പെടുത്തുകയാണ്; നോക്കൂ, അങ്ങനെ നിഗൂഢതയുടേയും അന്ധകാരത്തിന്റെയും ലോകത്ത് പുതിയൊരു ജന്മം ലഭിക്കാനുള്ള ഭാഗധേയം നിങ്ങൾക്കുണ്ടാവുകയാണ്.

(1923 ഫെബ്രുവരി 3, ഒരു സ്നേഹിതനെഴുതിയ കത്തിൽ നിന്ന്)

# 19

## കടം വാങ്ങിയ പുസ്തകങ്ങൾ

കടം വാങ്ങിയ പുസ്തകങ്ങളോട് നമുക്കെപ്പോഴും ഔപചാരികമായ ഒരു ബന്ധമേ സാദ്ധ്യമാകൂ. ഒരു ചെറുപ്പക്കാരി എനിക്കു കടം തന്ന പുസ്തകം ഞാനൊരിക്കലും കിടക്കയിൽ വച്ചോ പ്രഭാതഭക്ഷണസമയത്തോ വായിക്കുകയില്ല; ഒരു സഹപ്രവർത്തകന്റെ കേമമായ ലൈബ്രറിയിൽ നിന്നെടുത്ത ഒരു പുസ്തകം ഞാനെന്റെ മെലിഞ്ഞ ഗ്രന്ഥശേഖരത്തിന്റെ കൂട്ടത്തിൽ വയ്ക്കാതെ എന്റെ മേശപ്പുറത്ത് പ്രത്യേകപരിഗണന നല്കി വയ്ക്കുകയാണു ചെയ്യുക. ഇനി, എനിക്കൊരു മേലുദ്യോഗസ്ഥൻ ഉണ്ടായെന്നിരിക്കട്ടെ — മുറിയ്ക്കു വല്ലാതെ മച്ചുയരം കുറഞ്ഞ ഒരു തോന്നലാണതുണ്ടാക്കുക —, അദ്ദേഹം കടം തന്ന പുസ്തകങ്ങൾ തൊപ്പിയൂരി കൈയിൽ പിടിച്ചു

കൊണ്ടല്ലാതെ എനിക്കു വായിക്കാൻ പറ്റില്ല എന്നു വരാനാണു സാദ്ധ്യത. ചുരുക്കത്തിൽ ആ തരം പുസ്തകങ്ങളുമായി നമുക്കൊരടുപ്പം സ്ഥാപിക്കാൻ കഴിയാതെ വരുന്നു; മര്യാദ പാലിക്കുന്ന, അകലം വിട്ടൊരു ബന്ധമേ നമുക്കെന്നും അവയോടുണ്ടാവൂ.


(1898 മേയ് 7 ഫ്ലോറൻസ് ഡയറിയിൽ നിന്ന്)

# 20

## ബോദ്‌ലേർ

പാരീസ് എനിക്കു് മിലിട്ടറി സ്കൂളിനു സമാനമായ അനുഭവമായിരുന്നു. അന്നു്, കുട്ടികൾക്കിടയിൽ ഞാനൊരു കുട്ടിയായിരുന്നപ്പോൾ അവർക്കിടയിൽ ഞാൻ ഏകനായിരുന്നു; ഇന്നു്, ഈ ആളുകൾക്കിടയിൽ എത്ര ഏകനാണു ഞാൻ; കണ്ടുമുട്ടുന്ന ഏതൊരാളും എന്നെ കൈയൊഴിയുകയാണു്. വണ്ടികൾ നേരേ എന്നിലൂടെ കടന്നുപോവുകയാണു്; കുതിച്ചുവരുന്ന വണ്ടികൾ എന്നെ ഒഴിഞ്ഞുപോകാതെ പരമപുച്ഛത്തോടെ എന്റെ മേൽ കൂടി കയറിയിറങ്ങിപ്പോകുന്നു, അഴുക്കുവെള്ളം കെട്ടിക്കിടക്കുന്ന ഒരു നാറിയ സ്ഥലത്തിനു മുകളിലൂടെന്നപോലെ. ഉറങ്ങാൻ കിടക്കുന്നതിനു മുമ്പ് പലപ്പോഴും ഞാൻ ഇയ്യോബിന്റെ പുസ്തകത്തിലെ മുപ്പതാമദ്ധ്യായം എടുത്തു വായി

ക്കാറുണ്ട്: എന്റെ കാര്യത്തിൽ അക്ഷരംപ്രതി ശരിയാണതു്. രാത്രിയിൽ ഞാൻ എഴുന്നേറ്റിരുന്ന് ബോദ്ലേറുടെ എനിക്കേറ്റവും ഇഷ്ടപ്പെട്ട പുസ്തകമായ 'ചെറിയ ഗദ്യകവിതകളി'ലെ 'പുലർച്ചക്കൊരുമണിക്ക്'' എന്ന അതിമനോഹരമായ കവിത ഉറക്കെച്ചൊല്ലും. അതു് തുടങ്ങുന്നതിങ്ങനെയാണ്: 'ഒടുവിൽ! ഒറ്റയ്ക്ക്! മടങ്ങാൻ വൈ



Charles Baudelaire (1821–1867), French poet and philosopher (Courtesy: Wikipedia).

കിയ ചില പഴഞ്ചൻ വണ്ടികളുടെ കട കടശബ്ദമല്ലാതെ മറ്റൊന്നും കേൾക്കാനില്ല. ഇനി കുറേ നേരത്തേക്ക് ശാന്തതയല്ലെങ്കിൽ നിശ്ശബ്ദതയെങ്കിലും നമുക്ക പ്രതീക്ഷിക്കാം. മനുഷ്യമുഖങ്ങളുടെ ദുർഭരണത്തിന് അവസാനമായിരിക്കുന്നു; ഇനി എന്റെ വക ദുരിതങ്ങളേ എനിക്കനുഭവിക്കാനുള്ളു... 'ഗംഭീരമാണതിന്റെ അവസാനം; എഴുന്നേറ്റു നിന്ന് ഒരു പ്രാർത്ഥന പോലെ അതവസാനിക്കുന്നു. ബോദ്ലേറുടെ ഒരു പ്രാർത്ഥന; യഥാർത്ഥമായ, സരളമായ, തൊഴുതുപിടിച്ചുകൊണ്ടുള്ള പ്രാർത്ഥന; ഒരു റഷ്യക്കാരന്റെ പ്രാർത്ഥന പോലെ ലക്ഷണം കെട്ടതും മനോഹരവും. അതിലേക്കെത്താൻ അദ്ദേഹത്തിന്, ബോദ്‌ലേർക്ക്, എത്ര ദീർഘമായ ഒരു പാത കടക്കേണ്ടിവന്നു; അദ്ദേഹം മുട്ടുകാലിൽ ഇഴയുകയായിരുന്നു. എല്ലാക്കാര്യത്തിലും എന്നിൽ നിന്നെത്ര അകലെയാണദ്ദേഹം; എന്നിൽ നിന്നെത്രയും വിഭിന്നനായ ഒ

രാൾ; പലപ്പോഴും എനിക്കദ്ദേഹത്തെ മനസ്സിലാകാറു തന്നെയില്ല. എന്നാൽ രാത്രിയുടെ അഗാധതയിൽ ചിലപ്പോൾ, ഒരു കുട്ടിയെപ്പോലെ അദ്ദേഹത്തിന്റെ വാക്കുകൾ ഏറ്റുചൊല്ലുമ്പോൾ അദ്ദേഹം എനിക്കേറ്റവുമടുത്ത വ്യക്തിയാകുന്നു, എനിക്കരികിൽ ജീവിക്കുന്നയാൾ, കട്ടി കുറഞ്ഞ ഭിത്തിക്കപ്പുറം നിന്നുകൊണ്ട് ചൊല്ലിനിർത്തുന്ന എന്റെ ശബ്ദം കാതോർത്തു കേൾക്കുന്നയാൾ. എത്രയ്ക്കസാധാരണമായ ഒരു ചങ്ങാത്തമാണ് അന്നു ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നത്; സർവ്വതിലും ഞങ്ങൾ ഒരുപോലെയായിരുന്നു, ദാരിദ്ര്യത്തിലും, ഒരുപക്ഷേ, ഭീതിയിലും.

(1903 ജൂലൈ 8ന് ലൂ അന്ദ്രിയാസ്-സലോമിക്കെഴുതിയ കത്തിൽ നിന്ന്)

# 21

## ഡ്യൂണോ വിലാപഗീതങ്ങൾ

1911 ഒക്ടോബർ മുതൽ 1912 മേയ് വരെ ഏഡ്രിയാറ്റിക് കടലോരത്തുള്ള ഡ്യൂണോ എന്ന കാസിലിൽ ആണ് റിൽക്കെ താമസിച്ചിരുന്നത്. ഒരിക്കൽ റോമൻ സൈന്യത്തിന്റെ ഒരു കാവൽ ഗോപുരമായിരുന്നു അത്; ദാന്തേ തന്റെ ഡിവൈൻ കോമഡിയുടെ ചില ഭാഗങ്ങൾ ഇവിടെ വച്ചാണ് എഴുതിയത് എന്നും വിശ്വാസമുണ്ട്. മാൾറ്റെ നോവൽ എഴുതിക്കഴിഞ്ഞുള്ള ശൂന്യതാബോധത്തോടെ ഇവിടെ കഴിയുന്നതിനിടയ്ക്കാണ് 1911-12-ലെ ഹേമന്തകാലത്ത് 'ഡ്യൂണോ വിലാപഗീതങ്ങൾ' എഴുതാനുള്ള പ്രചോദനം അദ്ദേഹത്തിനു കിട്ടുന്നത്. കൊടുങ്കാറ്റു വീശുന്ന ഒരു പ്രഭാതത്തിൽ ആകാശത്തു നിന്ന് ഒരു സ്വരം തന്നോടു വിളിച്ചുചോദിക്കുന്നതായി അദ്ദേ

ഹം കേട്ടവത്രെ: "മാലാഖമാരുടെ ഗണത്തിൽ ആരുണ്ടാവും, ഞാൻ വിളിച്ചുകരഞ്ഞാൽ അതിനു കാതു കൊടുക്കാൻ?"



Francisco de Goya (1746–1828): Bildzyklus »Desastres de la Guerra« (1808-1810) (Courtesy: Wikimedia).



ഡ്യൂണോ കാസിൽ, ഇറ്റലിയിലെ ട്രിയസ്റ്റെയ്ക്ക് സമീപം. റിൽക്കെ ഡ്യൂണോ വിലാപഗീതങ്ങൾ എഴുതുന്നത് ഇവിടെ താമസിക്കുമ്പോഴാണ് (വിക്കിപ്പീഡിയോട് കടപ്പാട്).

ആ വരി അപ്പോൾത്തന്നെ അദ്ദേഹം തന്റെ സന്തതസഹചാരിയായ നോട്ട്ബുക്കിൽ പകർത്തി. അന്ന രാത്രിയോടെ ഒന്നാമത്തെ വിലാപഗീതം പൂർത്തിയാക്കുകയും ചെയ്തു. ദിവസങ്ങൾക്കുള്ളിൽ രണ്ടാമത്തേതും എഴുതിത്തീർന്നു. പക്ഷേ പിന്നീട് ഡ്യൂണോയിലെ താമസത്തിനിടയിൽ മറ്റൊന്നും എഴുതാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മേയിൽ അദ്ദേഹം അവിടം വിട്ടു

കയും ചെയ്തു. 1913-ൽ പാരീസിൽ വച്ചാണ് മൂന്നാമത്തെ വിലാപഗീതം എഴുതുന്നതു്; 1915-ൽ മ്യൂണിച്ചിൽ വച്ച് നാലാമത്തേതും. ഒടുവിൽ 1922-ൽ സ്വിറ്റ്സർലന്റിലെ മറ്റൊരു കാസിലിലിലെ ഏകാന്തവാസത്തിലാണ് മറ്റു വിലാപഗീതങ്ങൾ ഒരു കുത്തൊഴുക്കു പോലെ പുറത്തുവരുന്നതു്.

## ഒന്നാം വിലാപഗീതം

മാലാഖമാരുടെ ഗണത്തിലാരുണ്ടാവും,
ഞാൻ വിളിച്ചുകരഞ്ഞാലതിനു
കാതു കൊടുക്കാൻ?
അവരിലൊരാളെന്നെ തന്റെ
നെഞ്ചോടമർത്തിയാലും:
ആ പ്രബലസത്തയിൽ ഞാൻ
ദഹിച്ചുപോവുകയേയുള്ളു.
സൗന്ദര്യം ഭീതി[1] യുടെ ആരംഭം
മാത്രമാണല്ലോ;
നമുക്കെത്ര ക്ളേശിക്കേണ്ടിവരുന്നു,
അതിനു മുന്നിൽ പിടിച്ചുനില്ക്കാൻ.
ചകിതരായി നാം നില്ക്കുമ്പോൾ
പ്രശാന്തമായൊരുദാസീനതയോടെ
അതു നമ്മെ സംഹരിക്കുകയും ചെയ്യുന്നു.
ഓരോ മാലാഖയും ഭീതിപ്പെടുത്തുന്നു.

---

[1] സൗന്ദര്യം ഭീതിയുടെ ആരംഭം...— കവികളോ മറ്റു കലാകാരന്മാരോ രൂപപ്പെടുത്തുകയോ രൂപഭേദം വരുത്തുകയോ ചെയ്ത ദൃശ്യലോകമാണ് സൗന്ദര്യം; ഭീതിയാകട്ടെ, അങ്ങനെ രൂപഭേദത്തിന് ഇനിയും വിധേയമാകാത്ത അദൃശ്യവും.

അതിനാൽ ഞാനെന്നെത്തന്നെ
    കീഴമർത്തുന്നു,
കയം പോലിരുണ്ട എന്റെ തേങ്ങലടികൾ
    ഞാൻ കുടിച്ചിറക്കുന്നു.
ഹാ, തുണക്കായി നാമാരുടെ നേർക്കു
    തിരിയാൻ?
മാലാഖമാരുടെ നേർക്കല്ല, മനുഷ്യരുടെ
    നേർക്കല്ല;
പറയത്തക്ക സ്വസ്ഥതയോടെയല്ല
    വ്യാഖ്യാനിച്ചെടുത്ത ഈ ലോകത്തു
    നാം ജീവിക്കുന്നതെന്ന്
കാര്യങ്ങളറിയുന്ന ജന്തുക്കൾക്കുമറിയാം.
എങ്കില്പിന്നെ ശേഷിക്കുന്നത്
നമുക്കു നിത്യക്കാഴ്ചയായ ഒരു
    കുന്നിഞ്ചരിവിലെ ഏതോ മരമാവാം;
ഇന്നലത്തെ തെരുവു നമുക്കു
    ശേഷിച്ചുവെന്നാകാം;
നമ്മിലേക്കു കയറിവരികയും അവിടെ
    സുഖം പിടിക്കുകയും
പിരിയുന്ന മട്ടില്ലാത്തതുമായ പഴയൊരു
    ശീലത്തിന്റെ വിശ്വസ്തതയാവാം.

ഹാ, അതുമല്ലെങ്കിൽ രാത്രിയുണ്ടല്ലോ;
പ്രപഞ്ചവിശാലമായ ഒരു ചണ്ഡവാതം
 നമ്മുടെ ഭയഭീതമായ മുഖങ്ങൾ
 കരളുന്ന രാത്രി.[2]
ആർക്കായതു ശേഷിക്കില്ല-
ഏകാന്തഹൃദയം കഠിനവേദന[3] യോടഭി
 മുഖീകരിക്കേണ്ട രാത്രി,
അത്ര മേൽ മോഹിച്ചുവെങ്കിലും
 കൈവരുമ്പോൾ
 മോഹഭംഗപ്പെടുത്തുന്ന
 സാന്നിദ്ധ്യം?

---

2 രാത്രി — ആത്മാവിന് മനുഷ്യസഹജമായ പരിമിതികൾ ഭേദിച്ചു വികസിക്കാനാവുന്ന ഇടം; മനുഷ്യയുക്തിയുടെ വീക്ഷണപരിമിതികൾക്കുമപ്പുറം മാലാഖ കുടി കൊള്ളുന്നതവിടെയാണ്.

3 വ്യാഖാനിച്ചെടുത്ത ലോകം — നമ്മുടെ അറിവിലൂടെ നമുക്കനുഭവമാകുന്ന ലോകം, അതിനാൽ പരിമിതമായ ഒരു മണ്ഡലം; അനുഭവത്തിന്റെ പൂർണ്ണത അതിൽ നമുക്കു സാദ്ധ്യമാകുന്നില്ല; ഏറ്റവും അർത്ഥപൂർണ്ണമായ അനുഭവങ്ങൾ, സ്നേഹം, മരണം, വേദന, നമുക്കറിയാതെ പോകുന്നു.

പ്രേമിക്കുന്നവർക്കതു
    കഠിനമല്ലാതാകുമോ?
കഷ്ടം, സ്വന്തം വിധി മറച്ചുവയ്ക്കാൻ
    അവരന്യോന്യമുപയോഗപ്പെടുത്തുന്നു.
ഇനിയും നിങ്ങൾക്കതു
    മനസ്സിലായിട്ടില്ലേ?
നാം ശ്വസിക്കുന്ന വായുവിലേക്കു
    നിങ്ങളുടെ കൈകളിലെ ശൂന്യത
    വലിച്ചെറിയൂ-
ഉത്സാഹപ്പറക്കലിൽ
    പക്ഷികൾക്കനുഭവമായെന്നു വരാം,
ആകാശത്തിനപ്പോൾ ഇടമേറിയെന്നും.

അതെ, വസന്തങ്ങൾക്കു നിങ്ങളെ
    വേണമായിരുന്നു.
ഒരു നക്ഷത്രം നിങ്ങളുടെ
    കണ്ണിൽപ്പെടാനായി
    കാത്തുനിന്നിരുന്നു.
വിദൂരഭൂതകാലത്തു നിന്നൊരു തിര
    നിങ്ങളുടെ നേർക്കു
    ഞൊറിഞ്ഞുവന്നിരുന്നു;
ഒരു തുറന്ന ജാലകം കടന്നുപോകുമ്പോൾ

ഒരു വയലിൻ നിങ്ങളുടെ കേൾവിക്കായി
വഴങ്ങിത്തന്നിരുന്നു.
അതൊക്കെയും നിങ്ങളോടുള്ള
വിശ്വാസമായിരുന്നു.
എന്നാൽ ആ ദൗത്യമേറ്റേടുക്കാൻ
നിങ്ങൾക്കായോ?
പ്രതീക്ഷ കൊണ്ടെന്നും നിങ്ങളുടെ മനസ്സു
വ്യതിചലിച്ചിരുന്നില്ലേ,
തനിക്കു പ്രിയപ്പെട്ടവളുടെ വരവു
വിളംബരം ചെയ്യുകയാണി-
തെല്ലാമെന്നപോലെ?
(എന്നാലവളെയൊളിപ്പിക്കാനൊരിടം
നിങ്ങളെവിടെ കണ്ടെത്താൻ,
വിചിത്രവും കേമവുമായ ചിന്തകൾ
വരികയും പോവുകയും
പലപ്പോഴും അന്തിയുറങ്ങുകയും
ചെയ്യുകയായിരുന്ന നിങ്ങളുടെ
മനസ്സിലെന്നിരിക്കെ?)
അഭിലാഷം നിങ്ങളെ കീഴടക്കുമ്പോൾ
മഹതികളായ ആ കാമുകിമാരെക്കുറിച്ചു
പാടുക:

അവരുടെ അസാധാരണമായ
　　പ്രണയത്തിനിനിയും അനശ്വരമായ
　　കീർത്തി കിട്ടിയിട്ടില്ലല്ലോ.
നിങ്ങൾക്കസൂയ പോലും തോന്നിയ,
　　പരിത്യക്തരായ
ആ ഏകാകിനികളെക്കുറിച്ചു പാടുക;
പ്രണയത്തിൽ തൃപ്തിയറിഞ്ഞവരെക്കാൾ
അതിന്റെ നൈർമ്മല്യം നിങ്ങൾ
　　കണ്ടതവരിലായിരുന്നുവല്ലോ.
ഒരു നാളും നിങ്ങൾക്കു
　　പാടിത്തീർക്കാനാവാത്ത ആ സ്തുതിക്കു
പിന്നെയും പിന്നെയും നിങ്ങൾ
　　തുടക്കമിടുക.
ഓർക്കുക: നായകനു[4] മരണമില്ല, അവൻ
　　അതിജീവിക്കുന്നു,
അവന്റെ പതനം പോലും തന്റെ
　　അന്തിമജനനത്തിനുള്ള
　　ഒഴികഴിവായിരുന്നു.

---

[4] കാമുകർ, നായകൻ — മാലാഖമാരിലേക്കുള്ള മനുഷ്യന്റെ യാത്രയിൽ പാതിവഴിയിലെത്തിയവർ.

എന്നാൽ പ്രകൃതിയോ, തളർന്നിട്ടെന്ന
 പോലെ,
ഇനിയൊരിക്കല്ക്കൂടി അവർക്ക ജന്മം
 കൊടുക്കാൻ തനിക്ക
 ശേഷിയില്ലെന്ന പോലെ,
കമിതാക്കളെ മടക്കിയെടുക്കുന്നു.
ഗാസ്പറ സ്റ്റാമ്പ[5]യെക്കുറിച്ച നിങ്ങൾ
 ചിന്തിച്ചിട്ടുണ്ടോ:
പരിത്യക്തയായ ഏതു കാമുകിയും
 പ്രണയത്തിന്റെയാ വിദൂരവും
 തീവ്രവുമായ ദൃഷ്ടാന്തത്തെ
ഇങ്ങനെ മാറോടണച്ചിട്ടുണ്ടാവും:
"ഹാ, എനിക്കതുപോലാകാൻ
 കഴിഞ്ഞിരുന്നെങ്കിൽ!"
അത്രയും പ്രാക്തനമായ ആ ശോകങ്ങൾ

5 ഗാസ്പറ സ്റ്റാമ്പ (Gaspara Stampa) — പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വെനീഷ്യൻ കവി; അവർക്ക് കൗണ്ട് കൊലാല്റ്റിനോ ഡി കൊലാല്റ്റോയുടുണ്ടായിരുന്ന പ്രണയമാണ് മരണാനന്തരം പ്രസിദ്ധീകരിച്ച Rime എന്ന കവിതാസമാഹാരത്തിൽ നിറഞ്ഞുനില്ക്കുന്നത്. അവർക്ക പക്ഷേ, ആ പ്രണയം തിരിച്ചുകിട്ടിയില്ല.

നമ്മിൽ ഫലം
കാണേണ്ട കാലം വന്നുകഴിഞ്ഞില്ലേ?
സ്നേഹഭാജനത്തിൽ നിന്നു
സ്നേഹത്തോടെതന്നെ നാം
സ്വയമഴിച്ചെടുക്കേണ്ട കാലം വന്നില്ലേ,
വിറ പൂണ്ടുകൊണ്ടെങ്കിലും
അതിജീവിക്കേണ്ട കാലം?
വലിഞ്ഞുമുറുകിയ ഞാണിനെ
അതിജീവിക്കുകയും
ആ വിട്ടുതിയിൽ തന്നിലും
കവിഞ്ഞതൊന്നാവുകയും
ചെയ്യുന്ന അമ്പിനെപ്പോലെ.
നമുക്കാശ്രയിക്കാൻ ഒരിടവുമില്ല.

ശബ്ദങ്ങൾ, ശബ്ദങ്ങൾ: അതു കേൾക്കു,
ഹൃദയമേ,
പണ്ടൊരിക്കൽ വിശുദ്ധർ മാത്രം
കേട്ടപോലെ;
ആ പ്രബലാഹ്വാനമവരെ മണ്ണിൽ
നിന്നുയർത്തിയെടുക്കുമ്പോൾ
അതുപോലുമറിയാതവർ മണ്ണിൽ മുട്ടു
കുത്തിനില്ക്കുകയായിരുന്നു;

അവരുടെ കേൾവിയുടെ പ്രകാരം
    അതായിരുന്നു.
ദൈവശബ്ദത്തിനു മുന്നിൽ പിടിച്ചുനില്ക്കാൻ
    നിങ്ങൾക്കു
    കഴിയുമെന്നല്ല — അല്ലേയല്ല!
എന്നാൽ കാറ്റിന്റെ ശബ്ദത്തിനു കാതു
    കൊടുക്കൂ,
നിശ്ശബ്ദതയിൽ നിന്നു രൂപമെടുക്കുന്ന
    നിതാന്തസന്ദേശത്തിനു
    കാതു കൊടുക്കൂ.
ചെറുപ്പത്തിലേ മരിച്ചവരിൽ നിന്നൊരു
    മർമ്മരം പോലതു
    നിങ്ങളിലേക്കു വരുന്നു.
റോമിലോ നേപ്പിൾസിലോ ഒരു
    പള്ളിയിലേക്കു കയറിച്ചെല്ലുമ്പോൾ
അവരുടെ വിധി മൂകഭാഷയിൽ
    നിങ്ങളോടു സംസാരിച്ചിട്ടില്ലേ?
ഈയടുത്ത കാലത്ത് സാന്ത മരിയ
    ഫോർമോസ[6]യിലെ

---

6 സാന്ത മരിയ ഫോർമോസ — 1911-ൽ റിൽക്കെ സന്ദർശിച്ച വെനീസിലെ പള്ളി.

ശിലാഫലകം പോലെ?
ഞാനവർക്കു വേണ്ടി എന്തു
ചെയ്യണമെന്നാണവർ
പ്രതീക്ഷിക്കുന്നതു?
തങ്ങളനുഭവിച്ച അനീതികളുടെ
ഓർമ്മകൾ ഞാൻ
നീക്കിക്കളയണമെന്ന്,
തങ്ങളുടെ മേൽഗതിക്കതു ചിലനേരം
തടയാവുകയാണെന്ന്.

ശരി തന്നെ, വിചിത്രമാണതു്, ഭൂമിയിൽ
വാസം അവസാനിപ്പിക്കേണ്ടി
വരികയെന്നതു്,
ഇനിയുമുറയ്ക്കാത്ത
ശീലങ്ങളുപേക്ഷിക്കേണ്ടി
വരികയെന്നതു്,
ഭാവിവാഗ്ദാനങ്ങളാൽ
അർത്ഥസമ്പുഷ്ടമാവുന്ന
പനിനീർപ്പൂക്കളെയും
അതുപോലുള്ള വസ്തുക്കളെയും
നോക്കിയിരിക്കാനാവാതെ
വരികയെന്നതു്;

ആകാംക്ഷയൊടുങ്ങാത്ത
    കൈകൾക്കുള്ളിൽ
    താനെന്തായിരുന്നുവോ,
ഇനിമേലതാകാതെവരികയെന്നതു്,
സ്വന്തം പേരു പോലും, ഒരുടഞ്ഞ
    കളിപ്പാട്ടം പോലെ,
    ഉപേക്ഷിക്കേണ്ടിവരികയെന്നതു്.
വിചിത്രം, ഇനിമേൽ മോഹിക്കേണ്ട
    മോഹങ്ങളെന്നതു്.
വിചിത്രം, പരസ്പരബന്ധിതങ്ങളെന്നു
    കരുതിയതെല്ലാം
ശൂന്യതയിൽ വേർപെട്ടൊഴുകിനടക്കുന്നതു
    കാണുക.
മരിക്കൽ എത്ര കഠിനമായ യത്നവുമാണ്:
നിത്യതയുടെ സ്പർശമെങ്കിലുമറിയും മുമ്പേ
    എല്ലാം പാതി
    വഴിയിൽ നിർത്തുക.
അതെ, ജീവിച്ചിരിക്കുന്നവർ അതേ
    പിശകു വരുത്തുകയും ചെയ്യുന്നു–
രണ്ടിനുമിടയിൽ അവർ നിശിതമായൊരു
    വര വരയ്ക്കുന്നു.

തങ്ങൾ നടക്കുന്നത്
ജീവനുള്ളവർക്കിടയിലാണോ
മരിച്ചവർക്കിടയിലാണോയെന്ന്
മാലാഖ[7] മാർക്കു
പലപ്പോഴുമറിയില്ലത്രെ.
ആ നിത്യപ്രവാഹം
ഇരുമണ്ഡലങ്ങളിലൂടെയും എല്ലാ
പ്രായങ്ങളെയും വലിച്ചെടുത്തു പായുന്നു,
തന്റെ പ്രചണ്ഡമായ ശബ്ദത്തിൽ
അവയുടെ ഒച്ചകളെ
എന്നെന്നേക്കുമായി മുക്കിത്താഴ്ത്തുന്നു.

---

7 മാലാഖമാർ — ശുദ്ധബോധത്തിനുടമകളായ അതീന്ദ്രിയജീവികൾ; കാലത്തിനും ഭൗതികതയുടെ പരിമിതികൾക്കും അതീതർ, തീക്ഷ്ണസൗന്ദര്യത്തിന്റെ പ്രതിനിധാനങ്ങൾ. തന്റെ പോളിഷ് വിവർത്തകനെഴുതിയ ഒരു കത്തിൽ റിൽക്കെ മാലാഖമാരെക്കുറിച്ചു പറയുന്നത് അവർക്ക് ക്രൈസ്തവസ്വർഗ്ഗത്തിലെ മാലാഖമാരുമായി ഒരു ബന്ധവും ഇല്ലെന്നാണ്. ദൃശ്യത്തെ അദൃശ്യമാക്കുക എന്ന നാം മുഴുമിപ്പിക്കാത്ത ദൗത്യം പൂർത്തിയാക്കിയ സത്തകളാണവർ. ദൃശ്യമായത്തിൽ തന്നെ പറ്റിപ്പിടിക്കുന്ന നമുക്ക് അവർ ഭീതിദരുമാണ്.

നമ്മിൽ നിന്നു മുമ്പേ പിരിഞ്ഞവർക്കു
 പിന്നെ നമ്മെ വേണ്ടിവരുന്നില്ല:
ഈ ഭൂമിയിലുള്ളതിലെല്ലാം നിന്നു നാം
 സാവകാശം വേർപെടുന്നു,
മുലകുടിപ്രായം കഴിയുന്നത്ര
 സ്വാഭാവികമായി.
എന്നാൽ, ആ മഹാസമസ്യകൾ
 ആവശ്യമായ നമുക്ക്,
ശോകം പലപ്പോഴും ആത്മീയതയുടെ
 ഉറവായ നമുക്ക്,
നമുക്കവയില്ലാതെ ജീവിക്കാനാവുമോ?
ലിനോസി[8] നുള്ള വിലാപത്തിൽ
 നിന്നാണ്,
വന്ധ്യമായ ജാഡ്യത്തെ തുളച്ചുകയറിയ
 ധീരമായ
 ആദ്യസ്വരങ്ങളിൽ നിന്നാണ്
സംഗീതത്തിന്റെ തുടക്കമെന്ന കഥ വെറും

---

8 ലിനോസി (Linos) — അപ്പോളോയുടെയും കല്ലിയോപ്പെയുടെയും പുത്രൻ, കലാദേവതകളായ Muse-കളിൽ ഒരാൾ, അതിനാൽ ഓർഫ്യൂസിന്റെ സഹോദരൻ; ചെറുപ്പത്തിലേ കൊല്ലപ്പെട്ടു.

പാഴ്ക്കഥയാവുമെന്നോ?
ദേവോപമനായ ഒരു
യുവാവെന്നെന്നേക്കുമായി
വിട്ടുപോയപ്പോൾ
സ്തബ്ധമായ സ്ഥലത്തു വച്ചു ശൂന്യത
ഇതാദ്യമായറിഞ്ഞു,
നമ്മെ വശീകരിക്കുകയും
സമാശ്വസിപ്പിക്കുകയും
തുണയ്ക്കുകയും ചെയ്യുന്ന
ആ ശ്രുതിയുടെ സ്പന്ദനങ്ങൾ.

## നാലാം വിലാപഗീതം

ജീവിതവൃക്ഷങ്ങളേ, എന്നാണു ഹേമന്തം
വന്നെത്തുക?[9]
ഞങ്ങൾ ഒരേ മനസ്സല്ല.
പക്ഷികളെപ്പോലൊരുമിച്ചു ദേശാന്തരം
ഗമിക്കുന്നവരുമല്ല.
എന്നും വൈകുന്നവർ, എന്നും
പിന്നിലാവുന്നവർ,
പൊടുന്നനേ ഞങ്ങളൊരു കാറ്റിൽ
പിടിച്ചുകയറുന്നു,

---

[9] എന്നാണു ഹേമന്തം വന്നെത്തുക? — പ്രകൃതിയിലെന്നപോലെ മനുഷ്യജീവിതത്തിൽ എന്തുകൊണ്ട് ഋതുചക്രങ്ങൾ ഉണ്ടാവുന്നില്ല? ജനനത്തിൽ മരണത്തിലേക്ക് മടക്കമില്ലാത്ത ഒരു പ്രയാണമാണതെന്നു വന്നതെന്തുകൊണ്ട്? അല്ലെങ്കിൽ ഇങ്ങനെയൊരർത്ഥമാവാം: പ്രകൃതിയിലെ വൃക്ഷങ്ങൾക്ക് ആസന്നമായ ക്ഷയകാലത്തെക്കുറിച്ച് സൂചനകൾ കിട്ടുന്നുണ്ട്; എന്നാൽ ജീവിതത്തിലെ വൃക്ഷങ്ങൾ അങ്ങനെയൊരു സൂചന നമുക്കു നല്കുന്നില്ല; അതിനാൽ മരണം മുന്നിലെത്തുമ്പോൾ അതിനു നാം ഒരുങ്ങിക്കഴിഞ്ഞിട്ടില്ല.

ഉദാസീനമായൊരു തടാകത്തിൽ
 കല്ലുപോലെ ചെന്നുവീഴുന്നു.
വിടരലും വാടലും ഒരു പോലെയാണു
 ഞങ്ങൾക്ക്.
എവിടെയോ സിംഹങ്ങൾ
 ഗർജ്ജിച്ചുനടക്കുന്നു,
ബലത്തവർ, ഗംഭീരർ, ഒരു
 ദൗർബ്ബല്യവുമറിയാത്തവർ.

എന്നാൽ ഞങ്ങൾ,
 ഒന്നിലുറച്ചുനില്ക്കുമ്പോൾത്തന്നെ
മറ്റൊന്നു പിടിച്ചുവലിക്കുന്നതും
 ഞങ്ങളറിയുന്നു.
വിദ്വേഷമാണു ഞങ്ങൾക്കടുത്ത ബന്ധു.
പ്രണയികൾ, അന്യോന്യം അതിരു
 കടക്കുകയല്ലേ അവർ–
വൈപുല്യവും മൃഗയയും
 സ്വദേശവുമാണവർ വാഗ്ദാനം
 ചെയ്തതെങ്കിലും?[10]

---

[10] വൈപുല്യവും മൃഗയയും സ്വദേശവുമാണവർ
 ...– ബോധത്തിന്റെ വികാസവും തൃഷ്ണയുടെ

കണ്ണടച്ച് തുറക്കും മുമ്പ് ചെയ്തൊരു
    രേഖാചിത്രത്തിനായി
വിപുലമായൊരു പശ്ചാത്തലം
    സമയമെടുത്തു ചെയ്യുന്നു-
നമുക്കു വ്യക്തമായി കാണുന്നതിനായി.
നമ്മുടെ വികാരങ്ങളുടെ ബാഹ്യരേഖകൾ
    നമുക്കറിയില്ല.
പുറത്തു നിന്നവയെ രൂപപ്പെടുത്തുന്നവയേ
    നമുക്കറിയൂ.

സ്വന്തം ഹൃദയത്തിന്റെ തിരശ്ശീലക്കു
    മുന്നിൽ
ഉത്കണ്ഠാകുലരായി ആരിരുന്നിട്ടില്ല?
അതുയരുന്നു: വേർപാടിന്റെ രംഗപടം
    നാം കാണുന്നു.
നമുക്കതു മനസ്സിലാവാൻ ഒട്ടും
    ക്ലേശിക്കേണ്ട.
പരിചിതമായ ഉദ്യാനം; ഇളംകാറ്റിൽ
    അതൊന്നുലയുന്നുമുണ്ട്.
പിന്നെ- നർത്തകൻ കടന്നുവരികയായി.

---

തീക്ഷ്ണതയും സുരക്ഷയുടെ സാന്ത്വനവും.

അല്ല, അതയാളല്ല! മതി!
എത്ര സുന്ദരമാണു തന്റെ
ചുവടുകളെന്നയാൾ ഭാവിച്ചാലും:
വെറും വേഷം കെട്ടാണയാൾ,
സ്വന്തം വീട്ടിൽ അടുക്കളവാതിൽ വഴി
കയറുന്ന തരം.
പാതി നിറച്ച ഈ പൊയ്മുഖങ്ങൾ
എനിക്കു വേണ്ട;
അതിലും ഭേദമാണ് ഒരു നൂല്പാവ.
അത് നിറഞ്ഞതെങ്കിലുമാണ്.
വൈക്കോൽ കുത്തിനിറച്ച ഉടലും ചരടും
വെച്ചുകെട്ടു മാത്രമായ മുഖവുമൊക്കെ
ഞാൻ സഹിച്ചോളാം.
ഇവിടെ. ഞാൻ കാത്തിരിക്കുന്നു.
വിളക്കുകളൊക്കെ
അണഞ്ഞുവെന്നായിട്ടും.
"ഇന്നത്തേതു കഴിഞ്ഞു" എന്നൊരാൾ
വന്നുപറഞ്ഞാലും.
ആളൊഴിഞ്ഞ അരങ്ങിൽ നിന്ന്
ശൂന്യതയുടെ നരച്ച തണുപ്പൻ
കാറ്റൊഴുകിവന്നാലും.

മൗനികളായ എന്റെ പൂർവ്വികരിൽ ഒരാളും
    പോലും,
ഒരു സ്ത്രീയോ, തവിട്ടുനിറത്തിൽ
    കോങ്കണ്ണുള്ള ആ ബാലനോ പോലും,[11]
എനിക്കരികിൽ
    ഇരിക്കുന്നില്ലെങ്കില്പോലും:
ഞാൻ ഇവിടെ ഇരിക്കും. കണ്ടിരിക്കാൻ
    എന്തെങ്കിലുമുണ്ടാവണമല്ലോ.

ഞാൻ പറഞ്ഞതു ശരിയല്ലേ?
എന്റെ ജീവിതത്തിന്റെ
    രുചിയറിഞ്ഞതില്പിന്നെ-
എന്റെ ഇച്ഛകളുടെ കഷായം-
സ്വന്തം ജീവിതമാകെക്കയ്ച്ചുപോയ
    അച്ഛാ.
— ഞാൻ മുതിരുന്തോറും അങ്ങതിന്റെ
    രുചി
    നോക്കിക്കൊണ്ടേയിരുന്നു,

---

[11] മാലാഖയും തോല്പാവയും — ബോധം സ്പർശിക്കാത്ത ശുദ്ധമായ ശാരീരികത; മാലാഖയാവട്ടെ, ഭൗതികതയുടെ സ്പർശലേശമില്ലാത്ത ശുദ്ധബോധവുമാണ്.

അത്രയും വിചിത്രമായൊരു ഭാവിയുടെ
    കൈയ്പ്പു കൊണ്ടു
    മനസ്സലഞ്ഞ അങ്ങ്
എന്റെ കലുഷമായ കണ്ണുകളിലേക്കു
    ചുഴിഞ്ഞുനോക്കിക്കൊണ്ടിരുന്നു-
സ്വന്തം മരണത്തിനു ശേഷവും എന്നെ
    പ്രതി മനസ്സുരുക്കിയ അച്ഛാ,
എന്നെപ്പോലൊരുവന്റെ തുച്ഛമായ
    വിധിക്കായി
മരിച്ചവരുടെ ശാന്തി, പ്രശാന്തതയുടെ
    വിപുലമണ്ഡലം,
വേണ്ടെന്നു വച്ച അച്ഛാ,
ഞാൻ ചെയ്തതു ശരിയായിരുന്നില്ലേ?

ഞാൻ സ്നേഹിച്ച സ്ത്രീകളേ,
എനിക്കു നിങ്ങളോടു തോന്നിയ
    സ്നേഹത്തിന്റെ ചെറിയ
    തുടക്കങ്ങളുടെ പേരിൽ
എന്നെ സ്നേഹിച്ചവരേ,
-ആ സ്നേഹത്തിൽ നിന്നു ഞാൻ
    പിന്തിരിയുകയും ചെയ്തു,
എന്തെന്നാൽ നിങ്ങളുടെ

മുഖത്തൊതുങ്ങുന്നതായി ഞാൻ കണ്ട
ആകാശം
ഞാൻ സ്നേഹിക്കുമ്പോൾ
നിങ്ങളദൃശ്യകളായ
ബഹിരാകാശമാവുകയായിരുന്നു-
ശരിയല്ലേ ആ പാവക്കുത്തിനു ഞാൻ
ഇരുന്നുകൊടുത്തുവെങ്കിൽ,
അല്ല, അത്ര തീക്ഷ്ണമായിട്ടാണു ഞാൻ
ഉറ്റുനോക്കിയിരുന്നതെന്നതിനാൽ
ആ നോട്ടത്തിനൊരു പ്രതിരോധമായി
ഒരു മാലാഖ തന്നെ
അരങ്ങിലേക്കു വരികയും
ജീവനറ്റു കിടന്ന പാവകളെ ചരടിൽ
പിടിച്ചു തുള്ളിച്ചുവെങ്കിൽ?
[12] മാലാഖയും തോല്പാവയും: ഒടുവിൽ ഒരു
നാടകത്തിനുള്ളതായി!
അപ്പോഴാണ് നമ്മുടെ സാന്നിദ്ധ്യം
കൊണ്ടുതന്നെ നാം

---

[12] ആ ബാലനോ പോലും — ഏഴാമത്തെ വയസ്സിൽ മരിച്ചുപോയ റിൽക്കേയുടെ ബന്ധുവായ ഇഗോൺ വോൺ റിൽക്കെ.

വേർപെടുത്തി നിർത്തുന്നവ
തമ്മിലടുക്കുക;
അപ്പോഴാണ് നമ്മുടെ ജീവിതത്തിന്റെ
ഋതുചക്രം തിരിഞ്ഞുതുടങ്ങുക;
അപ്പോഴാണ് നമുക്കതീതനായി മാലാഖ
തന്റെ വേഷമാടുക.
മരിക്കുന്നവരെ നോക്കുക, തീർച്ചയായും
അവർ സംശയിക്കുന്നുണ്ടാവും,
എത്ര അയഥാർത്ഥമാണ്, എത്ര
കപടമാണ് നാമിവിടെ
കൈവരിക്കുന്നതൊക്കെയെന്ന്,
ഇവിടെ യാതൊന്നും
അതാതായിട്ടില്ലയെന്ന്.
ബാല്യകാലം: അന്നോരോ രൂപത്തിനും
പിന്നിൽ
ഭൂതകാലം മാത്രമായിരുന്നില്ല,
നമുക്കു മുന്നിൽ നീണ്ടുകിടന്നത്
ഭാവിയുമായിരുന്നില്ല.
സമയമെടുത്തു നാം മുതിർന്നു,
ചിലനേരം മുതിരാൻ നാം സ്വയം
തിടുക്കപ്പെടുത്തുകയും ചെയ്തു,

അതു പക്ഷേ, സ്വന്തം മുതിർച്ചയല്ലാതെ
മറ്റൊന്നും
സ്വന്തമായിട്ടില്ലാത്ത ചിലരെ
പ്രീതിപ്പെടുത്താൻ വേണ്ടിയുമായിരുന്നു.
എന്നാൽ ഒറ്റയ്ക്കായപ്പോൾ
നിത്യമായവയിൽ നാം പ്രീതി കണ്ടു,
ലോകത്തിനും
കളിപ്പാട്ടങ്ങൾക്കുമിടയിലെ അനന്തവും
ധന്യവുമായ ഒരു ലോകത്തു നാം
നിന്നു,
നിർമ്മലമായതൊന്നു സംഭവിക്കാനായി
ആദിയിലേ
ഒരുക്കിയിട്ടൊരിടത്ത്.

അവനിന്നതാണെന്നാരാണൊരു കുട്ടിയെ
കാട്ടിക്കൊടുക്കുക?
സ്വന്തം നക്ഷത്രമണ്ഡലത്തിലാരാണവനെ
പ്രതിഷ്ഠിക്കുക,
ദൂരമളക്കാനുള്ള മുഴക്കോലവന്റെ
കൈയിൽ കൊടുക്കുക?[13]

[13] ദൂരമളക്കാനുള്ള മുഴക്കോലവന്റെ കൈയിൽ

ആരാണവനു കല്ലിച്ച റൊട്ടി പോലെ
    മരണം വിളമ്പുക,
അല്ലെങ്കിൽ ആപ്പിളിന്റെ മധുരിക്കുന്ന
    കഴമ്പു പോലെ
അവന്റെ കുഞ്ഞിവായിലതു
    തിരുകിക്കൊടുക്കുക?
കൊലപാതകികളുടെ
    മനസ്സറിയാനെന്തെളുപ്പം.
എന്നാലിതു: മരണം, ജീവിതം തുടങ്ങും
    മുമ്പേ മരണമതിന്റെ
    പൂർണ്ണതയിൽ,
അത്ര വിനീതമായി, സൗമ്യമായി
    ഉൾക്കൊള്ളുക,
എന്നിട്ടതിൽ രോഷം കൊള്ളാതിരിക്കുക:
വാക്കുകൾക്കതീതമാണതു്.

---

കൊടുക്കുക? — മുതിർന്നവരുടെ അറിവിൽ നിന്നു് എത്രയോ അകലെയാണു് ബാല്യം.

# 22

## ഓർഫ്യൂസ് ഗീതകങ്ങൾ

1922 ഫെബ്രുവരിയിൽ ഡ്യൂണോ വിലാപങ്ങൾ എഴുതിക്കൊണ്ടിരുന്ന സമയത്തു തന്നെയാണ് റിൽക്കെ ഓർഫ്യൂസ് ഗീതകങ്ങളിലെ 55 കവിതകൾ എഴുതുന്നതും. റിൽക്കെ അക്കാലത്ത് സ്വിറ്റ്സർലന്റിലെ മ്യൂസോട്ടിലാണ് താമസം. കാമുകിയായ ബലാഡൈൻ ക്ളൊസ്സോവ്സ്ക തങ്ങൾ ഒരുമിച്ചിരുന്ന് ഓവിഡിന്റെ മെറ്റ



Daniel Cualbu: l'orfeo, a Porto Torres (2012) (Courtesy: Wikimedia).

മോർഫൊസസ് വായിച്ചതിന്റെ ഓർമ്മക്കായി മരച്ചുവട്ടിലിരുന്ന് മൃഗങ്ങൾക്കു വേണ്ടി പാടുന്ന ഓർഫ്യൂസിനെ ചിത്രീകരിച്ചിട്ടുള്ള ഒരു പോസ്റ്റ് കാർഡ് അദ്ദേഹത്തിനു നല്കിയിരുന്നു. പ്രചോദനത്തിന്റെ അത്യസാധാരണമായ ഒരൂർജ്ജപ്രവാഹത്തിൽ ഫെബ്രുവരി 2 മുതൽ 5 വരെയുള്ള ദിവസങ്ങൾ കൊണ്ട് ആദ്യത്തെ 25 കവിതകൾ പൂർണ്ണരൂപത്തിൽ അദ്ദേഹത്തിനു ലഭിച്ചു. മറ്റു കവിതകൾ 17-നും 23-നും ഇടയിലും. "ഓർഫ്യൂസ് ഗീതകങ്ങൾ റിൽക്കേയുടെ വിജയഗാഥകളാണ്," സി. എം. ബൗറ എഴുതുന്നു, "കവിത എന്നാൽ എന്താണെന്നാണ് താൻ അർത്ഥമാക്കുന്നതെന്നും കവിതയിൽ നിന്ന് എന്താണു തനിക്കു ലഭിച്ചതെന്നും അതിൽ നിന്നെന്താണു താൻ പ്രതീക്ഷിക്കുന്നതെന്നും ഈ ഗീതകങ്ങളിലൂടെ റിൽക്കെ കാണിച്ചുതരുന്നു. ശുദ്ധമായ ആഹ്ളാദത്തിനാണ് ഇവിടെ പ്രാബല്യം."



റിൽക്കെയും ബലാഡൈൻ ക്ളൊസ്സോവ്സ്കയും സ്വിറ്റ്സർലന്റിലെ മ്യൂസോട്ടിൽ (1922). 1919 മുതൽ 1926-ൽ റിൽക്കെ മരിക്കുന്നതുവരെ ഈ പ്രണയം തുടർന്നു (വിക്കിപ്പീഡിയോട് കടപ്പാട്).

## അവനായിട്ടൊരോർമ്മക്കല്ലും…

അവനായിട്ടൊരോർമ്മക്കല്ലും
നിങ്ങളുയർത്തേണ്ട.
ആണ്ടോടാണ്ടു പനിനീർപ്പൂക്കളവനായി
വിടരട്ടെ.
ഓർഫ്യൂസിവൻ. പുനരവതാരങ്ങൾ

പലതെടുക്കുന്നവൻ.
വേറൊരു പേരവനു തിരഞ്ഞു
നാമലയുകയും വേണ്ട.

കേട്ടതു കവിതയെങ്കിൽ
പാടുന്നതോർഫ്യൂസ് തന്നെ.
അവൻ വന്നുപോകുന്നതറിയുന്നില്ല
നാമെങ്കിലും
ഒരു പനിനീർപ്പൂവിനെക്കാളധികം
ചിലനാളെങ്കിലും
നമ്മോടൊത്തവനുണ്ടായാലതു മാത്രം
പോരേ?

താൻ മറഞ്ഞുപോകുന്നതിൽ
ഭീതനാണവനെങ്കിലും
അവൻ മറഞ്ഞുപോകണം: നമുക്കതല്ലേ
പാഠം?
അവന്റെ വചനം നമ്മെ
സ്ഥാനപ്പെടുത്തുമ്പോഴേക്കും

നമുക്കെത്താത്തൊരകലത്തി-
ലവനെത്തിക്കഴിഞ്ഞു.
തന്റെ വീണക്കമ്പികളവന്റെ കൈകളെ

വരിയുന്നില്ല,
അതിലംഘിക്കുമ്പോഴാണവ-
നനുസരിക്കുന്നതും.
(I–5)

## വസന്തമിതാ...

വസന്തമിതാ, മടങ്ങിവന്നിരിക്കുന്നു.
ഭൂമിയോ, കവിതകൾ മനപ്പാഠമാക്കിയ
    കുട്ടിയെപ്പോലെ;
എത്രയെത്രവൾ ഓർത്തുവച്ചിരിക്കുന്നു!
ആ ദീർഘപഠനത്തിനവൾക്കു
    സമ്മാനവും കിട്ടുന്നു.

അവളുടെ ഗുരു കടുപ്പക്കാരനായിരുന്നു.
ആ കിഴവന്റെ താടിവെളുപ്പു
    നമുക്കിഷ്ടവുമായിരുന്നു.
ഏതു പച്ച, ഏതു നീല എന്നവളോടു
    ചോദിക്കുമ്പോൾ
അവൾക്കതൊക്കെ നല്ല തിട്ടമാണെന്നേ!

ഭൂമീ, സുകൃതം ചെയ്തവളേ,
ഈ അവധിക്കാലത്തു
    കുട്ടികൾക്കൊപ്പമിറങ്ങിക്കളിയ്ക്കൂ.
കുതി കൊണ്ട പന്തുപോലെ ഭാഗ്യവാനു
    നിന്നെക്കിട്ടട്ടെ.

ഗുരുനാഥനവളെ എന്തൊക്കെപ്പഠിപ്പിച്ചു!

വേരുകളിൽ,
    കുടിലകാണ്ഡങ്ങളിലാഴത്തിൽ
    പതിഞ്ഞതൊക്കെയും
പാടുകയാണവൾ, അവൾ പാടുകയുമാണ്!
    (I-21)

## വാഴ്ത്തുക ഹൃദയമേ...

വാഴ്ത്തുക ഹൃദയമേ, നിന്റെ കാലടികൾ
പതിയാത്ത പൂവനങ്ങളെ,
ചില്ലുപാത്രങ്ങളിൽ പകർന്നപോലെ
ദീപ്തവും അപ്രാപ്യവുമായവയെ;
ഷിറാസിലെ പനിനീർപ്പൂക്കളെ,
ഇസ്ഫഹാനിലെ ജലധാരകളെ,
നിന്റെ ധന്യഗാനങ്ങളാലവയെ
വാഴ്ത്തിപ്പാടുക, അനന്യതകളെ.

തെളിയിക്കുക ഹൃദയമേ, അവയില്ലാതില്ല
നിനക്കു ജീവിതമെന്ന്,
അവയിലത്തിപ്പഴങ്ങൾ
വിളയുന്നുവെങ്കിലതു നിനക്കായെന്ന്;
പൂവിടുന്ന ചില്ലകൾക്കിടയിലൊരു മുഖം
പോലത്ര തെളിച്ചത്തിൽ
ഓരോ തെന്നൽ വീശുമ്പോഴുമതു
തലോടുന്നതു നിന്നെയെന്ന്.

ജീവിക്കുക, അത്ര തന്നെ! എന്നൊരു
നിശ്ചയമെടുത്തപ്പോൾ
പലതും തനിക്കു നഷ്ടമായെന്നൊരു

വിചാരപ്പിഴ വരുത്തരുതേ;
ചിത്രകംബളത്തിലൊരിഴയോട്ടമാണ
നീയും, പട്ടുനൂലേ!

ഉള്ളു കൊണ്ടു നിനക്കു ചേരാവുന്നതേതു
ചിത്രത്തോടുമാവട്ടെ,
(ഒരു യാതനാജീവിതത്തിലൊരു
നിമിഷമാണതെങ്കിൽക്കൂടി)
അത്രയുമർത്ഥപൂർണ്ണമാണാ
സമുജ്ജ്വലകംബളമെന്നുമറിയൂ.
(II-21)

## അങ്ങനെയൊരാളുണ്ടോ...

അങ്ങനെയൊരാളുണ്ടോ, കാലമെന്ന
    സംഹാരകൻ?
ശാന്തിയുടെ മലമുടിയിൽ
    നിന്നെന്നാണവൻ കോട്ട തട്ടിയിടുക?
എന്നുമെന്നും ദേവന്മാർക്കധീനമായ ഈ
    ഹൃദയം,
ഊറ്റം കാണിച്ചെന്നാണവനതു
    പറിച്ചെടുക്കുക?

നിയതി നമ്മെ വിശ്വസിപ്പിക്കാൻ
    ശ്രമിക്കുന്ന പോലെയാണോ,
ഉത്കണ്ഠകളാലത്രവേഗമുടയുന്നവയാണോ
    നാം?
ഗഹനവും വാഗ്ദാനങ്ങളാൽ
    സമ്പന്നവുമായ ബാല്യം,
ഇനിയൊരു കാലത്തതു
    വേരോടില്ലാതാകുമെന്നോ?


അനിത്യരാണു നാമെന്ന നമ്മെ
    വേട്ടയാടുന്ന ബോധം
ഒരു വേനൽക്കാലമേഘം പോലെ ഹാ,

നമ്മുടെ നിഷ്കപടഹൃദയത്തി-
ലൂടൊഴുകിപ്പോകുന്നു.

എന്നാൽ നാം ഹതാശരാവട്ടെ,
അനിത്യരാവട്ടെ,
നിത്യശക്തികൾക്കിടയിൽ നമ്മളും
ഗണനീയരാവുന്നു,
ദേവന്മാർക്കു
നാമുപയോഗപ്പെടുന്നുവെന്നതിനാൽ.
(II-27)

# 23

# ഒരു കവിയുടെ ജീവിതചിന്തകൾ



Paul Klee (1879–1940): Chapel Quaking (1924) (Courtesy: Wikimedia).

## ജീവിതം

ഇതിങ്ങനെയല്ലേ: ഉള്ളിന്റെയുള്ളിൽ ഓരോ ആളും ഒരു പള്ളി പോലെയാണ്; അതിന്റെ ഭിത്തികൾ ഉജ്ജ്വലമായ ചുമർചിത്രങ്ങൾ കൊണ്ടലങ്കരിച്ചിരിക്കുന്നു. ബാല്യത്തിന്റെ ആദ്യനാളുകളിൽ ചിത്രങ്ങൾ കാണാൻ പറ്റാത്ത രീതിയിൽ ഉള്ളിൽ ഇരുട്ടാണ്. പിന്നീട്, അകം പ്രകാശമാനമായി വരുന്നതോടൊപ്പം കൗമാരമൂഢതകളും അയഥാർത്ഥതൃഷ്ണകളും ലജ്ജയും അവിടം കൈയേറുകയും ഒന്നൊന്നായി ആ ചിത്രങ്ങൾ കുമ്മായം പൂശി മറയ്ക്കുകയും ചെയ്യുന്നു. ആ വിരസമായ ദാരിദ്ര്യത്തിനടിയിൽ ഒരു പഴയ ഔജ്ജ്വല്യം മറഞ്ഞുകിടപ്പുണ്ടെന്നു ശങ്കിക്കുക പോലും ചെയ്യാതെ പലരും ജീവിതത്തിന്റെ അങ്ങേയറ്റം വരെയും ജീവിതത്തിലൂടെയും കടന്നുപോകും. അങ്ങനെയൊന്നുണ്ടെന്നൂഹിക്കുകയും കണ്ടെത്തുകയും രഹസ്യമായി അതിന്റെ മറ നീക്കിക്കാണുകയും ചെയ്യുന്ന

വൻ എത്ര ഭാഗ്യവാൻ! അയാൾ തനിക്കു തന്നെ ഉപഹാരങ്ങൾ അർപ്പിക്കുന്നു. തന്റെ സ്വദേശമായ തന്നിലേക്കു തന്നെ അയാൾ മടങ്ങുകയും ചെയ്യുന്നു.

* * *

ദൈവം നമ്മുടെ കൈകൾ നമ്മുടെ കണ്ണുകൾ പോലെ സൃഷ്ടിച്ചിരുന്നുവെങ്കിൽ — അത്രവേഗം കടന്നുപിടിക്കാൻ ഒരുങ്ങുന്നപോലെതന്നെ അത്രവേഗം പിടിവിടാനും തയാറായവ: എങ്കിൽ നാം യഥാർത്ഥമായും സമ്പാദ്യങ്ങൾക്കുടമകളാവുമായിരുന്നു. ഒരു സമ്പാദ്യം നമ്മുടേതാവുന്നതു് അതു നമ്മുടെ കൈകളിൽത്തന്നെ കെട്ടിക്കിടന്നു വാടുമ്പോഴല്ല, പുനരാഗമനത്തിന്റെ അലങ്കാരഗോപുരങ്ങൾക്കടിയിലൂടെന്നപോലെ സർവ്വതും കൈകളുടെ പിടുത്തത്തിൽ നിന്നിറങ്ങിപ്പോകാൻ വിട്ടുകൊടുക്കുമ്പോഴാണ്. കൈകൾ നമുക്കൊരു ശവപ്പെട്ടിയായിക്കൂടാ; അതൊരു കിടക്കയാവണം; അതിൽ ശയിക്കുന്നവയുടെ സ

ന്ധ്യമയക്കത്തിനും സ്വപ്നങ്ങൾക്കും അതഭയമാവണം; അതിന്റെ പതുപതുത്ത അകങ്ങളിൽ നിന്നവയുടെ ഹൃദയരഹസ്യങ്ങൾ മന്ത്രണങ്ങളായി പുറത്തുവരണം. നമ്മുടെ കൈകളിൽ നിന്നു പുറത്തുവന്നാല്പിന്നെ കരുത്തുകളിരട്ടിച്ചവ മുന്നോട്ടു നീങ്ങണം; അവയിൽ നിന്നൊന്നും നമ്മിൽ ശേഷിക്കരുത്, അവയുടെ മറയുന്ന കാല്പാടുകൾ പിന്നിൽ വിട്ടുപോകുന്ന സുധീരമായ പ്രഭാതരാഗമല്ലാതെ.

സമ്പാദ്യം ദാരിദ്ര്യവും ഭീതിയുമത്രെ. നമ്മുടെ കൈവശമായിരുന്നതിനെ വിട്ടുകൊടുക്കുന്നതിനാണ് ഉത്കണ്ഠകളൊഴിഞ്ഞ ഉടമസ്ഥത എന്നു പറയുന്നത്. (1899 മാർച്ച് 9)

## പ്രണയം

പ്രേമിക്കുക എന്നതിനെക്കാൾ ദുഷ്കരമായി ഒന്നുമില്ല എന്നത് എനിക്കനുഭവമായ കാര്യമാണ്. അദ്ധ്വാനമാണത്, നി

ത്യാദ്ധ്വാനം; അതിനെ കുറിക്കാൻ മറ്റൊരു വാക്കില്ലെന്ന് ദൈവത്തിനറിയാം. നോക്കു, അത്ര ദുഷ്കരമായ ഒരു പ്രണയത്തിന് ചെറുപ്പക്കാർ ഒരുക്കമല്ല എന്ന വസ്തുതയും ഇതിനോടു ചേർത്തു കാണണം. മനുഷ്യബന്ധങ്ങളിൽ വച്ചേറ്റവും സങ്കീർണ്ണവും ആത്യന്തികവുമായ ഈ ബന്ധത്തെ നമ്മുടെ കീഴ്വഴക്കങ്ങൾ അനായാസവും ചപലവുമായതൊന്നാക്കാനാണ ശ്രമിക്കുന്നത്; ആർക്കും സാദ്ധ്യമാണതെന്ന പ്രതീതിയുണ്ടാക്കാനാണ നോക്കുന്നത്. പക്ഷേ കാര്യം അങ്ങനെയല്ല. പ്രണയം ദുഷ്കരമാണ്, മറ്റേതിനെക്കാളും ദുഷ്കരമാണ്; കാരണം മറ്റു സംഘർഷങ്ങളിൽ പ്രകൃതി നമ്മോടനുശാസിക്കുന്നത് സർവശക്തിയും കൈകളിൽ സംഭരിച്ച് സ്വയം സജ്ജരാവാനാണ്; എന്നാൽ പ്രണയത്തിന്റെ മൂർദ്ധന്യത്തിൽ നമുക്കുണ്ടാവുന്ന അന്തഃപ്രചോദനം നമ്മെത്തന്നെ പൂർണ്ണമായി അടിയറ വയ്ക്കാനാണ്. പക്ഷേ ഒന്നോർ

ത്തുനോക്കൂ, എല്ലാ പൂർണ്ണതയോടും കൂടെയ ല്ല നാം മറ്റൊരാൾക്കു സ്വയം വിട്ടുകൊടുക്കു ന്നതെങ്കിൽ, ഒരു ചിട്ടയും താളവുമില്ലാത്ത താണ് നമ്മുടെ ആ പ്രവൃത്തിയെങ്കിൽ അ തിൽ എന്തെങ്കിലും സൗന്ദര്യമുണ്ടോ? വ ലിച്ചെറിയൽ പോലെ തോന്നുന്ന ആ വി ട്ടുകൊടുക്കലിൽ നല്ലതെന്നു പറയാൻ എ ന്തെങ്കിലുമുണ്ടോ, സുഖമോ ആനന്ദമോ അ ഭൃദയമോ ഉണ്ടോ? ഇല്ല, ഉണ്ടാവുകയി ല്ല... ആർക്കെങ്കിലും പൂക്കൾ സമ്മാനിക്കു മ്പോൾ ആദ്യം തന്നെ നിങ്ങളതു് ഭംഗിയാ യി അടുക്കി വയ്ക്കില്ലേ, ഇല്ലേ? എന്നാൽ വി കാരാവേശം കൊണ്ടക്ഷമരും തിടുക്കക്കാ രുമായ ചെറുപ്പക്കാർ ഒരാൾ മറ്റൊരാളി ലേക്കു സ്വയം വലിച്ചെറിയുകയാണ്; അ ങ്ങനെയൊരു ക്രമരഹിതമായ സമർപ്പ ണത്തിൽ പരസ്പരപരിഗണനയുടെ ഒരം ശം പോലുമില്ലെന്നതു് അവർ ശ്രദ്ധിക്കുന്ന തേയില്ല. പിന്നീട്, താളം തെറ്റിയ ആ ബ ന്ധത്തിൽ നിന്നു് ഒരു സംഘർഷം പിറവി

യെടുക്കുമ്പോഴാണ് അമ്പരപ്പോടെയും നീരസത്തോടെയും അവർ അതു ശ്രദ്ധിക്കുന്നതു്. ഒരിക്കൽ അവർക്കിടയിൽ അനൈക്യം ഉടലെടുത്താൽ പിന്നെ ഓരോ ദിവസം ചെല്ലുന്തോറും കാലുഷ്യം കൂടിക്കൂടിവരും. അവരിൽ പിന്നെ ഉടയാത്തതോ അഴുക്കു പുരളാത്തതോ ആയി യാതൊന്നും അവശേഷിക്കുന്നില്ല. ഒടുവിൽ, വേർപെട്ടു കഴിയുമ്പോൾ സന്തോഷമെന്നു തങ്ങൾ കരുതിയതിനെ ഹതാശമായി മുറുകെപ്പിടിക്കാൻ ശ്രമിക്കുകയാണവർ. സന്തോഷം എന്നാൽ എന്താണെന്ന് അവർക്കിപ്പോൾ ഓർമ്മ വരുന്നതേയില്ല. ആ അനിശ്ചിതത്വത്തിൽ അവർ അന്യോന്യം അനീതിയോടെ പെരുമാറുന്നു; അന്യോന്യം നന്മ ചെയ്യണമെന്നാഗ്രഹിച്ചിരുന്നവർ ഇപ്പോൾ പരസ്പരം അധികാരവും അസഹിഷ്ണുതയും എടുത്തു പ്രയോഗിക്കുന്നു; ന്യായീകരണമില്ലാത്തതും അസഹനീയവുമായ ഒരു ദുരവസ്ഥയിൽ നിന്ന് ഏതു വിധേന

യും പുറത്തു കടക്കാനുള്ള തത്രപ്പാടിൽ അവർ പിന്നെ മനുഷ്യബന്ധങ്ങൾക്കു സംഭവിക്കാവുന്ന ഏറ്റവും വലിയ അബദ്ധം ചെയ്യുന്നു: അവർ അക്ഷമരാകുന്നു. ഒരു പരിഹാരത്തിനവർ തിരക്കിടുന്നു, ഒരന്തിമതീരുമാനത്തിലേക്ക്, എന്നവർ വിശ്വസിക്കുന്നതിലേക്ക്, എത്രയും പെട്ടെന്ന് അവർക്കെത്തണം. തങ്ങളുടെ ബന്ധം പുനഃസ്ഥാപിക്കാൻ അവർ ഒരിക്കല്ക്കൂടി ശ്രമിക്കുന്നു. ഒന്നിനോടൊന്നു കൂട്ടിയിണക്കിയ സ്ഖലിതങ്ങളുടെ ചങ്ങലയിൽ അവസാനത്തേതു മാത്രമാണത്... (1904)

പ്രണയത്തെ ഗൗരവമായി കാണുക, അതിന്റെ കഠിനതകൾ അനുഭവിക്കുക, ഒരു ജീവിതവൃത്തി പരിശീലിക്കുന്നതു പോലെ അതു പഠിച്ചെടുക്കുക — ചെറുപ്പക്കാർ ചെയ്യേണ്ടതു് അതാണ്. മറ്റു പലതുമെന്ന പോലെ പ്രണയത്തിന് ജീവിതത്തില്

ള്ള സ്ഥാനം ആളുകൾ തെറ്റിദ്ധരിച്ചിരിക്കുന്നു. അവർ പ്രണയത്തെ കളിയും നേരമ്പോക്കുമായി മാറ്റിയിരിക്കുന്നു; കാരണം അവർ കരുതുന്നത് അദ്ധ്വാനത്തേക്കാൾ സുഖം നല്കുന്നത് കളിയും നേരമ്പോക്കുമാണെന്നാണ്. അതേ സമയം അദ്ധ്വാനത്തെക്കാൾ ആനന്ദദായകമായി മറ്റൊന്നുമില്ല; പ്രണയം, പരമമായ ആനന്ദമാണതെന്നതിനാൽത്തന്നെ, അദ്ധ്വാനമല്ലാതെ മറ്റൊന്നാകുന്നുമില്ല. അപ്പോൾ, പ്രണയിക്കുന്നൊരാൾ വലിയ ഒരുദ്യമം ഏറ്റെടുത്തു നടത്തുന്നതു പോലെ വേണം പെരുമാറാൻ ശ്രമിക്കേണ്ടത്: പണ്ടത്തേക്കാൾ കൂടുതൽ നേരം അയാൾ ഒറ്റയ്ക്കാവണം, അയാൾ തന്നിലേക്കിറങ്ങണം, സ്വയം സജ്ജനാവണം, താനെന്താണോ, അതിൽ മുറുകെപ്പിടിക്കണം; അയാൾ പ്രവൃത്തിയെടുക്കണം; അയാൾ എന്തെങ്കിലുമാവണം!

(1904)

സമീപസ്ഥമായ രണ്ടേകാന്തതകൾ പരസ്പരം കരുത്തു പകരുന്നതിനെയാണ് സ്നേഹം എന്നു പറയുക. ഒരാൾ മറ്റൊരാൾക്ക് സ്വയം അടിയറവു പറയുകയാണെങ്കിൽ അത് സ്നേഹത്തിനു ഹാനികരമായിട്ടാണു വരിക. എന്തെന്നാൽ, ഒരാൾ സ്വയം പരിത്യജിക്കുമ്പോൾ അയാൾ പിന്നെ ആരുമല്ലാതാവുന്നു; ഒന്നാവാൻ വേണ്ടി രണ്ടു പേർ തങ്ങളല്ലാതാവുമ്പോൾ അവരുടെ ചുവട്ടടിയിൽ ഉറച്ച നിലമില്ലെന്നാവുന്നു, അവരുടെ ഒത്തുചേരൽ നിരന്തരമായ പതനം മാത്രമാവുന്നു. (1904)

ആളുകൾ തമ്മിൽ തമ്മിൽ എത്ര അകല്ച്ചയാണെന്നു നോക്കൂ; ഈ അകല്ച്ച ഏറ്റവും കൂടുതൽ കാണുന്നത് പ്രേമിക്കുന്നവർക്കിടയിലുമാണ്. അവർ തങ്ങൾക്കുള്ളതെല്ലാമെടുത്ത് അന്യോന്യമെറിയുന്നു; മറ്റേയാൾക്ക് അതു പിടിക്കാനും പറ്റുന്നില്ല; ഒടു

വിൽ അവർക്കിടയിൽ അതു കുന്ന കൂട്ടക
യും പരസ്പരം കാണുന്നതിലും അടുക്കുന്ന
തിലും നിന്ന് അവരെ തടയുകയും ചെയ്യു
ന്നു. (1898)

ഒരേയളവിൽ ഒതുങ്ങിയ രണ്ടു പേർ
ക്ക് തങ്ങൾ ഒരുമിച്ചിരിക്കുന്ന നേരങ്ങ
ളെ നിർവചിക്കുന്ന സംഗീതത്തെക്കുറി
ച്ച സംസാരിക്കേണ്ട ആവശ്യം തന്നെയി
ല്ല. ആ സംഗീതമാണ് അവർക്കു പൊതുവാ
യിട്ടുള്ള മൂലകം. യാഗാഗ്നി പോലെ അവർ
ക്കിടയിൽ അതെരിയുന്നു; ഇടയ്ക്കിടെ ഉച്ച
രിക്കുന്ന അക്ഷരങ്ങളാൽ ആ പവിത്രജ്വാ
ലയെ അവർ വളർത്തുകയും ചെയ്യുന്നു. ഇ
നി, ഈ രണ്ടു പേരെ ഞാൻ ഒരു വേദി
യിൽ കയറ്റിനിർത്തി അവരെ കലാപര
മായി അവതരിപ്പിക്കുകയാണെന്നിരിക്ക
ട്ടെ; രണ്ടു കമിതാക്കളെ കാട്ടിത്തരാനും എ
ങ്ങനെയാണ് അവർ ഇത്ര ധന്യരായതെ

ന്നു വിശദീകരിക്കാനുമാണ് ഞാൻ ശ്രമി ക്കുന്നത്. പക്ഷേ ആ യാഗാഗ്നി രംഗത്തദൃ ശ്യമാണ്, അവർ അനുഷ്ഠിക്കുന്ന ബലികർ മ്മത്തിന്റെ ചേഷ്ടകൾ അതിനാൽ ആർ ക്കും പിടി കിട്ടുകയുമില്ല. (1898)

താൻ സ്നേഹിക്കുന്ന ഒരാളെ വേദനി പ്പിക്കുക എന്ന ഭീതിയെക്കാൾ നികൃഷ്ടമാ യ തടവറ മറ്റൊന്നില്ല. (1908)

പ്രണയത്തിന്റെ ചരിത്രത്തിൽ എത്ര ദ യനീയമായ ഒരു രൂപമാണ് പുരുഷൻ സ്വ യം വരച്ചിടുന്നത്! പാരമ്പര്യം ചാർത്തി ക്കൊടുത്ത മേൽക്കൈയല്ലാതെ മറ്റൊരു ക രുത്തും അയാൾക്കില്ലെന്നു തന്നെ പറ യാം. എന്നാൽ ആ മേൽക്കോയ്മ പോ ലും എത്ര അലംഭാവത്തോടെയാണ് അ യാൾ കൈയാളുന്നതെന്നത് കൊടിയ അ ന്യായമായേനെ, സുപ്രധാനസംഭവങ്ങ

ളിൽ ഏർപ്പെടേണ്ടിവരുന്നതാണ് ആ അ
ലംഭാവത്തിനും അന്യമനസ്കതയ്ക്കും കാര
ണമെന്ന ഭാഗികമായ ന്യായീകരണമി
ല്ലായിരുന്നുവെങ്കിൽ. എന്നാൽ ഈ തീ
വ്രാനുരാഗിണിയും (മരിയന്ന അൽക്കോ
ഫൊറാഡോ എന്ന പോർത്തുഗീസ് ക
ന്യാസ്ത്രീ) നാണം കെട്ട ആ പങ്കാളിയും ത
മ്മിലുള്ള ബന്ധത്തിൽ നിന്നു ഞാൻ സ്വ
രൂപിച്ച ബോദ്ധ്യത്തെ തിരുത്താൻ ആ
രെയും ഞാൻ അനുവദിക്കില്ല: അതായ
ത്, പ്രണയത്തിൽ സ്ത്രീ തന്റെ ഭാഗം അ
ങ്ങേയറ്റം പൂർണ്ണതയോടെ സഫലമാക്കു
മ്പോൾ പുരുഷന്റെ ഭാഗത്ത് വെറും കഴി
വുകേടേ കാണാനുള്ളു. ഒരു പഴഞ്ചൻ ഉപ
മ ഉപയോഗിച്ചു പറഞ്ഞാൽ, പ്രണയമെ
ന്ന വിദ്യയിൽ അവൾ ബിരുദധാരിണി
യാണെങ്കിൽ അയാൾ കീശയിൽ ഇട്ടു
കൊണ്ടു നടക്കുന്നത് പ്രണയവ്യാകരണ
ത്തിന്റെ ഒന്നാം പാഠപുസ്തകമാണ്; അതി
ലെ ചില വാക്കുകളെടുത്ത് വല്ലപ്പോഴും അ

യാൾ തട്ടിക്കൂട്ടുന്ന വാചകങ്ങളാവട്ടെ, ബാലപാഠങ്ങളിലെ തുടക്കപ്പേജുകളിലെ പരിചിതവാക്യങ്ങളെപ്പോലെ സുന്ദരവും കോരിത്തരിപ്പിക്കുന്നതും! (1912)

പ്രണയമല്ലേ, കല പോലെ, മനുഷ്യാവസ്ഥയെ അതിവർത്തിക്കാനും സാമാന്യമനുഷ്യനെക്കാൾ വലിയവനും മഹാമനസ്കനും വേണമെങ്കിൽ അസന്തുഷ്ടനുമാവാൻ നമുക്കു വരുതി നല്കുന്ന ഒരേയൊരു കർമ്മം? ആ സാദ്ധ്യതയെ വീരോചിതമായി നാം ആശ്ളേഷിക്കുക — ആ സചേതനാവസ്ഥ നമുക്കു പ്രദാനം ചെയ്യുന്ന വരങ്ങളിൽ ഒന്നു പോലും നാം തിരസ്കരിക്കാതിരിക്കുക. (1920)

സ്നേഹമല്ലാതെ മറ്റൊരു ശക്തി ലോകത്തില്ല; നിങ്ങൾ അതുള്ളിൽ കൊണ്ടുനടക്കുമ്പോൾ, അതെങ്ങനെ ഉപയോഗപ്പെ

ടുത്തണമെന്നു നിങ്ങൾക്കറിവില്ലെങ്കിൽ ത്തന്നെ, അതിന്റെ ദീപ്തഫലങ്ങൾ നിങ്ങളെ നിങ്ങളിൽ നിന്നു പുറത്തു കടത്തും, നിങ്ങൾക്കതീതമായതിലേക്കു നിങ്ങളെ കൊണ്ടുപോകും. ഈ വിശ്വാസം നിങ്ങൾ ഒരിക്കലും കൈവിടരുത്.

## വിവാഹം

... ഒറ്റയ്ക്കു നടക്കുന്ന ഒരാൾ 'സന്തോഷവാൻ' ആണെന്ന് ആരും സ്വപ്നത്തിൽ പോലും കരുതുന്നില്ല; എന്നാൽ വിവാഹം കഴിഞ്ഞാൽ അയാൾ 'സന്തോഷവാൻ' ആവുന്നില്ലെങ്കിൽ എല്ലാവർക്കും വല്ലാത്ത അത്ഭുതവുമാകുന്നു! (അതിനാൽത്തന്നെ സന്തോഷവാനാവുന്നതിൽ വലിയ കാര്യവുമില്ല, അതിനി വിവാഹിതനായാലും അല്ലെങ്കിലും.) വിവാഹം, പല പ്രകാരത്തിലും, ഒരാളുടെ ജീവിതരീതിയെ കുറച്ചുകൂടി എളുപ്പമാക്കുന്നു; ചെറുപ്പക്കാരായ രണ്ടു പേരുടെ കരുത്തുകളുടെയും ഇ

ച്ഛകളുടെയും സ്വാഭാവികമായ സംയോഗമാണല്ലോ അതു്; മുമ്പു് തങ്ങളെക്കൊണ്ടു കഴിഞ്ഞതിനപ്പുറം ഭാവിയിലേക്കെത്തിപ്പിടിക്കാൻ അവർക്കു കഴിയുന്നു എന്നൊരു തോന്നൽ അതു ജനിപ്പിക്കുകയും ചെയ്യുന്നു. (ഈ തോന്നലുകൾ കൊണ്ടൊന്നും ജീവിതം മുന്നോട്ടു പോവുകയില്ല എന്നതു് മറ്റൊരു കാര്യം.) അതിലുപരി വിവാഹം പുതിയൊരുദ്യമമാണു്, പുതിയൊരു ഗൗരവമാണു് — ഓരോ പങ്കാളിയുടെയും ബലത്തിനോടും സൗമനസ്യത്തിനോടുമുള്ള പുതിയൊരു വെല്ലുവിളിയാണു്, ഇരുവർക്കും നേരിടേണ്ടി വരുന്ന പുതിയൊരു വലിയ അപകടവുമാണു്.

എല്ലാ അതിരുകളും വലിച്ചിട്ടും തട്ടിനിരപ്പാക്കിയും എത്രയും പെട്ടെന്നു് ആത്മാക്കളുടെ ഒരു സൗഹൃദം സ്ഥാപിക്കുകയല്ല വിവാഹം കൊണ്ടുദ്ദേശിക്കുന്നതെന്നു് എനിക്കു തോന്നുന്നു; നേരേ മറിച്ചു്, ഓരോ വ്യക്തിയും മറ്റേയാളെ തന്റെ ഏകാന്ത

തയുടെ കാവലാളായി നിയോഗിക്കുകയാണ്, എത്ര വലിയ വിശ്വാസമാണ് തനിക്കയാളോടെന്ന് പരസ്പരം കാണിച്ചുകൊടുക്കുകയാണ്. രണ്ടു മനുഷ്യജീവികളുടെ കൂടിച്ചേരൽ ഒരസാദ്ധ്യതയാണ്; ഇനി എവിടെയെങ്കിലും അങ്ങനെയൊന്നു കാണുന്നുണ്ടെങ്കിൽ അതൊരു പരിമിതപ്പെടുത്തലായിരിക്കും, ഒരാളുടെ, അല്ലെങ്കിൽ ഇരുവരുടെയും, പൂർണ്ണമായ സ്വാതന്ത്ര്യത്തെയും വികാസത്തെയും കവർന്നെടുക്കുന്ന ഉഭയസമ്മതപ്രകാരമുള്ള ഒരുടമ്പടി. എന്നാൽ ഏറ്റവുമടുത്തവർക്കിടയിൽ പോലും അനന്തമായ അകലങ്ങൾ ശേഷിക്കുന്നു എന്നൊരു തിരിച്ചറിവംഗീകരിക്കാനായാൽ വിസ്മയകരമായ ഒരു സഹജീവിതം വളർന്നു വരികയും ചെയ്യാം; അതിനു പക്ഷേ അവർ തങ്ങൾക്കിടയിലെ വിശാലതയെ, ഒരു വിപുലാകാശത്തിനെതിരിൽ സ്വന്തം പൂർണ്ണരൂപം തെളിച്ചുകാട്ടുന്ന ആ സാദ്ധ്യതയെ സ്നേഹിക്കാൻ പഠി

ക്കുകയും വേണം! ഇക്കാരണം കൊണ്ടു തന്നെ തിരസ്കരണത്തിനോ തിരഞ്ഞെടുപ്പിനോ ഉള്ള മാനദണ്ഡം ഇതായിരിക്കണം: മറ്റൊരു വ്യക്തിയുടെ ഏകാന്തതയ്ക്കു കാവൽ നില്ക്കാൻ നിങ്ങൾക്കു സമ്മതമാണോ; അതേ പോലെ സ്വന്തം ഏകാന്തതയുടെ കവാടം കാക്കാൻ അതേ വ്യക്തിയെ ഏല്പിക്കാൻ നിങ്ങളും തയാറാണോ? നിങ്ങൾക്കുള്ളിലെ ആഴത്തെക്കുറിച്ച് അതിന്റെ മഹാന്ധകാരത്തിൽ നിന്ന് ഉത്സവവേഷത്തിൽ പുറത്തേക്കു കാലെടുത്തു വയ്ക്കുന്നതൊന്നിനെ കാണുമ്പോഴേ അയാളറിയുകയുമുള്ളു… (1901 ആഗസ്റ്റ് 7)

## സഹജീവിതം

നമ്മോടേറ്റവുമടുത്ത സൗഹൃദം വച്ചുപുലർത്തുമ്പോൾത്തന്നെ എതിരഭിപ്രായങ്ങൾ സൂക്ഷിക്കുന്ന ഒരു സ്നേഹിതൻ: ഉത്കൃഷ്ടവും നമ്മെ രൂപപ്പെടുത്തുന്നതുമായ ഒരു സ്വാധീനമാണത്. നമ്മിൽ നിന്നന്യ

മായതൊന്നിനെ മറ്റൊന്നായി മാത്രം കാണുന്നതിനു പകരം സംശയത്തോടെ, ശത്രുതയോടെ നോക്കുന്നിടത്തോളം കാലം ലോകവുമായി നൈസർഗ്ഗികവും നീതിയുക്തവുമായ ഒരു ബന്ധത്തിലേർപ്പെടാൻ നമുക്കു കഴിയില്ല. എല്ലാറ്റിനും ഒരിടം കല്പിക്കപ്പെട്ടിരിക്കുന്ന ഒരിടമാണ് ലോകം: ഏതിനുമൊപ്പം മറ്റേതിനും; എനിക്കൊപ്പം എന്നിൽ നിന്നെത്രയും വ്യത്യസ്തനായ മറ്റേയാൾക്കും. അങ്ങനെ പൂർണ്ണമായ ഒരു ലോകത്തിനുള്ള സാദ്ധ്യത സമ്മതിച്ചുകൊടുത്താലല്ലാതെ വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളും നിറഞ്ഞ നമ്മുടെ സ്വന്തം ആന്തരലോകത്തെ ഉദാരമായും വിശാലമായും കാറ്റു കടക്കുന്നതായും ചിട്ടപ്പെടുത്തുന്നതിൽ നാം വിജയം കാണുകയുമില്ല.

* * *

ഒരു വ്യക്തി തന്റെ പുറംമോടിയിൽ നിന്നു പുറത്തുകടന്ന് തെളിമയോടെ, മൗന

ത്തോടെ നിങ്ങളുടെ മുന്നിൽ വന്നുനില്ക്കു ന്ന ചില നിമിഷങ്ങളുണ്ട്. നിങ്ങൾ ഒരിക്ക ലും മറക്കരുതാത്ത അപൂർവ്വമായ ആഘോ ഷവേളകളാണവ. അപ്പോൾ മുതൽ നി ങ്ങൾ അയാളെ സ്നേഹിക്കുകയായി. മ റ്റൊരു വിധം പറഞ്ഞാൽ, ആ നിമിഷ ത്തിൽ നിങ്ങൾക്കറിയാനിടവന്ന വ്യക്തി ത്വത്തിന്റെ ബാഹ്യരേഖകളിലൂടെ നിങ്ങളു ടെ തരളമായ കൈവിരലുകൾ സഞ്ചരിച്ചു തുടങ്ങുന്നു.

* * *

രണ്ടോ മൂന്നോ പേർ അടുത്തിരുന്നാൽ അവർ ഒരുമിച്ചാണെന്നർത്ഥമാകുന്നില്ല. ച രടുകൾ പലരുടെ കൈകളിലായ നൂല്പാ വകളെപ്പോലെയാണവർ. ഒരേ കൈ അ വരെ നയിക്കുമ്പോഴേ അവർക്കു പൊതു വായി എന്തെങ്കിലുമുണ്ടാകുന്നുള്ളൂ; അപ്പോ ഴാണവർ തല മണ്ണിൽ മുട്ടിച്ചു വണങ്ങുക യോ അന്യോന്യം തല്ലു പിടിക്കുകയോ ചെ യ്യുക. ഒരു വ്യക്തിയുടെ ബലവും അതിലാ

ണ് — എല്ലാ ചരടുകളുടെയും തുമ്പുകൾ കൂട്ടിപ്പിടിക്കുന്ന ഒരേയൊരു കൈയിൽ.

* * *

## ഏകാന്തത

എന്റെ കുട്ടിക്കാലത്ത്, എല്ലാവരും എന്നോട് നിർദ്ദയമായി പെരുമാറുകയും എത്ര പരിത്യക്തനാണു ഞാനെന്ന് അത്രയുമെനിക്കുള്ളിൽ തട്ടുകയും ഒരജ്ഞാതലോകത്ത് സ്വയമില്ലാതാവാൻ എനിക്കു തോന്നുകയും ചെയ്തിരുന്ന കാലത്ത്, മറ്റെവിടെയെങ്കിലും പോകാൻ ഞാൻ തീവ്രമായി ആഗ്രഹിച്ചിട്ടുണ്ടാവണം. പക്ഷേ, മനുഷ്യർ എനിക്കന്യരായിരുന്ന ആ കാലത്ത് ഞാൻ വസ്തുക്കളോടടുത്തു; അവയിൽ നിന്നു പ്രസരിക്കുന്ന ആനന്ദത്തോടടുത്തു: ഒരേപോലെ പ്രബലവും പ്രശാന്തവുമായ, സന്ദേഹങ്ങൾക്കിടമില്ലാത്ത ഒരാനന്ദം. മിലിട്ടറി സ്കൂളിൽ പഠിക്കുമ്പോൾ ആകാംക്ഷാഭരിതമായ ദീർഘയുദ്ധങ്ങൾക്കൊടു

വിൽ ഞാനെന്റെ തീവ്രമായ കത്തോലിക്കാവിശ്വാസം വലിച്ചെറിഞ്ഞു മുക്തനായിരുന്നു; സാന്ത്വനലേശമില്ലാത്ത ഏകാന്തതയിലേക്കു ഞാൻ പിൻവാങ്ങിയിരുന്നു. പക്ഷേ വസ്തുക്കളിൽ നിന്ന്, അവയുടെ നിത്യസഹനത്തിലും ക്ഷമയിലും നിന്ന്, മഹത്തും ശാശ്വതവുമായ ഒരു സ്നേഹം എന്നെത്തേടി വന്നു: പേടിയോ അതിരോ അറിയാത്ത ഒരു തരം വിശ്വാസം. ജീവിതവും ആ വിശ്വാസത്തിന്റെ ഒരു ഭാഗമാണ്. ഹാ, അതിൽ, ജീവിതത്തിൽ എനിക്കെന്തു വിശ്വാസമാണ്. കാലം ഭരിക്കുന്ന ജീവിതമല്ല, മറ്റൊരു ജീവിതം, കുഞ്ഞുകുഞ്ഞുവസ്തുക്കളുടെ ജീവിതം, ജന്തുക്കളുടെയും വിപുലസമതലങ്ങളുടെയും ജീവിതം. പ്രത്യക്ഷത്തിൽ നിർമ്മമമായ, എന്നാൽ ചലനത്തിന്റെയും വളർച്ചയുടെയും ഊഷ്മളതയുടെയും ശക്തികൾ പൂർണ്ണമായ തുലനാവസ്ഥയിൽ വർത്തിക്കുന്ന ജീവിതം. അതുകൊണ്ടാണ് നഗരങ്ങൾ എനി

ക്കത്രമേൽ അസഹനീയമാകുന്നത്. അതു കൊണ്ടാണ് നഗ്നപാദനായി ദീർഘയാത്രകൾ നടത്താൻ ഞാൻ ഇഷ്ടപ്പെടുന്നത്, ഒരു മൺതരി പോലും എനിക്കു നഷ്ടമാവരുതെന്നതിനായി, ലോകത്തെ അതിന്റെ സർവരൂപങ്ങളിലും, ഒരൈന്ദ്രിയാനുഭവമായി, ഒരു സംഭവമായി, ഒരു ബാന്ധവമായി എന്റെയുടൽ അറിയണമെന്നതിനായി. അതുകൊണ്ടാണ് കഴിയുന്നതും പച്ചക്കറികൾ കൊണ്ടു ഞാൻ ജീവൻ നിലനിർത്തുന്നത്; അന്യമായതൊന്നിന്റെയും സഹായമില്ലാത്ത ഒരു ലളിതജീവിതമെന്ന അവബോധത്തിലേക്കെനിക്കടുക്കണം. അതുകൊണ്ടാണ് മദ്യത്തിനെന്നിൽ പ്രവേശനമില്ലാത്തതും; എന്തെന്നാൽ എന്റെ സ്വന്തം നീരുകളേ എനിക്കുള്ളിൽ നാവെടുക്കാവൂ, ഇരച്ചുകയറാവൂ, നിർവൃതി നകരാവൂ, കുഞ്ഞുങ്ങൾക്കും ജന്തുക്കൾക്കുമുള്ളിൽ നടക്കുന്നപോലെ! എല്ലാ ധാർഷ്ട്യങ്ങളും വലിച്ചെറിയാൻ ഞാൻ ആഗ്ര

ഹിക്കുന്നതതുകൊണ്ടാണ്; ഏറ്റവും എളിമയുള്ള ജന്തുവിനെക്കാൾ മേലെയോ വെറുമൊരു കല്ലിനെക്കാൾ ഉത്കൃഷ്ടനോ ആയി സ്വയം കരുതാത്തതും അതുകൊണ്ടാണ്. എനിക്കു ഞാനായാൽ മതി, എനിക്കു പറഞ്ഞ ജീവിതം ജീവിച്ചാൽ മതി, മറ്റാരുടെയും സ്വരമാകാതിരുന്നാൽ മതി, എന്റെ ഹൃദയത്തിൽ നിന്നു വിടരണമെന്നനുശാസിച്ചിരിക്കുന്ന പൂക്കൾ വിടർത്തിയാൽ മതി — അതൊരിക്കലും ഒരു ധാർഷ്ട്യമാകണമെന്നില്ലല്ലോ. (1903)

നിശബ്ദനായിരിക്കാൻ ശീലിച്ചതില്പിന്നെ സർവതും എന്നിലേക്കത്രയ്ക്കടുത്തു വന്നിരിക്കുന്നു. കുട്ടിയായിരിക്കുമ്പോൾ ബാൾട്ടിക് കടലോരത്തു ചെലവഴിച്ച ഒരു വേനല്ക്കാലം എനിക്കോർമ്മ വരികയാണ്: അന്നെത്ര വാചാലനായിരുന്നു ഞാൻ, കാടിനോടും കടലിനോടും. എനിക്കു പരിചയമില്ലാത്ത ഒരാഹ്ളാദത്തിമിർപ്പു കൊ

ണ്ടു നിറഞ്ഞ ഞാൻ വാക്കുകളുടെ തിടുക്കത്തിലുള്ള ആവേശത്തോടെ സകല അതിർത്തികളും ചാടിക്കടക്കാൻ അന്നെത്ര ശ്രമിച്ചു. പിന്നെ സെപ്തംബറിൽ ഒരു പ്രഭാതത്തിൽ വിട പറഞ്ഞുപോരുമ്പോഴാണ് എനിക്കു മനസ്സിലായത്, അന്തിമവും ധന്യവുമായതെന്തോ, അതിനു വാഗ്രൂപം കൊടുത്തിട്ടില്ല അതേവരെ ഞങ്ങളെന്ന്; എന്റെ അവികസിതാനുഭൂതികളെയോ കടലിന്റെ നിത്യമായ ആത്മാവിഷ്കാരത്തെയോ പ്രകാശിപ്പിക്കാൻ പോരുന്നതായില്ല ആവേശഭരിതമെങ്കിലും പരിമിതവിഭവമായ എന്റെ സംഭാഷണങ്ങളെന്ന്...

* * *

ഏകാകിയായ ഒരാളെ ചിലനേരമെന്തോ തേടിവരുന്നു, അത്ഭുതരോഗശാന്തി നല്കുന്ന ഒരൗഷധം പോലെ അതയാൾക്കു മേൽ പ്രവർത്തിക്കുന്നു; അതൊരു ശബ്ദമല്ല, ഒരു ശോഭയല്ല, ഒരു സ്വരം പോ

ല്യമല്ല. എന്നോ മണ്മറഞ്ഞ സ്ത്രീകളുടെ മന്ദഹാസമാണതു് — കെട്ടുപോയ നക്ഷത്രങ്ങളുടെ വെളിച്ചം പോലെ യാത്ര ചെയ്തുതീരാത്ത ഒരു മന്ദഹാസം.

(1900 സെപ്തംബർ 13)

മിക്ക സമയത്തും നാം വീണുകിടക്കുന്ന കാലുഷ്യത്തെ വിളിച്ചുകാട്ടുകയല്ലാതെ കല പ്രത്യേകിച്ചൊന്നും കൈവരിച്ചിട്ടില്ല. നമുക്കു മനസ്സമാധാനം തരുന്നതിനു പകരം നമ്മെ വിരട്ടിവിടുകയാണതു ചെയ്യുന്നതു്. വേറേ വേറേ തുരുത്തുകളിലാണു നാം ജീവിക്കുന്നതെന്നു് അതു കാണിച്ചുതരുന്നു; അതേ സമയം അലട്ടില്ലാതെ ഏകാകികളായി കഴിയാൻ നമുക്കു പറ്റുന്നത്ര ദൂരം അവയ്ക്കിടയിലില്ല താനും. ഒരു തുരുത്തിലുള്ള ഒരാൾക്കു് മറ്റൊന്നിലുള്ള മറ്റൊരാളെ ശല്യപ്പെടുത്തുകയോ പേടിപ്പെടുത്തുകയോ കുന്തമെറിഞ്ഞു വീഴ്ത്തുകയോ ഒക്കെയാവാം — ഒരാൾക്കും മറ്റൊരാളോടു ചെ

യ്യാൻ പറ്റാത്തത് അയാളെ സഹായിക്കുക എന്നതു മാത്രമാണ്.

* * *

കനികൾ പോലെയാണു നാം. വിചിത്രമായ വിധം കുടിലമായ കൊമ്പുകളിൽ ഉയരത്തിൽ നാം തൂങ്ങിക്കിടക്കുന്നു, പലതരം കാറ്റുകളുടെ പ്രഹരങ്ങൾ സഹിക്കുന്നു. വിളവും മധുരവും ഭംഗിയുമാണ് നമ്മുടെ സമ്പാദ്യങ്ങൾ. എന്നാൽ ആ സമ്പാദ്യങ്ങൾ നേടാനുള്ള ബലം നമ്മിലേക്കൊഴുകിയെത്തിയതു് ഒരേയൊരു തായ്ത്തടിയിലൂടെയാണ്, പലലോകങ്ങളിലേക്കു നീളുന്ന ഒരേയൊരു തായ്‌വേരിലൂടെയാണ്. ആ ബലത്തിന്റെ സാക്ഷ്യങ്ങളാണു നാമെങ്കിൽ നാമോരോരുത്തരും ആ ബലം ഉപയോഗപ്പെടുത്തുകയും വേണം, ആ വാക്കുകളുടെ ഏറ്റവും പൂർണ്ണമായ അർത്ഥത്തിൽ വ്യക്തികളായി, ഏകാകികളായി. ഏകാകികൾ കൂടുന്തോറും സമൂഹത്തിന്റെ ഗൗരവവും സ്ഥി

രതയും ബലവും കൂടുന്നു. (1898)

ഓരോ ആളും സ്വന്തം ജീവിതത്തിന്റെ കേന്ദ്രബിന്ദു തന്റെ പ്രവൃത്തിയിൽ കണ്ടെത്തണം, എന്നിട്ട് ആ ബിന്ദുവിൽ നിന്ന് കഴിയുന്നത്ര പുറത്തേക്കു വളരുകയും വേണം. മറ്റൊരാളും അയാളുടെ ആ വികാസം നിരീക്ഷിക്കാനുണ്ടാകരുത്, അയാൾക്കേറ്റവും അടുത്തവരും ഏറ്റവും പ്രിയപ്പെട്ടവരും പ്രത്യേകിച്ചും: അയാൾ തന്നെയും അതിനു മുതിരരുത്. തന്റെ സ്വത്വത്തിൽ നിന്ന് ഇങ്ങനെ നോട്ടം മാറ്റുന്നതിൽ ഒരു തരം നൈർമ്മല്യമുണ്ട്, ഒരു കന്യകാത്വമുണ്ട്; പ്രകൃതിയിലെ ഒരു വസ്തുവിനെ നോക്കി ചിത്രം വരയ്ക്കുന്ന പോലെയാണത്: നമ്മുടെ നോട്ടം ആ വസ്തുവിലുടക്കി ബന്ധിതമായി കിടക്കുമ്പോൾ കൈ അങ്ങു താഴെയെവിടെയോ ഒറ്റയ്ക്കു പോവുകയാണ്; അതു നീങ്ങിനീങ്ങിപ്പോകുന്നു, ഇടയ്ക്കു പേടി

ച്ചനില്ക്കുന്നു, ഇടറുന്നു, ആത്മവിശ്വാസം വീണ്ടെടുത്ത് പിന്നെയും നീങ്ങുന്നു. അങ്ങനെയത് താഴേയ്ക്കു താഴേയ്ക്കു യാത്ര ചെയ്യുമ്പോൾ മുകളിൽ നക്ഷത്രം പോലെ നിലകൊള്ളുന്ന മുഖം നോക്കുന്നില്ല, തിളങ്ങുന്നതേയുള്ളു. സർഗ്ഗാത്മകതയുടെ നിമിഷങ്ങളിൽ ഞാൻ എന്നും ഇങ്ങനെയായിരുന്നുവെന്നു തോന്നുന്നു: വിദൂരവസ്തുക്കളെ ധ്യാനിച്ചുനില്ക്കുന്ന മുഖം, കൈകൾ ഒറ്റയ്ക്കും. അതങ്ങനെതന്നെയാണു വേണ്ടതും. ക്രമേണ വീണ്ടും ഞാൻ അങ്ങനെയാവുകയും ചെയ്യും. പക്ഷേ അതിനു ഞാൻ ഇന്നത്തെപ്പോലെ തന്നെ ഏകാകിയായിരിക്കണം, എന്റെ ഏകാന്തത ദൃഢവും ഭദ്രവുമായിരിക്കണം, ഒരു കാല്പാടും പതിയാത്ത, ഒരു കാല്പാടിനേയും ഭയവുമില്ലാത്ത കാടു പോലെ. അതിൽ പ്രത്യേകപ്രാധാന്യമോ അസാധാരണത്വമോ ബാദ്ധ്യതയോ ഒന്നുമുണ്ടാവരുത്. അതു ദിനചര്യയാവണം, നിത്യസാധാരണമാവണം. വ

ന്നെത്തുന്ന ചിന്തകൾ, എത്രയും ക്ഷണിക മായവ പോലും, ഏകാകിയായി എന്നെ ക ണ്ടെത്തണം; എങ്കിൽ എന്നെ വീണ്ടും വി ശ്വസിക്കാൻ അവ തീരുമാനിച്ചുവെന്നു വ രാം. (1903 ഏപ്രിൽ 8)

## വിദ്യാഭ്യാസം

വ്യത്യസ്തരായ വ്യക്തികൾക്കു വേണ്ടിയു ള്ള എരിയുന്ന ദാഹം കൊണ്ടു നിറഞ്ഞതാ ണ് ചരിത്രത്തിന്റെ ഓരോ കാലഘട്ടവും: എന്തെന്നാൽ അവരോടൊപ്പമാണ് എ ന്നും ഭാവി വന്നെത്തുക. എന്നിട്ടും ഒരു കു ട്ടിയിൽ വ്യക്തിത്വം തലപൊക്കുമ്പോൾ എത്ര അവജ്ഞയോടെയാണ്, നിസ്സാ രതയോടെയാണ്, പരിഹാസത്തോടെ യാണ് — കുട്ടിയെ ഏറ്റവുമധികം വേദ നിപ്പിക്കുന്നതുമതാണ് — സമൂഹം അതി നെ കൈകാര്യം ചെയ്യുക. അവനു തന തായിട്ടൊന്നുമില്ലെന്നു നാം അവനോടു പ റയുന്നു; അവന്റെ ജീവിതം വേരുകളാഴ്ത്തി

യിരിക്കുന്ന ഗഹനമായ സമൃദ്ധികളെ ഇടി
ച്ചു താഴ്ത്തിയിട്ട് പകരം പഴകിയ പൊതുധാ
രണകൾ നാം അവനു മുന്നിൽ വയ്ക്കുന്നു. മു
തിർന്നവരോട് ഈ വിധം പെരുമാറുന്ന
തു നിർത്തിയാലും കുട്ടികളോടുള്ള മനോ
ഭാവത്തിൽ നമ്മുടെ അക്ഷമയും അസഹ്യ
തയും മാറുന്നതേയില്ല. മുതിർന്ന ഒരാൾ
ക്ക് സ്വാഭാവികമായി അനുവദിക്കപ്പെട്ടി
രിക്കുന്ന ഒരവകാശം കുട്ടികൾക്കു നിഷേ
ധിച്ചിരിക്കുകയാണ്: സ്വന്തമായിട്ട് ഒരഭി
പ്രായം ഉണ്ടാവുക. ഇന്നത്തെ വിദ്യാഭ്യാ
സം കുട്ടിയുമായിട്ടുള്ള ഒരു നിരന്തരയുദ്ധമാ
യി മാറിയിരിക്കുന്നു; രണ്ടു കക്ഷികളും ഒടു
വിൽ എത്രയും ജുഗുപ്സാവഹമായ മാർ
ഗ്ഗങ്ങളിൽ അഭയം തേടുകയും ചെയ്യുന്നു. ര
ക്ഷിതാക്കൾ തുടങ്ങിവച്ചത് തുടർന്നുപോ
വുകയേ വിദ്യാലയങ്ങളും ചെയ്യുന്നുള്ളു. കു
ട്ടിയുടെ വ്യക്തിത്വവുമായി സംഘടിതമാ
യ ഒരു യുദ്ധമാണത്. അതു വ്യക്തിയെ
അവമതിക്കുന്നു, അവന്റെ ആഗ്രഹങ്ങളെ

യും തൃഷ്ണകളെയും നിസ്സാരമായി കാണുന്നു, വ്യക്തിയെ ആൾക്കൂട്ടത്തിന്റെ നിരപ്പിലേക്കിടിച്ചു താഴ്ത്തുകയാണ് തന്റെ ദൌത്യമെന്നു കരുതുന്നു. മഹാന്മാരായ വ്യക്തികളുടെ ജീവിതകഥകൾ ഒന്നു വായിച്ചുനോക്കുകയേ വേണ്ടൂ; സ്കൂളിൽ പോയിട്ടല്ല, സ്കൂളിൽ പോയിട്ടും അവർ മഹാന്മാരാവുകയായിരുന്നു. (1902)

സ്വയം ചിന്തിക്കാനും സ്വയം പ്രവർത്തിക്കാനും സ്വയം പഠിക്കാനും പ്രാപ്തനാവുന്ന ഘട്ടം വരെയേ ഒരാൾക്കു മാർഗ്ഗനിർദ്ദേശം കൊടുക്കേണ്ടതുള്ളൂ. ഒരു സംഘം വ്യക്തികൾക്കു മുന്നിൽ, അതിൽ ഒരാളെയെങ്കിലും അപമാനിക്കാതെ പറയാൻ കഴിയുന്നതായി വളരെക്കുറച്ചു മഹാസത്യങ്ങളാണുള്ളത്; അവ മാത്രമേ വിദ്യാലയങ്ങൾ പഠിപ്പിക്കേണ്ടതുമുള്ളൂ. വിദ്യാലയങ്ങൾ ശ്രദ്ധിക്കേണ്ടത് വ്യക്തിക

ളിലാണ്, ഗ്രേഡുകളിലല്ല; ജീവിതവും മരണവും വിധിയുമൊക്കെ ആത്യന്തികമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് വ്യക്തികൾക്കാണല്ലോ. മഹത്തും യഥാർത്ഥവുമായ ആ അനുഭവങ്ങളിലേക്കും സംഭവങ്ങളിലേക്കും കുട്ടികളെ ബന്ധപ്പെടുത്തുകയാണ് ആ പഴയ ഊർജ്ജം വീണ്ടെടുക്കണമെന്നുണ്ടെങ്കിൽ വിദ്യാലയങ്ങൾ ചെയ്യേണ്ടത്. (1902)

ഓരോ ആൾക്കും അയാൾക്കായി ഒരു ഗുരു എവിടെയോ ഉണ്ടെന്നതിൽ സംശയമില്ല. താൻ ഒരദ്ധ്യാപകനാണെന്നു കരുതുന്ന ഓരോ ആൾക്കുമായി എവിടെയോ ഒരു വിദ്യാർത്ഥിയുമുണ്ടാവണം. അതിനാൽ തുറന്നു പറയൂ, ഗുരുക്കന്മാരേ, നിങ്ങൾക്കു സ്വരം കിട്ടിക്കഴിഞ്ഞെന്നാണെങ്കിൽ. രാത്രിയിലേക്കു കാതോർക്കൂ, കേൾവിക്കാരേ. ഓരോ ചുണ്ടും ആളുകളേയും ക

ടലുകളും കടന്ന് അതിനുദ്ദിഷ്ടമായ കാതി ലേക്കെത്തുന്ന ഒരു കാലം വരും. നാമി പ്പോഴും ആമുഖത്തിന്റെയും പ്രതീക്ഷയുടെ യും കാലത്തു തന്നെയാണ്. ഒരു പുസ്തക വും, ആശ്വസിപ്പിക്കുന്ന ഒരു വാക്കിനപ്പു റം, ഒരു വ്യക്തിക്കു നിർണ്ണായകസഹായ മാകാൻ പോകുന്നില്ല, തീർത്തും അദൃശ്യ മായ സ്വാധീനങ്ങളാൽ അഗാധമായ സ്വീ കരണത്തിനും ആഗീരണത്തിനും തയാ റായിക്കഴിഞ്ഞിട്ടില്ല അയാളെങ്കിൽ, ആ ത്മസംവാദത്തിനുള്ള മുഹൂർത്തം അയാൾ ക്കാഗതമായിട്ടില്ലെങ്കിൽ. ആ മുഹൂർത്ത ത്തെ അയാളുടെ ബോധമണ്ഡലത്തിന്റെ കേന്ദ്രബിന്ദുവിലേക്കടുപ്പിക്കാൻ എന്തെങ്കി ലും ഒന്നു മതിയാവും — ഒരു പുസ്തകമോ ഒ രു കലാവസ്തുവോ, ഒരു കുഞ്ഞ് മുഖമുയർ ത്തി നമ്മെ നോക്കുന്നത്, ഒരു മനുഷ്യന്റെ യോ കിളിയുടേയോ ശബ്ദം, ചില അവസ രങ്ങളിൽ കാറ്റിന്റെ മൂളൽ, അല്ലെങ്കിൽ ത റയിലെ ഒരു പൊട്ടൽ; ഇനി അതുമല്ലെ

ങ്കിൽ, തീ കൂട്ടി ചുറ്റിനുമിരിക്കുമ്പോൾ രൂപം മാറുന്ന ജ്വാലകളിലേക്കൊരു നോട്ടം. ഇതെല്ലാം, ഇതിലും നിസ്സാരമായ പലതും, യാദൃച്ഛികമെന്നു തോന്നുന്നവ പോലും, സ്വയം കണ്ടെത്തുന്നതിന്, അല്ലെങ്കിൽ വീണ്ടും സ്വയം കണ്ടെത്തുന്നതിന് ഒരു കാരണമാവാം. കവികളും, അതെ, ഇടയ്ക്കൊക്കെ അവരും, നമ്മെ ഉണർത്തുന്ന പ്രേരകങ്ങളാവാം. (1921 ഡിസംബർ 28)

## ചരിത്രവും ഭൂതകാലവും

ഇന്നലെയുടേയും അതിനു തലേന്നാളിന്റേയും നിശ്വാസത്തിന് എന്തിനിത്രയും വ്യഗ്രതയോടെ കാതോർക്കുന്നു-രണ്ടും ഉറക്കത്തിലാണെന്നിരിക്കെ, വർത്തമാന കാലനിമിഷം ഉണർന്നിരുപ്പുണ്ടെന്നിരിക്കെ? പ്രബലവും ധൃഷ്ടവുമായ ഒരു കരിമ്പാറക്കെട്ടിനു മുന്നിൽ നിന്നുകൊണ്ട് ഇന്നലെ അതിനു മേൽ പെയ്ത മഴയെക്കുറിച്ച ചിന്തിക്കുന്നതുപോലെയല്ലേ അത്?

ആളുകൾ തങ്ങൾ യഥാർത്ഥത്തിൽ തറവാടികളല്ലെന്നു തെളിയിക്കുന്നതും ഈ വിധത്തിലാണ്. മണ്മറഞ്ഞ മഹാന്മാരായ പൂർവ്വികരുടെ അപദാനങ്ങൾ പാടിക്കൊണ്ടിരുന്നാൽ തങ്ങൾ കുലീനരായി എന്നവർ കരുതുന്നു. ആ നേരം കൊണ്ടു് സ്വന്തം സാദ്ധ്യതകളെ ആഘോഷിക്കുകയും വാഴ്ത്തുകയും ചെയ്തിരുന്നെങ്കിൽ അതിലുമെത്രയോ കുലീനരായേനേ അവർ.

മണ്മറഞ്ഞുപോയ മഹാനായ ഒരു പൂർവ്വികനെക്കുറിച്ചു പറയുന്ന ഒരാൾക്കു് അദ്ദേഹത്തെക്കുറിച്ചുള്ള ചില ഉപാഖ്യാനങ്ങളല്ലാതെ ഒന്നും അറിയില്ല. എന്നാൽ ആർക്കുള്ളിൽ മഹാനായ ഒരു പൂർവ്വികൻ ഉയിർത്തെഴുന്നേല്ക്കുന്നു, അയാൾ പൂർവ്വകഥകൾ ഉരുക്കഴിക്കുന്നില്ല. അതുകൊണ്ടാണു് ഉൾക്കാതലുള്ള ഒരാൾക്കു് താൻ ആദിമനുഷ്യനാണെന്ന തോന്നലുണ്ടാകുന്നതും. കാരണം, തന്നിൽ നിന്നു തുടങ്ങുന്ന ലോകത്തിനു പിന്നിൽ ഒരു ചരിത്രം അയാൾ കാ

ണന്നില്ല; അയാൾക്കു സംസ്കാരവും ശക്തിയും രീതിയും അഭിരുചികളും നല്കിയ ആ പിതാക്കന്മാരും പൂർവ്വികരും അയാളുടെ സമകാലികരാണ്, അവർ പ്രവർത്തിക്കുന്നത് അയാളിലാണ്, അയാൾക്കു മുമ്പല്ല. ശേഷമുള്ളവർ, കഷ്ടം, അവർ ജീവിച്ചതു മറ്റു നക്ഷത്രങ്ങളിലായിരുന്നു; അവർ മരിച്ചതും മറ്റു നക്ഷത്രങ്ങളിലായിരുന്നു!

ഒരു കാലഘട്ടത്തോടു ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണനാർഹമാകുന്നത് ആ കാലഘട്ടത്തിന്റെ പരിസരത്തിൽ മാത്രമാണ്. ചരിത്രമൂല്യം പുരാവസ്തുക്കൾ ശേഖരിക്കുന്നവർക്കു മാത്രം താങ്ങാൻ പറ്റുന്ന വൻവിലയാണ്, അത്രയും വില കൊടുക്കാൻ എല്ലാവർക്കും താല്പര്യമില്ല.

ചരിത്രത്തിന്റെയും അതിന്റെ ഫലങ്ങളുടേയും കാര്യത്തിൽ പിന്നെ പേടിക്കാനുള്ളതിതാണ്: ഭൂതകാലത്തിൽ നിന്നുള്ള സംഗതികൾക്കരികിൽ ഓരോ സമ

കാലികനിമിഷവും (അതിനി എത്ര സമീപസ്ഥവും ചലനാത്മകവുമായിക്കോട്ടെ) തീരെച്ചെറുതായി, ഞെരുങ്ങി, നിസ്സഹായമായി നില്ക്കുന്നതായിട്ടാണു കാണപ്പെടുക. പോയ കാലത്തുനിന്നുള്ള മഹദ്രൂപങ്ങൾ അനുകരണോത്സുകികളായ വരുംതലമുറകൾക്കു നല്കുന്ന പ്രോത്സാഹനവും ഉത്കർഷേച്ഛയുമൊക്കെ വന്ധ്യവും അഗണ്യവുമായിത്തോന്നും, ഓരോ വീരപുരുഷനും ശേഷിപ്പിച്ചുപോയ ഒഴിഞ്ഞ ഇടങ്ങളെ തൊഴുകൈകളുമായി പ്രദക്ഷിണം വയ്ക്കുകയാണ് അലസഭക്തി എന്നു കാണുമ്പോൾ.

തങ്ങൾക്കിടയിൽ നിന്ന് ശക്തനും മഹാനുമായ ഒരാൾ ഉയർന്നുവരുമ്പോൾ ആളുകൾ ആശ്ചര്യചകിതരായിപ്പോകുന്നു; അയാൾ മണ്മറഞ്ഞേറെക്കാലം കഴിഞ്ഞും അവർ ആ ഒഴിഞ്ഞ ഇടത്തിനു ചുറ്റും കൂട്ടം കൂടി നില്ക്കും, കനപ്പെട്ട വാക്കുകളും പൊള്ളയായ ചേഷ്ടകളുമായി. അലസതയും ഇ

വിടെ കടന്നുവരുന്നുണ്ട്. ആളുകൾ തങ്ങളു ടെ ഊർജ്ജത്തിന്റെ ഒരോഹരി വ്യയം ചെ യ്യണമെന്നേയുള്ളു, അതെങ്ങനെ വേണമെ ന്നതു പ്രശ്നമേയല്ല. ഇനി, ഒരു രാഷ്ട്രതന്ത്ര ജ്ഞനോ ഒരു സൈനികമേധാവിയോ ഒ രു രാജാവോ ഇച്ഛാശക്തിയുടെ വീര്യം ഒ ന്നെടുത്തു പ്രയോഗിച്ചാൽ ബാക്കിയുള്ള വർക്ക് ഒരു ഭാരമൊഴിഞ്ഞ പ്രതീതിയാ ണ്, തങ്ങളുടെ കടമ നിർവഹിക്കേണ്ട ഭാ രത്തിൽ നിന്ന് അവർക്കൊഴിവു കിട്ടിക്ക ഴിഞ്ഞു. കാരണം, അവർ വിശ്വസിക്കുന്ന തിങ്ങനെയാണ്: തങ്ങൾ തന്നെയാണ ല്ലോ തങ്ങളിൽ നിന്ന് ഇങ്ങനെയൊരു വീ രനായകനു ജന്മം കൊടുത്തതു്; കുറേക്കാല ത്തേക്ക് ഇതു മതിയാവും!

നിത്യജീവിതം തള്ളിനീക്കിക്കൊണ്ടു പോകുന്നവരിൽ നിന്നാണ് ചരിത്രവാദ ത്തിന് അതിന്റെ ഏറ്റവും നല്ല അനുയാ യികളെ കിട്ടുക. വർത്തമാനകാലത്തി ന് തങ്ങളോടെത്ര മമതയാണെന്നറിയാ

വുന്ന അവർക്ക് കാലം കഴിഞ്ഞ ഒരു മഹത്വത്തിന്റെ സംരക്ഷകരാണ തങ്ങളെന്ന ബോധത്തിൽ നെഞ്ചു വിരിച്ച നില്ക്കാനാകുന്നു.

ഉദാഹരണത്തിന്, വർത്തമാനകാലലോകത്ത് തങ്ങളുടെ രാജ്യത്തിനു വലിയ പ്രമാണിത്തമൊന്നുമില്ല എന്ന നാണക്കേടിൽ നിന്ന് ഫ്രഞ്ചുകാർ സ്വയം കുറ്റവിമുക്തരാക്കുന്നത് തങ്ങൾക്കു നെപ്പോളിയൻ ഉണ്ടായിരുന്നു എന്ന വസ്തുത പറഞ്ഞുകൊണ്ടാണ്. അങ്ങനെയൊരു മനോഭാവത്തിന് അടിസ്ഥാനമില്ലെന്നും പറഞ്ഞുകൂടാ. ദേശീയനായകന്മാർക്കും രാഷ്ട്രതന്ത്രജ്ഞന്മാർക്കും തങ്ങളുടെ മഹത്തായ ഇച്ഛാശക്തിയല്ലാതെ മറ്റൊന്നും നല്കാനില്ല; എന്നാൽ അവരുടെ സമൃദ്ധിയും ഊർജ്ജവുമാണ് ജനങ്ങളുടെ ശക്തി. നൂറ്റാണ്ടുകളായി ചപലമായ ഭ്രമങ്ങൾക്കു വേണ്ടി സ്വന്തം കരുത്തുകൾ തുലച്ച ഒരു ജനതയ്ക്കു മേൽ നെപ്പോളിയൻ ഒന്നാമനെപ്പോലൊരാൾ സ്വ

യം പ്രതിഷ്ഠിക്കുമ്പോൾ ഒരു മുഴുവൻ നൂറ്റാണ്ടിന്റെയും ശക്തി ജനങ്ങളിൽ നിന്നയാൾ മുൻകൂറായി കൈവശപ്പെടുത്തുന്നു, ഒരു മുഴുവൻ ഭാവിയുടെ ആസ്തികൾ വലിയ ഒരൊറ്റ മുഹൂർത്തത്തിനായി ഉപയോഗപ്പെടുത്തുന്നു.

(1898 ജൂലൈ 11)

## ഭാഷ

ഒരാളാവുക, ഒരു കലാകാരനാവുക എന്നതിനർത്ഥം: താനായി സംസാരിക്കാൻ പ്രാപ്തനാവുക. ഭാഷ തുടങ്ങുന്നത് വ്യക്തിയിൽ നിന്നായിരുന്നെങ്കിൽ, അയാളിൽ നിന്നുത്ഭവിച്ച്, പിന്നെ ആ ബിന്ദുവിൽ നിന്ന് മറ്റുള്ളവരുടെ കാതുകളിലേക്കും ഗ്രഹണത്തിലേക്കും ക്രമേണ ചെന്നുകയറുകയുമായിരുന്നെങ്കിൽ അതത്ര പ്രയാസമുള്ളതാകുമായിരുന്നില്ല. പക്ഷേ അങ്ങനെയല്ല കാര്യം. നമുക്ക പൊതുവായിട്ടുള്ളത് ഭാഷ മാത്രമാണ്; അത് ഒറ്റയൊരാൾ നിർമ്മി

ച്ചെടുത്തതുമല്ല; എല്ലാവരും നിരന്തരം അതു നിർമ്മിക്കുകയാണ്; വിപുലമായ, മർമ്മരം പോലുയർന്നുതാഴുന്ന ആ പദവിന്യാസത്തിലേക്ക് ഓരോ ആളും തന്റെ ഹൃദയത്തോടേറ്റവുമടുത്ത കാര്യങ്ങൾ വാക്കുകളിലൂടെ സംഭാവന ചെയ്യുകയാണ്. അപ്പോഴാണ്, ഉള്ളിൽ തന്റെ അയല്ക്കാരിൽ നിന്നു മാറിനില്ക്കുന്ന ഒരാൾ തന്റെ മനസ്സു തുറക്കുകയും കടലിൽ പെയ്യുന്ന മഴ പോലെ സ്വയം നഷ്ടപ്പെടുത്തുകയും ചെയ്യുന്നത്. ഒരു വ്യക്തിക്കു തനതായിട്ടുള്ളതെന്തിനും, നിശ്ശബ്ദമായിരിക്കാൻ അതിഷ്ടപ്പെടുന്നില്ലെങ്കിൽ, അതിനുചിതമായ ഒരു ഭാഷയും വേണം. ഒരേ കാര്യം ഒരേ വാക്കുകൾ കൊണ്ടു പറയുന്നതിൽ പുരോഗതിയില്ല.

## കല

സൌന്ദര്യം ക്ഷുദ്രവും അഗണ്യവുമായിപ്പോവും, ഹൃദ്യമായതിൽ മാത്രമേ നിങ്ങ

ളതിനെ തേടുന്നുള്ളുവെങ്കിൽ; അവിടങ്ങളി ലും സാന്ദർഭികമായി അതിനെ കണ്ടേക്കാ മെങ്കിലും യഥാർത്ഥത്തിൽ അതു കുടി കൊ ള്ളുന്നതും, ഉണർന്നിരിക്കുന്നതും അതിനു മ റഞ്ഞിരിക്കാനാവുന്ന വസ്തുക്കളിലാണ്; എ വിടെയും സന്നിഹിതമാണതെന്നു വിശ്വ സിക്കുന്ന, എന്തനുനയങ്ങൾ പ്രയോഗിച്ചി ട്ടായാലും അതിനെ തന്റെ മുന്നിൽ വരു ത്തിയാലല്ലാതെ ഒരടി മുന്നോട്ടില്ലെന്നു ശ ഠിക്കുന്ന ഒരു വ്യക്തിക്കേ അതു തന്റെ സ്വ രൂപം കാണിക്കുകയുമുള്ളു.

(1908 ഡിസംബർ 22)

കല എന്നാൽ ഇതാണെന്നറിയുക: സ വിശേഷരായ, ഏകാകികളായ വ്യക്തി കൾ ആത്മസാക്ഷാല്ക്കാരത്തിനുപയോഗ പ്പെടുത്തിയ മാർഗ്ഗം. നെപ്പോളിയൻ പുറ മേ എന്തായിരുന്നുവോ, അതാണ് ഉള്ളിൽ ഓരോ കലാകാരനും. ഓരോ വിജയത്തോ ടുമൊപ്പം അയാൾ കോണിപ്പടിയുടെ ഒ

രു പടവു കയറുകയാണ്. എന്നാൽ പൊതുജനത്തെ സന്തോഷിപ്പിക്കാനായി നെപ്പോളിയൻ ഏതെങ്കിലും യുദ്ധം ജയിച്ചിട്ടുണ്ടോ?

കല എന്നാൽ ഇതാണെന്നറിയുക: സ്വാതന്ത്ര്യത്തിലേക്കുള്ള ഒരു പാത. നാമെല്ലാം ജനിച്ചത് ചങ്ങലകളുമായിട്ടാണ്. ചുരുക്കം ചിലർ അത് ചങ്ങലകളാണെന്നതന്നെ അറിയുന്നില്ല; അവരതിൽ സ്വർണ്ണമോ വെള്ളിയോ പൂശുന്നു. നമുക്കു വേണ്ടത് ആ ചങ്ങലകൾ ഭേദിക്കുകയാണ്; വിരൂപവും മൃഗീയവുമായ ബലപ്രയോഗത്തിലൂടെയല്ല; അവയെ കവിഞ്ഞു വളരുക എന്നതാണ് നമ്മുടെ ആഗ്രഹം.

കലാകാരൻ സൃഷ്ടിക്കുന്നത് തനിക്കു വേണ്ടി മാത്രമാണെന്നറിയുക — തനിക്കു വേണ്ടി മാത്രം. നിങ്ങളെ ചിരിപ്പിക്കുകയോ കരയിപ്പിക്കുകയോ ചെയ്യുന്ന ആ വസ്തു ഒരു മല്ലയുദ്ധക്കാരന്റെ കൈകൾ കൊണ്ട് അയാൾ രൂപപ്പെടുത്തിയെടുക്കണം, ത

ന്നിൽ നിന്നു തന്നെ ഉയർത്തിയെടുക്കണം. തന്റെയുള്ളിൽ ഭൂതകാലത്തിനിടമില്ല; അതിനാൽ അയാളതിന് കലാസൃഷ്ടികളിൽ സ്വതന്ത്രമായ ഒരസ്തിത്വം നല്കുന്നു. പക്ഷേ അയാൾ അതു് നിങ്ങളുടെ കാലത്തിൽ പ്രതിഷ്ഠിക്കുന്നതു് നിങ്ങളുടെ ലോകത്തിന്റേതല്ലാത്ത ഒരു സാമഗ്രി അയാൾക്കറിവില്ലാത്തതു കൊണ്ടാണ്. അതു് നിങ്ങൾക്കുള്ളതല്ല. അതിൽ തൊടരുതു്, ഭയഭക്തികളോടെ വേണം അതിനെ നോക്കാനും.

⋆ ⋆ ⋆

ഇക്കാലത്തു് കലാകാരനും ആൾക്കൂട്ടവും തമ്മിലുള്ള ബന്ധത്തിൽ പറഞ്ഞാൽ തീരാത്ത ഒരു ക്രൂരതയുണ്ടു്.

സാധാരണവസ്തുക്കളുടെ രൂപത്തിൽ നിസ്സഹായമായി അഭയം തേടുന്ന അയാളുടെ കുമ്പസാരങ്ങളെ പലരും ആ വസ്തുക്കളിൽ നിന്നന്യമായിട്ടല്ല കാണുന്നതു്. എല്ലാവരും അതിൽ കൈ വയ്ക്കുന്നു; തങ്ങൾ

ക്കെന്തിഷ്ടപ്പെട്ടു, എന്തു തങ്ങളുടെ ഹിതത്തിനൊത്തതായില്ല എന്നൊക്കെ ആർക്കും വിളിച്ചുപറയാം. എല്ലാവരും വിശുദ്ധപാത്രം കൈയിലെടുക്കുന്നു, നിത്യോപയോഗത്തിനുള്ള ഒന്നാണതെന്നപോലെ, ആരും ശിക്ഷിക്കുമെന്ന പേടിയില്ലാതെ താഴെയിട്ടു പൊട്ടിക്കാവുന്നതാണതെന്നപോലെ: ദേവാലയം അശുദ്ധമാക്കുന്നവർ!

അതിനാൽ കലാകാരന്റെ വഴി ഇതായിരിക്കണം: തടസ്സങ്ങൾ ഒന്നൊന്നായി കടന്ന്, പടികൾ ഒന്നൊന്നായി ഉയർത്തി ഒടുവിൽ തനിക്കുള്ളിലേക്കു നോട്ടം കിട്ടുമെന്നാവുക. കഴുത്തു നീട്ടിപ്പിടിച്ചിട്ടല്ല, പെരുവിരലിൽ ഉയർന്നുനിന്നിട്ടല്ല, ഒരു ഭ്രദൃശ്യത്തിലേക്കെന്നപോലെ തെളിഞ്ഞും ശാന്തമായും. തന്നിലേക്കു തന്നെയുള്ള ആ മടക്കത്തിനു ശേഷം ഓരോ കൃത്യവും അലസമായ ഒരാനന്ദമായിരിക്കും; അയാളുടെ ജീവിതം ഒരു സൃഷ്ടിയായിരിക്കും; തനിക്കു പുറ

ത്തുള്ള വസ്തുക്കൾ അയാൾക്കു പിന്നെ ആവശ്യം വരികയുമില്ല. അയാൾ വിപുലമായിരിക്കും, വളർച്ചയുടെ വിസ്തൃതി അയാൾക്കുള്ളിലായിരിക്കും.

കലാകാരന്റെ ജോലി ഒരു ചിട്ട വരുത്തലാണ്: നിസ്സാരവും ക്ഷണികവുമായതെല്ലാം അയാൾ തനിക്കു പുറത്തെടുത്തു വയ്ക്കുന്നു: തന്റെ ഏകാന്തയാതനകൾ, തന്റെ അവ്യക്തകാമനകൾ, തന്റെ ഭീതിദസ്വപ്നങ്ങൾ, മാഞ്ഞുപോകുന്ന ആ സന്തോഷങ്ങളും. അപ്പോൾ അയാൾക്കുള്ളിലുള്ള ഇടം വിശാലവും പ്രസന്നവുമാകുന്നു, തനിക്കർഹമായ ഒരു പാർപ്പിടം അയാൾ സൃഷ്ടിക്കുകയും ചെയ്തുകഴിഞ്ഞു.

* * *

കലാകാരന്മാർ അന്യോന്യസമ്പർക്കം ഒഴിവാക്കണം. ഒരിക്കൽ ചില വിമുക്തികൾ കൈവരിച്ചാൽ ആൾക്കൂട്ടം പിന്നെ അവരെ തൊടില്ല. പക്ഷേ ഏകാകികളാ

യ രണ്ടുപേർ അന്യോന്യം ആപല്ക്കാരികളായിരിക്കും.

ഒരാൾ മറ്റേയാളുടെ കലയിൽ കൈ വയ്ക്കുകയുമരുത്. തന്നിലും വലിയവനിൽ നിന്നാണയാൾ എടുക്കുന്നതെങ്കിൽ അയാൾക്കു തന്നെ നഷ്ടമാകും; തന്നേക്കാൾ ചെറിയവനിലേക്കാണയാൾ ചായുന്നതെങ്കിൽ അയാൾ സ്വയം അശുദ്ധമാക്കുകയും തന്റെ ഹൃദയത്തിന് അതിന്റെ വിശുദ്ധി നിഷേധിക്കുകയുമായിരിക്കും. എന്നാൽ മറ്റേയാളുടെ സംസ്കാരത്തിൽ ഒരാൾക്ക് ആഹ്ളാദത്തോടെയും കൃതജ്ഞതയോടെയും പങ്കു പറ്റുകയുമാവാം. അപ്പോൾ ഒരാൾ മറ്റേയാളെ കൂടുതലുയർന്ന മാനവികതയിലേക്കും അതു വഴി കൂടുതൽ ശുദ്ധമായ കലയിലേക്കും കൊണ്ടുപോവുകയാണ്.

* * *

കലയ്ക്കു നിങ്ങൾ രക്ഷാകവചം കൊടുക്കൂ; അന്നന്നത്തെ കലഹങ്ങൾ അതറിയാ

നിട വരാതിരിക്കട്ടെ. എന്തെന്നാൽ കാലത്തിനുമപ്പുറത്താണതിന്റെ സ്വദേശം. വിത്തുകൾ പാറ്റിയെത്തുന്ന കൊടുങ്കാറ്റുകൾ പോലെയാണതിന്റെ സമരങ്ങൾ, അതിന്റെ വിജയങ്ങൾ വസന്തകാലം പോലെയും. അതിന്റെ സൃഷ്ടികൾ: പുതിയൊരുടമ്പടിക്കായുള്ള ചോര ചൊരിയാത്ത കുരുതികൾ.

ജർമ്മൻ ജനതയുടെ മഹത്തായ വിപ്ളവത്തെക്കുറിച്ച പറയാൻ തന്റെ രചനകളിൽ ഒരു വരി പോലും നീക്കിവച്ചിട്ടില്ലാത്ത ഗെയ്ഥെയെക്കുറിച്ച് എത്ര തവണ ഞാൻ ചിന്തിച്ചിട്ടില്ല. ഭിന്നതയെ പ്രകീർത്തിക്കുന്നതൊന്നിനെ നിർമ്മാണശിലയാക്കുന്നതെങ്ങനെയാണ്, അതിനകം അത്രയും സമൃദ്ധവും പക്വവും സ്വച്ഛവുമായിക്കഴിഞ്ഞ ഒരു മനസ്സ്?

ദേശീയകല! സത്യസന്ധമായ ഏതു കലയും ദേശീയമാണ്. അതിന്റെ വേരുകൾ ചൂടു വലിച്ചെടുക്കുന്നത് അതു മുളച്ചവളർ

ന്ന നിലത്തു നിന്നാണ്, അതു കരുത്താർജ്ജിക്കുന്നതും അവിടെ നിന്നു തന്നെ. എന്നാൽ പിന്നെയതിന്റെ തായ്ത്തടി ഉയരുന്നത് ഏകാന്തതയിലാണ്, അതിന്റെ മകുടം പടരുന്ന മേഖല ആരുടെയും സ്വരാജ്യവുമല്ല. ചില്ലകൾ പൂക്കുന്നതെപ്പോഴെന്ന് മൂഢമായ വേരറിയുന്നതു പോലുമുണ്ടാവില്ല.

* * *

ഓരോ വ്യക്തിയും വളരുന്നത് പലരിൽ നിന്നു തന്നിലേക്കാണ്. എന്നെങ്കിലുമൊരാൾ തന്നെത്തന്നെ കണ്ടെത്തിയാൽ പിന്നെ അയാൾക്കു വേണമെങ്കിൽ ആ പലരിലേക്കു മടങ്ങുകയും അവരുടെ രക്ഷകനാവുകയും ചെയ്യാം; അവർ അയാളെ കുരിശിലേറ്റുകയോ തീയിട്ടു ചുടുകയോ ചെയ്തേക്കാം. അയാളിൽ നിന്നു പിന്നെ ശേഷിക്കുന്നതിൽ നിന്ന്, അതെ, അവർ ഒരു മതം സൃഷ്ടിക്കുകയും ചെയ്യും.

എന്നാൽ അങ്ങനെയൊരാൾ കലാകാരനായിരിക്കില്ല. എന്തെന്നാൽ, സർഗ്ഗാത്മകതയുള്ള ഒരാൾ സ്വയം കണ്ടെത്തിക്കഴിഞ്ഞാൽ അയാൾ തന്റെ ഏകാന്തതയിൽ കുടിയിരിക്കുകയേയുള്ളു; തന്റെ ഏകാന്തതയുടെ സ്വസ്ഥതയിൽ കിടന്നു മരിക്കാനാണ് അയാൾക്കാഗ്രഹം.

* * *

ഏതു വഴിയിലൂടെ പോയിട്ടും എനിക്കിനിയും സംഗീതത്തിനടുത്തു ചെല്ലാൻ കഴിഞ്ഞിട്ടില്ല. എന്നാല്ക്കൂടി, മറ്റു കലകളിൽ നിന്ന് മൗലികമായിത്തന്നെ വ്യത്യസ്തമാണ് അതിന്റെ മേഖലയെന്ന് ഞാൻ വിശ്വസിക്കുന്നു. ശബ്ദത്തിന്റെ കവിയ്ക്കു് തന്റെ കുമ്പസാരങ്ങളെ സാമാന്യലോകത്തിന്റെ നടുക്കു തന്നെ പ്രതിഷ്ഠിക്കേണ്ടി വരുന്നില്ല. തന്റെ വിമുക്തികളിൽ അയാൾ അവതരിപ്പിക്കുന്നതു് നിദ്രാണമായ സാദ്ധ്യതകളെയാണ്; മാന്ത്രികപദം അറിയുന്ന ഒരാൾക്കേ ഉ

ല്ലാസത്തിലേക്കും ആനന്ദത്തിലേക്കും അവയെ ഉണർത്താനാവൂ.

വ്യത്യസ്തമായ കലകളെ ഒരുമിച്ചണിനിരത്താൻ നോക്കുന്നതും ഒറ്റ ലക്ഷ്യത്തിലേക്ക് അവയെ തളയ്ക്കുന്നതും കലാപരമായ പക്വതയില്ലായ്മയാണ്. എല്ലാ കലകളുടേയും ലക്ഷ്യം ഒന്നുതന്നെയാണെന്നതു ശരിയാണെങ്കിലും ഒരേ സമയം ഒരേ വഴിയിലൂടെ അതിലേക്കെത്താൻ അവയ്ക്കു കഴിയില്ല. ആ തരം കൃത്രിമസംയോജനങ്ങളിൽ ഒന്ന് മറ്റൊന്നിനെ ഞെരുക്കുകയും അതിന്നു മേൽ കോയ്മ നേടാൻ നോക്കുകയും ചെയ്യും.

ഒരു കലാസൃഷ്ടിയിൽ ഒരു കലയുടെ പ്രമാണങ്ങളേ സാക്ഷാല്ക്കരിക്കപ്പെടാവൂ. ചിത്രത്തിന് എഴുത്തിന്റെ ആവശ്യം വരരുത്, ശില്പത്തിന് വർണ്ണത്തിന്റെ (ചിത്രത്തിന്റെ കാര്യത്തിലെന്നപോലെ) ആവശ്യം വരരുത്, കവിതയ്ക്ക് സംഗീതത്തിന്റെ

യും. ഓരോന്നിലും എല്ലാം അടങ്ങിയിരി ക്കണം.

അരങ്ങു പോലെ അത്ര അസംസ്കൃത വും സന്തോഷിപ്പിക്കാൻ വ്യഗ്രവുമായ ഒ രു ചട്ടക്കൂടിനു മാത്രമേ കഴിയുമായിരുന്നു ള്ളു, ഓപ്പെറായിലും മറ്റും കാണുന്നപോ ലെ സാഹിത്യവും സംഗീതവും തമ്മിലുള്ള ഒരു കൂട്ടിച്ചേർക്കൽ മുന്നോട്ടു വയ്ക്കാൻ. അ ങ്ങനെയൊരു പരിണയത്തിലെ അനീതി യ്ക്കു തെളിവാണ്, രണ്ടിലും വച്ചു മിടുക്കു കുറ ഞ്ഞ സംഗീതമാണു ജയിച്ചുനില്ക്കുന്നതെന്ന ത്.

അങ്ങനെയൊരു കൊളുത്തിയിടൽ പൊ തുജനത്തിനായുള്ള ഒരു സൗജന്യമായി ട്ടു തന്നെയാണ് ഉണ്ടായതും; ഒരു കല മ റ്റൊന്നിനു വ്യാഖ്യാനം ചമയ്ക്കുന്നതു കാ ണാൻ അതിനുത്സാഹമാണല്ലോ. സംഗീ തത്തിന്റെ അകമ്പടിയോടെയുള്ള അതി ദ്രുതചിത്രരചന (മദ്യഷാപ്പുകളിൽ നടക്കു ന്ന മട്ടിലുള്ളത്) ഓപ്പെറയിലെ കലകളു

ടെ പരിണയത്തിനു ചേർന്നതു തന്നെയാണ്.

എല്ലാ കലകളേയും ഒരുമിച്ചു കലർത്താനാണ് ആൾക്കൂട്ടത്തിനിഷ്ടം; ആ പ്രക്രിയക്കിടയിൽ കല നഷ്ടമാവുകയും ചെയ്യും. മനോഹരമായ ഒരു മുറിയിലിരുന്നു സംഗീതം കേൾക്കുന്നത് ഇതിലുൾപ്പെടുമെന്നു ഞാൻ പറയുന്നില്ല; കലകളെ വെറുതേ ഒരുമിച്ചു കൊട്ടിയിടുന്നതിൽ നിന്നു വ്യത്യസ്തമായി അലങ്കരണപരമായി അവയെ ഉപയോഗപ്പെടുത്തുകയാണല്ലോ ഇവിടെ. ശ്രദ്ധയോടെ ചെയ്താൽ ഒരിടം നിറയ്ക്കാനുള്ള ഭാവനാപൂർണ്ണമായ വിന്യാസമാവുകയും ചെയ്യുമത്.

കലകളുടെ കാര്യം വരുമ്പോൾ പ്രമാണങ്ങൾ രൂപീകരിക്കുന്നതിൽ ഒരു പ്രത്യേകത പറയാനുണ്ട്. ആദ്യം തന്നെ മഹത്തായ സൃഷ്ടികൾ ഉണ്ടായി വരണം; ഒരിക്കൽ അവ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞാൽ പിന്നെ താർക്കികമനസ്സുകൾക്ക് അവ

യിൽ നിന്നു നിയമങ്ങൾ കണ്ടെടുക്കാം. പക്ഷേ, കലയ്ക്ക മുൻകൂട്ടി നിയമങ്ങൾ സൃഷ്ടിച്ചു വച്ചിരിക്കുന്ന ഒരു കാലഘട്ടം അധഃപതനത്തിന്റേതാണ്, അല്ല, അനുകരണത്തിന്റേതാണ്.

കലാസൃഷ്ടികളിൽ നിഹിതമായിരിക്കുന്ന നിയമങ്ങളെ നായാടിപ്പിടിക്കണമെന്ന് സാമാന്യജനത്തിനു വാശിയൊന്നുമില്ല; നിരൂപകർക്കു പക്ഷേ, തങ്ങൾ ഗൗരവത്തോടെ അനുഷ്ഠിക്കേണ്ട കടമയാണത്. എന്നാലല്ലേ തീർത്തും വ്യത്യസ്തരായ കലാകാരന്മാരിൽ സമാനതകൾ കണ്ടെത്താനും അതുവഴി വ്യക്തികളിൽ നിന്ന് സംഘങ്ങളും ശൈലികളും ചിട്ടകളും രൂപപ്പെടുത്താനും അവർക്കു കഴിയൂ; അവർക്കു സ്വസ്ഥത കൊടുക്കുന്നതും ക്രമത്തിനായുള്ള അവരുടെ ദാഹത്തെ തൃപ്തിപ്പെടുത്തുന്നതുമായ ഒരു പ്രവൃത്തിയാണത്.

ഉത്തരം നമ്മുടെ ചെവിയിൽ മന്ത്രിച്ചു തരുന്ന സ്കൂൾകുട്ടികളെപ്പോലെയാണ് നിരൂപകർ; സാമാന്യജനം മൂഢമായ വിശ്വാസത്തോടെ ആ വിവരക്കേടുകൾ ഏറ്റുചൊല്ലുമ്പോൾ അവർ തമ്മിൽത്തമ്മിൽ നോക്കി ച്ചിരിക്കുകയാണ്.

* * *

ഒരു കലാസൃഷ്ടിയെ മറ്റുള്ളവയോടു ബന്ധപ്പെടുത്തി വിലയിരുത്താൻ ശ്രമിക്കുന്ന നിമിഷം നാമതിനോട് അനീതി ചെയ്തു തുടങ്ങുകയായി. ഒടുവിൽ ഇങ്ങനെയുള്ള ചോദ്യങ്ങളിലേക്കാണ് അതു ചെന്നെത്തുക: റാഫേലോ മൈക്കലാഞ്ജലോയോ, ഗെയ്ഥെയോ ഷില്ലറോ, സഡർമന്നോ –; ഈ തരം നേരമ്പോക്കുകൾ നമ്മുടെ ജർമ്മൻകാർക്ക് എന്നും ഇഷ്ടമായിരുന്നു.

എത്ര വലിയ പക്വതയില്ലായ്മയുടെ ലക്ഷണമാണ് ആ തരം ചോദ്യങ്ങളെന്ന് ആളുകൾക്കെന്നെങ്കിലും മനസ്സിലായെന്നു

വരാം. വിധിയെഴുതുക എന്നത് അത്ര ആവശ്യമാണോ? ഒരു സംഗീതരചനയെടുക്കുക; മുഗ്ദ്ധമായ ഒരാസ്വാദനത്തോടെ അതിനോടു ബന്ധപ്പെടാൻ ആർക്കും കഴിയും: നമ്മുടെ ഞരമ്പുകളിലൂടെ സംഗീതം ഹൃദ്യമായി ഒഴുകിപ്പോകുന്നു, നമ്മുടെ കാലടികൾ താളമിടാൻ തുടങ്ങുന്നു, തീർത്തും അതിസാധാരണമായ ഒരു സുഖാനുഭൂതി നമുക്കുണ്ടാവുകയും ചെയ്യുന്നു. ഒരു ചിത്രത്തിനു മുന്നിൽ നില്ക്കുമ്പോൾ പക്ഷേ, നമുക്കു വെപ്രാളമാവുകയായി: എനിക്കപ്പോൾ ഗ്രളികരൂപത്തിലുള്ള ചില ആശയങ്ങളും ചില സാങ്കേതികപദങ്ങളും ആവശ്യമായി വരുന്നു; പിന്നെ രണ്ടാമത്തെ പേടി: അതിനെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായം മറ്റുള്ളവരുടെ കണ്ണിൽ നമ്മെ ചെറുതാക്കുമോയെന്ന്.

ഏതു കലാസൃഷ്ടിയുടേയും യഥാർത്ഥമൂല്യത്തിലേക്കുള്ള വഴി ഏകാന്തതയിലൂടെയാണ്. ഒരു പുസ്തകമോ ഒരു ചിത്രമോ ഒ

രു ഗാനമോ കൊണ്ടു് രണ്ടോ മൂന്നോ ദിവസം സ്വയം വലയം ചെയ്യുക, അതിന്റെ ശീലങ്ങൾ പരിചയിക്കുക, അതിന്റെ വൈചിത്ര്യങ്ങൾ കണ്ടെടുക്കുക, അതിനു മുന്നിൽ ആത്മവിശ്വാസമുണ്ടാവുക, അതിന്റെ വിശ്വാസമാർജ്ജിക്കുക, അതിന്റെയൊപ്പം ഒരനുഭവം പങ്കുവയ്ക്കുക, അതിനി എന്തുമാകട്ടെ, ഒരു ശോകമോ ഒരു സ്വപ്നമോ ഒരഭിലാഷമോ എന്തും.

ഒരു കലാസൃഷ്ടിയെ ഇങ്ങനെ വിവരിക്കാൻ നിങ്ങൾക്കു കൊതി തോന്നിപ്പോകുന്നു: ഒരോർമ്മയുടെയോ ഒരനുഭവത്തിന്റെയോ ഒരു സംഭവത്തിന്റെയോ പശ്ചാത്തലത്തിൽ നടത്തപ്പെടുന്ന ഗഹനമായ ഒരു കുമ്പസാരം; സ്രഷ്ടാവിൽ നിന്നു മുക്തമായിക്കഴിഞ്ഞാൽ സ്വന്തനിലയ്ക്കു് നിലനില്ക്കാൻ കഴിവുള്ളതും. കലാസൃഷ്ടിയുടെ ഈ സ്വാതന്ത്ര്യത്തെയാണു് സൗന്ദര്യം എന്നു പറയുന്നതു്. ഓരോ കലാസൃഷ്ടിയോടുമൊപ്പം പുതിയതായ ഒരു വസ്തു ലോകത്തു കു

ട്ടിച്ചേർക്കപ്പെട്ടുകയാണ്. ഈ നിർവ്വചനം എല്ലാം ഉൾക്കൊള്ളുന്നുവെന്ന് നിങ്ങൾക്കു കാണാം: യെഹാൻ ദെ ബ്യൂസിന്റെ (ഫ്രഞ്ച് കല്പണിക്കാരൻ, 15/16 നൂറ്റാണ്ട്) ഗോത്തിക് കതീഡ്രലുകൾ മുതൽ യുവാവായ വാൻ ഡെ വെൽഡെയുടെ (ബല്ജിയൻ മരപ്പണിക്കാരൻ, 19/20 നൂറ്റാണ്ട്) ഒരു ഫർണീച്ചർ വരെ. (1898)

## പ്രകൃതി

നഗരത്തിന്റെ കലാപത്തിനു ശേഷം ഉന്നതവും ക്ഷമാശീലവുമായ ഈ കാടുകൾ പിന്നെയും കാണുമ്പോൾ! എത്ര അഭിജാതമാണ് ഈ നില്പ്, ഈ ശാന്തത. മനുഷ്യജീവികളുടെ ഭീഷണമായ ചേഷ്ടകൾ കണ്ടു മനസ്സു കലങ്ങിനില്ക്കുമ്പോൾ ചലനങ്ങളിൽ മഹത്തായതായി രണ്ടെണ്ണമേയുള്ളുവെന്നു നമുക്കു തോന്നിപ്പോകുന്നു – ഉയർന്നുപറക്കുന്ന ഒരു കിളിയുടെ ചിറകടിയും മരത്തലപ്പുകളുടെ ഉലച്ചിലും. എങ്ങ

നെ ചലിക്കണമെന്ന് നമ്മുടെ ആത്മാവുകളെ പഠിപ്പിക്കുകയാണ് ഈ രണ്ടു ചേഷ്ടകളും.

★ ★ ★

കുട്ടികൾ തീ കൊണ്ടു കളിക്കുന്നതു പോലെ ഇരുണ്ട ശക്തികൾ കൊണ്ടു നാം കളിക്കുന്നു; ഊർജ്ജമെല്ലാം വസ്തുക്കളിൽ നിദ്രാണമായിക്കിടക്കുകയായിരുന്നുവെന്നും ഇപ്പോഴാണ്, നമ്മുടെ നശ്വരജീവിതത്തിലും അതിന്റെ ആവശ്യങ്ങൾക്കും അതുപയോഗപ്പെടുത്താനായി നാം വന്നതിന ശേഷം മാത്രമാണ് ആ ശക്തികൾ ഉണർന്നെഴുന്നേറ്റതെന്നും ഒരു നിമിഷത്തേക്കു നമുക്കു തോന്നിപ്പോകുന്നു. പക്ഷേ ഓരോ സഹസ്രാബ്ദത്തിലും അവ നാം കൊടുത്ത പേരുകൾ കുടഞ്ഞുകളയുകയും നമുക്കെതിരെ കലഹിക്കുകയും ചെയ്യുന്നു — തങ്ങളെക്കാൾ ചെറിയ യജമാനന്മാർക്കെതിരെ ഒരടിമവർഗ്ഗം കലാപത്തിനിറങ്ങുമ്പോലെ. അതു പക്ഷേ, നമുക്കെതിരെപ്പോ

ല്യമല്ല; അവ എഴുന്നേല്ക്കുന്നതേയുള്ളൂ; അതോടെ ഭൂമിയുടെ ചുമലുകളിൽ നിന്ന് സംസ്കാരങ്ങൾ പലതും ഊർന്നുവീഴുന്നു; അവൾ പിന്നെയും വിശാലവും ബൃഹത്തുമാവുന്നു, തന്റെ സമുദ്രങ്ങളും വൃക്ഷങ്ങളും നക്ഷത്രങ്ങളുമായി. (1900 ഏപ്രിൽ 7)

നാം ഭൂമിയുടെ ഏറ്റവും പുറമേയുള്ള പ്രതലത്തെ മാറ്റിത്തീർക്കുന്നുവെന്നും നാമതിലെ കാടുകളേയും പുല്മേടുകളേയും പരിപാലിക്കുന്നുവെന്നും മരങ്ങളിൽ നിന്നു നാം പഴങ്ങൾ ശേഖരിക്കുന്നുവെന്നും (അതു നമുക്കു പറഞ്ഞിട്ടുള്ളതാണെന്ന പോലെ) പറയുമ്പോൾ എന്താണു നാം അർത്ഥമാക്കുന്നതു? അതിന്റെ അർത്ഥശൂന്യത മനസ്സിലാവാൻ പ്രകൃതി നമ്മുടെ പ്രതീക്ഷകളേയും നമ്മുടെ ജീവിതങ്ങളേയും മാനിക്കാതെ പ്രവർത്തിച്ച ഒരു സന്ദർഭം ഓർമ്മിച്ചാൽ മതി; എത്ര ഉദാത്തമായ ഗാംഭീര്യവും ഉദാ

സീനതയും നിറഞ്ഞതായിരുന്നു അവളു ടെ ചേഷ്ടകൾ! നമ്മൾ അവളുടെ അറിവി ലേയില്ല. മനുഷ്യർ എന്തൊക്കെ കൈവരി ച്ചോട്ടെ, പ്രകൃതി ഒരാളുടെ വേദനയിൽ പ ങ്കു ചേരുകയോ അയാളുടെ സന്തോഷ ത്തിൽ ഒപ്പം കൂടുകയോ ചെയ്യുന്നില്ല; അ ത്രയും മഹത്വത്തിലേക്ക് നാം ഉയർന്നി ട്ടില്ല. മഹത്തായ ചില ചരിത്രമുഹൂർത്ത ങ്ങൾക്ക് പ്രകൃതി അതിന്റെ പ്രബലവും ഇ രമ്പുന്നതുമ ഒരു തീരുമാനമെടുക്കുന്ന വേ ളയിൽ കാറ്റു വീശാതെയായെന്നും പ്രകൃ തിയാകെ ശ്വാസമടക്കിപ്പിടിച്ച നില്ക്കുക യായിരുന്നുവെന്നും നമുക്കു തോന്നിയേ ക്കാം; നിഷ്കളങ്കമായ ഒരു സാമൂഹികാന ന്ദത്തിന്റെ സന്ദർഭത്തെ കാറ്റിലാടുന്ന പൂ ക്കളും പാറിപ്പറക്കുന്ന പൂമ്പാറ്റകളും തുള്ളി ക്കളിക്കുന്ന തെന്നലുകളും കൊണ്ടതു് സ മ്പുഷ്ടമാക്കിയെന്നും വരാം. പക്ഷേ തൊട്ടു ടുത്ത നിമിഷം അതു് തിരിഞ്ഞു നടക്കുക യാണ്, ആരോടൊപ്പം എല്ലാം പങ്കിട്ടുവെ

ന്നു തോന്നിച്ചുവോ, അയാളെ ഉപേക്ഷി ച്ചു പോവുകയാണ്. (1902)

വസന്തമായി നാം അനുഭവിക്കുന്നത് ദൈവത്തിന്റെ കണ്ണിൽ ഭൂമിയ്ക്കു മേൽ കൂ ടി കടന്നുപോകുന്ന ഒരു നേർത്ത പുഞ്ചി രി മാത്രമാണ്. ഭൂമി എന്തോ ഓർത്തെടു ക്കുന്ന പോലെയാണ്; വേനൽക്കാലത്ത് അവളത് എല്ലാവരോടും പറഞ്ഞുനടക്കു ന്നു; പിന്നീട്, വിപുലമായ ശരൽക്കാലമൗ നത്തിൽ അവൾ വിവേകിയാവുന്നു; ഏകാ കികളോടേ പിന്നെയവൾ തന്റെ ഓർമ്മ കൾ പങ്കു വയ്ക്കുന്നുള്ളു. നിങ്ങളും ഞാനും അ റിഞ്ഞ വസന്തകാലങ്ങൾ ഒരുമിച്ചുകൂട്ടിയാ ലും അത് ദൈവത്തിന്റെ ഒരു നിമിഷം നി റയ്ക്കാനുണ്ടാവില്ല. ദൈവത്തിന്റെ ശ്രദ്ധ യിൽ വരുമെന്നു കരുതുന്ന വസന്തം മരങ്ങ ളിലും പുല്പുറങ്ങളിലും തങ്ങിനില്ക്കുന്നതല്ല; മ നുഷ്യർക്കുള്ളിൽ കരുത്തെടുക്കേണ്ടതാണ

ത്. ആ വസന്തം നടക്കുന്നത് കാലത്തില ല്ല, നിത്യതയിലും ദൈവത്തിന്റെ സാന്നി ദ്ധ്യത്തിലുമാണ്. (1900)

സ്ഥലങ്ങൾ, ഭൂദൃശ്യങ്ങൾ, ജന്തുക്കൾ, വ സ്തുക്കൾ — ഇവയെല്ലാന്നിനും യഥാർത്ഥ ത്തിൽ നമ്മെക്കുറിച്ചൊന്നുമറിയില്ല. ഒ രു പ്രതിബിംബം കണ്ണാടിയിലൂടെ കട ന്നുപോകുന്നതുപോലെ നാം അവയിലൂ ടെ കടന്നുപോകുന്നു. നാം കടന്നുപോകു ന്നു — നമ്മുക്കവയുമായുള്ള ബന്ധം അങ്ങ നെ സംക്ഷേപിക്കാം. ലോകം ഒരു പ്രതി ബിംബം പോലെ നമ്മിൽ നിന്നു കൊട്ടി യടയ്ക്കപ്പെട്ടിരിക്കുന്നു; നമുക്കതിലേക്കു കട ക്കാൻ ഒരു വഴിയുമില്ല. അതേ സമയം, ഇ തേ കാരണം കൊണ്ടു തന്നെയാണ് ഇ തൊക്കെ നമുക്കു വലിയൊരു സഹായമാ വുന്നതും: ഈ ഭൂദൃശ്യം, കാറ്റിന്റെ വിരലു കൾ താളു മറിക്കുന്ന ഈ മരം, സായാ

ഹനം വാരിച്ചുറ്റി തന്നെത്തന്നെ ധ്യാനിച്ചിരിക്കുന്ന ഈ വസ്തു. ഇതൊന്നിനേയും നമ്മുടെ അനിശ്ചിതത്വത്തിലേക്ക്, നമ്മുടെ അപകടങ്ങളിലേക്ക്, നിഴലടഞ്ഞതും വെളിവിലേക്കുണരാത്തതുമായ നമ്മുടെ ഹൃദയങ്ങളിലേക്ക് വലിച്ചിടാൻ നമുക്കു കഴിയില്ലെന്നതിനാൽത്തന്നെ നമുക്കവ വലിയ സഹായവുമാവുന്നു. (1908)

താൻ ചെയ്യുന്ന ക്രൂരതകളെ സാധൂകരിക്കാനായി പ്രകൃതിയിൽ നടക്കുന്ന ക്രൂരതകളെ വിളിച്ചുകാണിയ്ക്കുന്ന ഏർപ്പാട് മനുഷ്യനൊന്നു നിർത്തിയിരുന്നെങ്കിൽ! പ്രകൃതിയിൽ നടക്കുന്ന എത്ര ഘോരമായ സംഭവത്തിൽപ്പോലും എന്തുമാത്രം നിഷ്കളങ്കതയാണുള്ളതെന്ന കാര്യം അവൻ മറന്നുപോകുന്നു. അങ്ങനെയൊന്നിനെ പ്രകൃതി മാറിനിന്നു നോക്കുകയോ, അതിനെക്കുറിച്ചു ചിന്തിക്കുകയോ ചെയ്യുന്നില്ല; അ

തിൽ നിന്നു ദൂരത്തിലല്ല അതെന്നതു തന്നെ കാരണം — ഏതു ഭീഷണമായ സംഭവത്തിനുള്ളിലും പൂർണ്ണമായിത്തന്നെ അതുണ്ട്; അതിലാണ് അതിന്റെ ഉർവരതയും സമൃദ്ധിയും കിടക്കുന്നത്; ഏതു ഭീതിദമായ സംഭവവും, ആത്യന്തികമായി, പ്രകൃതിയുടെ സമൃദ്ധിയുടെ പ്രകാശനമെന്നതല്ലാതെ മറ്റൊന്നുമല്ല. അതിന്റെ ബോധം എന്നാൽ അതിന്റെ പൂർണ്ണത തന്നെ; കാരണം എല്ലാമുൾക്കൊള്ളുന്നതാണത്; ക്രൂരതയും കൂടി അടങ്ങിയതാണ് പ്രകൃതി. മനുഷ്യനു പക്ഷേ സർവതും തന്നിലുൾക്കൊള്ളിക്കാൻ ഒരിക്കലും പറ്റില്ല; അതു കാരണം ഭീഷണമായതൊന്ന്, ഉദാഹരണത്തിന് ഒരു കൊലപാതകം, അവൻ തിരഞ്ഞെടുക്കുമ്പോൾ, ആ കൊടുംഗർത്തത്തിന്റെ വിപരീതം തന്നിലുണ്ടോയെന്നു തീർച്ചയാക്കാൻ അവനു കഴിയുന്നുമില്ല. അങ്ങനെ ആ തിരഞ്ഞെടുപ്പു നടത്തുന്ന ക്ഷണത്തിൽ ഒരപവാദമാവാൻ വിധിക്കപ്പെടുക

യാണവൻ; സാകല്യത്തോടു ബന്ധം മുറിഞ്ഞ, ത്രിമാനത്വം നഷ്ടപ്പെട്ട, ഒറ്റപ്പെട്ട ഒരു ജീവി. (1919 ആഗസ്റ്റ് 6)

മിക്കവാറും എല്ലാ വലിയ തത്ത്വചിന്തകന്മാരും മനഃശാസ്ത്രജ്ഞന്മാരും ഈ ഭൂമിയിലാണ്, ഭൂമിയിൽ മാത്രമാണ് ശ്രദ്ധ ചെലുത്തിയതെന്നു വരുന്നത് വിചിത്രമല്ലേ? ഈ മൺകട്ടയിൽ നിന്നു കണ്ണുകളുയർത്തുകയും പ്രപഞ്ചത്തിലെ ഒരു മൺതരിയെക്കുറിച്ചാലോചിക്കുന്നതിനു പകരം പ്രപഞ്ചത്തെക്കുറിച്ചുതന്നെ ആലോചിക്കുകയും ചെയ്തിരുന്നെങ്കിൽ അതല്ലേ കൂടുതൽ ഉദാത്തമാവുക? അനന്തമായൊരു പ്രപഞ്ചത്തിൽ ദിശാബോധമില്ലാതെ അലഞ്ഞുതിരിയുന്ന വെറുമൊരു കണികയായി നമ്മുടെ ഭൂമി ചുരുങ്ങുന്ന നിമിഷം ഇവിടെ നാമനുഭവിക്കുന്ന ദുരിതങ്ങൾ എത്ര ചെറുതും അഗണ്യവുമായി നമുക്കനുഭവപ്പെട്ടേനെ!

മേല്ക്കൂരയുടെ കഴുക്കോലുകൾക്കടിയിൽ കൂടു കൂട്ടുന്ന കിളി ഇനി മുതൽ തന്റെ കുഞ്ഞുജീവിതത്തിന്റെ ഒരു ഭാഗം ജീവിച്ചുതീർക്കാൻ താൻ തിരഞ്ഞെടുത്ത സ്ഥലം ആദ്യം തന്നെ സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ടാവും. എന്നാൽ മനുഷ്യനാവട്ടെ, ഭൂമിയെക്കുറിച്ചെന്തെങ്കിലുമൊന്നറിഞ്ഞാൽ തൃപ്തനായി; തലയ്ക്കു മേൽ വിദൂരഗോളങ്ങൾ ഭ്രമണം ചെയ്യുന്നത് അവനു പ്രശ്നമേയല്ല. നമ്മുടെ നോട്ടം നിലത്തു നിന്നുള്ള പിടി വിടുന്നില്ലെങ്കിൽ നാമിപ്പോഴും ഇഞ്ഞു താഴെക്കിടക്കുകയാണെന്നല്ലേ വരിക? യഥാർത്ഥമായ തത്വചിന്ത അതിന്റെ കരുത്തുറ്റ വേരുകളിറക്കേണ്ടതു് ഭൂമിയിലെ ചെളിക്കു പകരം അനന്തതയിലല്ലേ? (1895 ഡിസംബർ 2)

## ശരീരം, രോഗം

അന്ത്യമുഹൂർത്തം വരെയും എത്ര അപകടകരവും നിർദ്ദയവുമാണ് ജീവിതം; വളരെ

നന്നായി ഇണങ്ങിയ ഒരു ജന്തു; എന്നാൽ ചോരക്കൊതി മാറാത്ത എത്ര ശക്തികളാണ് വന്യമൃഗങ്ങളെപ്പോലെ ഉള്ളിൽ അതിനെ ഭീഷണിപ്പെടുത്തുന്നത്. (1926)

സ്വയം ദേഹപീഡയേല്പിക്കാൻ ഇത്രയും നിശ്ചയദാർഢ്യം ഈ വിശുദ്ധന്മാർക്കെവിടെ നിന്നു കിട്ടുന്നുവെന്ന് ചിലപ്പോൾ ഞാൻ ഓർത്തുപോയിട്ടുണ്ട്. ഇപ്പോഴെനിക്കു മനസ്സിലാവുന്നു, വേദനയ്ക്കായുള്ള ഈ തൃഷ്ണ, രക്തസാക്ഷ്യം വരെയെത്തുന്ന, അതു കൂടിയുൾപ്പെടുന്ന വേദനയ്ക്കായുള്ള തൃഷ്ണ — അതുത്ഭവിക്കുന്നത്, ഉടലിനു സംഭവിക്കാവുന്ന ഏറ്റവും മോശമായതൊന്നു പോലും തങ്ങൾക്കു വിഘ്നമാവരുത്, ശല്യമാവരുത് എന്ന ക്ഷമകേടിലും തിടുക്കത്തിലും നിന്നാണെന്ന്. ചില ദിവസങ്ങളിൽ ജീവനുള്ള ഓരോ ജന്തുവിനെയും ഞാൻ നോക്കി നിന്നിട്ടുണ്ട്, ഏതു നി

മിഷത്തിലാണ് കഠോരമായൊരു വേദന യുടെ ആക്രമണമേറ്റ് അവ പുളഞ്ഞു നില വിളിയ്ക്കുക എന്ന ഭീതിയോടെ. അത്രയധി കമാണ്, ഉടൽ ആത്മാവിനെ ദ്രോഹിക്കു ന്ന നാനാവഴികളെക്കുറിച്ചുള്ള എന്റെ പേ ടി. അതേ സമയം ജന്തുക്കളിൽ എന്തു സ മാധാനത്തോടെയാണ് ആത്മാവു വിശ്ര മം കൊള്ളുന്നത്; മാലാഖമാരിലാവട്ടെ, അ തു സുരക്ഷിതത്വം തന്നെ കണ്ടെത്തിയുമി രിക്കുന്നു.

(1912 മാർച്ച് 1)

## മരണം

മരിച്ചുപോയ ഒരാൾ തനിയ്ക്കു പ്രിയപ്പെട്ടവ രിൽ ചെലുത്തുന്ന സ്വാധീനം എന്തു മാ തിരിയായിരിക്കും? അവരുടെ ഉത്തരവാ ദിത്തം വർദ്ധിപ്പിയ്ക്കുകയാണ് അതു ചെ യ്യുന്നത് എന്നാണെനിയ്ക്കു തോന്നിയിട്ടു ള്ളത്. താൻ തുടങ്ങിവച്ച നൂറുകണക്കാ യ കാര്യങ്ങൾ താൻ വിട്ടുപോകുന്നവരു

ടെ കൈകളിലേല്പിച്ചുകൊടുക്കുകയല്ലേ അ യാൾ ചെയ്യുന്നത് — അയാളുമായി ഒരാ ത്മബന്ധം അവർ അവകാശപ്പെടുന്നുണ്ടെ ങ്കിൽ? കഴിഞ്ഞ കുറേക്കൊല്ലങ്ങളായി എ ത്രയോ മരണങ്ങളുടെ സാമീപ്യം എനി ക്കനുഭവിക്കേണ്ടിവന്നിരിക്കുന്നു. പക്ഷേ എന്നിൽ നിന്നു പറിച്ചുമാറ്റപ്പെടുന്ന ഓ രോ വ്യക്തിയും എനിക്കു പൂർത്തിയാക്കേ ണ്ട ദൌത്യങ്ങളുടെ എണ്ണം കൂട്ടിയിട്ടേയു ള്ളു. വിശദീകരണങ്ങളില്ലാത്തതും, നാമ റിയുന്നവയിൽ വച്ചേറ്റവും മഹത്തായതു മായ ഈ അനുഭവത്തിന്റെ ഭാരം — വെ റും തെറ്റിദ്ധാരണ കൊണ്ടാണ് നമുക്ക തു് ക്രൂരവും തന്നിഷ്ടം കാട്ടുന്നതുമായി തോ ന്നുന്നത് — ജീവിതത്തിന്റെ ആഴത്തിലേ ക്ക് അധികമധികം നമ്മെ തള്ളിയടുപ്പി ക്കുകയാണ്, ക്രമാനുഗതമായി വളർന്നുവ രുന്ന നമ്മുടെ ശക്തികളുടെ വിനിയോഗ ത്തിന് അതു നമ്മെ നിർബ്ബന്ധിക്കുകയാ

ണ്. (1908 സെപ്തംബർ 23)

നഷ്ടമായതൊന്നിനെച്ചൊല്ലി നാം നിരാശരാവരുത്, അതിനി ഒരു വ്യക്തിയോ, ആഹ്ളാദം നല്കുന്ന ഒരനുഭവമോ ആയിക്കോട്ടെ; സർവതും പൂർവാധികം മഹിമയോടെ മടങ്ങിയെത്തിക്കൊള്ളും. ക്ഷയിക്കേണ്ടതു ക്ഷയിക്കും; നമുക്കുള്ളതു നമ്മോടൊപ്പം നിൽക്കും; എന്തെന്നാൽ, നമ്മുടെ ഗ്രഹണശേഷിക്കപ്പുറത്തുള്ളതും, നമ്മുടെ ധാരണകളെ തകിടം മറിക്കുന്നതെന്നു തോന്നുന്നതുമായ നിയമങ്ങൾക്കനുസരിച്ചാണ് സർവതും പ്രവർത്തിക്കുന്നതു്. നിങ്ങളിലടങ്ങി നിങ്ങൾ ജീവിക്കണം; ജീവിതമെന്നാൽ ജീവിതമാകെയാണെന്നോർക്കുക: ലക്ഷക്കണക്കായ സാദ്ധ്യതകൾ, ആരംഭങ്ങൾ, ഭാവികൾ; അവയോടു ബന്ധപ്പെടുത്തി നോക്കുമ്പോൾ യാതൊന്നുമില്ല, കഴിഞ്ഞുപോയതായി, നഷ്ട

പ്പെട്ടതായി. (1904 ഏപ്രിൽ 29)

ഞാനൊരിക്കൽ പാരീസിൽ ഒരു പാലത്തിനു മേൽ നിൽക്കുമ്പോൾ കുറച്ചകലെയായി പുഴയിലേക്കുള്ള വഴിയിൽ ആത്മഹത്യ ചെയ്ത ഒരാളുടെ ജഡം തുണികൊണ്ടു മൂടിയിട്ടിരിക്കുന്നതു കണ്ടു. അരികിൽ നിന്ന ഒരാൾ പെട്ടെന്നെന്തോ പറയുന്നതു ഞാൻ കേട്ടു. നീലക്കോട്ടിട്ട ചെറുപ്പക്കാരനായ ഒരുന്തുവണ്ടിക്കാരനായിരുന്നു അതു്; സ്റ്റോബറി നിറത്തിൽ ചുവന്ന മുടിയും, മിടുക്കും പ്രസരിപ്പും നിറഞ്ഞ താടി കൂർത്ത മുഖവും. അയാളുടെ താടിയിന്മേലുള്ള അരിമ്പാറയിൽ പെയിന്റ് ബ്രഷു പോലെ എറിച്ചുനിൽക്കുന്ന ചുവന്ന രോമങ്ങൾ വളർന്നുനിന്നിരുന്നു. ഞങ്ങളുടെ ശ്രദ്ധയെ ആകർഷിച്ച ആ വസ്തുവിനെ തല കൊണ്ടൊന്നു ചൂണ്ടിക്കാട്ടിയിട്ട് എന്നെ നോക്കി കണ്ണിറുക്കിക്കൊണ്ട് അ

യാൾ പറഞ്ഞു: “നിങ്ങൾക്കെന്തു തോന്നു ന്നു, ആയാൾക്കു് ഇതു ചെയ്യൊപ്പിക്കാൻ പ റ്റിയ സ്ഥിതിയ്ക്കു് വേറേ പലതും ഇത്ര നന്നാ യി അയാൾ ചെയ്യുമായിരുന്നില്ലേ?”

കല്ലു കൂട്ടിവച്ച കൂറ്റൻ ഉന്തുവണ്ടിയുടെ നേർക്കു് അയാൾ നടക്കുമ്പോൾ എന്റെ നോട്ടം അത്ഭുതത്തോടെ പിന്നാലെ ചെ ന്നു. ശരിയല്ലേ: ജീവിതത്തിലെ ഏറ്റവും ശ ക്തവും ദൃഢവുമായ കെട്ടഴിയ്ക്കാനാവശ്യമാ യ ആ ബലം കൊണ്ടു് നമുക്കെന്തൊക്കെ കൈവരിച്ചുകൂടാ! ആ ദിവസത്തിനു ശേ ഷം എനിക്കു തീർച്ചയായി, ഏതു വിധി വിപര്യയവും, കൊടുംനൈരാശ്യം പോ ലും, സമൃദ്ധി തന്നെയാണെന്നു്; നമ്മുടെ സ ത്തയ്ക്കു മേൽ നടക്കുന്ന ഏതാക്രമണത്തെ യും ഹൃദയത്തിന്റെ ഒരേയൊരു തീരുമാ നം കൊണ്ടു് എതിർദിശയിലേക്കു നമു ക്കു തിരിക്കാമെന്നു്. (1920 ഫെബ്രുവരി 4)

## വിശ്വാസം, മതം, ദൈവം

വിശ്വാസം — അങ്ങനെയൊന്നില്ല. ഒന്നേയുള്ളു — സ്നേഹം. ഇതിനെയോ അതിനെയോ സത്യമായി കരുതാൻ ഹൃദയത്തെ തള്ളിവിടുക, അതിനെയാണ് നാം സാമാന്യാർത്ഥത്തിൽ വിശ്വാസം എന്നു പറയുന്നത്; അതിൽ ഒരർത്ഥവുമില്ല. ആദ്യം തന്നെ നാം എവിടെയെങ്കിലും ദൈവത്തെ കണ്ടെത്തണം; അത്രയും അനന്തമായ, അത്രയും തീക്ഷ്ണമായ, അത്രയും വിപുലമായ ഒരു സാന്നിദ്ധ്യമായി അവനെ അനുഭവിക്കണം — അതില്പിന്നെ നമുക്കവനോടു തോന്നുന്ന വികാരമെന്തായാലും — അത് ഭീതിയാകട്ടെ, ആശ്ചര്യമാകട്ടെ, വീർപ്പുമുട്ടലാവട്ടെ, സ്നേഹം തന്നെയാവട്ടെ — അത് പ്രാധാന്യമുള്ളതേയല്ല. പക്ഷേ ദൈവത്തെ കണ്ടുപിടിക്കുന്നത് തുടക്കമായിട്ടുള്ള ഒരാൾക്ക് വിശ്വാസം കൊണ്ട്, ദൈവത്തിലേക്കുള്ള ആ നിർബ്ബന്ധിതയാത്ര കൊണ്ട്, ഒരു കാര്യവുമില്ല. നി

ങ്ങൾ ഒരു ജ്ഞാതയാണല്ലോ, ദൈവം നിങ്ങൾക്കെത്രയോ നിസ്സർഗ്ഗജമായ ഒരനുഭവമാണല്ലോ, ദൈവത്തോടുള്ള പ്രാക്തന ഭയം നിങ്ങളുടെ ചോരയിൽത്തന്നെയുള്ളതുമാണല്ലോ — അങ്ങനെയൊരാൾ 'വിശ്വാസ'ത്തെക്കുറിച്ച് വേവലാതിപ്പെടേണ്ടതില്ല. നിങ്ങൾ അവന്റെ സാന്നിദ്ധ്യം നിങ്ങളിൽ അറിഞ്ഞാൽ മാത്രം മതി. പിന്നെ, തന്നെ ഭയക്കണമെന്ന് അവൻ, യഹോവ, ആഗ്രഹിച്ചുവെങ്കിൽ — മനുഷ്യനും ദൈവവും തമ്മിൽ സമ്പർക്കം സ്ഥാപിക്കാൻ പല സന്ദർഭങ്ങളിലും മറ്റൊരു മാർഗ്ഗമുണ്ടായിരുന്നില്ല എന്നതാണ് അതിനു കാരണം. ദൈവത്തിനു മുന്നിലെ ഭയം, അതൊരവസ്ഥയുടെ പുറന്തോടു മാത്രമാണ്; ഉള്ളിൽ അതിന് ഭയത്തിന്റെ ചുവയല്ല; അതിൽ സ്വയം അടിയറവു പറയുന്നവൻ എത്രയും അവാച്യമായ മാധുര്യമാവും രുചിക്കുക. (1921 ഡിസംബർ 28)

മുട്ടു കുത്തലിന്റെ നിഗൂഢത ഇതാണ്: മുട്ടു കുത്തുന്നവൻ, തന്റെ ആത്മീയപ്രകൃതത്താൽ, നില്ക്കുന്നവനേക്കാൾ വലിയവനാകുന്നു. മുട്ടു കുത്തുന്നവന്, അതിൽ തന്നെത്തന്നെ സമർപ്പിക്കുന്നവന് തന്റെ ചുറ്റുപാടിന്റെ അളവുകളെക്കുറിച്ചുള്ള ബോധമൊക്കെ നഷ്ടമാകുന്നു; കണ്ണുയർത്തി നോക്കുമ്പോഴും ഏതാണു ചെറുത്, ഏതാണു വലുതെന്നു പറയാൻ അയാൾക്കു കഴിയാതെ പോവുകയാണ്. ആ കുനിഞ്ഞ ഇരിപ്പിൽ ഒരു കുഞ്ഞിന്റെ ഉയരം പോലും അയാൾക്കില്ലെങ്കിലും മുട്ടു കുത്തുന്ന ആ മനുഷ്യനെ ചെറിയവനെന്നു വിളിക്കാൻ പാടില്ല. അയാളുടെ കാര്യത്തിൽ അളവുകളുടെ സ്വഭാവം മാറിക്കഴിഞ്ഞു; ഭാരവും ശക്തിയും തന്റെ കാല്മുട്ടുകളിൽ കേന്ദ്രീകരിക്കുകയും അതിനു ചേർന്ന ഒരു പടുതി സ്വീകരിക്കുകയും ചെയ്തിരിക്കുന്നതിനാൽ ഉയരം ആഴമാകുന്ന ഒരു ലോകത്തു ചേർന്നവനായിക്കഴിഞ്ഞു അയാൾ; ഉ

യരം തന്നെ നമ്മുടെ കണ്ണുകൾക്കും ഉപകരണങ്ങൾക്കും അളക്കാൻ പറ്റാത്തതാണെങ്കിൽ ആഴമളക്കാൻ ആർക്കു കഴിയും? (1920 ഡിസംബർ 17)

ഏറ്റവും ദിവ്യമായ സാന്ത്വനം മനുഷ്യനുള്ളിൽ തന്നെയുണ്ടെന്നതിൽ സംശയമില്ല. ഒരു ദൈവം നല്കുന്ന സാന്ത്വനങ്ങൾ വച്ച് എന്തു ചെയ്യണമെന്ന് നമുക്കറിവുണ്ടാകണമെന്നില്ലല്ലോ. കണ്ണുകൾ ഒന്നുകൂടി തുറന്നുനോക്കുകയേ വേണ്ടൂ, കാതുകൾ ഒന്നുകൂടി കൂർപ്പിക്കുകയേ വേണ്ടൂ, ഒരു പഴത്തിന്റെ രുചിയും മണവും മുഴുവനായി നമ്മിലേക്കു കടക്കാൻ, കൂടുതൽ വാസന സഹിക്കാൻ നമുക്കു പ്രാപ്തരാവാൻ, അന്യോന്യം സ്പർശിച്ച് വിസ്മൃതിയുടെ ആഴം കുറയ്ക്കാൻ — നമുക്കേറ്റവും സമീപസ്ഥമായ അനുഭവങ്ങളിൽ നിന്ന് സാന്ത്വനങ്ങൾ സ്വീകരിക്കാൻ; അവ നമ്മുടെ അടിയിളക്കു

ന്ന ഏതു യാതനയെക്കാളും ഹൃദയസ്പർശിയും പ്രധാനവും യഥാർത്ഥവുമായിരിക്കുകയും ചെയ്യും. (1915 സെപ്തംബർ 6)

പൊതുസമ്മതത്തിൽ അധിഷ്ഠിതമാണ് ഭാഷാപ്രയോഗങ്ങൾ; "ദൈവം" എന്ന വാക്കിന്റെ കാര്യത്തിലും അതു് അങ്ങനെയാണ്. പ്രപഞ്ചത്തിൽ പ്രവർത്തിക്കുന്നതായി കാണുകയും എന്നാൽ അതിനപ്പുറം ഒരു പേരു കൊടുക്കാനോ മനസ്സിലാക്കാനോ പറ്റാത്ത സർവ്വതിനേയും ഉൾക്കൊള്ളിക്കുക എന്നതാണ് ആ പേരു കൊണ്ടുദ്ദേശിക്കുന്നതു്. അതിനാൽ: മനുഷ്യൻ വളരെ സാധുവും അവന്റെ അറിവ് വളരെ പരിമിതവുമായിരുന്നപ്പോൾ ദൈവം വളരെ വലിയവനായിരുന്നു. എന്നാൽ ഓരോ അനുഭവത്തോടുമൊപ്പം അവന്റെ അധികാരവൃത്തത്തിൽ നിന്നു് ഒരു ചെറിയ കഷണം അടർന്നുപൊയ്ക്കൊണ്ടിരുന്നു; ഒടു

വിൽ അവന്റേതായി ഒന്നും തന്നെ ശേഷിക്കാതായപ്പോൾ സഭയും രാഷ്ട്രവും കൂടി എല്ലാ ഉദാരഗുണങ്ങളും അവനായി ശേഖരിച്ചു കൊടുത്തു; ഇന്നാർക്കും അവയിൽ തൊടാൻ പാടില്ല.

കഴിവു കെട്ട മനുഷ്യർ എപ്പോഴും ഇങ്ങനെയായിരിക്കും; കഴിയുന്നത്ര കാലം മാതാപിതാക്കൾ തങ്ങളെ പരിപാലിക്കണമെന്നും തങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കണമെന്നുമാണ് അവരുടെ ആഗ്രഹം. ഈ ദൈവം ജീവിച്ചിരിക്കുന്നിടത്തോളം കാലം നാമെല്ലാം കുട്ടികളും ആശ്രിതരുമായിരിക്കും. എന്നെങ്കിലുമൊരിക്കൽ അവനെ മരിക്കാൻ വിടണം. നമുക്കും പിതാക്കന്മാരാകേണ്ടേ?

എന്നാൽ ദൈവം മരിച്ചുകഴിഞ്ഞു; കാരമുസ്തഫയെക്കുറിച്ചുള്ള ആ പഴയ കഥ. സുൽത്താൻ മരിച്ചുവെന്ന് മന്ത്രിമാർ പുറത്തു പറയാൻ പാടില്ല; പറഞ്ഞാൽ സൈന്യം യു

ദ്ധം നിർത്തി കൊട്ടാരക്കലാപത്തിനൊരു ങ്ങും.

ഏറ്റവും പുരാതനമായ കലാസൃഷ്ടിയാ ണ് ദൈവം. പക്ഷേ അതിന്റെ പരിപാല നം വളരെ മോശമാണ്; പല ഭാഗങ്ങളും ഊഹിച്ചു കൂട്ടിച്ചേർത്തതുമാണ്. എന്നാൽ അവനെക്കുറിച്ചു സംസാരിക്കാൻ കഴിയു ന്നവെന്നതും അവന്റെ അവശിഷ്ടങ്ങൾ കാ ണാൻ പോയെന്നു പറയുന്നതും വിദ്യാസ മ്പന്നതയുടെ ലക്ഷണം തന്നെ.

തന്റെ ബാല്യകാലദൈവത്തിന്റെ മര ണക്കിടക്കയിൽ നിന്ന് വിലാപവേഷം ധ രിച്ചും കൊണ്ടാണ് എല്ലാവരും പുറത്തേ ക്കു വരിക. എന്നാൽ വർദ്ധിച്ചു വരുന്ന ആ ത്മവിശ്വാസത്തോടെയും ആഹ്ളാദത്തോ ടെയും അയാൾ നടക്കുമ്പോൾ അയാൾ ക്കുള്ളിൽ ദൈവത്തിന്റെ ഉയിർത്തെഴുന്നേ ല്പു നടക്കുകയും ചെയ്യുന്നു.

* * *

ദേവന്മാരുണ്ടെങ്കിൽ അവരുടെ അസ്തിത്വം നമുക്കനുഭവമാകാനും പോകുന്നില്ല; കാരണം, അവരുണ്ടെന്നറിയുമ്പോൾ അവരില്ലാതാവുകയുമാണ്.

* * *

മൂന്നു തലമുറകൾ ചാക്രികമായി നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കും. ഒരു തലമുറ ദൈവത്തെ കണ്ടെത്തുന്നു, രണ്ടാമത്തേത് അവനു മേൽ ഒരിടുങ്ങിയ ദേവാലയം പണിയുകയും അവനെ അതിനുള്ളിൽ തളച്ചിടുകയും ചെയ്യുന്നു; മൂന്നാമത്തെ തലമുറ ദരിദ്രമാവുകയും തങ്ങൾക്കു കൂരകൾ പണിയുന്നതിനായി ദേവാലയത്തിന്റെ കല്ലുകൾ ഒന്നൊന്നായി ഇളക്കിക്കൊണ്ടുപോവുകയും ചെയ്യും. തുടർന്ന് വീണ്ടും ദൈവത്തെ കണ്ടെത്തുന്ന തലമുറയുടെ ഊഴമായി. അങ്ങനെയൊരു തലമുറയിൽ പെട്ടവരാണ്, ദാന്തേയും ബോത്തിച്ചെല്ലിയും ഫ്രാ ബാർത്തൊലോമ്യോയും.

* * *

സർഗ്ഗാത്മകതയില്ലാത്തവരുടെ കലയാണ് മതം; പ്രാർത്ഥിക്കുമ്പോൾ അവർ സർഗ്ഗാത്മകതയുള്ളവരാകുന്നു. തങ്ങളുടെ സ്നേഹത്തിനും കൃതജ്ഞതയ്ക്കും അഭിലാഷങ്ങൾക്കും പ്രാർത്ഥനകളിലൂടെ അവർ രൂപം നല്കുന്നു, അങ്ങനെ അവർ മോചിതരുമാകുന്നു. ഹ്രസ്വായുസ്സെങ്കിലും ഒരുതരം സംസ്കാരവും അപ്പോളവർ ആർജ്ജിക്കുന്നു; പല ലക്ഷ്യങ്ങൾ ഒരേയൊരു ലക്ഷ്യത്തിനായി അവർ ത്യജിക്കുകയാണല്ലോ.

* * *

പൊടുന്നനേ തീ പിടിച്ച നമ്മുടെ ആത്മാവിൽ നിന്നു പ്രസരിക്കുന്ന ഒരു രശ്മിയാണ് പ്രാർത്ഥന; ലക്ഷ്യമില്ലാത്തതും അവസാനിക്കാത്തതുമായ ഒരു ഗതിയാണത്. എവിടെയുമെത്താതെ പ്രപഞ്ചമലയുന്ന നമ്മുടെ അഭിലാഷങ്ങളുടെ തീക്ഷ്ണമായ ഒരു രൂപകമാണത്.

(1910 ജനുവരി 5)

# 24

## ഫ്രഞ്ച് കവിതകൾ

എന്തിനാണ് ഒരു കവി, മറ്റൊരാൾക്കും കഴിയാത്ത പോലെ അമൂർത്തവും സാന്ദ്രവുമായ ഒരു കാവ്യാത്മകതയിലേക്ക് സ്വഭാഷയെ ഉയർത്തിയ ഒരാൾ, തന്റെ ജീവിതാന്ത്യകാലത്ത് മറ്റൊരു ഭാഷയിൽ കവിതയെഴുതുന്നത്? അക്കാലഘട്ടത്തിൽ സ്വന്തം ഭാഷയിൽ എഴുതിയതിന്റെ എത്രയോ ഇരട്ടി ഒരന്യഭാഷയിൽ എഴുതി ആ കർമ്മത്തെ ഗൗരവമായിട്ടെടുക്കുന്നത്? അതിന കാരണം പാസ്റ്റർനാക്ക് പറഞ്ഞതു തന്നെയാവണം: "ജർമ്മനിൽ അമൂർത്തതയുടെ പരമസീമയെത്തിയ കവിയ്ക്ക് ഒരു കലാകാരന്റെ ആവിർഭാവത്തിനാവശ്യമായ തുടക്കത്തിലേക്ക തിരിച്ചു പോകാൻ കഴിയാതെ വന്നിരിക്കണം. ഫ്രഞ്ചിൽ അദ്ദേഹത്തിന് പിന്നെയും ഒരു തുടക്കക്കാരനാ

വാൻ കഴിഞ്ഞു."

1922-ലാണ് റിൽക്കെ ഡ്യൂണോ വിലാപഗീതങ്ങൾ എഴുതിത്തീർക്കുന്നത്. തന്റെ മാസ്റ്റർപീസിന്റെ പൂർത്തീകരണത്തിന ശേഷമുണ്ടായ അദമ്യമായ ഒരുർജ്ജപ്ര



Francisco de Goya (1746–1828): The Bewitched Man (1798) (Courtesy: Wikimedia).

വാഹത്തിൽ 18 ദിവസം കൊണ്ട് 56 ഓർഫ്യൂസ് ഗീതകങ്ങളും അദ്ദേഹം എഴുതി. അതിനു ശേഷം 1926-ൽ മരിക്കുന്നതു വരെയുള്ള കാലത്താണ് നാനൂറോളം ഫ്രഞ്ച് കവിതകൾ അദ്ദേഹം എഴുതുന്നത്. പ്രമേയത്തിലും ശൈലിയിലും ഈ കവിതകൾക്ക് കൂടുതൽ അടുപ്പം ഓർഫ്യൂസ് ഗീതകങ്ങളോടു തന്നെ — അടുക്കടുക്കായുള്ള ബിംബകല്പനകൾ, ആവിഷ്കാരങ്ങളിലെ നവീനതയും സമൃദ്ധിയും, നിറഞ്ഞൊഴുകുന്ന സൗന്ദര്യം. അതേ സമയം വ്യത്യാസങ്ങളുമുണ്ട്: ആ കവിതകളുടെ ദാർശനികഗൗരവമില്ല, അവയെക്കാൾ ചടുലവും ആഹ്ലാദഭരിതവുമാണ്, അവയ്ക്കില്ലാത്ത ഒരു ലീലാപരത നിറഞ്ഞതുമാണ്. എന്നാൽ റില്ക്കേയൻ കവിതയുടെ മുഖമുദ്ര അവയിൽ ആഴത്തിൽ പതിഞ്ഞു കിടക്കുകയും ചെയ്യുന്നു: നിശിതജാഗ്രതയോടെ ഈ ലോകത്തെ വീക്ഷിക്കുമ്പോൾ അതിനു സംഭവിക്കുന്ന കാവ്യാത്മകപരിണാമം.

## പനിനീർപ്പൂക്കൾ

1

ആർക്കെതിരെയാണ് പനിനീർപ്പൂവേ,
ഈ മുള്ളുകൾ നീ വേണമെന്നു വച്ചതു?
അതിലോലമാണു
    തന്റെയാനന്ദമെന്നതിനാലാണോ
ഈ വിധം നീയൊരു
    സായുധസൗന്ദര്യമായതും?
ആരിൽ നിന്നാണീ അമിതായുധങ്ങൾ
നിന്നെ രക്ഷിക്കുന്നതെന്നു പറയുമോ?
അതിനെ പേടിക്കാത്തവരെത്രയോ
    പേരുണ്ടായിരുന്നു,
നിന്നെയും മോഷ്ടിച്ച കടന്നുകളഞ്ഞവർ?
പകരം നീ മുറിപ്പെടുത്തുന്നതോ,
വേനൽ തുടങ്ങി ശരൽക്കാലം വരെ
സ്വമേധയാ നിന്നെ സേവിക്കുന്ന
    മൃദുലതകളെ.

2

ഞങ്ങളുടെ ദൈനന്ദിനപ്രഹർഷങ്ങളിൽ
ഉത്സുകസഹചാരിയാവാനാണോ,

പനിനീർപ്പൂവേ, നിനക്കിഷ്ടം?
അതോ, ക്ഷണികാനന്ദങ്ങളുടെ
ഓർമ്മയോ,
നിന്നെ ഞങ്ങളുടെ വശത്താക്കിയതു?
എത്ര തവണ നിന്നെ ഞാൻ
കണ്ടിരിക്കുന്നു,
തൃപ്തയായി, നിർജ്ജീവയായി
-ഓരോ ഇതളും ഒരു ശവക്കച്ചയായി-,
ഒരു വാസനച്ചിമിഴിനുള്ളിൽ,
ഒരു മുടിക്കുത്തിനുള്ളിൽ,
ഒറ്റയ്ക്കിരുന്നു പിന്നെയും വായിക്കാൻ
മാറ്റിവച്ച പുസ്തകത്തിനുള്ളിൽ.

3

നിന്നെക്കുറിച്ചു ഞങ്ങൾ
    മിണ്ടാതിരിക്കട്ടെ.
അവാച്യം നിന്റെ പ്രകൃതം.
മറ്റു പൂക്കൾ മേശപ്പുറത്തിനലങ്കാരമാവുന്നു,
നീയതിനെ മറ്റൊന്നാക്കുന്നു.

നിന്നെ ഞാനൊരു പൂത്തലത്തിൽ
    വയ്ക്കുന്നു-
സർവ്വതുമതാ, രൂപാന്തരപ്പെടുകയായി:
ഗാനമതു തന്നെയാവാം,
പാടുന്നതു പക്ഷേ, ഒരു മാലാഖ.

## നുണകൾ

കളിപ്പാട്ടങ്ങൾ പോലെയാണ്
നാം പറയുന്ന നുണകൾ:
എത്ര വേഗം അവയുടയുന്നു.
നാം ഒളിച്ചുകളിച്ച കാവുകൾ
    പോലെയാണവ:
ആവേശത്തിൽ അറിയാതെ നാമൊന്നു
    ക്കുക്കിപ്പോകുമ്പോൾ
എവിടെ നോക്കണമെന്നാളുകൾക്കു
    മനസ്സിലാകുന്നു.

നമുക്കു വേണ്ടി പാട്ടു പാടുന്ന കാറ്റാണു നീ,
നീളം വയ്ക്കുന്ന നമ്മുടെ നിഴൽ;
കടല്പഞ്ഞി[1] ഞങ്ങൾ,
അതിൽ ഭംഗിയുള്ള സുഷിരങ്ങളുടെ
    സഞ്ചയം നീ.

1 സ്പോഞ്ച്

## വാൾനട്ട് മരം

ധ്യാനിക്കുമ്പോലെ...
ഒരു വൃക്ഷം:
ശിഷ്യവൃക്ഷങ്ങൾക്കു നടുവിൽ
വൃദ്ധനായൊരു ഗുരുവൃക്ഷം!

തന്നെ താൻ ഭരിക്കുന്നൊരു മരം,
സാവധാനമതു കൈവരിക്കുന്നു,
കാറ്റിന്റെ വിപത്തുകളെ
നിരാകരിക്കുന്നൊരു രൂപം.

സംയമത്തിന്റെ സിദ്ധികളാർജ്ജിച്ചതേ,
നിന്റെ തണൽ ഞങ്ങൾക്കു നല്കുന്നു,
നവോന്മേഷത്തിന്റെ ഒരില,
നിത്യോർജ്ജത്തിന്റെ ഒരു കനി.

## അനാഥഗാനം

എന്റെയൊരു ചങ്ങാതിക്കും
എന്നെ മനസ്സിലായിട്ടില്ല;
പള്ളിയിലിരുന്നു ഞാൻ കരയുമ്പോൾ
അവർ പറയുന്നു:
ജീവിതമായാൽ
    ഇങ്ങനെയൊക്കെയാണ്.

എന്റെയൊരു പകലും
എന്റെ കൈകൾ കൂട്ടിപ്പിടിക്കുന്നില്ല;
വൃഥാ ഞാൻ കാത്തിരിക്കുന്നു,
ഞാൻ ഭയക്കുന്നതൊന്നിനെ,
സ്നേഹത്തെ.

എന്റെയൊരു രാത്രിയും
എനിക്കായൊന്നും കൊണ്ടുവരുന്നില്ല:
എന്നെ അണച്ചുപിടിക്കുന്നൊരാർദ്രത,
ഒരു സ്വപ്നം, ഒരു പനിനീർപ്പൂവ്...
ഇതു് ജീവിതം തന്നെയെന്ന്
എനിക്കു വിശ്വാസമാകുന്നുമില്ല.

## കണ്ണുകളടയണമെന്നാൽ...

നമ്മുടെ കണ്ണുകളടയണമെന്നാലതു
ദാരുണമല്ലേ?
അന്ത്യമെത്തും മുമ്പു
നഷ്ടമാവുന്നതൊക്കെയും
കണ്ടുവെന്നാവാൻ
കണ്ണുകൾ നമുക്കു തുറന്നു
തന്നെയിരിക്കണം.

നമ്മുടെ പല്ലുകൾ തിളങ്ങുന്നുവെങ്കിലതു
ഭയാനകമല്ലേ?
ഈ ശാന്തികാലത്തൊരുമിച്ചു നാം
ജീവിക്കുമ്പോൾ
ചാരുതകളൊന്നു
പതിഞ്ഞുതന്നെയാവണം.

നമ്മുടെ കൈകളാർത്തിയോടെ
കടന്നുപിടിക്കുന്നുവെങ്കിൽ
അതതിലും മോശമല്ലേ?
നന്മയും എളിമയുമുള്ളവയാവണം
കൈകൾ,
നിവേദ്യമർപ്പിക്കാൻ പാകത്തിൽ!

## ഹവ്വ

ആദാമിന്റെ പാർശ്വത്തിൽ നിന്ന്
ഹവ്വായെ ഊരിയെടുക്കുകയായിരുന്നു;
തന്റെ ജീവിതം ജീവിച്ചു കഴിഞ്ഞാൽ
മരിക്കാൻ അവളെവിടെപ്പോകും?

ആദാം അവൾക്കു കുഴിമാടമാകുമോ?
അവൾക്കു തളർച്ച വളരുമ്പോൾ
കാറ്റു കടക്കാത്തൊരു പുരുഷനിൽ
നാമവൾക്കൊരു കുഴിമാടം
    കണ്ടെത്തുമോ?

## അനാഥത്തെന്നൽ

ആളൊഴിഞ്ഞ കവലയിൽ നില്ക്കെ
ഒരനാഥത്തെന്നൽ
എന്റെ കുപ്പായത്തിൽ പതുക്കെപ്പിടിച്ചു
 വലിയ്ക്കുന്നു.
എന്താണതു പറയുന്നത്: എന്റെ
 വഴികാട്ടിയാവുകയെന്നോ?
ആ ദൗത്യമെനിക്കു വയ്യ.
തിരകൾ നീ കാണുന്നില്ലേ,
പ്രണയികളെപ്പോലന്യോന്യം
 സൗമ്യമായൊഴിഞ്ഞുമാറുന്നവ,
പിന്നൊരു ഗാനമായി നിപതിക്കുന്നവ?
കുഞ്ഞിക്കാറ്റേ, നമുക്കുമതുതന്നെ ചെയ്യാം.

## എന്നെ ആശ്വസിപ്പിക്കുക

നീ എവിടെയാണെങ്കിലും അവിടെ
    നിന്നെന്നെ ആശ്വസിപ്പിക്കുക-
ഒറ്റയ്ക്കാവുമ്പോൾ എത്ര വേഗം നാം
    തളർന്നുപോകുന്നു;
ഞാൻ തല ചായ്ക്കുന്നത് പാതയിലെങ്കിൽ
നീയതു മൃദുപ്പെടുത്തിയെന്നെനിക്കു
    തോന്നട്ടെ.

അത്ര ദൂരെയാണു നാമിപ്പോഴെങ്കിലും
നാമന്യോന്യമൊരു സൗമ്യനിശ്വാസം
    കൈമാറുന്നുവെന്നോ,
നിർമ്മലമായൊരു നഷ്ടബോധം
ഈ കല്ലുകൾക്കു മേൽ ജ്വാലുകൾ
    വിതറുന്നുവെന്നോ?

## നമ്മുടെ നിയോഗം

നമ്മുടെ നിയോഗമിതു്-
നമ്മുടെ കണ്ണീരിനെ തടുക്കാൻ പോരുന്ന,
കടൽയാത്ര ചെയ്തുപോയവരുടെ
മനോഹരമായ യാത്രാവചനങ്ങൾ
-വ്യക്തവും ശുദ്ധവും കൃത്യവുമായി-
പുനരാവിഷ്കരിക്കാൻ പോരുന്ന
ഒരെഴുത്തുഭാഷ കണ്ടെത്തുക.

## രാത്രിയതിന്റെ കൈകൾ...


രാത്രിയതിന്റെ കൈകൾ
    നിങ്ങൾക്കായിത്തുറക്കുന്നതു നോക്കൂ,
ഒരു യുവകാമുകനെപ്പോലവളുടെ മാറിൽ
    പറ്റിച്ചേർന്നുകിടക്കുക,
പിന്നെയെത്രയും നേർത്തൊരു തെന്നൽ
    വീശുമ്പോൾ കണ്ണുകളടയ്ക്കുക,
അവളുടെ മുഖം നിങ്ങളുടെ മുഖത്തു
    നിങ്ങളറിയും.

# 25

# സമാഹരിക്കാത്ത കവിതകൾ

## ഏതു പാടം വാസനിയ്ക്കും...

**ഏതു പാടം വാസനിയ്ക്കും നിന്റെ**



Paul Gauguin (1848–1903): Les Alyscamps, ou Les Trois grâces au temple de Venus (1888) (Courtesy: Wikimedia).

കൈകൾ പോലെ?
ഏതു ബാഹ്യഗന്ധത്തിനാവും നിന്റെ
പ്രതിരോധം ഭേദിക്കാൻ?
താരകൾ രൂപങ്ങളായി മുകളിൽ
നിരക്കുന്നു.
നിന്റെ ചുണ്ടുകളെ കാർശ്യത്തിൽ നിന്നു
മോചിപ്പിക്കട്ടെ ഞാൻ, പ്രിയേ;
ഹാ, നിന്റെ മുടിയഴിഞ്ഞാലസ്യത്തിൽ-
ത്തന്നെ കിടക്കട്ടെ!

നിന്നെക്കൊണ്ടു തന്നെ ഞാൻ
നിന്നെപ്പൊതിയട്ടെ,
നിന്റെ പുരികങ്ങളുടെ വളവുകളിൽ നിന്നു
ഞാൻ വടിച്ചെടുക്കട്ടെ,
തളർന്നുവീണ തൃഷ്ണയുടെ ശേഷിച്ച
തുള്ളികൾ.
ഉൾക്കണ്ണിമകൾ പോലെന്റെ ലാളനകൾ
കൊണ്ടെനിക്കു മൂടണം,
കണ്ണുകളായെന്നെ നോക്കുന്ന
നിന്റെയുടലിന്റെയിടങ്ങളെല്ലാം.
(1909)

## നിനക്കറിയില്ല...

നിനക്കറിയില്ല പ്രണയത്തിന്റെ
 രാത്രികൾ?
നിന്റെ ചോരയിലൊഴുകിനടക്കുന്നില്ല,
മൃദുപദങ്ങളുടെ പൂവിതളുകൾ?
നിന്റെയുടലിലൊരിടവുമില്ല,
കണ്ണുകൾ പോലോർമ്മ വയ്ക്കുന്നതായി?
 (1909)

## കിളിക്കൂട്

ആർക്കും കൈയെത്താത്തൊരു
    കിളിക്കൂടായിരിക്കട്ടെ,
നിന്റെ ഹൃദയം;
ഉന്നതമായ ആ വന്യതയിലേക്കാരെയും
    നീ
കൈ പിടിച്ചു കയറ്റുകയും വേണ്ട.
എന്നാൽ ചില നാളുകളിൽ,
    ചില പുലരികളിൽ,
ചിറകു മുളച്ചൊരു മാലാഖയെ
    മാനത്തേക്കെടുത്തെറിയാൻ
സന്മനസ്സുള്ളവനുമാവുക നീ.
    (1909)

## ഒരിക്കൽ രഹസ്യങ്ങൾ...

ഒരിക്കൽ രഹസ്യങ്ങൾ പറയാൻ
 തുടങ്ങിയാൽ
എന്തൊക്കെ നുണകളാണവർ
 കൈമാറുന്നതെന്നു നോക്കൂ,
തമ്മിൽത്തമ്മിൽ സ്നേഹിക്കുന്നവർ!
 (1910)

## വിതുമ്പാൻ വെമ്പുന്ന നിശ്വാസത്തെ…

വിതുമ്പാൻ വെമ്പുന്ന നിശ്വാസത്തെ
ഒരു ത്ുവാല വെച്ച് തടുക്കുമ്പോലെ-
അല്ല; ഒരു ജീവനൊരുമിച്ചൊലിച്ചു
    പോകാൻ
കൊതിയ്ക്കുന്നൊരു മുറിവായിലതു
    വെച്ചമർത്തുമ്പോലെ,
നിന്നെയെന്നോടു ഞാനണച്ചു:
നിന്നിലെന്നിൽ നിന്നു ചുവപ്പു
    പടരുന്നതു ഞാനറിഞ്ഞു.
നമുക്കിടയിൽ നടന്നതിന്നതെന്നാർക്കു
    പറയാനാകും?
നേരം കിട്ടാതെ നാം
    മാറ്റിവച്ചതിനൊക്കെ
അന്നു നാം പരിഹാരം കണ്ടു.
നിറവേറാത്ത യൗവനത്തിന്റെ
    പ്രവേഗങ്ങളിൽ
വിചിത്രമായി ഞാൻ മുതിർന്നു;
എന്റെ ഹൃദയത്തിനു മേൽ കാടു കാട്ടാൻ
നിനക്കും കിട്ടി പ്രിയേ, ഒരു ബാല്യം.
    (1911)

## ഹാ, മനുഷ്യരെ...

ഹാ, മനുഷ്യരെ തുണയ്ക്കു വിളിച്ചു
നാം കേഴുമ്പോൾ:
ഒച്ച കേൾപ്പിക്കാതൊറ്റയടി വെച്ചു
നടന്നുകേറുകയായിരുന്നു മാലാഖമാർ,
കമിഴ്ന്നുകിടന്ന നമ്മുടെ ഹൃദയങ്ങൾക്കു
മേൽ.
(1912)

## എന്റെ ജീവിതാകാശത്തിനു മുന്നിൽ..

എന്റെ ജീവിതാകാശത്തിനു മുന്നിൽ
അന്ധാളിച്ചു ഞാൻ നില്ക്കുന്നു.
നക്ഷത്രവൈപുല്യങ്ങൾ.
അവയുടെ ആരോഹണാവരോഹണങ്ങൾ.
എത്ര നിശ്ശബ്ദമാണൊക്കെയും.
ഞാനെന്നൊരാളില്ലാത്ത പോലെ.
എനിക്കൊരു ഭാഗവുമെടുക്കാനില്ലേ?
ആ നിർമ്മലപ്രഭാവം ഞാൻ വേണ്ടെന്നു
 വെച്ചുവോ?
എന്റെ സിരകളിൽ
 ചോരയോടുന്നതിതിന്റെ
 താളത്തിനോ?
അന്യതൃഷ്ണകളും ബന്ധങ്ങളും ഞാൻ
 പറിച്ചെറിയട്ടെ,
എന്റെ ഹൃദയത്തിനതിന്റെ
 വിദൂരസീമകൾ
 പരിചയമാവട്ടെ.
അയഥാർത്ഥമായ
 സാമീപ്യസുഖങ്ങളിലല്ല,
നക്ഷത്രഭീതികളിൽ കിടിലം കൊണ്ടതു

ജീവിക്കട്ടെ.
(1913)

## ഒരുനാളുമെന്റെ കൈകളിൽ...

ഒരുനാളുമെന്റെ കൈകളിൽ
    വന്നുചേരാത്തവളേ,
ആദിയിലേ എനിക്കു നഷ്ടമായവളേ,
    പ്രിയേ,
നിനക്കു ഹിതമാവുന്ന
    ഗാനങ്ങളേതെന്നെനിക്കറിയില്ലല്ലോ.
ഉരുണ്ടുകൂടുന്ന ഭാവിത്തിരയിൽ
നിന്റെ മുഖം കണ്ടെടുക്കാമെന്നിനി ഞാൻ
    മോഹിക്കേണ്ട.
എനിക്കുള്ളിൽ നിറയുന്ന
    വിശാലദൃശ്യങ്ങൾ-
ആഴത്തിലെന്നെത്തൊട്ട
    വിദൂരപ്രകൃതികൾ,
നഗരങ്ങൾ, ഗോപുരങ്ങൾ, പാലങ്ങൾ,
മുൻകൂട്ടിക്കാണാത്ത വഴിത്തിരിവുകൾ,
ഒരുകാലത്തു
    ദൈവങ്ങളിറങ്ങിനടന്നിരുന്ന
    പ്രബലദേശങ്ങൾ:
എല്ലാമെല്ലാമർത്ഥമാക്കുന്നതൊന്നേ:
എന്നുമെന്നുമെന്നിൽ നിന്നു തെന്നിമാറുന്ന

നിന്നെ.

ഹാ, ഉദ്യാനങ്ങളാണു നീ!
എത്ര മോഹത്തോടെ ഞാനവ
നോക്കിനിന്നു!
ഏതോ ഗ്രാമീണഭവനത്തിന്റെ തുറന്ന
ജാലകം-
എന്തോ ഓർത്തും കൊണ്ടു വാതിൽ
തുറന്നതുമാണെന്നു നീ,
എന്നെക്കാണാൻ.

എന്റെ കാലുകൾ എന്നെക്കൊണ്ടെത്തിച്ച
തെരുവുകൾ,
ഞാനെത്തും മുമ്പേ പക്ഷേ, നീയവ
നടന്നുമറയുന്നു!
ചിലനേരം തെരുവിലൂടെ നടക്കുമ്പോൾ
ഞാൻ നിന്നുപോകുന്നു:
നിന്റെ സാന്നിദ്ധ്യത്തിന്റെ പ്രകമ്പനം
മാറാത്ത
ഒരു സ്ഫടികജാലകം!

അടുത്ത നിമിഷമെന്നെ
കുലുക്കിയുണർത്തുന്നു,

എന്റെ തന്നെ ആകസ്മികച്ഛായ!
ആരറിഞ്ഞു,
ഇന്നലെ സന്ധ്യക്കു നാമിരുവരിലൂടെ
വെവ്വേറെയായി മാറ്റൊലിക്കൊണ്ടതും
ഒരേയൊരു കിളിയാവാം...
(1913–14)

## വിലാപം

ഇനിയാരെ നോക്കി നീ കരയുമെൻ
ഹൃദയമേ?
നാളുകൾ ചെല്ലുന്തോറുമാളുകളൊഴിഞ്ഞു
മാറുന്ന ഒറ്റയടിപ്പാത പോലെ
നിന്നെ ഗ്രഹിക്കാത്ത
മനുഷ്യർക്കിടയിലൂടെ
നിന്റെ വഴി ഞെരുങ്ങിക്കടന്നുപോകണം.
അത്രയും വ്യർത്ഥവുമാണത്,
ഗതി മാറ്റില്ലതെന്നതിനാൽ,
ഭാവിയാണതിന്റെ ലക്ഷ്യമെന്നതിനാൽ,
നഷ്ടമായതാണാ ഭാവിയെന്നതിനാൽ.

മുമ്പൊരിക്കൽ. നീ വിലപിച്ചു?
എന്തിനെച്ചൊല്ലി?
പാകമെത്തും മുമ്പേ കൊഴിഞ്ഞു-
വീണൊരാഹ്ളാദക്കനിയെച്ചൊല്ലി.
എന്നാലിന്നെന്റെ
ആഹ്ളാദവൃക്ഷമാകെപ്പിളരുന്നു,
എന്റെയാഹ്ളാദത്തിന്റെ അലസവൃക്ഷം
കൊടുങ്കാറ്റിലൊടിഞ്ഞുതകരുന്നു.

എന്റെയദൃശ്യദേശത്തതിമോഹനമായി
    നിന്നതൊന്നേ,
കണ്ണിലൊട്ടപ്പെടാത്ത മാലാഖമാർക്കെന്നെ
കണ്ണിൽപ്പെടുമാറാക്കിയതും നീയേ.
    (1914)

## പിന്നെയും പിന്നെയും

**അത്ര പരിചിതം**
**പ്രണയത്തിന്റെ ഭ്രപ്രകൃതി നമുക്കെങ്കിലും,**
**പേരുകൾ പറഞ്ഞു വിലപിക്കുന്ന**
**പള്ളിമുറ്റം നമുക്കെങ്കിലും,**
**അന്യരെല്ലാം ചെന്നൊടുങ്ങുന്ന**
**ഗർത്തത്തിന്റെ**
**നിശ്ശബ്ദഭീകരത നമുക്കെങ്കിലും,**
**പിന്നെയും പിന്നെയും**
**നാമിരുവരൊരുമിച്ചിറങ്ങിപ്പോകും,**
**ജരയോടിയ മരങ്ങൾക്കിടയിൽ,**
**വിടർന്ന പൂക്കൾക്കിടയിൽ**
**മാനത്തെ നേർക്കുനേർ നോക്കി**
**മലർന്നുകിടക്കാൻ,**
**പിന്നെയും പിന്നെയും.**

(1914)

## പ്രണയസർപ്പങ്ങൾ

നിന്റെ കൈക്കുട്ടിൽ നിന്നു
ഞാൻ തട്ടിയുണർത്തിയല്ലോ,
നിറം നരച്ച പ്രണയസർപ്പങ്ങളെ.
പൊള്ളുന്ന കല്ലുകളിലെന്നപോലെ
എന്റെ മേലിന്നവ കിടന്നു പുളയുന്നു,
തൃഷ്ണയുടെ കല്ലപ്പ് നക്കിയെടുക്കുന്നു.
(1916)

## കൊള്ളിമീനുകൾ

ആ കൊള്ളിമീനുകൾ
നിനക്കോർമ്മയുണ്ടോ:
ആകാശച്ചരിവിലൂടെ കുതിരകൾ പോലെ
പാഞ്ഞവ,
നമ്മുടെ മോഹങ്ങളുടെ കടമ്പകൾക്കു
മേൽ കുതി കൊണ്ടവ?
നിനക്കോർമ്മയുണ്ടോ? നമുക്കത്ര
മോഹങ്ങളുമായിരുന്നു!
ആകാശത്തു
നക്ഷത്രങ്ങളുമെത്രയായിരുന്നു!
ഓരോ തവണ മുകളിലേക്കു
നോക്കുമ്പോഴും
അവയുടെ അപായക്കളിയിൽ നാം
ആശ്ചര്യചകിതരായി.
അവിടവിടെപ്പൊലിയുന്ന ദീപ്തികൾക്കു
ചുവട്ടിൽ നില്ക്കെ,
നാം സുരക്ഷിതരാണെന്നു നമുക്കു
തോന്നി,
ആ പതിതതാരങ്ങളെ
നാമതിജീവിക്കുമെന്നും!

(1924)

## നിറഞ്ഞ ലോകം

ലോകം ഞാൻ സ്നേഹിക്കുന്നവളുടെ
മുഖത്തായിരുന്നു;
എത്ര പെട്ടെന്നാണതൊഴുകിയതും
ഒഴിഞ്ഞതും:
ലോകം പുറത്തായി, ലോകം പിടി
കിട്ടാതെ പോയി.

സ്നേഹിച്ച മുഖത്തെ
ചുണ്ടിലേക്കുയർത്തുമ്പോൾ
അതിൽ നിറഞ്ഞ ലോകത്തെയെന്തേ
ഞാൻ മോന്തിയില്ല,
അത്ര തൊട്ടായിരുന്നതിന്റെ
വാസനയെന്നായിട്ടും?

ഹാ, ഞാൻ കുടിച്ചു. ദാഹം തീരാതെ
ഞാൻ കുടിച്ചു.
ഞാൻ പക്ഷേ, ലോകത്താലത്ര
നിറഞ്ഞവനായിരുന്നു.
കുടിക്കുമ്പോൾ ഞാൻ
കവിഞ്ഞൊഴുകുകയായിരുന്നു.
(1924)

## മല്പിടുത്തത്തിന്റെ രാത്രികളിൽ...

നാം, മല്പിടുത്തത്തിന്റെ രാത്രികളിൽ,
സാമീപ്യത്തിൽ നിന്നു
    സാമീപ്യത്തിലേക്കു നാം പതിക്കുന്നു;
മഞ്ഞുരുകുന്ന പൊയ്കയാണ് സ്ത്രീ,
അതിൽ കല്ലു പോലെ
    വന്നുപതിക്കുന്നവർ, നാം.
    (1922)

## ദേഹമെന്ന സഹോദരൻ

ദരിദ്രനാണയാൾ, ദേഹമെന്ന
    സഹോദരൻ...
നാമയാൾക്കു
    ധനികരാണെന്നാണതിനർത്ഥം.
ഒരിക്കൽ അയാളായിരുന്നു ധനികൻ;
അതിനാൽ ഈ വിഷമകാലത്ത്
അല്പത്തരങ്ങൾ ചിലതയാൾ
    കാണിക്കുന്നുവെങ്കിൽ
നാമതു ക്ഷമിച്ചു കൊടുക്കുക.
നമ്മെ കണ്ടിട്ടേയില്ലെന്ന
    മട്ടാണയാളെടുക്കുന്നതെങ്കിൽ
ഒരുമിച്ചെന്തൊക്കെ
    കടന്നുപോയിരിക്കുന്നുവെന്ന്
സൗമ്യമായിട്ടായാളെയൊ-
    ന്നോർമ്മപ്പെടുത്തുക.

ശരി തന്നെ, നാമൊന്നല്ല,
    രണ്ടേകാകികളാണ്:
അയാളും നമ്മുടെ ബോധവും.
എന്നാലുമെന്തിനൊക്കെക്കടപ്പെട്ടവരാണു

നാം,
സുഹൃത്തുക്കളെപ്പോലന്യോന്യം!
രോഗം നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു:
ത്യാഗങ്ങളൊരുപാടു ചെയ്യണം,
സൗഹൃദം കൊണ്ടുനടക്കാനെന്ന്!
(1926)

## പനിനീർപ്പൂവേ...

**പനിനീർപ്പൂവേ, ശുദ്ധവൈരുദ്ധ്യമേ,**
**അത്രയും കണ്ണിമകൾക്കടിയിൽ**
**ആരുടേയും നിദ്രയാകാത്തതിന്റെ**
**ആനന്ദമേ.**

(1925 ഒക്ടോബർ 27. ഇതാണ് തന്റെ ചരമലിഖിതമെന്ന് തന്റെ മരണപത്രത്തിൽ റിൽക്കെ എഴുതിയിരുന്നു. അദ്ദേഹത്തെ അടക്കിയിരിക്കുന്ന സ്വിറ്റ്സർലന്റിലെ ററോൺ സിമിത്തേരിയിലെ ശവകുടീരത്തിൽ ഈ കവിത തന്നെയാണ് ആലേഖനം ചെയ്തിരിക്കുന്നത്.)

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved. Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA